

# അഭയൻ അഭയൻ

# അഭയൻ അഭയൻ

ഓർമ്മ | എഴുത്ത് | കാഴ്ച

**അഭയൻ എം.**

1991 നവംബർ 11 ന് ജനനം.

ഒന്നര വയസ്സുവരെ അച്ഛന്റെ ജോലിസ്ഥലമായ കണ്ണൂർ ജില്ല യിലെ ഏച്ചൂർ ഗ്രാമത്തിൽ. പിന്നീട് 10 വയസ്സുവരെ പൊൻകു ന്നത്ത് അച്ഛന്റെ കുടുംബവീട്ടിൽ. അതിനു ശേഷം പാട്ടുപാറയിലെ പുതുതായി പണിത സാവിത്രി വീട്ടിൽ.

1994-ൽ മുത്തച്ഛൻ എ.ആർ.രാമകൃഷ്ണൻ നായർ എഴുത്തിനിരുത്തി. ചിറക്കടവിലെ അപ്പുവാശാൻ (വേലകളി ആശാനായ ഗോപാലകൃഷ്ണപിള്ള) അക്ഷരം പഠിപ്പിച്ചു.

പൊൻകുന്നും സി.വൈ.എം.എ. നഴ്സറി, എസ്.എച്ച്.യു.പി. സ്കൂൾ, എസ്.ഡി.യു.പി.സ്കൂൾ, എസ്.ആർ.വി.സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾവിദ്യാഭ്യാസം.

2004-ൽ യു.എസ്.എസ്. സ്കോളർഷിപ്പുനേടി. സംസ്ഥാന സർക്കാരിന്റെ ഗിഫ്റ്റഡ് ചിൽഡ്രൻ പ്രോഗ്രാമിന്റെ ഭാഗമായി നടരാജൻസാറിന്റെ കീഴിൽ മൂന്നുവർഷം ശിക്ഷണം. നാട്ടുകാരനായ പ്രശസ്തബാലസാഹിത്യകാരൻ പി.മുരളീമോഹനൻസാർ ഗുരുവും സുഹൃത്തുമായി. അദ്ദേഹത്തിന്റെ പല കഥകളുടെയും ആദ്യവായനക്കാരൻ.

2004-ൽ ജനകീയവായനശാലയുടെ ആരംഭം മുതൽ അതിന്റെ സജീവപ്രവർത്തകൻ. വിഷ്ണുദയാൽ രൂപം കൊടുത്ത ബാലവേദിയിലും കണ്ണൻ ദയാൽ രൂപവത്കരിച്ച യുവകലാകായികവേദിയിലും കുറച്ചുകാലം സെക്രട്ടറിയായി. പനമറ്റം ദേശീയവായനശാലയുടെ നേതൃത്വത്തിൽ ബാലേട്ടൻ നിർമ്മിച്ച 'ഉണ്ണിവഴികൾ' എന്ന ഹ്രസ്വചിത്രത്തിൽ നടനായി. അമ്മ യുടെ പത്രാധിപത്യത്തിൽ ഇറങ്ങിയ 'പെണ്ണ്' മാസികയുടെ

പ്രവർത്തനത്തിൽ പങ്കെടുത്തു. രാഷ്ട്രീയപ്രവർത്തകയായ ചിററ (എ.ആർ.സിന്ധു) ബാല്യത്തിലെ ഏററവും അടുത്ത സുഹൃത്ത്. ലിംഗസമത്വബോധവും സാമൂഹികബോധവും ആർജ്ജിക്കാൻ ഇക്കാര്യങ്ങൾ സഹായിച്ചു.

ചിറക്കടവുപഞ്ചായത്ത് കേരളോത്സവപരിപാടികളിൽ പഞ്ചായത്തു പ്രസിഡന്റായിരുന്ന വി.ജി.ലാലിന്റെ നിർദ്ദേശപ്രകാരം എല്ലാ
പ്രായത്തിലുമുളള കലാ-കായികപ്രതിഭകളെ കണ്ടെത്തി പങ്കെടുപ്പിച്ചു.

എസ്.ആർ.വി.സ്കൂളും പ്രിൻസിപ്പാൾ ബിന്ദുടീച്ചറും എൻ.സി.സി.യൂണിററും അവിടുത്തെ അദ്ധ്യാപകരും ഉണ്ടാക്കിയ സജീവാന്തരീക്ഷം സ്കൂളിനെ സാമൂഹികപ്രവർത്തനത്തിന്റെ ആദ്യപാഠശാലകളിൽ ഒന്നാക്കി.

അച്ഛനിൽ നിന്നും ബാലേട്ടനിൽ നിന്നും ഭാരതീയചിന്തയുടെയും പാരമ്പര്യത്തിന്റെയും ജീവോന്മുഖധാരകളെക്കുറിച്ചു മനസ്സിലാക്കി. പാലാ തീയേറ്റർഹട്ട് സ്ഥാപകനും നാടകചിന്തകനുമായ
അഭീഷുമായുളള സൗഹൃദം കലാപ്രവർത്തനങ്ങൾക്ക് ദിശാബോധം പകർന്നു. മുത്തച്ഛൻമാരും മുത്തശ്ശിമാരും സമത്വബോധത്തെക്കുറിച്ചും നല്ല മനുഷ്യനാകുന്നതിനെക്കുറിച്ചും ബോധമുളവാക്കി. ചിററപ്പനായ പി.കൃഷ്ണപ്രസാദ്, അമ്മാവൻ എ.ആർ.സാബു, കൊച്ചച്ഛൻ പി.വിനോദ്ജി എന്നിവരും, ശാസ്ത്രസാഹിത്യപരിഷത്തിലെ എൻ.ഡി.ശിവൻ, കൈലാസൻ, മാത്യു, എം.ജി.സി. തുടങ്ങിയവരും നിത്യസുഹൃത്തായ സഹോദരി അമ്മാളുവും, പിതൃസഹോദരി അരുണയും അവരുടെ മക്കളായ ശങ്കരനും അമ്മുവും വ്യക്തിത്വരൂപവത്കരണത്തിൽ സഹായികളായി.

2007 മുതൽ 2009 വരെ പനമററം ഗവ.എച്ച്.എസ്.എസ്.-ൽ. ദേശീയവായനശാലയും പനമററത്തെ ജനങ്ങളുമായി അടുത്ത സൗഹൃദം. എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. പ്രവർത്തനങ്ങളിൽ സജീവമായി. സുഹൃത്ത് പാർവ്വതി പഠനത്തിലും ആത്മബോധം ആർജ്ജിക്കുന്നതിലും തുണയായി.

2009 മുതൽ 2012 വരെ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ബി.എ. ജേർണലിസം വിദ്യാർത്ഥി. സെലയൂർഹാളിൽ (ഹോസ്ററൽ) താമസിച്ചു. കോളേജിന്റെയും ഹോസ്ററലിന്റെയും ട്രഡീഷനുകൾ (പാരമ്പര്യം) സൂക്ഷ്മമായി പഠിച്ചു. ചെറുപ്പത്തിലെ രൂപപ്പെട്ട ശേഷികളുടെ പ്രയോഗശാലയാക്കി കോളേജിനെയും ഹോസ്ററലിനെയും മാററി.

2012 മുതൽ 2013 വരെ മദ്രാസ് യൂണിവേഴ്സിററിയിൽ എം.എ. സോഷ്യോളജി വിദ്യാർത്ഥിയായി. അതോടൊപ്പം ഡവലപ്മെന്റൽ സ്ററഡീസിൽ ഡിപ്ലോമ നേടി. കാമ്പസിലെ എസ്.എഫ്.ഐ. യൂണിററ് കമ്മിററി അംഗമായി, പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയായി.

നല്ല പാചകക്കാരനായിരുന്നു.

പുതിയ എഴുത്തിനെയും സോഷ്യൽ മീഡിയ നെററ്വർക്കിനെയും സാർത്ഥകമായി പ്രയോജനപ്പെടുത്തി മാനവീകരണപ്രക്രിയയിൽ പങ്കുചേരുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി പ്രവർത്തിച്ചു. ഇക്കാര്യം പഴയ തലമുറക്കാരെയും മാതാപിതാക്കളെയും
മനസ്സിലാക്കിച്ചു.

എം.എ. ഇന്റേൺഷിപ്പിന് വിഷയമായി ലോകത്തിലെ തന്നെ ഏററവും പ്രധാനപ്പെട്ട ജനകീയവിദ്യാഭ്യാസപ്രസ്ഥാനങ്ങളിൽ ഒന്നായ കേരളഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനം തിരഞ്ഞെടുത്തു. ഇതിനുളള പ്രാരംഭപ്രവർത്തനങ്ങൾ നടത്തുന്നതിനിടയിൽ പനിയെത്തുടർന്ന് 2013 മെയ് 27-ന് വൈകിട്ടുനാലു മണിക്കുണ്ടായ ഹൃദയാഘാതം മരണത്തിലെത്തിച്ചു. ■



2012 ഡിസംബർ 22-ന് കൊച്ചി - മുസിരിസ് ബിനാലെ സന്ദർശിച്ചിട്ടു തിരികെവന്ന്
'എന്റെ അമ്മത്തെയ്യം' എന്നപേരിൽ ചെയ്ത ചിത്രശില്പം.

ആരാണ് ഈ കനം എന്നിൽ നിക്ഷേപിച്ചത്?
വാടാത്ത ഒരു പനിനീർപ്പൂവിന്റെ കനം.
താഴെ വീഴാത്ത ഒരു മുട്ടയുടെ കനം.
അടിക്കാത്ത ഒരു ചുറ്റികയുടെ കനം.
ദൈവമേ, ഒരു ദിവസം ഞാൻ
നിന്റെ കനമില്ലായ്മയിലേക്ക്
ഉണരട്ടെ; ചൂളം വിളിച്ച്
നിന്റെ വെളിച്ചത്തിലേക്കു കടന്നുപോകട്ടെ.

*സ്വീഡിഷ് കവി അങ്നേറ്റാപ്ലിയറിന്റെ*
*'കനം' എന്ന കവിത.*
*പരിഭാഷ : സച്ചിദാനന്ദൻ*



# ഉള്ളടക്കം


| | | |
|---|---|---|
| 13 | പിറവി | എ.ആർ.മീന |
| 14 | വിട | |
| 16 | അബു | വി.ബാലചന്ദ്രൻ |
| 17 | കൂടെപ്പിറപ്പ് | അവനി എം. |
| 18 | എന്റെ മകൻ, എന്റെ സഖാവ്... | എ.ആർ. സിന്ധു |
| 25 | അബുവും കൊച്ചച്ചനും | പി വിനോദ്ജി |
| 28 | A Letter from Chitta | A.R. Sindhu |
| 31 | ഓർമ്മകളിലെ അബു | പി. കൃഷ്ണപ്രസാദ് |
| 33 | ദൈവത്തിന്റെ മകൻ – അബു | ബിന്ദു വി. നായർ |
| 35 | ചാവടിയിലെ കർട്ടൻ റെയ്സർ | രാജശേഖരൻ ഓണംതുരുത്ത് |
| 38 | പാട്ടുവണ്ടിയിൽ നിന്നു മാഞ്ഞുപോയവൻ | ബിപിൻചന്ദ്രൻ |
| 42 | In Memory of Our Beloved Abhayan M Savithri | Anas Bichu |
| 43 | മൂന്ന് അഭയൻമാർ | കെ. ലാൽ |
| 45 | Vidarummunpe adarnnuveena poovu! | Varghese Sajan |
| 46 | അഭയൻചേട്ടൻ | അർജുൻ രാജ് |
| 49 | A King among Men | A tribute from MCC |
| 51 | അബു | സനാതനൻ ടി.എൻ. |
| 52 | അഞ്ചാംക്ലാസ്സുകാരൻ | ഗൗതമൻ മനോജ് |
| 54 | ഓർമ്മയിലെ സമ്മാനം | ബിനോയ് ജോസഫ് |
| 56 | എങ്കിലും കാണാടാ... | ഹരികൃഷ്ണൻ പി.സി. |
| 58 | അഭയൻ– മരണമില്ലാത്തവൻ | ക്യാബ്നെറ്റ് പ്രവർത്തകർ |
| 59 | അബു – ഒരോർമ്മ | ഷൈല ഷാജി |
| 60 | ഇനി അഭയം | ലക്ഷ്മി പ്രേംകുമാർ |
| 61 | എന്റെ കുഞ്ഞ് | പി. അരുണാദേവി (മോളിയമ്മമ്മ) |
| 63 | അഭയസ്മരണകൾ | എമ്മാർജി |
| 66 | "ഞാനാണ് ക്രിസ്തുമസ് പപ്പാ" | വി.എം. തങ്കച്ചൻ |
| 68 | നിനക്കു മരണമില്ല | എം.ആർ. രമണി |
| 69 | ... Until the Day comes We're Together Again" | Achuth H. |
| 70 | തലക്കെട്ടില്ലാതെ... | വിഷ്ണു ദയാൽ |
| 73 | ഓർമ്മകളിലെ അഭയൻ | സി.കെ. വത്സമ്മ |
| 75 | ഒഴുക്കിനെതിരെ നീന്തിയവൻ | വി.എസ്. അനിൽകുമാർ |
| 76 | അബുവിന് | മൃദുല സ്വാമിനാഥൻ |

77 **A Letter from Selaiyur Hall**

79 **മറവിയിലേക്കുമറയാതെ** മനു മനോഹരൻ

81 **അഭയനെ ഓർക്കുമ്പോൾ** പൊൻകുന്നം സെയ്ദ്

83 **അഭയസ്മരണ** സതി സുരേന്ദ്രൻ

84 **കാലം മായ്ക്കാത്ത കയ്യൊപ്പുകൾ** ഐശ്വര്യ കെ.എസ്.

86 **'അഭയൻ' ഭയമില്ലാത്തവൻ** അശ്വതി അശോക്

88 **മിഴിനീർതുള്ളിയായ് മനസ്സിലെന്നും** വത്സമ്മ കെ.എൻ.

90 **Abhayan** Fazil N.C.

92 **ഒരു ഗുൽമോഹർമരം** കൃഷ്ണ നായർ

93 **നക്ഷത്രം** രാജേഷ് ഇ.കെ.

94 **ഇരുട്ടു വീഴുമ്പോൾ വെളിച്ചമായ് പെയ്യുക** കെ. രാജലക്ഷ്മി

95 **ആരായിരുന്നു അഭയൻ?** ജഗന്നാഥ് ആർ.

97 **To My Dear Appu** Vidyalekshmi

99 **എന്നും നമ്മോടുകൂടെ** വിവേക് ഐപ്പ് കുരുവിള

101 **അഭയസ്മൃതി** വി.റ്റി. മാത്യു

102 **ഒരു സ്നേഹസ്മരണ** പ്രിയ വി.

103 **Thanks for Being There, Abhay...** Anthony David

106 **അപ്പുവിന്റെ ലോകം** ശിവാനി ദിവാകരൻ

108 **അഭയൻ, ഞാനൊരു കാഴ്ചക്കാരൻ** ജയശങ്കർ ചെട്ടിയാർ

110 **അഭയൻ** പി.എസ്. രാജേഷ്

112 **അഭയന്** പ്രൊഫ. എം.ജി. ചന്ദ്രശേഖരൻ

113 **അഭയൻ– ഒരോർമ്മപ്പെടുത്തൽ** എം.പി. ബിനുകുമാർ

115 **അഭയൻ–ആർദ്രമായ ഒരോർമ്മ** അനിൽകുമാർ ജി.

117 **For A Dream Made Fearless…** Nikhila Sudharma

120 **Abhayan- A friend recollects** Somesh S. Menon

128 **ആമുഖമില്ലാത്ത വർത്തമാനങ്ങൾ** മനു എം.എസ്.

130 **ഉണ്ണിവഴികളിലൂടെ...** കെ. ഷിബു

132 **പകരം വയ്ക്കാനില്ലാതെ ഒരാൾ** അഭിലാഷ് എസ്.

134 **ഞങ്ങളുടെ പ്രിയകൂട്ടുകാരൻ** അരുന്ധതി എം.യു.

136 **അന്നക്കുട്ടീടെ ചേട്ടായി** അന്ന കാർത്തിക

138 **നിർഭയൻ** അഭീഷ് എസ്സ്.എസ്സ്.

140 **സെലയൂരിലേക്കുള്ള ദൂരം** ക്രിസ്റ്റിൻ മാത്യു ഫിലിപ്പ്

142 **Face book**

152 **പടവുകളിലെ അബു** സെബാസ്റ്റ്യൻ മാഷ്

158 **അബുവായി ഇന്നും ജീവിക്കുന്നു** അശ്വതി സലി

160 **കുന്നും കുരങ്ങും** പി. മധു

163

172 **അഭയൻ വർത്തമാനയൗവനത്തിൽ**

173


197 **അഭയന്റെ ചിന്തകൾ**

198 **അഭയൻസ്മാരകകേന്ദ്രം**

# ഓർമ്മകളിലെ അഭയൻ



If tears could build a stairway,
And memories a lane,
I'd walk right upto Heaven
And bring you home again.



എ.ആർ.മീന

കുഞ്ഞേ, നിന്നോടൊപ്പം വായിക്കാൻ പറ്റാതെപോയ ഒരേയൊരു പുസ്കത്തിൽ നിന്നു പകർത്തിയ വരികൾ മാത്രമേ ഈ അമ്മയ്ക്ക് എഴുതാനുള്ളു.

# പിറവി

“ഞാൻ എവിടെ നിന്നാണു വന്നത്,
എവിടുന്നാണ് എന്നെ കളഞ്ഞുകിട്ടിയത്...?”
ഒരിക്കൽ കുട്ടി അമ്മയോടു ചോദിച്ചു.
പകുതി ചിരിച്ച്, പകുതി കരഞ്ഞ്
കുട്ടിയെ തന്നിലേക്കു ചേർത്തുപിടിച്ച് അമ്മ പറഞ്ഞു:
“നീ എന്റെ മനസ്സിൽ
അതിന്റെ ഒരാഗ്രഹമായി ഒളിച്ചിരിക്കയായിരുന്നു.
കുട്ടിക്കാലത്തെ എന്റെ കളിപ്പാട്ടങ്ങളിൽ നീയുണ്ടായിരുന്നു.
എല്ലാ പ്രഭാതങ്ങളിലും
കളിമണ്ണുകൊണ്ട് എന്റെ ഉള്ളിലെ ദൈവത്തെയുണ്ടാക്കുമ്പോൾ
ഞാൻ നിന്നെ ഉണ്ടാക്കുകയും ഇല്ലാതാക്കുകയുമായിരുന്നു.
ഗൃഹദേവതയോടൊപ്പം ഞങ്ങൾ നിന്നെയും കുടിയിരുത്തിയിരുന്നു.
ഞാൻ അവനെ ആരാധിച്ചപ്പോഴൊക്കെ
നിന്നെയും ആരാധിക്കുകയായിരുന്നു.
എന്റെ അമ്മയുടേയും അമ്മമ്മയുടേയും ജീവിതത്തിലും,
ഞങ്ങളുടെ പ്രതീക്ഷകളിലും സഹനങ്ങളിലും
നീയുണ്ടായിരുന്നു.

നമ്മുടെ ഗൃഹം പരിപാലിക്കുന്ന
ചിരഞ്ജീവിയായ വിശ്വാത്മാവിന്റെ മടിയിൽ
യുഗങ്ങളോളം നീ പരിപാലിക്കപ്പെട്ടുവരികയായിരുന്നു.
പെൺബാല്യത്തിൽ,
എന്റെ ഹൃദയം അതിന്റെ ഇതളുകൾ വിരുത്തിയപ്പോൾ
ഒരു സുഗന്ധമായി നീയതിൽനിന്ന് ഒഴുകിപ്പരന്നു.
നിന്റെ ശരീരത്തിന്റെ അതിമൃദുലത
ആകാശത്തിൽ സൂര്യോദയത്തിനുമുമ്പെത്തുന്ന ജ്വലനമെന്നപോലെ
എന്റെ കൗമാരാവയവങ്ങളിൽ പൂത്തുവിരിഞ്ഞു.
വിണ്ണിന്റെ അരുമയായവളേ,
പുലരിവെട്ടത്തിന്റെ ഇണയായിപ്പിറന്നവളേ,
ആയുസ്സിന്റെ ഒഴുക്ക് താഴേക്കിറക്കി
ഒടുവിൽ നീയെന്റെ ഹൃദയത്തിൽ കുരുങ്ങിനിന്നു.
ഇപ്പോൾ നീ എന്നെ ഉറ്റുനോക്കുമ്പോൾ
വല്ലാത്ത ഒരു നിഗൂഢത എന്നെ മൂടുന്നു.
എല്ലാറ്റിന്റേതുമായ നീ ഒടുവിൽ എന്റേതായിത്തീർന്നിരിക്കുന്നു.
നീ നഷ്ടപ്പെടുമോ എന്ന ഭയത്താൽ
ഞാൻ നിന്നെ എന്റെ മാറിലേക്ക് പൊതിഞ്ഞുപിടിക്കുന്നു.
ഈ പ്രപഞ്ചത്തിന്റെ മഹാനിധിയെ
എന്റെ മെലിഞ്ഞ കൈകൾക്കുള്ളിൽ വെച്ചുതന്നത്
ഏതുമായാജാലമാണ്...?" ■

# വിട

എനിക്കു പോകാനുള്ള സമയമായി.
അമ്മേ, ഞാൻ പോകുന്നു.
ഏകാന്തമായ പ്രഭാതസന്ധ്യയിലെ അലിഞ്ഞുപോവുന്ന ഇരുട്ടിൽ
കിടക്കയിൽ അമ്മയെന്നെ പരതുമ്പോൾ ഞാൻ വിളിച്ചു പറയും:
"കുട്ടി അവിടെയില്ല..."
അമ്മേ, ഞാൻ പോകുന്നു...
ഒരു കുളിർകാറ്റായി വീശിയെത്തി അമ്മയെ തഴുകാൻ എനിക്കാവും;
കുളിക്കുമ്പോൾ, കുഞ്ഞോളങ്ങളായി ഒഴുകി വന്ന്
അമ്മയെ ഉമ്മവെച്ചു കൊണ്ടേയിരിക്കാൻ എനിക്കു കഴിയും.
മൂടിക്കെട്ടിയ രാത്രിയിൽ, ചാറ്റൽമഴ ഇലകളിലേക്ക് പെയ്യുമ്പോൾ
കിടക്കയിൽ എന്റെ പിറുപിറുക്കലുകൾ അമ്മയ്ക്കു കേൾക്കാനാവും.
തുറന്നിട്ട ജനാലയിലൂടെ, എന്റെ പൊട്ടിച്ചിരി
ഇടിമിന്നലിനോടൊപ്പം അറയിൽ തിളങ്ങിയെത്തും.
എന്നെക്കുറിച്ചു ചിന്തിച്ചു ചിന്തിച്ച്
പാതിരാത്രിയിലെപ്പോഴോ അമ്മ ഉണർന്നെണീക്കുമ്പോൾ
ഞാൻ നക്ഷത്രങ്ങളിൽ നിന്ന് അമ്മയ്ക്ക് താരാട്ടു പാടിത്തരും.
വിറപൂണ്ട ചന്ദ്രരശ്മികളോടൊപ്പം

ഒരു ചോരനെപ്പോലെ കിടക്കയിലെത്തി,
അമ്മ ഉറങ്ങുമ്പോൾ
ഞാൻ അമ്മയുടെ മാറിടയിൽ ചേരും....
ഒരു കിനാവായി മാറി, കൺപോളകൾ പയ്യെ വകഞ്ഞുമാറ്റി
അമ്മയുടെ ഉറക്കത്തിന്റെ ആഴങ്ങളിലേക്ക് ഞാൻ നൂഴും...
പെട്ടെന്ന് ഞെട്ടിയുണർന്ന് അമ്മ ചുറ്റുപാടും പരതുമ്പോൾ
ഒരു മിന്നിമിനുങ്ങിയെപ്പോലെ ഞാൻ ഇരുട്ടിലേക്കുതെന്നും.
ഓണാവധിക്ക്, അയൽക്കാരായ കുട്ടികൾ
നമ്മുടെ വീട്ടിലേക്ക് കളിച്ചാർത്തുവരുമ്പോൾ
ഞാൻ ഒച്ചയുണ്ടാക്കാതെ ഒളിച്ചിരിക്കുകയും
ഒരു വേണുനാദത്തിലലിഞ്ഞ്
അമ്മയുടെ ഹൃദയത്തിൽ സ്പന്ദിച്ചുനിൽക്കുകയും ചെയ്യും.
ഓണക്കോടിയുമായി അമ്മായി വന്നുചോദിക്കും:
“എവിടെ, നിന്റെ കുട്ടിയെവിടെ...?”
അപ്പോൾ വളരെ പതുക്കെ അമ്മ പറയും:
“അവൻ എന്റെ കൃഷ്ണമണിയിലുണ്ട്, ശരീരത്തിലുണ്ട്,
അവൻ എന്റെ ആത്മാവിലുണ്ട്...!”
പക്ഷെ, അവർക്കത് മനസ്സിലാവുമോ...? ■

*‘പിറ’*
*രവീന്ദ്രനാഥ്ടാഗോർ*
*വിവർത്തനം: കെ.വി സുരേഷ്*
*പാഠശാല, ആറങ്ങോട്ടുകര*



വി.ബാലചന്ദ്രൻ

# അബു

അബു പറക്കുന്നു;
പറന്നുപറന്നൊരു
നെബുലയിലെത്തി-
യന്തം വിട്ടുനിൽക്കയായ്
(കുന്തമില്ലാത്തതിനാൽ വിഴുങ്ങാതെ!)
ഒടുവിലിറങ്ങുന്നു
താഴോട്ടുതാഴോട്ട്
പടിയിറങ്ങും പോലെ
കടലിന്റെ മോളിലായ്
അബു ലാന്റ് ചെയ്യുന്നു,
കണ്ണു തുറക്കുന്നു.
അരികിൽനിന്നമ്മയു-
മച്ഛനും നോക്കുന്നു.
ഹര, ഹര! മെത്തമേൽ
ഒഴുകുന്ന കടലിന്റെ
നടുവിലാണമ്പോ, അബു
ചൂരലെങ്ങെടോ! ■



അവനി എം.

# കൂടെപ്പിറപ്പ്

അക്ഷരം തന്നു അഭയവും തന്നു
അകമേ ജീവിതവെട്ടം തെളിച്ചു.
കുസൃതി പെയ്യുന്ന ബാല്യം മുഴുക്കെ
കഥകൾ ചൊല്ലി നീ കനവുകൾ തന്നു.
പിന്നെ എന്നിലെ കനവുകൾക്കുയരാൻ
അരിയൊരായിരം ചിറകുകൾ തന്നു.
നിന്റെ കണ്ണുകൾ തന്നു വിശ്വാസം,
നീയെനിക്കേകി നേരിന്റെ വീര്യം.
കണ്ണുനീരിൽ നീ എന്നെ പുണർന്നും
പുഞ്ചിരികളിൽ എന്നിലലിഞ്ഞും
എന്റെയുള്ളിലെ  എന്നെക്കളഞ്ഞ്
നമ്മളെന്നു നീ  ഉള്ളിൽ വരച്ചു.
ഇന്നു നീയെന്റെ താളമായ് നാളമായ്
ചുണ്ടിലൂറുന്നൊരായിരം വാക്കായ്
വന്നു പോകുന്ന പകലായി ഇരവായി
എന്റെ കവിതയായ് കൂടെപ്പിറപ്പ്. ■

എ.ആർ. സിന്ധു

# എന്റെ മകൻ, എന്റെ സഖാവ്, എന്റെ സ്വപ്നം....

അബു... എന്റെ മകൻ, എന്റെ സ്വപ്നം, എന്റെ വാത്സല്യം, എന്റെ കരുതൽ, എന്റെ അഭിമാനം, എന്റെ അഹങ്കാരം, എന്റെ സഖാവ്, എന്റെ തുടർച്ച...

'എന്റെ' യെന്നതിൽ ഞാൻ മാത്രമല്ല, മിനിച്ചേച്ചിയും മധുച്ചേട്ടനുമുണ്ട്. അതിൽ പൊന്നുമോനും സാബുച്ചേട്ടനും കൃഷ്ണപ്രസാദും വിദ്യയും മോളിച്ചേച്ചിയും ഷീനയും ബിന്ദുടീച്ചറും ശൈലജയും മറ്റൊരുപാടുപേരുമുണ്ട്.

കുടുംബസദസ്സിലെ നിർദ്ദോഷഫലിതങ്ങളിൽ, കളിയാക്കലുകളിൽ, രാഷ്ട്രീയക്കൂട്ടായ്മകളിൽ, സൗഹൃദസംഭാഷണങ്ങളിൽ, രാഷ്ട്രീയവളർച്ചകളിൽ, ദർശനപഠനങ്ങളിൽ, കലാപരിപാടികളിൽ, പുസ്തകഷോപ്പുകളിൽ, വായനശാലകളിൽ, ഹോട്ടലുകളിൽ, അടുക്കളയിൽ — എല്ലാം എല്ലായിടത്തും — എന്റെ ജീവിതത്തിലുടനീളം - അസാന്നിദ്ധ്യത്താൽ സാന്നിദ്ധ്യമായി നിറയുന്നു എന്റെ അബു...

മറ്റെന്നത്തേക്കാൾ അവന്റെ സാന്നിദ്ധ്യം, സഹായം, പ്രവർത്തനങ്ങൾ, എന്റെ ജീവിതത്തിൽ നിർണ്ണായകമായ

സന്ദർഭത്തിൽ, അതിന്റെ മുഴുവൻ സൗന്ദര്യത്തോടെയും വിടർന്ന അവന്റെ ജീവിതം പെട്ടെന്ന് അപ്രത്യക്ഷമായത് ജീവിതത്തിലെ ഒരു നിമിഷം പോലും പാഴാക്കരുതെന്നും ചെയ്യാൻ പറ്റുന്ന എല്ലാ കാര്യങ്ങളും -പരമാവധിയല്ല - ചെയ്തു തീർക്കേണ്ടതാണെന്നും ഓർമ്മപ്പെടുത്തുവാനാണെന്ന് എനിക്ക് ബോധ്യപ്പെടുന്നു.

എല്ലാ പരാജയങ്ങളും, എല്ലാ പ്രതിസന്ധികളും, എല്ലാ ദുരന്തങ്ങളും മനുഷ്യന്റെ മുമ്പിൽ അനന്തസാദ്ധ്യതകൾ തുറന്നുതരുന്നു എന്ന തിരിച്ചറിവ് നമ്മെ കൂടുതൽ വിനയമുള്ളവരാക്കട്ടെ...

ഇനിയുള്ള എന്റെ ജീവിതംതന്നെ അവന്റെ സ്മരണികയായിത്തീരട്ടെ...

ഒരു സമൂഹത്തിന്റെ ചരിത്രത്തിൽ ഒരു വ്യക്തി അടയാളപ്പെടുത്തപ്പെടുന്നത് അവൻ/അവൾ ജീവിതത്താൽ എപ്രകാരം ചുറ്റുപാടുകളോടു പ്രതികരിക്കുകയും അതിനെ മാറ്റിത്തീർക്കുകയും ചെയ്തു എന്ന് വിലയിരുത്തിയാണ്. സാമൂഹിക ശാസ്ത്രജ്ഞരോ, സാമൂഹികപ്രവർത്തകരോ ആണ് അത്തരത്തിലുള്ള വിലയിരുത്തലുകളും തുടർപ്രവർത്തനങ്ങളും ഏറ്റെടുക്കാറ്. കുടുംബാംഗങ്ങൾ ആപ്രവർത്തനമേറ്റെടുക്കുമ്പോൾ വിലയിരുത്തലുകൽ വൈകാരികവും, വ്യക്തിപരവും, പക്ഷപാതിപരവുമാകാനുള്ള സാദ്ധ്യതയുള്ളതിനാൽ പലപ്പോഴും അവർ അതിനു തുനിയാറില്ല. എന്നാൽ വസുധൈവ കുടുംബകം ജീവിതവ്രതമാക്കുവാൻ ശ്രമിക്കുന്ന സാമൂഹികപ്രവർത്തകർ അങ്ങനെ പിന്മടങ്ങുന്നത് ചരിത്രത്തോടും, സമൂഹത്തോടും ആ വ്യക്തിയോടുമുള്ള അനീതിയായിപ്പോകാം. പലപ്പോഴും ഒരു വ്യക്തിയുടെ പ്രവർത്തനത്തിന്റെ വിവിധതലങ്ങൾ അറിയുകയും വിലയിരുത്തുകയും ചെയ്യാൻ കഴിയുന്നവർ ആ വ്യക്തിയോട് ഏറ്റവുമടുത്ത പ്രവർത്തകർ, പ്രത്യേകിച്ച് കേരളത്തിൽ ഒരു വ്യക്തിയുടെ കുടുംബാംഗങ്ങൾ കൂടിയായിരിക്കും.

ഞങ്ങളുടെ മകനായിപ്പോയതിനാൽ ചരിത്രത്തിൽ അഭയന്റെ സ്ഥാനം ശരിയായി അടയാളപ്പെടുത്തപ്പെടാതിരുന്നുകൂടാ എന്ന നിർബന്ധവും അവന്റെ പ്രവർത്തനങ്ങൾ ശരിയായി വിലയിരുത്തുകയും തുടർച്ചയിലേക്ക് അതിനെ ബന്ധപ്പെടുത്തുകയും ചെയ്യുക എന്ന കടമ ഏറ്റെടുക്കാൻ എനിക്കാണ് ഏറ്റവുമധികം സാധിക്കുക എന്ന വിശ്വാസവുമാണ് ഈ ഉദ്യമങ്ങളിൽ മുൻകൈയെടുക്കാൻ എന്നെ പ്രേരിപ്പിച്ചത്.

അഭയൻ ഒരു രാഷ്ട്രീയജീവി (political being) ആയിരുന്നു. ഒരാളിന്റെ കാഴ്ചപ്പാടുകളെ രൂപവത്കരിക്കുന്നതിൽ അവന്റെ /അവളുടെ കുടുംബം, ചുറ്റുപാടുകൾ, വലിയ തോതിൽ സ്വാധീനത ചെലുത്തും. എന്നാൽ തന്റെ ജീവിതം എങ്ങനെയാവണം എന്ന തീരുമാനം ആ വ്യക്തിയുടെ കൂടി തെരഞ്ഞെടുപ്പാണ്. മധുച്ചേട്ടന്റെയും മിനിച്ചേച്ചിയുടെയും മകനായി ഞങ്ങളുടെ കുടുംബത്തിന്റെ അന്തരീക്ഷത്തിൽ വളരുമ്പോഴും, അഭയന്റെ ജീവിതം പൂർണ്ണമായും അവന്റെ തെര ഞ്ഞെടുപ്പായിരുന്നു.

1991 -ൽ അബുവിനൊപ്പം നവലിബറൽ പരിഷ്കാരങ്ങളും ജനിച്ചിരുന്നു. അതിന്റെ സാമ്പത്തികസാമൂഹികസ്വാധീനത മദ്ധ്യവർഗ്ഗത്തിന്റെ ആശയാഭിലാഷങ്ങളെ വാനോളമെത്തിച്ച ഒരു കാലഘട്ടത്തിൽ അതിന്റെ മൂല്യബോധത്തെ ചെറുത്തുതോല്പിക്കുകയും മറ്റുള്ളവരെയും അതിനു പ്രാപ്തരാക്കാൻ ശ്രമിക്കുകയും ചെയ്ത ഒരു വ്യക്തിയുടെ കാഴ്ച്പ്പാടുകളെ പൂർണ്ണമായും  വീട്ടിലെ സാഹചര്യത്തിന്റെ സംഭാവനയായി വിലയിരുത്തുന്നത് ആ വ്യക്തിയെ മാത്രമല്ല ആഗോളീകരണത്തിന്റെ സ്വാധീനതാശക്തിയെയും കുറച്ചു കാണലാവും. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും അവന്റെ തെരഞ്ഞെടുപ്പ് മാനവികതയിലുറച്ചതും സമൂഹത്തിന്റെ

'സാമാന്യബോധ' ത്തിനെതിരായതുമായിരുന്നു. അവ തന്നെയാണ് അവനെ വ്യത്യസ്തനും പ്രിയങ്കരനുമാക്കിയത്.

പ്രൈമറിക്ലാസ്സിൽ തന്നെ കേരളത്തിലെ ഏറ്റവും മികച്ച കുട്ടികളിലൊരാളായി വിലയിരുത്തപ്പെട്ടിട്ടും, പഠനമികവ്, പ്രസംഗം, നാടകം, പാട്ട്, കവിതാപാരായണം, ഉപന്യാസം, സാഹിത്യം (കവിത, നാടകം) അങ്ങനെ വിവിധതലങ്ങളിൽ കഴിവു തെളിയിച്ചിട്ടും സമ്മാനങ്ങൾ നേടിയിട്ടും, അദ്ധ്യാപകരോ സഹപാഠികളോ നാട്ടുകാരോ അവനെ അനുസ്മരിക്കുന്നത് വ്യക്തിപരമായ ഈ മികവുകളിലൂടെയോ നേട്ടങ്ങളിലൂടെയോ അല്ല എന്നതാണ് അവന്റെ രാഷ്ട്രീയം, അവന്റെ പ്രസക്തി.

കോട്ടും ടൈയും സ്കൂൾ ബസ്സും ഇംഗ്ലീഷ് മീഡിയവും ചേർന്ന സ്കൂൾസങ്കല്പവും, ഡോക്ടർ, എഞ്ചിനീയർ, കളക്ടർ എന്നിവ മാത്രം ചേർന്ന വിദ്യാർത്ഥിസങ്കല്പവും നിറഞ്ഞ മത്സരങ്ങളിൽ എങ്ങനെയും ഒന്നാമതെത്തി 'വിജയി'യായിത്തീരാൻ എല്ലാവരേയും നിർബന്ധിക്കുന്ന, പരുവപ്പെടുത്തുന്ന, കേരളീയ മദ്ധ്യവർഗ്ഗബോധം ഇടതുപക്ഷത്തേപ്പോലും ബാധിക്കാൻ തുടങ്ങിയ കാലഘട്ടത്തിൽ ഒന്നാമന്മാരിലൊരുവനാകാതിരിക്കാനും അതിലഭിമാനിക്കാനും കഴിഞ്ഞത് അവന്റെ തെരഞ്ഞെടുപ്പായിരുന്നു.

'വിജയി'യാകുന്നതിൽ നിന്ന് തടയുന്നുവെന്ന് പൊതുബോധം മുദ്രകുത്തിയ സാമൂഹികമായ എല്ലാ പ്രവർത്തനങ്ങളും പ്രാഥമികകടമയായി കരുതി ജീവിക്കുവാൻ അവനു കഴിഞ്ഞിരുന്നു. നാട്ടുമ്പുറത്തെ മലയാളം മീഡിയം സ്കൂളിൽ പഠിക്കുക, അയൽപക്കത്തെയും, നാട്ടിലെയും എല്ലാ തരക്കാരായ ആളുകളോടും അടുത്തിടപെടുക, വിദ്യാർത്ഥിരാഷ്ട്രീയം, വായനശാലാപ്രവർത്തനങ്ങൾ, യുവജനസംഘടനാ പ്രവർത്തനങ്ങൾ, കലാസാഹിത്യ പ്രവർത്തനങ്ങൾ, സന്നദ്ധസേവനപ്രവർത്തനങ്ങൾ തുടങ്ങി തന്റെ പ്രായത്തിൽ, സാഹചര്യത്തിൽ, ഒരു വ്യക്തിക്ക് ഇടപെടാൻ സാധിക്കുന്ന എല്ലാ പ്രവർത്തനമേഖലകളിലും അവൻ സജീവമായുണ്ടായിരുന്നു.

സ്കൂൾവിദ്യാഭ്യാസകാലഘട്ടത്തിലെ അവന്റെ പാഠ്യേതര പ്രവർത്തനങ്ങളിൽ മുഖ്യമായ രണ്ടു തലങ്ങൾ രാഷ്ട്രീയ പ്രവർത്തനവും കലാസാംസ്കാരിക പ്രവർത്തനങ്ങളുമായിരുന്നു. രാഷ്ട്രീയപ്രവർത്തനത്തിലും എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. പ്രവർത്തനങ്ങളിലും ബുദ്ധിജീവിയുടെ റോളിലായിരുന്നില്ല; മറിച്ച് കല്യാണങ്ങൾക്ക് പന്തലിടാനും വിളമ്പാനും പോകുന്ന, ആർ.എസ്.എസ്സുകാരുടെ കായികാക്രമണത്തെ ചെറുക്കാൻ മുമ്പിൽ നില്ക്കുന്ന ആക്റ്റിവിസ്റ്റിന്റെ റോളായിരുന്നു അവന്റേത്. കലാപ്രവർത്തനങ്ങളിൽ വലിയൊരു പങ്കും വിവിധകലാമത്സരവേദികളുമായി — സ്കൂൾകലോത്സവം, യുവജനോത്സവം എന്നിവയുമായി -ബന്ധപ്പെട്ടായിരുന്നു.

സ്കൂളുകൾ, ജനകീയവായനശാല എന്നിവിടങ്ങളിൽ മത്സരിക്കുന്ന ടീമുകളുടെ രൂപവത്കരണം മുതൽ അവനായിരിക്കും നേതൃത്വം. എസ്.ആർ.വി. സ്കൂളായാലും ജനകീയവായനശാലയായാലും പങ്കെടുക്കുന്ന ജനങ്ങൾ, ആളുകൾ, ടീമുകൾ എന്നിവയെല്ലാം പ്ലാൻ ചെയ്ത്, വേണ്ട പരിശീലനം നടത്തി, വേണ്ട സൗകര്യങ്ങളൊരുക്കി, മത്സരത്തിനെത്തിച്ച് ടീമിലെ ഓരോ അംഗത്തിന്റെയും പ്രകടനത്തിനൊപ്പം നിന്നു സഹായിച്ച്, പ്രധാന എതിരാളിയുടെയും തങ്ങളുടെയും പോയിന്റുകൾ കൂട്ടിക്കിഴിച്ച് ഇനങ്ങൾ മാറ്റി പ്ലാൻ ചെയ്ത്, വിജയത്തിലെത്തിച്ച് ട്രോഫിയുമായി മടങ്ങിയെത്തുന്ന അബുവിന് ഒരു യുദ്ധം ജയിക്കുന്ന സേനാനായകന്റെ അതേ ഗൗരവവും ആവേശവുമായിരുന്നു.

ഈ പ്രവർത്തനങ്ങളിൽ അവന്റെ പ്രത്യേകതകളിലൊന്ന്

നേതൃത്വശേഷിയായിരുന്നു. ഓരോരുത്തരുടേയും കഴിവുകൾ കണ്ടെത്തി അവ പ്രകടിപ്പിക്കാനും വികസിപ്പിക്കാനുമുള്ള വേദിയൊരുക്കുക, അങ്ങനെയുള്ള കൂട്ടായ്മകൾ സൃഷ്ടിക്കുക തുടങ്ങി എല്ലായിടത്തും അത് പ്രകടമായിരുന്നു.

ഈ വേദികളെ ഒരിക്കലും സ്വന്തം മികവു തെളിയിക്കാനുള്ള വേദിയാക്കാതിരിക്കാൻ, സ്വന്തം കഴിവുകൾ ടീമിന്റെ വിജയത്തിനായി മാത്രം ഉപയോഗിക്കാൻ, വളരെ സ്വാഭാവികമായ നിസ്വാർത്ഥതയിലൂടെ അവനു കഴിഞ്ഞിരുന്നു. സ്വന്തം മികവിനെ കൂട്ടായ്മയുടെ മികവിനു കീഴ്പ്പെടുത്താൻ കഴിയുക എന്നത് കാലഘട്ടത്തിനനന്യമായ പ്രത്യേകതയായിരുന്നു. മത്സരങ്ങളിലെ ആവേശത്തിന്റെ അടിസ്ഥാനമായിരുന്ന ഒരു വികാരം ഇത്തരം മത്സരങ്ങളിലെല്ലാം വളരെ പ്രകടമായ വരേണ്യത (elitsm) യ്ക്കെതിരായുള്ളതായിരുന്നു. ഒരു ഗ്രാമീണസ്കൂളിനെ, വായനശാലയെ വിജയത്തിലെത്തിച്ച് പണവും സ്വാധീനതയുമുള്ളവരുടെ അധീശത്വത്തെ തകർക്കാനുള്ള ഒരു തരം വാശിയായിരുന്നു. ഒന്നാമതെത്താനുള്ള താല്പര്യമായിരുന്നില്ല അവന്റെ killing spirit — നു പിന്നിൽ. കലോത്സവങ്ങളിലെ, പ്രത്യേകിച്ച് വരേണ്യഇനങ്ങളിലെ, പിന്നാമ്പുറക്കളികൾ പരാജയപ്പെടുത്തിയ കഥകൾ പറയുന്ന അബുവിന് ഒരു യുദ്ധം ജയിച്ച സന്തോഷമുണ്ടാവാറുണ്ടായിരുന്നു.

എന്നാൽ അവിടെയെല്ലാം എതിരാളികളുടെ കഴിവിനെയും നന്മയെയും ശരിയെയും അംഗീകരിക്കാനും മത്സരം വ്യക്തിഗത തലത്തിലേക്കെത്താതിരിക്കാനും സ്വത:സിദ്ധമായ നിഷ്കളങ്ക ശൈലിയിൽ അവൻ ശ്രമിക്കാറുണ്ടായിരുന്നു.

പഠിച്ച സ്ഥാപനത്തിലെ പ്രശ്നങ്ങളിലുള്ള അവന്റെ നിലപാടുകളിൽ — പലപ്പോഴും വ്യക്തിപരമായ ഇഷ്ടാനിഷ്ടത്തിന്റെ അടിസ്ഥാനത്തിലെന്ന് വിലയിരുത്തപ്പെട്ട നിലപാടുകളിൽ — എടുത്തുപറയേണ്ട, വിലയിരുത്തപ്പെടേണ്ട, ഒരു കാര്യം അവ എല്ലായ്പോഴും പ്രാദേശികതാവാദത്തിനെതിരായിരുന്നു എന്നതാണ്.

സമയപരിമിതികൊണ്ട് പില്ക്കാലത്ത് കുറഞ്ഞുപോയെങ്കിലും, തങ്ങൾ പ്രവർത്തിക്കുന്നയിടങ്ങളിലെ ചെറിയ വലിയ കഥകൾ പങ്കുവെയ്ക്കുന്നത് ഞങ്ങളുടെയെല്ലാം ശീലമാണ്. ആ കഥകളിലൊക്കെ അദ്ധ്യാപകർ, സഹപാഠികൾ, മാനേജ്മെന്റ്, തദ്ദേശീയർ, വിദ്യാർത്ഥികൾ, ജൂനിയർ, സീനിയർ, ആൺ, പെൺ എന്നിങ്ങനെ വിവിധതലങ്ങളിലും തരങ്ങളിലും ദ്വന്ദ്വങ്ങളിലുമുള്ള അവന്റെ നിലപാടുകൾ - എതിർഭാഗത്ത് ആരായിരുന്നാലും - നീതിയുടെ, ന്യായത്തിന്റെ, സത്യത്തിന്റെ കൂടെയായിരുന്നു.

പ്രാദേശികവാദത്തിനെതിരെ നിൽക്കുമ്പോൾത്തന്നെ, ചെല്ലുന്നയിടങ്ങളിലെ പ്രാദേശികസംസ്കാരത്തെ ബഹുമാനിക്കാനും തന്റേതായിക്കാണാനും, അവയെ സ്വാംശീകരിച്ച് തന്റെ ഭാഗമാക്കി നാട്ടുകാരേക്കാൾ നാട്ടുകാരനാകാനുമുള്ള അപാരമായ ശേഷി ചിറക്കടവിലും പനമറ്റത്തും ചെന്നൈയിലും — എത്തുന്നയിടങ്ങളിലെല്ലാം — അവൻ പ്രകടമാക്കി.

മദ്രാസ് ക്രിസ്ത്യൻ കോളേജും അവിടെത്തന്നെ സെലയൂർ ഹാളും അവന്റെ രണ്ടാം വീടായിരുന്നു. ഏതൊരു മനുഷ്യന്റെയും ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലഘട്ടം അവൻ ചെലവഴിച്ച സ്ഥലം. ഇന്ത്യയിലെ തന്നെ ഏറ്റവും പഴക്കമേറിയ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലൊന്ന്. ഇന്ത്യയുടെ പല പ്രതിഭാശാലികളുടെയും രൂപവത്കരണത്തിൽ നിർണ്ണായകപങ്കു വഹിച്ചയിടം. പരമ്പരാഗതരീതികളുടെ— പലപ്പോഴും കൊളോണിയൽ അവശിഷ്ടമെന്നു വിളിക്കപ്പെടുന്ന രീതികളുടെ പേരിൽ-പ്രസിദ്ധമായ കാമ്പസ്. അവിടെ മത, വർഗ്ഗ, വർണ്ണ, ദേശ, ലിംഗ വ്യത്യാസങ്ങൾക്കതീതമായ ക്രിയാത്മകതയുടെ കൂട്ടായ്മ

വികസിപ്പിച്ചെടുക്കാൻ അവനു കഴിഞ്ഞു. അതിനുള്ള ശ്രമത്തിൽ പാരമ്പര്യത്തിന്റെ പേരിൽ പുതഞ്ഞു കിടന്നിരുന്ന ജനാധിപത്യത്തിന്റെ, ക്രിയാത്മകതയുടെ ഇടത്തെ തിരിച്ചറിഞ്ഞ്, അതിനെ പുറത്തെടുത്ത് വൃത്തിയാക്കി പിന്മുറക്കാർക്കുകൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാക്കിയ അഭയൻ എം. സാവിത്രിയെ, അവന്റെ രാഷ്ട്രീയസംഭാവനയെ, വിലയിരുത്താനുള്ള ഉത്തരവാദിത്വം വിദ്യാർത്ഥിപ്രസ്ഥാനം ഏറ്റെടുക്കട്ടെ.

എം.സി.സി. ഹാളുകൾ, അവയുടെ ചരിത്രം, ഘടന, രീതികൾ, വിദ്യാർത്ഥികളുടെ അവകാശങ്ങൾ അവയെല്ലാം പഠിച്ച് ഇടപെട്ട് പ്രവർത്തിക്കുക മാത്രമല്ല, പിന്മുറക്കാർക്ക് മനസ്സിലാക്കാനും ഉപയോഗിക്കാനുമായി ബോധതലത്തിലേക്ക് അവയെ കൊണ്ടെത്തിക്കുകയും ചെയ്തിരുന്നു അവൻ. ചെന്നെത്തുന്നിടത്തെ സാഹചര്യങ്ങൾ പഠിച്ച്, വിലയിരുത്തി, അതിലിടപെട്ട് അതിനെ മുന്നോട്ടു നയിക്കുന്ന കമ്മ്യൂണിസ്റ്റിന് നിലവിലുള്ള സംഘടനാരൂപങ്ങൾക്കുള്ള പരിമിതിയടക്കം തിരിച്ചറിഞ്ഞ് അതിനെ മറികടക്കാൻ സാധിക്കുമെന്ന് അവൻ തെളിയിച്ചു. എല്ലാവർക്കും തങ്ങളുടെ ക്രിയാത്മകത വികസിപ്പിക്കാനുതകുന്ന കൂട്ടായ്മകൾ വളർത്തുമ്പോഴും, 'കോമ്രേഡ്' ആയിത്തന്നെ അറിയപ്പെടാനും ആളുകളെ അവർ പോലുമറിയാതെ ഇടതുപക്ഷക്കാരാക്കാനും— വ്യക്തിപരമായി വിശ്വസിക്കുന്ന രാഷ്ട്രീയപ്പാർട്ടിയുടെ തെരഞ്ഞെടുപ്പിലല്ല, മറിച്ച് ജീവിതവീക്ഷണത്തിൽ ഇടതുപക്ഷക്കാരാക്കാനും - അവന്റെ വ്യക്തിത്വത്തിനു കഴിഞ്ഞു.

പ്രണയം, സംഗീതം, സിനിമ, കല, സ്പോർട്സ്— അങ്ങനെ എല്ലാറ്റിലും ജീവിതത്തെ ആഘോഷമാക്കുന്ന കാമ്പസ്ദിനങ്ങളിൽ ഒരു മനുഷ്യനു കഴിയാവുന്നത്ര സൗഹൃദങ്ങളും ബന്ധങ്ങളും വളർത്തിയെടുത്തിരുന്നു അഭയൻ. താൻ ഇടപഴകിയവരിലെല്ലാം തിന്മയ്ക്കും അനീതിക്കുമെതിരായ പോരാളിയായി തന്റെ വ്യക്തിത്വത്തിന്റെ സൗരഭ്യം പകർന്നിരുന്നു അവൻ.

മദ്രാസ് യൂണിവേഴ്സിറ്റിയിലെ ചുരുങ്ങിയ സമയത്തിലെ എസ്.എഫ്.ഐ. പ്രവർത്തനത്തിലും സ്വയം നേതാവായി ഉയരാൻ വളരെ എളുപ്പമായിരുന്നപ്പോഴും, തനതായി ഒരു നേതൃനിരയെ ഉയർത്തിക്കൊണ്ടുവരാണ് അവൻ ശ്രമിച്ചത്. നിലവിലുള്ള പ്രസ്ഥാനത്തിന്റെ പോരായ്മകളുടെ, വീഴ്ചകളുടെ ഏറ്റവും വലിയ വിമർശകനാകുമ്പോഴും അതിന്റെ മുന്നണിപ്പോരാളിയായി സ്വന്തം ഊർജ്ജംപകർന്ന് അതിനെ മുന്നോട്ടു നയിക്കാൻ കഴിഞ്ഞ യഥാർത്ഥകമ്യൂണിസ്റ്റായിരുന്നു എന്റെ അബു.

ഇന്നത്തെ ഇടതുപക്ഷരാഷ്ട്രീയത്തിൽ ക്രിയാത്മകമായും ഗുണപരമായും ഇടപെടാനും, തന്റെ എല്ലാ ശേഷികളും അതിനായുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾക്കു വിനിയോഗിക്കാനും തയ്യാറെടുക്കുകയായിരുന്നു അവൻ. ആശയസമരങ്ങളിൽ ശരിയായ ഇടപെടലുകൾ നടത്താൻ, സ്വയം സജ്ജമാക്കാൻ, അവന്റെ ചിറ്റയ്ക്കുണ്ടായ വീഴ്ചകൾ അവനുണ്ടാകാതിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്തിരുന്നു. ഡൽഹിയിൽ എന്റെ പ്രവർത്തനങ്ങൾ, പ്രതിസന്ധികൾ, നേട്ടങ്ങൾ, സമരങ്ങൾ, ആശയസംവാദങ്ങൾ എല്ലാം പങ്കുവയ്ക്കുന്ന എന്റെ സഖാവായിരുന്നു എന്റെ മകൻ. കഴിവുള്ള എല്ലാ തലങ്ങളിലും ഇടതുപക്ഷപ്രസ്ഥാനത്തെ, പാർട്ടിയെ, മുന്നോട്ടുനയിക്കാൻ ഏറ്റവും നിസ്വാർത്ഥരായ, പ്രതിബദ്ധരായ, സമർപ്പിതരായ ഒരു കൂട്ടം യുവകമ്യൂണിസ്റ്റുകൾ - അതായിരുന്നു ഞങ്ങൾ ഒന്നിച്ചു കണ്ട ഒടുവിലത്തെ സ്വപ്നം.

രണ്ടാമത്തെ അമ്മയായി, ബാല്യത്തിലെ ഏറ്റവുമടുത്ത സുഹൃത്തായി, നീതിക്കായുള്ള സമരങ്ങളിൽ ആരെയും വെല്ലുവിളിക്കാനുള്ള പിൻബലമായി എപ്പോഴും കൂടെയുണ്ടായി

രുന്ന നിന്റെ ചിറ്റയ്ക്ക് നിന്റെ വളർച്ചയുടെ ഉയർന്ന ഘട്ടത്തിൽ നിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, വിമർശനം, അംഗീകാരം എല്ലാം നീ പ്രതീക്ഷിച്ചപോലെ — അല്ല, ഞാൻ ചെയ്യേണ്ടിയിരുന്നപോലെ — ചെയ്യാനായില്ല എന്ന ദുഃഖം ഇനി എന്റെ ജീവിതത്തിലുടനീളം എന്നോടൊപ്പമുണ്ടാകും. സ്വന്തം സമരങ്ങളിൽ, സ്വയം പൂർണ്ണമായി തിരിച്ചറിയാനുള്ള വ്യക്തിപരമായ ശ്രമത്തിന്റെ വ്യാകുലതകളിൽ, തിരിച്ചറിഞ്ഞ കടമകൾ നിറവേറ്റാനുള്ള ഇടം തിരഞ്ഞുള്ള വ്യഗ്രതയിൽ, സ്ഥലത്തിന്റെയും സമയത്തിന്റെയും പരിമിതിയിൽ, നിനക്കവകാശപ്പെട്ട എന്റെ സമയം നിനക്കായി വേണ്ടത്ര നീക്കിവയ്ക്കാൻ കഴിയാതെ പോയത് നീയും ഞാനും കരുതിയിരുന്നത്ര ശക്തയായിരുന്നില്ല നിന്റെ ചിറ്റ എന്നതുകൊണ്ടാണല്ലോ എന്റെ മോനേ...


നിന്റെ ഓർമ്മ ആനന്ദമായിരിക്കുമ്പോഴും എന്റെ കണ്ണുകളെ നനയ്ക്കുന്നത് ഈ കുറ്റബോധമോ, അതോ എന്റെ ജീവിതത്തിന്റെ, പ്രവർത്തനങ്ങളുടെ, തുടർച്ച മുറിഞ്ഞുപോകുമ്പോഴുള്ള നിസ്സഹായതയോ എന്നറിയില്ല...

നിന്റെ പ്രവർത്തനങ്ങളെ വേണ്ടും വണ്ണം തിരിച്ചറിയാൻ, വിലയിരുത്താൻ, തുടർന്നു കൊണ്ടുപോകാൻ അപ്പുട്ടൂന്റെ ചിറ്റയ്ക്കേ കഴിയൂ എന്ന് ഞാൻ വിനയത്തോടെ, വെറുതെ, അഹങ്കരിച്ചോട്ടെ...

വ്യക്തിജീവിതം രാഷ്ട്രീയജീവിതം തന്നെയായതിനാൽ നിന്നെ വ്യക്തിപരമായ, രാഷ്ട്രീയമായ നേട്ടങ്ങളുടെ പട്ടികയിൽ ഒന്നാമതായി വയ്ക്കട്ടെ ഞങ്ങൾ.

പൂർണ്ണത്തിൽ നിന്ന് പൂർണ്ണമെടുത്താൽ അവശേഷിക്കുന്ന പൂർണ്ണമാകട്ടെ ഞങ്ങൾ. ■

ജനകീയവായനശാല
വര: ഗോകുൽ ടി.



പി. വിനോദ്ജി

# അബുവും കൊച്ചച്ചനും

അബുവിന് ഒരു കൊച്ചച്ചനേയുള്ളൂ; കൊച്ചച്ചന് ഒരു അബുവും. ആ നിയോഗത്തെക്കുറിച്ച് എന്തെങ്കിലും പറഞ്ഞില്ലെങ്കിൽ അവന്റെ സ്മരണിക അപൂർണ്ണമായിരിക്കും.

ആ നിയോഗത്തിന്റെ ആരംഭം ഇങ്ങനെ: 1986 –ൽ എസ്.എഫ്.ഐ. പ്രവർത്തനത്തിനുവേണ്ടി മാത്രം ഞാൻ വാഴൂർ എൻ. എസ്.എസ്. കോളേജിൽ ബി.കോമിനു ചേർന്നു. 1987 –ൽ സമാനമായ ഉദ്ദേശ്യത്തോടുകൂടിത്തന്നെ എ.ആർ. സിന്ധുവും. സഖാക്കളും സഹപ്രവർത്തകരുമായി ഞങ്ങൾ മാറി. ഒരുകൂട്ടം സഖാക്കളുമായി ഞങ്ങൾ വീട്ടിൽ നിരന്തരം വരാൻ തുടങ്ങി. മധുച്ചേട്ടനുമായി വർത്തമാനം പറയുന്നതും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതും പതിവായി. സിന്ധുവിന്റെ സഹോദരി മീനയും സിന്ധുവിനൊപ്പം വീട്ടിൽ വരികയും വർത്തമാനങ്ങളിലും ചർച്ചകളിലും പങ്കെടുക്കുകയും എല്ലാവരും അവരവരുടെ മേഖലകളിലെ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. മധുച്ചേട്ടൻ മിനിച്ചേച്ചിയെ പരിചയപ്പെട്ടു വിവാഹം കഴിച്ചു. അബുവിനെ ഗർഭം ധരിച്ചപ്പോൾ മുതൽ ഞാൻ അവനെ അറിയുവാൻ തുടങ്ങി. കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ആശുപത്രിയിൽ 1991 നവംബർ 11 –ന് അവൻ പിറന്നു. സിന്ധുവാണ് അവനെ ആദ്യം എടുത്തത്—പിന്നെ ഞാനും. അബു എന്ന് അവനു പേരിടാൻ ചേട്ടനും ചേച്ചിയും തീരുമാനിച്ചു. ഔദ്യോഗികമായ പേര് വേറെ എന്തെങ്കിലും വേണം എന്ന് ഞാൻ നിർബന്ധിച്ചു. അതു കൂടി പരിഗണിച്ച് അവന് അഭയൻ എന്നു പേരിട്ടു. അവന്റെ ഓരോ മാറ്റവും ഞാൻ കണ്ടുകൊണ്ടിരുന്നു. രാവിലെ പത്രം വരുന്നത് ജനലിൽ കൂടി നോക്കിയിരിക്കുന്ന മുത്തച്ഛൻ മടിയിൽ അവനെ ഇരുത്തി, “പത്രക്കാരൻ അണ്ണാ, ഓടിവായോ അണ്ണാ” എന്ന് ഈണത്തിൽ പാടിക്കൊണ്ടിരിക്കുന്ന ചിത്രവും, പൊൻകുന്നം സി.വൈ.എം.എ. നഴ്സറിസ്കൂളിൽ മുത്തച്ഛനോടൊപ്പം പോകുന്ന അബുവിന്റെ ചിത്രവും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. അതുപോലെതന്നെ നേഴ്സറിവാർഷികത്തിലെ പാട്ടും നൃത്തവും പ്രച്ഛന്നവേഷവും.

സ്വതന്ത്രനായി വളർത്തപ്പെട്ട അബു, ഒന്നാം ക്ലാസ്സിൽ ചേരുന്നതിനു മുമ്പു തന്നെ, “ഞാൻ മലയാളം മീഡിയത്തിലാണ് പഠിക്കാൻ പോകുന്നത്” എന്നു

പ്രഖ്യാപിച്ചത് അത്ഭുതത്തോടും അഭിമാനത്തോടും കൂടി ഞാൻ കേട്ടു. അമ്മ അദ്ധ്യാപികയായിരുന്ന സ്കൂളിൽ ഒരു അദ്ധ്യാപികയുടെ പുത്രൻ എന്നു പരിഗണന ആവശ്യമില്ലാത്ത തരത്തിൽ അവൻ വളർന്നു. അവനിലെ വായനക്കാരൻ വളർന്നുവരുന്നത് അഭിമാനത്തോടെയും, തെല്ല് അസൂയയോടെയും, ഞാൻ കണ്ടു. പന്ത്രണ്ടു വയസ്സിന് ഇളയവനായ എന്നിലെ വായനക്കാരനെ ഉണർത്താൻ പഠിച്ച പണി പതിനെട്ടും ശ്രമിച്ചിട്ടും പരാജയപ്പെട്ട മധുച്ചേട്ടന്റെ ആഗ്രഹപൂർത്തീകരണമായിരുന്നു അബുവിലെ വായനക്കാരൻ. അവന്റെ ചുറ്റുപാടുകളെക്കുറിച്ച് അവൻ വായിച്ചറിഞ്ഞു. അവനു ചുറ്റും വലിയ ഒരു സൗഹൃദവലയം രൂപപ്പെട്ടുവന്നു. കളികളും കലാപ്രവർത്തനങ്ങളും വായനയുമായി അവൻ മുമ്പോട്ടു പോയി. ചിറക്കടവ് എസ്.ആർ.വി.എൻ.എസ്സ്.എസ്സ്. ഹൈസ്കൂളിൽ ചേർന്നു പഠിക്കുന്ന സമയത്ത് എൻ.സി.സി. കേഡറ്റ് ആയതും വിദ്യാർത്ഥിസംഘടനാപ്രവർത്തകനായി മാറിയതും കണ്ടു.

ഏതു പരീക്ഷയ്ക്കു പോകുന്നതിനു മുമ്പും അമ്മമ്മയെ വിളിച്ച് പരീക്ഷയെഴുതുവാൻ പോകുന്നുവെന്നു പറയുന്ന ഒരു ശീലം അവനുണ്ടായിരുന്നു.

സ്കൂൾ യുവജനോത്സവങ്ങളിലെ അവന്റെ പങ്കാളിത്തം വീട്ടിലും ഉത്സവമായി മാറി. നാട്ടിലെ എല്ലാ കലാസാംസ്കാരികപ്രവർത്തനങ്ങളിലും അവൻ പങ്കാളിയായിരുന്നു. ഒരിക്കൽ പൊൻകുന്നം പുതിയകാവു ദേവീക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള കുംഭകുടഘോഷയാത്രയിൽ പങ്കെടുക്കുന്നതിനിടയിൽ ആനയുടെ പുറംകാൽ കൊണ്ടുള്ള തൊഴിയേറ്റ് അവൻ തെറിച്ചുവീണ സംഭവവും ഉണ്ടായിട്ടുണ്ട്.

ഹൈസ്കൂൾകാലത്ത് സാമാന്യം നല്ല വണ്ണം ഉണ്ടായിരുന്ന അബു വടക്കേ ഇന്ത്യയിലെ എൻ.സി.സി. ട്രെക്കിങ്ങിനു ശേഷം മെലിഞ്ഞ അബുവായി തിരിച്ചുവന്നതും ഞാൻ ഓർക്കുന്നു.

അപ്പോഴേക്കും അബുവിൽ ഒരു നേതാവു ജനിച്ചിരുന്നു. സ്കൂളിലെ ദൈനംദിനപ്രവർത്തനങ്ങളിൽ അബു ഇടപെടുകയും അദ്ധ്യാപകരുടേയും പ്രിൻസിപ്പളായ ബിന്ദുടീച്ചറിന്റേയും അടുത്ത ആളായി മാറുകയും ചെയ്തു. ഓരോ യുവജനോത്സവത്തിലും മൽസരിക്കുകയും വിജയിക്കുകയും ചെയ്തിരുന്നത് വ്യക്തിപരമായ നേട്ടമാക്കുന്നതിനേക്കാളുപരി സ്കൂളിലെ പൊതുവിജയമാക്കുന്നതിലായിരുന്നു അവന്റെ ശ്രദ്ധയും സന്തോഷവും. അബുവിലെ സംഘാടകനെ കേരളോത്സവവേദികളിൽ കണ്ടു.

പനമറ്റംസ്കൂളിൽ പ്ലസ് വണ്ണിനു പഠിക്കുന്ന സമയത്ത് കുറ്റിപ്പുറത്തു നടന്ന സംസ്ഥാനസ്കൂൾയുവജനോത്സവത്തിലെ പ്രസംഗമത്സരത്തിൽ പങ്കെടുക്കാൻ ഞാനാണ് അവനെ അനുഗമിച്ചത്. അവിടെയുണ്ടായിരുന്ന ചുരുങ്ങിയ സമയത്തുപോലും സൗഹൃദവലയം വികസിപ്പിക്കുന്നതിനും തുടർന്നും അതു സത്യസന്ധമായി നിലനിർത്തുന്നതിനും അവൻ ശ്രദ്ധിച്ചിരുന്നു.

അവനെ നന്നായി ഭക്ഷണം കഴിക്കാൻ പഠിപ്പിച്ചത് ഞാനാണ് എന്ന് അവൻ പറയുമായിരുന്നു. അവൻ ചെയ്യുന്ന പല കാര്യങ്ങളിലും എന്നെ മാതൃകയാക്കിയിട്ടുണ്ട്. അവൻ പറയുന്നതു കേട്ട് സ്വയം വിമർശനപരമായി ഞാൻ പലതും പരിശോധിച്ചിട്ടുണ്ട്; എന്നിലെ മടിയനെ കണ്ടെത്തുന്നതിന് അത് എന്നെ സഹായിച്ചിട്ടുമുണ്ട്.

അവൻ വളർന്നതിനുശേഷം ധാരാളം യാത്രകൾ ഞങ്ങൾ ഒരുമിച്ചുനടത്തിയിട്ടുണ്ട്. യാതൊരു മുന്നൊരുക്കവും ഇല്ലാതെ ഒരു പകൽ 10 മണിക്ക് ആരംഭിച്ച് പിറ്റേന്ന് വെളുപ്പിന് 3 മണിക്ക്

അവസാനിച്ച ഒരു കൊടൈക്കനാൽയാത്രയാണ് ഞങ്ങൾ ഒരുമിച്ച് അവസാനമായി പോയ യാത്ര.

അബുവിനെ പൂർണ്ണതയിലേയ്ക്കു നയിച്ച മദ്രാസ് ക്രിസ്റ്റ്യൻ കേളേജിലേക്കുള്ള യാത്ര ആരംഭിച്ചതും ഞങ്ങൾ ഒരുമിച്ചാണ്. അങ്ങനെ ഞാൻ അവന്റെ പ്രിയപ്പെട്ട എം.സി.സി.യും അവന്റെ പ്രാണനായിരുന്ന സെലയൂർ ഹാളും വിഖ്യാതമായ എം.സി.സി. ക്യാമ്പസും കാണുവാൻ ഇടയായി.

എം.സി.സി. യിലെ പഠനം അവന്റെ പൂർണ്ണതയിലേക്കുള്ള വളർച്ചയായിരുന്നു. ഓരോ ദൈംനംദിനസംഭവങ്ങളുടെയും വിവരണങ്ങളിലൂടെ  അവനോടൊപ്പം ഞാനും ഉണ്ടായിരുന്നു എന്ന പ്രതീതി ജനിപ്പിച്ചിരുന്നു അവൻ. എം.സി.സി. യിലെ അവന്റെ പ്രവർത്തനം, അതിന്റെ ഉദ്ദേശ്യം, അതിന്റെ മാർഗ്ഗം, അതിലെ അവന്റെ സഹപ്രവർത്തകർ – ഇവയെക്കുറിച്ചൊക്കെ വിശദമായി സംസാരിച്ചുകൊണ്ടിരുന്നു. അവന്റെ സുഹൃത്തുക്കളുടെ കൊച്ചച്ചനായി എന്നെയും അവൻ മാറ്റി. അവിടുത്തെ ചെറുകാര്യങ്ങളുടെ വലിയ വിശദാംശങ്ങൾ വരെ എന്നോടു പങ്കുവെച്ചിട്ടുണ്ട്. വീട്ടിൽ വരുന്ന അബുവിന്റെ സുഹൃത്തുക്കളെ മുഴുവൻ എനിക്കും പരിചയപ്പെടുത്തിത്തന്നിട്ടുണ്ട്.
എം.സി.സി.യിലെ പഠനത്തിനുശേഷവും ഒരു തികഞ്ഞ എം.സി.സി.യനും സെല്യൂറിയനുമായി അവൻ തുടർന്നു. അവിടുത്തെ ചെറിയ ചെറിയ പ്രശ്നങ്ങളിൽപോലും അവൻ ഇടപെട്ടു. മദ്രാസ് സർവ്വകലാശാലയിലെ പഠനസമയത്തും പഠനവും സംഘടനാപ്രവർത്തനവും അവൻ ഒരുമിച്ചു കൊണ്ടുപോയി. അവിടെ നിന്നു ലഭിച്ച സുശീന്ദ്രയെന്ന കൂട്ടുകാരിയേയും പരിചയപ്പെടുത്തി  ഒരു കുടുംബാംഗം ആക്കിത്തന്നു.

വിഷു, ഓണം, പിറന്നാൾ തുടങ്ങിയ ആഘോഷങ്ങളിലെല്ലാം എല്ലാവരേയും ഒരുമിപ്പിക്കുന്ന ഒരു കണ്ണിയായിരുന്നു അബു. അവനോടൊപ്പമുള്ള  ആഘോഷങ്ങളുടെ ഓരോ നിമിഷവും ഇപ്പോഴും മുന്നിൽകൂടി കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു.

2013 മെയ് 27-ന് രാവിലെ 11 മണിക്ക് ഞങ്ങൾ തമ്മിൽ സംസാരിച്ചിട്ടുപോയതാണ്. 'ഞാൻ വൈകിട്ടു വരാം' എന്നു പറഞ്ഞാണ് ഇറങ്ങിയത്. അബു അരൂപിയാകുന്നതിനുമുമ്പുള്ള അവസാനയാത്രയിലും ഞാൻ അവനോടൊപ്പം ഉണ്ടായിരുന്നു. എന്നെ ഒരു വലിയ സൗഹൃദവലയത്തിന്റെ കൊച്ചച്ചൻ ആക്കി മാറ്റിയ ശേഷം, എന്നിലും അവരിലും എല്ലാവരിലും, അവൻ സ്പർശിച്ച എല്ലാറ്റിലും, വിലയം പ്രാപിച്ച് അരൂപിയായി അവൻ നിലനിൽക്കുന്നു. ■

A.R. Sindhu

# A Letter from Chitta

To
Ammalu,Nikki, Anto, Vivek, Cijo, Ammu, Susi, Abheesh, Balu, Nidhin, Rahul, Sumesh, Anju, Amal, Alaka, Gokul, Sankaran, Ammu, Sanku, Pappa...
and all my children whose names even I don't know.

I am still trying to gather myself. Now I know the meaning of the word 'shattered'.

This is an effort to put my mind together and collect the energy to live the rest of my life. As Minichechi said I am also wondering 'Was it a dream?' Not his going, but his coming into our lives and his very existence, a dream?

A wonderful dream that lasted for 22years and is still on..

On the night of 11 November 1991, the nurse gave into my hands - wrapped in a piece of cloth, weighing less than two kilograms - my dream, which I took in my heart. Or even before , I took him while hearing and feeling his heartbeats and kicks by embracing pregnant Minichechi or by reading Madhuchettans letters about her morning sickness. Yes, I shared that dream with Madhuchettan and Minichechi and all in our family. I was a part of that dream of Madhuchettan and Minichechi. Selflessly, they also acknowledged my special right over my little drem, my *'Apputtu'.- Chichittede Apputtu.*

Together we tried to break all the traditional and conventional norms from the very first day. I showed him the sky, just a few minutes after he was born, through the window of the government hospital. In a place where the husband is allowed to to meet the wife only after 56 days of delivery, both of them, Madhuchettan and Minichechi, were staying together after delivery - Madhuchetan taking care of Minichechi and keeping their treasure.

He gave me motherhood even before my first love. My love followed. As Sabuchettan once said, till now I was, or may be even now, I am the luckiest person on earth.

We brought him up. I used to lie awake all night looking at his face-how he smiles, plays, cries and sleeps. I enjoyed taking

care of that little toy, which I considered I possessed.

I enjoy and treasure, even now, every moment with my child who came in to my life without giving me any pain but only joy.

When he was just over two years, we took him to a 'kalajatha'- street play of Kerala Sasthra Sahitya Parishad. He saw the entire programme calmly sitting on my shoulder. After the programme, at home we were all discussing it, assessing each performance, which one each of us liked. The little Apputtu suddenly said, *"Thoppamnnu ollatha enichishtaye!"* ("I liked the programme on the thream"- dream!). We where all astonished. It was a performance based on Karivelloor Murali's *'Oru Dheera swapnam"* (A daring dream)- a poem about the dreams of great patriots and revolutionaries like Bhagat Singh. Then we collected the poem and learned it by heart.

*"Thadavarkkullil thudayellu potti Thakarunna neramennacchan Karuthi vachu kunju thalamurakkai Oru dheera swatanthrya swapnam, Makane ninakkee swapnam, India pularumennoru sathya swapnam.*

*Anuvadikkilla njan athu kattedukkuvan, Ithu njangal makkalude swapnam, Hridayathil verulla swapnam."*

He grew up with that dream. He shared the dreams of his poet and philosopher father and activist mother. He grew up sharing the experiences of his chichitta. He got the support and affection from Sabumman, Ponnumon kochachan, both ammammas and acchachans and also Prasad kochachan.

He made me trust in humanity. He gave me the confidence to build up human relations on the basis of honesty. The three year old weeping as if the world ended-for his mother did not tell him the truth that his friend was ill, so that he wouldn't go to meet him and get infected-unable to digest the fact his mother did not trust him to tell the truth-gave me one of the biggest lessons of my life-Trust people to the core so as to tell them the truth.

We played together. I bought toys for him so that I can play with him. He gave me back my childhood. Then we dreamed of *Ammalu* Viloppilly's little girl from *Pennum Puliyum.* We called her Ammalu putting our ears on Minichechi's abdomen. Then Madhuchettan and Minichechi gifted us with our little angel.

We played, quarrelled, dreamed together. We discussed everything under and above the Sun. We fought all kinds of injustices in the family, in the school and in society. We shared everything-every thought and evens emotion.

We collected not toys, gifts or - clothes - but earth, stones and the plants from the places where we went to. We discussed democracy and tried practising it. Like the sky, our dreams and love knew no limits.

He didn't have the pettiness, selfishness and inhibitions which I had. He grew up beyond our expectations. He brought so many people into our family. The Chirakkadavu school, the Panamattom school, SFI, DYFI, MCC, Madras University-, our family grew.

He touched the lives of many.

He was selfless. He was courageous not only to face the challenges but also to face the truth. He never hesitated to question the hierarchy. He knew no limits in friendship. He had no boundaries of language, nation or race.

He shared the dream of an exploitation-free world. He dreamed and worked for collective spaces which will not limit the creative space of the individual but enhance it.

He was critical of any kind of sectarianism or bureaucratism.

He was political.

He was an organiser who could recognise the potential of each, and appreciate and promote it. He never concealed his feelings and thoughts.

He was proud of me and made me proud. He shared our spirit to fight the patriarchy. When in 2003, I decided not to follow my husband but to carry on with my political life in Delhi my twelve year old son assured his chitta, 'What is there to wonder? This is the only decision my chitta can take''.

He was indispensable in my life. I dreamed of him coming to and working in Delhi, along with me. I had my dreams of him helping the movement, by bringing selfless and creative youngsters with dedication to the cause of society.

He told me, "Chitte, I fully understand now what you mean. I cannot be anything else but what you people expect, you people brought me up."

For the last seventeen years I have been in Delhi. I could not share with him his daily stories as you did. I do not know what he means to each of you. But I know what he and all of you mean to me.

We are all parts of that wonderful dream which he often wrote and spoke about, a society where all individuals bloom to his/her full creative potential, taking humanity and nature further forward.

I want him to live within and amongst us. I want to keep his memories alive. I want to feel him when we want. Let us recreate him. Let us all have the feeling of achievement and happiness, not the feeling of loss and sorrow when we think about him.

He was a student of social science. He was a person working with the theatre. He was an activist.

Let us collect all his works, everything related to him.
Let us collect everybody's memories of him within a month or two. Let us advance his work and ours too.
We can meet once a year to start with, for one, two or three days and celebrate 'Abhayan'.
Let us have a 'festival of praxis.'
Let us discuss theory, ideology, politics..
Perform-demonstrate - practise - theatre/sports/models of social advance..
Students, intellectuals, activists, artists and common working people together..
His family- not the biological, but the social...

MCC, Janakeeya vayanasala, the youth movement, Madras University and friends and comrades...

I want all of you my children, to keep the dream of humanity alive in this difficult time of ours...

Yours, Apputtu's

Chichitta ■

പി. കൃഷ്ണപ്രസാദ്

# ഓർമ്മകളിലെ അബു

ഇനിയുള്ള കാലം അബു ജീവിക്കുന്നത് ഓർമ്മകളിലൂടെയാണ്. അവൻ ജീവിച്ച രണ്ടു പതിറ്റാണ്ടുകാലം അവനെ അറിഞ്ഞ, ഇന്ന് ജീവിച്ചിരിക്കുന്ന എല്ലാവരുടേയും ഓർമ്മകളിലൂടെ. ആണ്ടുമഠത്തിന്റേയും പൊൻകുന്നത്തിന്റേയും എലിക്കുളത്തിന്റേയും അതിരുകൾക്കപ്പുറത്ത് ചെന്നൈനഗരത്തോളം നീണ്ടുകിടക്കുന്ന വിസ്തൃതമായ ജൈവബന്ധങ്ങളിൽ ജീവിച്ചിരിക്കുന്ന എണ്ണമറ്റ മനുഷ്യരുടെ ബോധമണ്ഡലത്തിൽ ശക്തമായ സാന്നിദ്ധ്യമായി അബുവിന്റെ ഓർമ്മകൾ ജീവിച്ചിരിക്കുന്നു.

എന്റെ ജീവിതസഖാവ് എ.ആർ. സിന്ധുവിന്റെ ജ്യേഷ്ഠസഹോദരി എ.ആർ. മീനയുടെ മകനാണ് അബു എന്ന അഭയൻ. സിന്ധുവിന് ഏറ്റവും അടുത്ത ആത്മബന്ധമുള്ള രണ്ടു പേരാണ് മീനയും അബുവിന്റെ അച്ഛൻ പി.മധുവും. ആശുപത്രിക്കിടക്കയിൽ ജനിച്ചുവീണ അബുവിനെ ആദ്യം ഏറ്റുവാങ്ങിയത് സിന്ധുവാണ്. ശരാശരിയിലും ഭാരം കുറഞ്ഞ, ദുർബലനായ ഇളംകുഞ്ഞിനെ നനുത്ത വെള്ളത്തുണിയിൽ പൊതിഞ്ഞ് കയ്യിൽ ഏറ്റുവാങ്ങിയതും ആശുപത്രിജനാലയിലൂടെ

സിന്ധുവും മധുവും കൂടി ആകാശം കാണിച്ചുകൊടുത്തതും സിന്ധുവിന്റെ 'സ്വകാര്യ അഹങ്കാര' ത്തിൽ പെടുന്നതാണ്. ബാല്യകാലത്ത് അബുവിന് ഏറ്റവും കൂടുതൽ ആത്മബന്ധമുണ്ടായിരുന്നത് അവന്റെ ചിറ്റയോടായിരുന്നു. 1996-ൽ സിന്ധുവിന്റെ പ്രവർത്തനമണ്ഡലം ഡൽഹിയിൽ സി.ഐ.ടി.യു. അഖിലേന്ത്യാകേന്ദ്രമായി. സിന്ധുവിനും അബുവിനും ഏറ്റവും കൂടുതൽ വൈകാരികാഘാതം ഉണ്ടാക്കിയതായിരുന്നു ആ വേർപിരിയൽ. ഡൽഹിയിൽനിന്നു വരുമ്പോഴെല്ലാം സിന്ധു ഏറ്റവും കൂടുതൽ സമയം ചെലവിട്ടത് അബുവിനും അമ്മാളുവിനും ഒപ്പമായിരുന്നു.
അഖിലേന്ത്യാവിദ്യാർത്ഥികേന്ദ്രത്തിലെ പ്രവർത്തനത്തിനുശേഷം 2003 -ൽ ഞാൻ ഡൽഹിയിൽ നിന്നു വയനാട്ടിൽ കർഷകമേഖലയിലേക്ക് പ്രവർത്തനമണ്ഡലം മാറ്റി. സിന്ധു ഡൽഹിയിൽ തുടർന്നു. ഡൽഹിയിൽ നിന്നു വരുമ്പോൾ വയനാട്ടിൽകൂടി സമയം കണ്ടെത്തേണ്ടിവന്നത് അബുവിനോടൊപ്പം ചെലവഴിക്കാനുള്ള സിന്ധുവിന്റെ സമയത്തെ ഹ്രസ്വമാക്കി. അപ്പോഴും അബുവിന്റെ വ്യക്തിത്വത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിരുന്നവരിൽ പ്രധാനപ്പെട്ട ഒരാൾ അവന്റെ ചിറ്റയായിരുന്നു.

അബുവിന്റെ വ്യക്തിത്വം രൂപപ്പെടുന്നതിൽ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് നിസ്സംശയമായും പി.മധുവാണ്. അച്ഛനോടുള്ള സ്നേഹവും ആദരവും അഭിമാനവും അബുവിന്റെ പെരുമാറ്റത്തിൽ പ്രകടമായിരുന്നു. യാഥാസ്ഥിതികമായ കുടുംബാന്തരീക്ഷത്തെ നിരാകരിച്ച് സ്വതന്ത്രവും ഊർജ്ജസ്വലവും സർഗ്ഗാത്മകവുമായ വ്യക്തിത്വം വികസിപ്പിക്കുന്നതിന് വറ്റാത്ത ഊർജ്ജസ്രോതസ്സായി മധുവിന്റെ സാന്നിദ്ധ്യം അബുവിന് കരുത്തുനൽകി. അബുവിന്റെ അസാന്നിദ്ധ്യം ഏറ്റവും നിസ്സഹായനാക്കിത്തീർക്കുന്നതും മറ്റാരെയുമായിരിക്കില്ല.

മെലിഞ്ഞു ശോഷിച്ച കൊച്ചുകുഞ്ഞിൽ നിന്ന് പ്രായത്തെ കവിയുന്ന മാനസികവളർച്ച കാണിച്ച കരുത്തനായ ചെറുപ്പക്കാരനിലേക്കുള്ള അവന്റെ വളർച്ച ഭാവിയിലേക്കുള്ള ശക്തമായ മുന്നേറ്റത്തിന് ഒരു മുതൽക്കൂട്ടായിരുന്നു. മരണത്തിനു പോലും അതു നിഷേധിക്കാനാവാത്ത വിധം ചരിത്രത്തിൽ തന്റെ പങ്കു നിർവ്വഹിക്കാൻ അബുവിന് സാധിച്ചിട്ടുണ്ട്.

അതാണ് സ്വന്തം ഓർമ്മകളിലൂടെ ചരിത്രത്തിൽ നിന്ന് അബുവിനെ പുനരാവിഷ്കരിക്കാൻ അവനെ അറിഞ്ഞവരെല്ലാം നിർബന്ധിതരാകുന്നതും. നിഷ്കളങ്കമായ കണ്ണുകളിൽ അന്യരോടുള്ള ശ്രദ്ധയും കരുണയും പ്രതിഫലിച്ചിരുന്നതാണ് അബുവിന്റെ വ്യക്തിത്വത്തിലെ പ്രധാനസവിശേഷത. അന്യർക്ക് നൽകുന്ന കരുതലിലൂടെ കാണുന്നവരെയെല്ലാം തന്റേതാക്കാനുള്ള കരുത്ത് അവന്റെ കണ്ണുകൾക്കുണ്ടായിരുന്നു. അന്യരെ സ്നേഹിക്കാനും ബഹുമാനിക്കാനും അവരിൽ നിന്ന് പഠിക്കാനും അബുവിനു കഴിഞ്ഞു. ഏറ്റുമുട്ടുമ്പോൾ എതിരാളിയുടെ പകുതി ശക്തി തനിക്ക് ലഭിക്കുമെന്ന് വരം കിട്ടിയ പുരാണത്തിലെ കഥാപാത്രത്തെ അനുസ്മരിപ്പിക്കുന്ന വിധം അന്യനെ തന്നിലേക്ക് ആവാഹിക്കുന്ന, അന്യൻ താൻ തന്നെയായി മാറുന്ന, വ്യക്തിത്വമാണ് അബുവിന്റെ ശക്തി. അതിന് മരണമില്ല. ■

ബിന്ദു വി. നായർ

# ദൈവത്തിന്റെ മകൻ – അബു

“പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ടീച്ചർ ഒരു മിനിട്ട് എന്നെ ഓർക്കണം. അടുത്ത നിമിഷം ഞാൻ ടീച്ചറിന്റെ അരികിൽ എത്തിയിരിക്കും.” ഏതാനും മാസങ്ങൾക്കു മുൻപ് ഞാൻ ജീവിതത്തിലെ കയ്പു നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെ കടന്നുപോകവേ അബു എന്നോടു പറഞ്ഞു. അത് ഒരു വെറുംവാക്കല്ലായിരുന്നു. ഞാനും അബുവും തമ്മിലുള്ള അസാധാരണമായ ഒരു ആത്മബന്ധത്തിന്റെ പ്രതിഫലനമായിരുന്നു. പക്ഷേ പ്രതിസന്ധികൾ ഉണ്ടായപ്പോൾ (ചിലർ ബോധപൂർവ്വം എനിക്കു പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരുന്നപ്പോൾ) ഞാൻ മന:പൂർവ്വം അബുവിനെ ഓർക്കാതിരുന്നു. കാരണം ഓർമ്മിച്ചാൽ അവൻ വാക്കുപാലിക്കുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. എന്നിട്ടും....... ഒന്നു യാത്രപോലും പറയാതെ അബു എവിടെയാണു പോയത്?

സുദീർഘമായ ഇരുപത്തിമൂന്നു വർഷത്തെ അദ്ധ്യാപനജീവിതത്തിനിടെ ഒട്ടേറെ മുഖങ്ങൾ മുന്നിലൂടെ കടന്നുപോയി. കരഞ്ഞും ചിരിച്ചും കുറുമ്പുകാട്ടിയും കടന്നുപോയവർ. കുറച്ചുകാലം ഓർമ്മയിൽ തങ്ങി, പിന്നീടു മറവിയിലേക്കു മറഞ്ഞവർ. എന്നാൽ സ്നേഹപൂർവ്വം മനസ്സിലേക്കു നടന്നുകയറി മായാതെ മിന്നി

നിൽക്കുന്ന ഒരുപിടി പേരുകൾ. പഠനത്തിലെ മികവിനേക്കാൾ മനസ്സിന്റെ നൻമയാൽ എന്നെ അത്ഭുതപ്പെടുത്തിയവർ. ആ ഒരുപിടി പേരുകൾക്കിടയിൽ വേറിട്ട മുഖവുമായി അബു എന്ന അഭയൻ. പകയും പ്രതികാരവും ഉള്ളിലൊളിപ്പിച്ച മുതിർന്നവരുടെ ഒരു വിഷലിപ്തസമൂഹത്തിൻ നടുവിൽ തെളിമയുള്ള ഒരു നീർച്ചാലു പോലെ ഒട്ടേറെ പുത്തൻ ആശയങ്ങളുമായി, പ്രായത്തിൽ കവിഞ്ഞ പക്വതയുമായി, അഭയൻ എന്ന അഭിമന്യൂ. അവൻ എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തി. ഒരു നിമിഷം ജീവിതത്തിന്റെ ആകസ്മികതകളെ ഒരു ഫിലോസഫറെപ്പോലെ വ്യാഖ്യാനിക്കുന്ന അവൻ അടുത്ത നിമിഷത്തിൽ "അഭയൻ ഒരു മഹാസംഭവമാ, അല്ലേ ടീച്ചർ?" എന്നുനിഷ്കളങ്കതയോടെ കൊഞ്ചുമ്പോൾ 'ഇതിലേതാണ് യഥാർത്ഥ നീ' എന്നു ഞാൻ അതിശയിച്ചിരുന്നു.

ഞങ്ങൾ ഇരുവരും കുടുംബസമേതം പങ്കെടുത്ത ഒരു ചടങ്ങിൽ വച്ച് അവൻ എന്നെ അവന്റെ ഒരു സുഹൃത്തിനു പരിചയപ്പെടുത്തി, "ഇത് എന്റെ അമ്മ". അവന്റെ അമ്മയെ മുൻപു പരിചയമുള്ള സുഹൃത്ത് അമ്പരന്നു. "അപ്പോൾ അത്?" "ആ അമ്മയെപ്പോലെ തന്നെ എനിക്ക് ഈ അമ്മയും." തുടർന്ന് അവന്റേതുമാത്രമായ ശൈലിയിൽ തുറന്ന ചിരി.

2006 മുതൽ എന്റെ സ്കൂൾ പങ്കെടുത്ത സബ്ജില്ലാ-ജില്ലാ-സംസ്ഥാനതല കലോത്സവങ്ങളിൽ സ്കൂളിന്റെ വിജയത്തിന് മുഖ്യഘടകങ്ങളിലൊന്ന് അഭയനായിരുന്നു. സ്കൂൾപഠനം പൂർത്തിയാക്കി പോയതിനുശേഷവും കലോത്സവക്കാലമെത്തുമ്പോൾ അവനുമെത്തിയിരുന്നു. കുട്ടികളെ പരിശീലിപ്പിച്ചും നാടകമെഴുതിയും അഭിനയിച്ചും അവൻ ഞങ്ങളുടെ റിഹേഴ്സൽ ക്യാമ്പുകളെ ഉത്സവമാക്കി. 'യക്ഷഗാന'മെന്ന കലാരൂപം കലോത്സവവേദികളിൽ മത്സരയിനമാക്കി മാറ്റിയ വർഷം കോട്ടയംജില്ലയിൽ ആദ്യമായി യക്ഷഗാനം സ്റ്റേജിൽ അവതരിപ്പിച്ച ഞങ്ങളുടെ സ്കൂൾടീമിനെ സജ്ജമാക്കാൻ രാപകൽ അധ്വാനിച്ച എന്റെ അധ്യാപകസുഹൃത്തുക്കൾക്കൊപ്പം അവരിൽ ഒരാളെപ്പോലെ അവനും! ഒടുവിൽ സ്കൂൾ സംസ്ഥാനതലത്തിൽ അംഗീകരിക്കപ്പെട്ട സുന്ദരമുഹൂർത്തത്തിൽ ഒരു സ്വപ്നസാഫല്യത്തിന്റെ നിർവൃതി നിറഞ്ഞ ചിരി അവന്റെ കണ്ണുകളിൽ.

ബിരുദപഠനത്തിനായി ചെന്നൈയിലേക്കു തിരിക്കും മുമ്പ് അവൻ എന്നെ കാണാൻ വന്നു. അവന്റെ ആശയങ്ങൾ, ഒട്ടേറെ പദ്ധതികൾ എന്നിവയെക്കുറിച്ചു വാചാലനായി. അനീതിക്കെതിരെ മുഖം നോക്കാതെ പ്രതികരിക്കുന്ന അവന്റെ രീതികളെക്കുറിച്ച് ഞാൻ ആശങ്കപ്പെട്ടു. "കേരളത്തിന്റെ അതിർത്തി കടന്നാൽ അഭയൻ പാവം പയ്യനല്ലേ?" അവൻ എന്റെ കൈ പിടിച്ചു സത്യം ചെയ്തു. വ്യക്തിപരമായ സംഭാഷണങ്ങളിൽ അവൻ പലപ്പോഴും 'ഞാൻ' എന്ന പ്രയോഗത്തിനു പകരം 'അഭയൻ' എന്നു പറഞ്ഞിരുന്നു. യാത്ര പറച്ചിലിന്റെ വേദനയ്ക്കിടയിലും ഞാൻ ചിരിച്ചുപോയി — ഒപ്പം അവനും.

എന്റെ പ്രതിസന്ധികളിൽ ഓടിയെത്താമെന്നു പറഞ്ഞ അബുവിനെ എന്താണ് ദൈവം നേരത്തേ തിരികെ വിളിച്ചത്? അവിടെയും ഒരു പക്ഷേ പ്രതിസന്ധികൾ ഉണ്ടാവുമോ? എന്നാലും ഞാൻ ആശ്വസിക്കുന്നു. ദൈവസന്നിധിയിൽ എനിക്കേറ്റവും പ്രിയപ്പെട്ട ആൾ അഭയനു മുൻപേ എത്തിയിട്ടുണ്ടല്ലോ. അദ്ദേഹം അബുവിന് ആശ്വാസമാകുമല്ലോ. ഞങ്ങളുടെ പുനഃസമാഗമം വരെ അബു അദ്ദേഹത്തിനും തുണയാകുമല്ലോ! ■

രാജശേഖരൻ ഓണംതുരുത്ത്

# ചാവടിയിലെ കർട്ടൻ റെയ്സർ

## അഭയനിലെ ആക്ടറും സംഘാടകനും പഠിതാവും

പൊൻകുന്നം ജനകീയവായനശാലയുടെ
പുതിയ കെട്ടിടത്തിന്റെ നിർമ്മാണകാലം.

വളരുന്ന വായനശാലയ്ക്ക് പല കാതം മുന്നേ വളരേണ്ട
അക്ഷരപ്പടയാളികളെ
വാർത്തെടുക്കാനുള്ള ഉൾക്കാഴ്ചയോടെ,
മധുസാർ വീട്ടുചാവടിയിൽ സംഘടിപ്പിച്ച ഒരു നാടകക്കളരി.
നാടകകലയുടെ കാവലിനെത്തിയ
നിക്കർധാരികളായ കുട്ടിപ്പട്ടാളങ്ങളോടും പട്ടാളത്തികളോടും
ഞാൻ വർത്തമാനം തുടങ്ങി.

നാടകം കാണിച്ച് കൊടുത്തുകൊണ്ടുള്ള
ഒരു പ്രവർത്തനമല്ലല്ലോ നാടകക്കളരിയിലുള്ളത്.
കേവലം കാറ്റിൽ കലരുന്ന എന്റെ വെറുംവർത്തമാനത്തിന്
അളവൊത്ത വികാരം നൽകി തിരിച്ചു പറയേണ്ടവനാണല്ലോ നടൻ.

വിഷയം തീർന്നില്ല.

മനഃപൂർവ്വം ചേഷ്ടകൾ ഉൾക്കൊള്ളിക്കാതെ–
കൈകാലുകൾ അടക്കിവെച്ച്
ഞാൻ കളരിയിലെ ചൂടുവായുവിലേക്ക് ദിക്കുനോക്കാതെ
കാലം നോക്കാതെ തുപ്പിവിടുന്ന തണുത്ത ശബ്ദകണങ്ങൾക്ക്
ശരീരഭാഷയെന്ന ദൃശ്യരൂപം കൂടി നൽകി
തിരിച്ചു കാണിക്കേണ്ടവനാണല്ലോ അഭിനേതാവ്.

എന്റെ ശബ്ദതന്മാത്രകൾക്ക് ജീവന്റെ വികാരവും തുടിപ്പും
കാഴ്ചയ്ക്കുള്ള ഭാവചലനങ്ങളും തേടി
കളരിപ്പിള്ളേരുകൾ ആലോചനയോടെ പൊറുപൊറുത്തിരുന്നു......

കുറെ മാത്ര കഴിഞ്ഞ് ആരോ മുരടനക്കി:
"സർ, ഞാനഭിനയിക്കാം."

അക്ഷരരൂപത്തിലുള്ള ആ പഞ്ചതന്ത്രം കഥയ്ക്ക്
അഭയൻ അഭിനയപൂർണത നൽകി കഴിവു തെളിയിച്ചു.
ഒപ്പം സഹോദരി അവനിയും മറ്റൊരു പെൺകുട്ടിയും.
(ഞാൻ അവളുടെ പേര് മറന്നിരിക്കുന്നു.)

മൂന്ന് മിന്നൽകൊടികളുടെ വിളയാട്ടമായിരുന്നു
ആ കളരിയിലുടനീളം പ്രകടമായത്.

അഭിനയശേഷി മാത്രമുള്ള ഒരാൾക്ക് നടനാവാനാവില്ല.
അക്ഷരമാദ്ധ്യമത്തിലുള്ള ആശയങ്ങളെ
ത്രിമാനത്തിൽ ചലിക്കുന്ന ഭാവരൂപങ്ങളാക്കുന്ന
തർജ്ജമക്കാരനാണ് നടൻ.

പഠനമുള്ളവനേ നടനാവൂ.
കാലങ്ങളെ ഓർത്തിരിക്കാൻ കഴിവുള്ളവനേ നടനാവൂ.
ഓർമ്മകളെ ഓർത്തിരിക്കാൻ കഴിവുള്ളവനേ നടനാവൂ.
ഓർമ്മകൾക്കു ചായം കൊടുത്ത്
പുന:പ്രതിഷ്ഠ നൽകാൻ കഴിവുള്ളവനേ നടനാവൂ.
സ്വന്തം ഇച്ഛാശക്തിയും നിർമ്മാണചാതുരിയുമുള്ളവനേ
നടനാവൂ.
സംഘാടകമികവുള്ളവനേ നടനാവൂ.

അഭയൻ സമ്പൂർണ്ണനടനായിരുന്നു.
പിന്നീടു നടന്ന കളരികളിലൂടെയും
അമേറ്റർ വേദികളിലൂടെയും അതു തെളിയിച്ചു.
എനിക്കതു ബോദ്ധ്യമായി, അതിസൂക്ഷ്മമായിട്ട്.

ക്യാമ്പിന്റെ ഭാഗമായി നാടകം വേണം.
പ്രകൃതിയുമായി സംവദിച്ചുകൊണ്ടുള്ള ഒരു വിഷയം തെരഞ്ഞെ
ടുത്തു.

ചാവടിയിലെ ചൂടിൽ
ചെറുപട്ടാളങ്ങളിലൂടെ ജനിച്ച ആ നാടകക്കുരുന്നിനെ
പൊൻകുന്നത്തെ ഒരു ഹാളിൽ—
ജനകീയവായനശാലയുടെ
വാർഷികത്തിന്റെ ഭാഗമായിട്ടാണെന്നു തോന്നുന്നു—
അരങ്ങേറ്റി.

പരിമിതമായ സാങ്കേതികസൗകര്യങ്ങളും
ഫണ്ടിന്റെ അപര്യാപ്തതയും മൂലം
പശ്ചാത്തലസംഗീതം റിക്കോഡു ചെയ്യാനായി
ഒരു പഴഞ്ചൻ ടേപ്റിക്കോർഡറും തൂക്കി,
എന്നേയും കൊണ്ട്
ഡെക്കോ ഡബിൾ ടേപ് റിക്കോർഡറോ തേടി
വായനശാലയ്ക്ക്
ചുറ്റുവട്ടമുള്ള ഏതാണ്ട് പത്തോളം വീടുകൾ കേറിയിറങ്ങി.
ആ വീട്ടുകാരും ഈ സംഭവം ഓർക്കുന്നുണ്ടാവും.

അഭയൻ കുട്ടിയായതുകൊണ്ട്
അവനിലുള്ള ക്രിയേറ്റിവിറ്റിയും
സംഘാടകമികവും എന്നെയും ഹരം കൊള്ളിച്ചു.

എന്നിട്ടും ശരിയാകാത്ത മ്യൂസിക്കിനെയോർത്ത്
അഭയന്റെ ഒരു ചോദ്യം:
"മ്യൂസിക്കില്ലേൽ ഞാൻ ഡയലോഗ് മറക്കുവോ?
മ്യൂസിക്കില്ലേൽ നാടകം നടക്കുവോ? ആൾക്കാരെന്തു പറയും?"

ഇതുവരെ മ്യൂസിക്ക് റെഡിയായില്ല:
അഭയന് വിഷമമുണ്ട്. എനിക്ക് വിഷമമുണ്ട്.
നമ്മുടെ വിഷമം കണ്ട് നമുക്കു വേണ്ടി ആരെങ്കിലും
ഇപ്പോൾ നമുക്കു പിറകിലിരുന്ന് ടേപ്റിക്കോർഡിൽ
മ്യൂസിക്കിടുന്നുണ്ടോ അഭയനെ...
ഇതും നാടകക്കളരിയുടെ ഭാഗമാണ്.

ഞാനും സ്വന്തമായി നാടകം സംവിധാനം ചെയ്യുന്നേരം
ഇതു തന്നെ ചെയ്യും...

അതൊരു തന്റേടമുള്ള ഡയലോഗും
അതിനൊത്ത രംഗക്രിയയുമാകുന്നു.
അത് വേദിയെ സംബന്ധിച്ചുള്ള വിശുദ്ധമായ കണ്ടെത്തലും
പ്രായോഗികസിദ്ധാന്തവുമാകുന്നു.

ഇങ്ങനെ പുതിയ പാഠങ്ങൾ
സംശയം കൂടാതെ സ്വാംശീകരിക്കാനായി
കഴിവുള്ള കുട്ടികൾ
വേഗം വളരും.
അതായിരുന്നു മരണനേരം വരെയുണ്ടായിരുന്ന
അഭയന്റെ വളർച്ച... ■

ബിപിൻ ചന്ദ്രൻ

# പാട്ടുവണ്ടിയിൽ നിന്നു മാഞ്ഞുപോയവൻ

"പെനാങ്കിൽ നിന്നൊരു കമ്പി— 'മടത്തിരാമനാസന്നം. ഉടൻ പുറപ്പെടണം.' മരിച്ചതിനു ശേഷമാണ് ഇത്തരം കമ്പിയടിക്കുക: 'ആസന്നം.' അപ്പോൾ മടത്തിരാമൻ ചത്തു. ചത്തുവീണു. ദുഷ്ടന്മാർ മരിച്ചു പോകുന്നു, ശിഷ്ടന്മാർ തിരിച്ചുപോകുന്നു. അത്രയ്ക്കേയുള്ളൂ വ്യത്യാസം. വളരെ കുറച്ചു പേരേ തിരിച്ചുപോകുന്നുള്ളൂ. കാരണം നല്ലവർ ചുരുക്കമാണ്."

- എം. പി. നാരായണപിള്ള

'ജോർജ് ആറാമന്റെ കോടതി'-

തീർച്ചയായും തിരിച്ചുപോയ ഒരുവനെക്കുറിച്ചുള്ളതാണീ കുറിപ്പ്. 'കാടിതു കണ്ടായോ കാന്താ' എന്നൊരു കഥാസമാഹാരമുണ്ട്, സാറാ ജോസഫിന്റേതായി. അതിൽ 'ഇക്ളോണി മണ്ടോക്കിയിൽ കൂട്ടയോട്ടം' എന്നൊരു കഥയുണ്ട്. കഥയിൽ ഉപയോഗിച്ചിരിക്കുന്ന ചില പദങ്ങൾക്ക് അഭയൻ ജി.എസ്. എന്നൊരു കുട്ടിയോടുള്ള കടപ്പാട് സാറടീച്ചർ ഒടുവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അഭയൻ എന്ന പേരിന്റെ സാധാരണത്വത്തിൽ പൊതിഞ്ഞ അസാധാരണത്വത്തെക്കുറിച്ച് ജീവിതത്തിലാദ്യമായി ഞാൻ ചിന്തിക്കുന്നത് സാറടീച്ചറുടെ ആ കഥയുടെ ഫുട്ട്നോട്ട് വായിച്ചുകഴിഞ്ഞപ്പോഴാണ്. അതി

നൊക്കെ ശേഷമാണ് ആണ്ടുമഠത്തിലെ മധുച്ചേട്ടന്റെ മകന്റെ പേരും അഭയൻ എന്നാണെന്ന് ഞാനറിഞ്ഞത്.

തേനിയിൽ നിന്ന് കമ്പം വഴി കുമളിയിലേക്ക് കയറ്റം കയറുന്നൊരു പാട്ടുവണ്ടി. വണ്ടിയിൽ കൂട്ടുകാരോടൊത്ത് കൈയടിച്ചു പാടുകയും ഉച്ചത്തിൽ കവിത ചൊല്ലി അവരുടെ ഉറക്കച്ചടവുകളെ ആട്ടിയോടിക്കുകയും ചെയ്യുന്നൊരു ചെറുപ്പക്കാരൻ. അഭയനെക്കുറിച്ചോർക്കുമ്പോൾ എന്റെ മനസ്സിലിപ്പോൾ അങ്ങനെയൊരു വിഷ്വലാണ് തെളിയുന്നത്. കേട്ടറിവിൽ നിന്നു മാത്രം മനസ്സ് രൂപപ്പെടുത്തിയെടുത്തൊരു ദൃശ്യമാണത്. അല്ലെങ്കിൽത്തന്നെ അഭയനുമായുള്ള എന്റെ നേർക്കാഴ്ചകൾ വിരലിലെണ്ണാവുന്നവയിൽ കൂടുതലുണ്ടായിട്ടില്ല താനും.

എ.കെ.ജെ.എം. സ്കൂളിലെ അച്യുതൻസാർ പറഞ്ഞാണ് കവിയായ പി. മധുവിനെക്കുറിച്ചും അദ്ദേഹത്തിന്റെ മകൻ അഭയനെക്കുറിച്ചും കൂടുതലറിയുന്നത്.പണ്ട് മലയാളം എം.എ. യും പാസായി നിൽക്കുന്ന കാലത്ത്, എ.കെ.ജെ.എം. സ്കൂളിൽ ഡി. വിനയചന്ദ്രൻസാറിനൊപ്പം ഒരു കവിതാശില്പശാല നടത്താൻ അച്യുതൻസാർ എന്നെ വിളിച്ചിരുന്നു. അന്ന് വിനയചന്ദ്രൻസാറിനൊപ്പം അദ്ദേഹത്തിന്റെ ശിങ്കിടിയെന്നു തോന്നിപ്പിക്കുന്ന ഇരുണ്ട നിറമുള്ള ഒരു ചെറുപ്പക്കാരനും ക്ലാസെടുക്കാൻ വന്നിരുന്നു. ജോസഫെന്നോ തോമസെന്നോ മറ്റോ പേരുപറഞ്ഞ ആ ചെറുപ്പക്കാരനോട് എനിക്കു വലിയ മതിപ്പൊന്നും തോന്നിയില്ല. കാരണം ഞാനന്ന് മഹാരാജാസിൽ നിന്ന് മലയാളസാഹിത്യം മുഴുവൻ അരച്ചു കലക്കി കുടിച്ചു വറ്റിച്ചു വച്ചിരിക്കുകയായിരുന്നല്ലോ. പോരാഞ്ഞ് സാക്ഷാൽ കെ.ജി. ശങ്കരപ്പിള്ളയുടെ വത്സലശിഷ്യൻ എന്ന തലക്കനം വേറെയും. കലാകൗമുദിയിലോ മറ്റോ ഒന്നോ അരമുറിയോ പന്നക്കവിത പ്രസിദ്ധീകരിച്ച ഒരു അല്പപ്രതിഭയെ എന്റെ ഒപ്പം ക്ലാസ്സെടുക്കാൻ കൊണ്ടു വന്ന വിനയചന്ദ്രകവിയോട് എനിക്കല്പം ഈർഷ്യ തന്നെ തോന്നി. ശില്പശാലയുടെ ഇടവേള സമയത്താണ് ‘ഈ നാട്ടിൽ പി. മധുവും എസ്. കണ്ണനുമൊക്കെയുള്ളപ്പോൾ വെളിനാട്ടിൽ നിന്നു കവിത പഠിപ്പിക്കാൻ വേറെ ആളെ ഇറക്കുമതി ചെയ്യേണ്ട ആവശ്യമുണ്ടോ’ എന്ന് വിനയചന്ദ്രൻസാർ ചോദിക്കുന്നത്. എനിക്കു പരിചിതമായ സാഹിത്യവൃത്തങ്ങളിലൊന്നുംതന്നെ ഈ പേരുകൾ അത്ര പരിചിതമായിരുന്നില്ല. ആരും അറിയാത്ത ഈ കോഞ്ഞാണ്ടൻകവികളെ ഇങ്ങേരെവിടുന്നു പൊക്കിക്കൊണ്ടുവരുന്നു എന്നാണ് അപ്പോഴെനിക്ക് മനസ്സിൽ തോന്നിയത്. കൂടെ വന്നിരിക്കുന്ന വാലിനെപ്പോലെ കവിയുടെ ഏതെങ്കിലും അസ്മാദികളായിരിക്കും ഈ കക്ഷികളുമെന്ന് ചെവിയിൽ കമന്റടിച്ചപ്പോളാണ് പി. മധുവിനെക്കുറിച്ച് അച്യുതൻസാർ വിശദമായി പറഞ്ഞുതന്നത്. ഒരു മനുഷ്യനെന്ന നിലയിൽ അദ്ദേഹത്തെക്കുറിച്ചൊരു ധാരണയുണ്ടായെങ്കിലും കവി എന്ന നിലയിൽ പി. മധുവിനുള്ള പ്രാധാന്യത്തെക്കുറിച്ചു പറഞ്ഞു തരാൻ അച്യുതൻസാറിനും അന്നത്ര പിടിപാടില്ലായിരുന്നു. മരണമടഞ്ഞ പോളി കെ. അയ്യമ്പിള്ളിയുടെ പൂട്ടിപ്പോയ പെൻബുക്സ് പുറത്തിറക്കിയ ‘കവിവഴി’ എന്ന കരിംച്ചക്കവറുള്ള പുസ്തകത്തിലൂടെയാണ് ഞാൻ മധു എന്ന കവിയിലേക്കു കണ്ണു തുറന്നത്.

അറിവില്ലായ്മയുടെ അന്ധകാരം വിട്ടൊഴിഞ്ഞുതുടങ്ങിയപ്പോഴാണ് കാഴ്ചകൾ പലതും തെളിഞ്ഞുകിട്ടിത്തുടങ്ങിയത്. കാണാത്തതു പലതും കണ്ടുതുടങ്ങിയതോടെയാണ് കാണാമറയത്തും കരുതുന്നതിനപ്പുറവുമൊക്കെ ഒരുപാടു കാര്യങ്ങളുണ്ടെന്നു പിടികിട്ടിത്തുടങ്ങിയത്.

വിനയചന്ദ്രൻസാറിന്റെ കൂടെ വന്ന എസ്. ജോസഫ് വെറുമൊരു വാലല്ല, മറിച്ച് ഉശിരൻ കവിത വിരിയുന്ന ഒരുഗ്രൻ തലയാണെന്ന്, ഇടുന്ന ഡെനിംഷർട്ടിന്റെ സമാനതയ്ക്കുപരിയായി എസ്. കണ്ണൻ എന്റെയൊരു ബന്ധു കൂടിയാണെന്ന്, ചെറിയ രൂപമുള്ള മധുച്ചേട്ടൻ വളരെ വലിയൊരൊറ്റയാൾപ്രസ്ഥാനം തന്നെയാ

ണെന്ന് — അങ്ങനെയങ്ങനെ പലതും പിടികിട്ടി.

ഒന്നരസെന്റ് സ്ഥലമുണ്ടെങ്കിൽ അവിടെയെങ്ങനെ ഒരു ഷോപ്പിങ്ങ്മാൾ പണിയാമെന്ന് സാധാരണക്കാരെല്ലാം സ്വപ്നം കാണുന്ന കാലത്ത് വീട്ടുപറമ്പിൽ കെട്ടിടം പണിത് നാട്ടുകാർക്കു വായനശാലയുണ്ടാക്കിക്കൊടുത്ത ഒരു മനുഷ്യനെ ഭ്രാന്തനെന്നു വിളിക്കുന്ന ഒരുപാടു വ്യാപാരബുദ്ധികളുണ്ടാകാം. പക്ഷെ ഇരുകൈകൾ കൊണ്ട് വാരിക്കൂട്ടിയതും വെട്ടിപ്പിടിച്ചതുമെല്ലാം കൂട്ടിവച്ചാലും പി. മധുവെന്ന മനുഷ്യന്റെ മനസ്സിന്റെ തെളിച്ചം വിലയ്ക്കു വാങ്ങാൻ അവർക്കൊന്നും കഴിയില്ലല്ലോ. ആത്മാവിൽ നിലാവു നിറഞ്ഞ ആ മനുഷ്യനു പിറന്ന കരളിൽ കനൽവെളിച്ച മുള്ള മകനായിരുന്നു അഭയൻ. മനസ്സിൽ കിനാവും കവിതയും ഉണ്ടായിരുന്നവൻ. സ്വന്തം ചിന്തകളെ വല്ലവരുടെയും ഫ്രീസറുക ളിൽ അടവയ്ക്കാതിരുന്നവൻ. ഒരു പ്രയോജനവുമില്ലാഞ്ഞിട്ടും മനുഷ്യൻ മനുഷ്യനെ സംഗീതം പോലെ സ്നേഹിക്കുന്ന കാലം വരുമെന്ന് ചുമ്മാതെ സ്വപ്നം കണ്ടവൻ.

(ഇതുപോലുള്ള ചെറുപ്പക്കാരൊക്കെ ഒരിക്കലും നടക്കാത്ത ഉട്ടോപ്പിയൻസ്വപ്നങ്ങളല്ലേ കാണുന്നതെന്നു വിമർശിക്കുന്ന പ്രായോഗികബുദ്ധിക്കാരാ, നടക്കാത്തതെങ്കിലും നന്മയുള്ള സ്വപ്ന ങ്ങളാണല്ലോ അവരൊക്കെ കണ്ടത്. ഒന്നില്ലെങ്കിലും നിന്നെപ്പോലെ അയൽക്കാരന്റെ പുഞ്ചയിൽ നഞ്ചു കലക്കാനും അന്യന്റെ അന്നം മുട്ടിക്കാനുമുള്ള പദ്ധതികളല്ലല്ലോ അവർ ആവിഷ്കരിച്ചത്.)

കുറച്ചു നാളുകൾക്കുമുൻപൊരു വെളുപ്പാൻകാലത്ത് ദേവിക യുടെ ഫോൺവിളിയിലാണ് ഞാൻ ഉണർന്നത്. അവൾ ചോദിച്ചു:

"ബിന്ദ്രന് ഒരു അഭയനെ അറിയാമോ?"

ഞാൻ പറഞ്ഞു:

"അറിയാം. നീയെങ്ങനെ അഭയനുമായിട്ടുകൂട്ടിമുട്ടി?"

"ചെന്നെയിൽ തമിഴ്പുലിപ്രശ്നവുമായി ബന്ധപ്പെട്ട് ആകെ ലഹളയാണ്. ട്രെയിനിലും ബസ്സിലുമൊന്നും ടിക്കറ്റ് കിട്ടാനില്ല. ഞങ്ങള് മദ്രാസ് ക്രിസ്ത്യൻ കോളേജിലെ മലയാളിവിദ്യാർത്ഥിക ളെല്ലാം കൂടി ഒന്നുരണ്ടു വണ്ടി അറേയ്ഞ്ച് ചെയ്ത് നാട്ടിലേക്ക് പോരുന്ന പോക്കാണ്. അഭയൻചേട്ടൻ എന്റെ സീനിയറായിട്ട് എം.സി.സി. യിൽ ജേർണലിസം പാസായ ആളാ. ഇപ്പോ മദ്രാസ് യൂണിവേഴ്സിറ്റിയിൽ സോഷ്യോളജിയിൽ മാസ്റ്റേർസ് ചെയ്യുന്നു. പാസ്സൗട്ടായെങ്കിലും ഇപ്പോഴും കോളേജിലൊക്കെ വരും. നേരത്തേ കണ്ടിട്ടുണ്ടെങ്കിലും അത്ര ശ്രദ്ധിച്ചിട്ടില്ലായിരുന്നു."

"ഇപ്പോ പെട്ടെന്ന് ശ്രദ്ധിക്കാനെന്തു പറ്റി?"

"കുറച്ചുമുമ്പ് വണ്ടി ബ്രേക്ക്ഡൗണായിട്ട് എല്ലാവരും ബോറടി ച്ചിരിക്കുകയായിരുന്നു. അപ്പോ ഒരു കക്ഷി ഒടുക്കത്തെ സ്വരത്തിൽ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ആനന്ദധാര' ചൊല്ലുന്നു. അങ്ങനാ ശ്രദ്ധിച്ചതും പരിചയപ്പെട്ടതും. എന്നെ പഠിപ്പിച്ച ഒരധ്യാപകൻ ക്ലാസിൽ 'ആനന്ദധാര' ചൊല്ലുമായിരുന്നെന്ന് പറഞ്ഞപ്പോത്തന്നെ അഭയൻചേട്ടൻ ചോദിച്ചു, 'ബിപിൻ ചന്ദ്രന്റെ ശിഷ്യയാണോ'ന്ന്. ബിന്ദ്രൻ പുള്ളിയെ പഠിപ്പിച്ചിട്ടുണ്ടോ?"

"ഇല്ല. പക്ഷെ അവനെന്റെ ക്ലാസിൽ ഉണ്ടായിരുന്നെങ്കിലെന്ന് ആഗ്രഹിച്ചിട്ടുണ്ട്. എന്നിട്ട് കക്ഷിയെവിടെ?"

"ഇപ്പോ മറ്റേ വണ്ടിയിലാ, അവിടെ അല്പം ഓളം കുറവാന്നു പറഞ്ഞ് എല്ലാവരും കൂടെ അതേലോട്ട് വിളിച്ചോണ്ടു പോയി."

എന്റെ കൈയിൽ അഭയന്റെ നമ്പർ ഇല്ലായിരുന്നു. മറ്റൊരു ശിഷ്യനായ റിഷി ശിവകുമാറിനെ വിളിച്ചു നമ്പരെടുത്ത് അപ്പോൾത്തന്നെ അവനെ ഞാൻ വിളിച്ചു. സ്വരമൊക്കെ മാറ്റി ഒന്നു കബളിപ്പിക്കാൻ ശ്രമിച്ചെങ്കിലും മൂന്നാമത്തെ ഡയലോഗിൽ തന്നെ അഭയനെന്നെ കണ്ടുപിടിച്ചുകളഞ്ഞു. തുടർന്നൊരുപാടു നേരം ഞങ്ങൾ സംസാരിച്ചു. ജനകീയവായനശാലയെക്കുറിച്ച്, സിനിമകളെക്കുറിച്ച്, സംഗീതം പഠിക്കണമെന്ന മോഹത്തെക്കുറി ച്ച്, കറന്റ് പോളിറ്റിക്സിനെക്കുറിച്ച്, ഭാവിപരിപാടികളെക്കുറിച്ച് — പലതും പലതും.

എ.കെ.ജെ.എമ്മിൽ വിദ്യാർത്ഥിയായി അഭയനുണ്ടായിരുന്നെങ്കിൽ എത്ര സജീവമാകുമായിരുന്നേനെ എന്റെ അധ്യാപനജീവിതം. ഉടനെ തന്നെ നേരിൽ കാണണമെന്നും ചില പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യണമെന്നും പറഞ്ഞാണ് ഞങ്ങൾ ഫോൺ കട്ടുചെയ്തത്. അത് ഡിസ്കണക്ട് ചെയ്യുമ്പോൾ ലോകത്തോട് മുഴുവൻ ഒരുപാടുകാര്യങ്ങൾ പറയാൻ ആഗ്രഹിച്ചിരുന്ന ഒരു ചെറുപ്പക്കാരനോട് ജീവിതത്തിൽ നടത്തുന്ന അവസാനത്തെ വിനിമയമാണ് വിച്ഛേദിക്കപ്പെടുന്നതെന്ന് ഞാൻ തമാശയായിപ്പോലും കരുതിയിരുന്നില്ല. മാസമൊന്നു തികയും മുൻപ് ഇളങ്ങുളംസ്കൂളിലെ അഭിലാഷ്സാർ അഭയന്റെ വാർത്ത വിളിച്ചു പറഞ്ഞപ്പോൾ അക്ഷരാർത്ഥത്തിൽ ഞാൻ വിറങ്ങലിച്ചു നിന്നുപോയി. എന്നെപ്പോലെ എത്രയോപേർ ആ യാഥാർത്ഥ്യം ഉൾക്കൊള്ളാനാകാതെ അന്ന് തരിച്ചുനിന്നിട്ടുണ്ടാകും! മരണവിവരം അറിയിച്ചപ്പോൾ ദേവികയും എടുത്തവായ്ക്ക് ചോദിച്ചു:

"ബിന്ദ്രൻ ചുമ്മാ തമാശ പറയുകാണോ?"

പ്രിയപ്പെട്ട കുഞ്ഞേ, അഭയനെപ്പോലെ ആത്മാവിനു നട്ടെല്ലുള്ള ഒരു യുവാവിന്റെ മരണത്തെ നിസ്സാരമായ ഒരു തമാശയായിക്കാണാനും മാത്രമുള്ള തത്ത്വചിന്തയും ആത്മീയതയുമൊന്നും ഞാൻ പഠിച്ചിട്ടില്ല. ചില അസാന്നിദ്ധ്യങ്ങളും ഇല്ലാതാകലുകളും നിർമ്മിക്കുന്ന ശൂന്യതയെ തത്ത്വചിന്തയുടെ ചുടുകട്ടയടുക്കിയും ആത്മീയതയുടെ ചാന്തുതേച്ചും അടയ്ക്കാൻ കഴിയുകയുമില്ല.

അഭയന്റെ അടുത്ത ബന്ധുവൊന്നുമല്ല. ഒരുപാടുകാലം അടുത്തിടപഴകിയ ആത്മാർത്ഥസുഹൃത്തുമല്ല. പക്ഷെ അവൻ കൊള്ളാവുന്ന ഒരു മനുഷ്യനായിരുന്നു — കൂടെ ജീവിക്കുന്ന അനേകം മനുഷ്യരിലേക്ക് സ്വന്തം നന്മയുടെ സൗരഭ്യം പടർത്താൻ കെല്പുണ്ടായിരുന്ന ഒരു പൂമരം. പൂമണമറിയാൻ ജലദോഷം പിടിക്കാത്ത ഒരു മൂക്കുമാത്രം മതി. ഗുണമുള്ളതൊന്ന് കാലം തെറ്റിപ്പട്ടുപോകുമ്പോൾ കണ്ണീർ പൊടിയാതിരിക്കണമെങ്കിൽ പരുപരുത്ത മനസ്സും പാമ്പു പെറ്റു കിടക്കുന്ന തലച്ചോറുമുണ്ടാകണം. നന്മമരങ്ങൾ നിലംപൊത്തുമ്പോൾ എല്ലാം ദൈവനിശ്ചയമെന്നും പറഞ്ഞ് സമാധാനിക്കുന്നവരുണ്ടാകാം. ഈ കെട്ടകാലത്തിൽ ഒരുപാടുവിഷച്ചെടികൾ തെഴുത്തു വളർന്നുനിൽക്കുന്നതു കാണുമ്പോൾ, കൊള്ളിയാൻ കൊള്ളേണ്ടവനും കാലൻപാമ്പു കൊത്തേണ്ടവനുമൊക്കെ കൈയും വീശി ഞെളിഞ്ഞു നടക്കുന്നതു കാണുമ്പോൾ, ടയറിന്റെ കറക്കത്തിൽ ടാർറോഡിലമരുന്നവയെപ്പോലെ കനിവിന്റെ പൂക്കളൊക്കെ വിടരുന്നതിനും മുൻപേ അരഞ്ഞു പോകുന്നത് കാണുമ്പോൾ, അതെല്ലാം ഒടേതമ്പുരാന്റെ തലയിൽ കെട്ടിവയ്ക്കാൻ ഏതായാലും എന്നെ കിട്ടില്ല. കൈമടക്കു നൽകിയാൽ മാത്രം സർട്ടിഫിക്കറ്റു തരുന്ന പഞ്ചായത്താഫീസിലെ പ്യൂണിനെപ്പോലൊരു ഒടേതമ്പുരാനെ എനിക്കൊട്ടാവശ്യവുമില്ല. അന്ന് അഭയനുമായി പറഞ്ഞു ചിരിച്ചതുപോലെ ഒടേതമ്പുരാൻ തന്നെയാണെന്ന് എന്താ ഇത്ര ഉറപ്പ്? ഒടേതമ്പുരാട്ടിയായിക്കൂടേ?

ഒരാഗ്രഹം കൂടി പറയാനുണ്ട്. കള്ളനും കൊള്ളക്കാരനും കൈക്കൂലിപ്പണ്ടാരങ്ങൾക്കും, കാശുകാരായ മക്കളുണ്ടായിപ്പോയെന്ന ഒറ്റ മെച്ചത്തിൽ ചില കീടജന്മങ്ങൾക്കും, ഒക്കെ മുട്ടിനു മുട്ടിനു സ്മാരകങ്ങളുയരുമ്പോൾ മനസ്സിനുവരട്ടുചൊറി ബാധിക്കാത്ത ഒരുവനിവിടെ ജീവിച്ചിരുന്നുവെന്ന് വരുംകാലത്തിന് മനസ്സിലാക്കിച്ചുകൊടുക്കാൻ ഒരു ഓർമ്മപ്പുസ്തകം മാത്രം മതിയാകുമോ? കൈയിൽ പച്ച കുത്തിയത് കഴുകിയാൽ പോകില്ലെന്നറിയാം; പേരിനു വന്നൊരു പനിക്ക് മായ്ക്കാനാകില്ല മനസ്സിൽ പതിഞ്ഞൊരു മുഖമെന്നും. എങ്കിലും അഭയൻ എന്നു പേരുണ്ടായിരുന്നൊരു മനുഷ്യജീവിതസത്തയുടെ പച്ചയെ കുറേ മനസ്സുകളിലേക്കു കൂടി പടർത്താൻ ഉതകുന്ന എന്തെങ്കിലും ചെയ്യാൻ നമുക്കാകുമെങ്കിൽ നന്നായിരുന്നു. ■

Anas Bichu

# In Memory of Our Beloved Abhayan M Savithri

I still remember the first time I was introduced to Abhayettan. Some senior of mine introduced me to this guy with a beard, who asked me to find out the meaning of 'In hoc Signo'. It was then I first got to know the Iron Man of Selaiyur.

Abhayettan was a everything in MCC. He was the all in all of Selaiyur. Every moment we spent with him he passed on to us the vibrancy in him. Every moment he patted on my shoulder I felt the hands of a big brother. He was a philosopher at times. His leftist ideals were always strong, and his voice always stood against Injustice. Selaiyur was his heart. Every single time he cried out 'Up Up Selaiyur,' it was an inspiration for us. Selaiyur was his home.

Even after he passed out of MCC, he came back almost every week to his beloved MCC and Selaiyur. He stood by us in all ups and downs. He was a big source of inspiration for us all. His word was always trusted just because it was Abhayettan's words. It wasn't his age which commanded respect. It was he who commanded respect. He was a leader, and above all a loving brother.

I can't still believe that he is no more. "Edo thaadi….we miss you real badly man. We miss you a lot. You will always remain in our hearts just because you are our dearest Abhayettan." ■

കെ. ലാൽ

# മൂന്ന് അഭയൻമാർ

മൂന്ന് അഭയൻമാരെ എനിക്കു പരിചയമുണ്ട്. ഞാൻ പഠിപ്പിക്കുന്ന സ്കൂളിൽ 8–ാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്ന അഭയനാണ് അതിലൊരാൾ. എന്റെ സ്കൂളിലേക്കു വരും മുമ്പു തന്നെ ഞാൻ അഭയനെക്കുറിച്ച് കേട്ടിരുന്നു. സൂക്ഷിച്ചുമാത്രം പെരുമാറേണ്ട 'ഒരു സാധന'മെന്നായിരുന്നു കേട്ടുകേഴ്‌വി. ഇതിനെ ശരിവയ്ക്കുന്നതായിരുന്നു അഭയന്റെ 8–ാം ക്ലാസ് ജീവിതം 'ഇന്റലക്ചൽ ആക്റ്റിവിസ' മെന്നൊക്കെ വേണമെങ്കിൽ പേരിട്ടു വിളിക്കാവുന്നതും 'നെഷേധിത്ത'മെന്നൊക്കെ തെറ്റിദ്ധരിക്കപ്പെടാവുന്നതുമായ ഒരുതരം ഊർജ്ജസ്വലത അഭയനിൽ നിന്നു പ്രസരിച്ചിരുന്നു. എപ്പോഴും ഒരു ഇരിക്കപ്പൊറുതിയില്ലായ്മ. പരമ്പരാഗതമായ അദ്ധ്യാപനകണ്ണിലൂടെ വീക്ഷിക്കുന്നവർക്ക് അഭയനെ തീരെ ദഹിക്കുമായിരുന്നില്ല. 9–ാം ക്ലാസ്സിലെ ഇംഗ്ലീഷ്ക്ലാസ്സുകളിൽ ഞാൻ അഭയന് 'എന്തും പറയാനുള്ള' സ്വാതന്ത്ര്യം കൊടുത്തിരുന്നു. അഭിപ്രായവ്യത്യാസങ്ങൾ ശക്തമായി രേഖപ്പെടുത്തുന്നതിൽ അഭയൻ ഏറെ ഔത്സുക്യം കാണിച്ചുകൊണ്ടിരുന്നു. ചിലതൊക്കെ ബാലിശമായി തോന്നിയെങ്കിലും ചില അഭിപ്രായപ്രകടനങ്ങളിലെ മൗലികത എന്നെ അതിശയിപ്പിച്ചിട്ടുണ്ട്.

മറ്റൊരു അഭയനെ ഞാൻ പിന്നീടുപരിചയപ്പെട്ടു. പത്താം ക്ലാസ്സ്പഠനം പൂർത്തിയാക്കിയ ശേഷമുള്ള അഭയൻ. യാദൃച്ഛിക മായ കണ്ടുമുട്ടലുകളായിരുന്നു പലതും. വല്ലപ്പോഴും പഴയ സ്കൂൾ സന്ദർശിക്കാൻ വരുമ്പോഴോ പൊൻകുന്നം ടൗണിന്റെ തിരക്കിനിടയിൽ വെച്ചോ ഒക്കെ. സാമൂഹികജീവി എന്ന നില യിലും ബൗദ്ധികജീവി എന്ന നിലയിലും അഭയൻ പുതിയ വ്യക്തിത്വസവിശേഷതകൾ രൂപപ്പെടുത്തിക്കൊണ്ടിരുന്ന കാലമാ ണതെന്നു തോന്നുന്നു. രാഷ്ട്രീയപ്രക്ഷോഭങ്ങൾ കൊടുമ്പിരി ക്കൊണ്ട ദിവസങ്ങളിലൊന്നിൽ ഒരു സായന്തനത്തിൽ സുഹൃത്തു ക്കളോടൊപ്പം ഒരിടത്തു വെച്ച് തികച്ചും ആകസ്മികമായി അഭയൻ എന്റെ മുന്നിൽ വന്നുപെട്ടു. ക്ഷുഭിതയൗവ്വനമെന്നൊക്കെ ആലങ്കാ രികമായി വിശേഷിപ്പിക്കാവുന്ന ചില അവസ്ഥാവിശേഷങ്ങളുണ്ട ല്ലോ. അത്തരമൊരു പരിതസ്ഥിതിയിലാണ് ഞാൻ അന്ന് അഭയനെ കണ്ടുമുട്ടിയത്. സ്കൂൾജീവിതത്തിനു ശേഷം ഏറ്റവും ദീർഘമായി ഞങ്ങൾ തമ്മിൽ സംസാരിക്കുന്നത് അന്നാണ്. വിശദാംശങ്ങൾ ഇവിടെ കുറിക്കുന്നില്ല. എങ്കിലും, കക്ഷിരാഷ്ട്രീയമുൾപ്പെടെയുള്ള എല്ലാത്തരം വ്യവസ്ഥാപിതസംവിധാനങ്ങളും മൗലികപ്രതിഭയുള്ള ഒരു വ്യക്തിയുടെ ബൗദ്ധികസ്വാതന്ത്ര്യത്തിന് ഒരു ബാദ്ധ്യതയാ ണെന്ന ബോധ്യം അഭയനിലുണ്ടെന്ന് എനിക്കന്നുമനസ്സിലായി.

ഞാൻ പരിചയപ്പെട്ട മൂന്നാമത്തെ അഭയൻ ഏറെ വ്യത്യസ്ത നായിരുന്നു. പ്ലസ്ടുപഠനത്തിനു ശേഷം സ്വന്തമായ വഴിത്താര സ്വയം കണ്ടെത്തിയ അഭയൻ. അഭയനെ സംബന്ധിച്ച എന്റെ ശങ്ക കൾ അസ്ഥാനത്താണെന്നെനിക്കു ബോദ്ധ്യപ്പെട്ടു. വ്യവസ്ഥാപിത ങ്ങളായ ചട്ടക്കൂടുകൾക്കുള്ളിൽ തളയ്ക്കപ്പെടാത്ത വ്യക്തിത്വം. സ്വന്തം ചെയ്തികളെ സംബന്ധിച്ചുള്ള ഉത്തമബോദ്ധ്യം. നിലപാടു കളുടെ വ്യക്തതയും വ്യത്യസ്തതയും. രണ്ടാം അഭയനിൽ നിന്നു മൂന്നാം അഭയനിലേക്കുള്ള ഈ പരകായപ്രവേശം അതിശയകര മായ ഒന്നായിരുന്നു. തീരെച്ചെറിയ കാലയളവുമാത്രം ഉപയോഗപ്പെ ടുത്തിക്കൊണ്ടുള്ള ഒരു രൂപാന്തരം. അഭയൻ ഓർമ്മയാവുമ്പോൾ കുറിക്കുന്ന ഈ വരികൾ സത്യസന്ധങ്ങളാണ്. അതിഭാവുകത്വം തീരെയില്ല. ആവശ്യത്തിൽ കൂടുതൽ വലിപ്പം ഞാൻ അഭയനിൽ ആരോപിക്കുന്നില്ല. അത് ആ ആത്മാവിനോടുള്ള അവഹേളനമാ യിരിക്കും. കുറേക്കാലംകൂടി ജീവിച്ചിരുന്നെങ്കിൽ ഈ ചെറുപ്പക്കാ രൻ അതിശയങ്ങൾ സൃഷ്ടിക്കുമായിരുന്നു എന്നു തന്നെയാണെന്റെ വിശ്വാസം. ഞാൻ ബഹുമാനിക്കുന്ന എന്റെ ശിഷ്യന് വേദനയിൽക്കുതിർന്ന ആദരാഞ്ജലികൾ... ■

Varghese Sajan

# Vidarummunpe adarnnuveena poovu!

Well, I am in a state of void while penning this note. I am not sure whether I could finish this off but I think I should not start my note with formality, since 'sakhavu' never liked things to be formal. He was a firm believer in informality. Yes Abhaya, I was told to write a few words on you. But it seems to be quite a difficult task to keep them down to a few words. To be honest, you played a significant role in changing me to what I am today and I would like to thank you on the first instance. We both shared some interests in common and they include cricket, cinema, politics and music. I thoroughly enjoyed the arguments that we had during the long sessions of conversation, and undoubtedly they laid the foundation to my knowledge bank.We both loved Lalettan and Sourav Ganguly in the same intensity and that could be because of the aggression that one had on the field, and the other one portrayed through his characters. We both had different views on politics, society and equality. You had quite a few things to do in this society, but since you are not here, it is our responsibility to step into your shoes and do what is required. It is my humble request to follow his path and respect and admire each and every human being around us.

A quick note: I was watching a movie named *Left Right Left* in which they criticize Pinarayi Vijayan. I wonder how long we would have argued on this matter and this is the prime reason why I miss Abhayan, the comrade.

Lalsalam sakhave…!!! ■

അർജുൻ രാജ്

# അഭയൻചേട്ടൻ

ജീവിതത്തിൽ ഒരിക്കലും ഓർമിക്കാൻ ആഗ്രഹിക്കാത്ത ഒരുപിടി ഓർമകളെ ബാക്കിയാക്കിയാണ് 2013 കടന്നുപോവുന്നത്. എനിക്കു മുമ്പേ നടന്നു നീങ്ങി, ജീവിതത്തിനുതാങ്ങും തണലും ആവേശവു മൊക്കെയായി മാറിയ രണ്ടു പേരെയാണ് കാലം കവർന്നെടുത്തത്.

2013 മാർച്ച് 30-ന് പൊൻകുന്നത്തു വച്ചുണ്ടായ വാഹനാപകട ത്തിലാണ് എന്റെ ജ്യേഷ്ഠസഹോദരൻ കണ്ണൻ ദയാൽ ഓർമയാവു ന്നത്. ഓർമ്മ വച്ച കാലം മുതൽ കൂടെ നടന്ന തന്റെ ആത്മാവിന്റെ ഒരു ഏടിന്റെ സാമീപ്യം എന്നെന്നേക്കുമായി നഷ്ടമാവുമ്പോഴുള്ള വേദന അന്ന് ഏറ്റവും കൂടുതൽ അനുഭവിച്ചത് അഭയൻചേട്ടനായിരു ന്നു. രണ്ടുമാസങ്ങൾക്കുശേഷം മെയ് 27-ന് ഞാൻ അനുഭവിച്ചതും നേരിട്ടതും ഇതേ സാഹചര്യത്തെയായിരുന്നു. രണ്ടു ജ്യേഷ്ഠന്മാരെ യാണ്, നിശ്ചയദാർഢ്യത്തിന്റെയും നന്മയുടെയും സ്നേഹത്തിന്റെ യുമൊക്കെ രണ്ടു പര്യായങ്ങളെയാണ്, എനിക്കു മുന്നിൽ നിന്നു കാലം മായ്ചുകളഞ്ഞത്.

അഭയൻചേട്ടനെപ്പറ്റിയുള്ള ഓർമ്മകൾ കുറിക്കുമ്പോൾ വൈകാ രികമായ ഒരുപാടു സംഭവങ്ങൾ മനസ്സിലേക്ക് കടന്നുവരും, പക്ഷേ, ഇത്തരമൊരു ഓർമക്കുറിപ്പിനെ അങ്ങനെ വൈകാരികമായി സമീപി

ക്കുന്നത് അഭയൻ എന്ന വ്യക്തിയോട് ചെയ്യുന്ന കടുത്ത അനീതിയാവുമെന്ന് ഞാൻ വിശ്വസിക്കുന്നു. 22 വർഷത്തെ ആ ജീവിതത്തിൽ നിന്ന് അടുത്ത തലമുറ ഉൾക്കൊള്ളേണ്ട നിരവധി പാഠങ്ങളുണ്ട്. അന്ധമായ അനുകരണത്തെയും ആശംസകളെയുമൊക്കെ ഒഴിവാക്കി, ശരിയും തെറ്റും തിരിച്ചറിയാനുള്ള കഴിവു വളർത്തിയെടുക്കുക എന്നതാണ് അതിലാദ്യത്തേത്. ശരികളുടെയും തെറ്റുകളുടെയും മഹാപ്രളയത്തിൽ സ്വന്തമായ കാഴ്ചപ്പാടുകളും നിലപാടുകളുമുണ്ടാക്കിയെടുക്കാൻ നമുക്കാവണം. അത് കാട്ടിത്തന്ന ശേഷമാണ് അഭയൻചേട്ടന്റെ ഈ യാത്ര.

എനിക്കോർമ്മവെച്ച കാലം മുതൽ വ്യക്തമായ രാഷ്ട്രീയനിലപാടുകളുള്ള ഒരാളായിരുന്നു അഭയൻചേട്ടൻ. താൻ നിൽക്കുന്ന പ്രസ്ഥാനത്തിന്റെ ചരിത്രവും ലക്ഷ്യവുമൊന്നുമറിയാതെ ആരുടെയൊക്കെയോ ഉപകരണങ്ങളായി മാറുന്ന യുവത്വത്തിന് അപവാദമായിരുന്നു അഭയനിലെ രാഷ്ട്രീയപ്പോരാളി. നാട്ടിലെ പ്രശ്നങ്ങളിലും സാമൂഹികമാറ്റങ്ങളിലും രാഷ്ട്രീയചലനങ്ങളിലുമൊക്കെ തന്റെ വ്യക്തമായ നിലപാടുകളും പ്രതികരണങ്ങളും അവിടെയുണ്ടായിരുന്നു. കോളേജിലും നാട്ടിലെ വേദികളിലും സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റിലുമെല്ലാം സധൈര്യം അത് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

ഓരോ വർഷവും ഞങ്ങളുടേതു മാത്രമായ ചില ഉത്സവദിനങ്ങളുണ്ടായിരുന്നു. എസ്.ആർ.വി. യിൽ പഠിക്കുന്ന സമയത്ത് യുവജനോത്സവം, പഞ്ചായത്തിന്റെ കേരളോത്സവം, ഓണം -ക്രിസ്തുമസ് ആഘോഷങ്ങൾ - അങ്ങനെ നിരവധി. എസ്.ആർ.വി. യിൽ നിന്നു പഠിച്ചിറങ്ങിയ ശേഷവും യുവജനോത്സവങ്ങളിൽ സ്കൂളിനെ നയിച്ചത് അഭയൻചേട്ടൻ തന്നെയായിരുന്നു. ഉപരിപഠനത്തിനായി മദ്രാസിലേക്ക് പോയ ആദ്യവർഷം, കേരളോത്സവത്തിൽ ഓരോ മത്സരയിനവും പങ്കെടുക്കുന്ന കുട്ടികളുടെ പേരും ഫലവുമൊക്കെ മിനിറ്റുകൾ ഇടവിട്ട് വിളിച്ചുചോദിക്കുന്ന അഭയൻചേട്ടൻ ദൂരങ്ങളിലും ഞങ്ങളുടെയൊക്കെ ഊർജ്ജമായിരുന്നു.

വാശിയോടും കൃത്യതയോടും കൂടിയുള്ള, ഊർജ്ജസ്വലമായ ആ നേതൃത്വം ഈ മത്സരവേദികളിലും പിന്നീട് ജീവിതത്തിന്റെ പല മേഖലകളിലും വെളിച്ചമായത് മറക്കാനാവില്ല. ഇവിടെയൊക്കെ മത്സരബുദ്ധിയോടെ, കാര്യപ്രാപ്തിയോടെ എല്ലാവരുടെയും മുന്നിൽ നടന്നു നീങ്ങുന്ന ഒരു യുവാവിനെയാണ് അഭയൻചേട്ടനിൽ കാണാനായത്.

വായനശാലയിൽ വരുന്നവരുടെയും മറ്റും പേരുകൾഓർമിക്കാൻ ഞാൻ പ്രയാസപ്പെടുമ്പോൾ, ഒരു ശാസനയോടെ, ചുറ്റുപാടുമുള്ള വരെ അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകത പറഞ്ഞു തന്ന അഭയൻചേട്ടൻ ഒരു ഗ്രാമത്തിലെ ഏതാണ്ട് മുഴുവനാളുകളുടെയും പേരും വിവരങ്ങളും ഓർമിച്ച് പറയുന്നത് കേൾക്കുമ്പോൾ അത്ഭുതപ്പെട്ടിട്ടുണ്ട്. എല്ലാവരേയും പേരെടുത്തുവിളിച്ച് സുഖവിവരങ്ങളന്വേഷിക്കുന്ന, ഓരോരുത്തരുടെയും മേഖലകളെ തിരിച്ചറിഞ്ഞു സംസാരിക്കുന്ന, അഭയൻചേട്ടനോടൊപ്പം നടന്നപ്പോഴൊക്കെ ഒരു സാമൂഹികജീവി എന്ന നിലയിൽ എന്റെ കർത്തവ്യങ്ങളെ ഞാൻ തിരിച്ചറിയുകയായിരുന്നു.

നമുക്കു ചുറ്റും നടക്കുന്ന ഓരോ മാറ്റത്തെയും സസൂക്ഷ്മം നിരീക്ഷിക്കാനും അതേപ്പറ്റി പഠിക്കാനും പ്രതികരിക്കാനുമൊക്കെയുള്ള ആർജ്ജവം നാം കാട്ടേണ്ടതുണ്ട്. മുൻപു സൂചിപ്പിച്ചതുപോലെ അഭയൻ നമ്മെ പഠിപ്പിച്ചതും അതു തന്നെയാണ്. സ്വന്തം ആത്മാവിനെ തിരിച്ചറിയാനും അതിനെ പരിപോഷിപ്പിക്കാനും വളർത്താനും, ആ വളർച്ച സമൂഹത്തിന് തണലാക്കി മാറ്റാനും അഭയനുപിന്നാലെ വരുന്ന നമുക്കോരോരുത്തർക്കും കഴിയണം.

അങ്ങനെ അടുത്ത തലമുറ ചെയ്യുമ്പോഴാണ് അഭയനെന്ന വ്യക്തിയുടെ ജീവിതം പൂർണമാവുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടെ അഭയൻ മരിക്കുകയല്ല, അഭയനു മുന്നിൽ മരണം മരിക്കുകയാണു ചെയ്യുന്നത്. ■



A tribute from MCC

# A King among Men

Amongst some dwarves he ventured in,
To partake in their merry frolicking,
Their hearts and souls he conquered,
To soon become an unheralded king;

He consolidated not by physique or force,
Fighting and forgiving with equal glee,
Along with his subjects he shouted hoarse,
Uniting them all in majestic symphony;

Time flew by, his kingdom grew,
And more and more drew close.
The friendly him held court in troubled times,
And to fight back the leader arose;

A behemoth he soon became,
The envy of neighbours near,
They desired his presence, his tact, his vision,
And all that his brethren held dear;

Capturing the hearts of those kingdoms too,
So too the love of maidens along the way,
He became an enigma, larger than life,
A trusted comrade in both work and play;

He could wax lyrical in his native tongue,
And yet condemn with probing accuracy,
His arguments he framed with rare panache,
Conjuring for us mortals many a fantasy;

With vigor and gusto, loyalties were won,
Unknowns enchanted with some magic spell,
He made us grow from dwarves to men,
And all our fights became his to quell;

Time beckoned and so did territories anew,
Doing all they could to end his reign,
But never would he abandon his beloved empire,
Never would he entertain that pain;

Today he is remembered in a thousand hearts,
Not one has been left untouched,
The king among men, the favourite son,
To whose hopes and dreams we clutched;

22 years of a magnificent life,
Spent dividing love in equal measure,
A friend, a lover, a leader, a brother,
To his family, a veritable treasure;

If there is a regret, then let it be said.
That his subjects knew him for only years four,
And as our tears we quietly shed,
His memories become our folklore;

In our hearts he will always stay,
Forget him we shall never,
For men may come and men may go,
But you, dearest Abhayan, will live on forever.. ■

സനാതനൻ ടി.എൻ.

# അബു

അബുവും അനിയത്തി അമ്മാളുവും എനിക്കു തരുന്നത് സ്വന്തം മാമൻ എന്ന സ്ഥാനബഹുമതിയാണ് എപ്പോഴും. ബാല്യത്തിൽ ശാന്തനായിരുന്നു അബു. ഈ ശാന്തതയാണ് പിന്നീട് ക്രമേണ ഉൾക്കനം ആർജ്ജിച്ച് യൗവനത്തിൽ എത്തിയത്.ശാന്തമായ ഉൾക്കരുത്തും കർമ്മശേഷിയും പ്രദാനം ചെയ്ത വിനയശീലമാണ് അബുവിനെ കർമ്മവേദികളിൽ മുമ്പിലെത്തിക്കുന്നത്. ചെറുപ്രായത്തിന്റെ കുസൃതികൾ നർമ്മമുള്ളവയായിരുന്നു. വിദ്യാഭ്യാസകാലത്ത് പഠനത്തിലും കലകളിലും കായികരംഗത്തും സാമൂഹികപ്രവർത്തനങ്ങളിലും രാഷ്ട്രീയപ്രവർത്തനങ്ങളിലും വ്യാപരിച്ച്  നിറഞ്ഞു നിന്നിരുന്നു. അർത്ഥവത്തായ കൂട്ടായ്മകളോടൊപ്പം എന്നും ചരിച്ചു. ഇതിന്റെയൊക്കെ ഒപ്പം അബുവിന്റെ അനിയത്തിയും ഉണ്ട്. അബുവിന്റെ ഗൃഹാന്തരീക്ഷം എല്ലാറ്റിനും തുണയായുമുണ്ട്. ചിരിച്ചുകൊണ്ടല്ലാതെ അബു ഒരിക്കലും എന്നെ സമീപിക്കുന്നില്ല. ■

ഗൗതമൻ മനോജ്

# അഞ്ചാംക്ലാസ്സുകാരൻ

അഭയനെക്കുറിച്ച്  ഒരു ഓർമ്മക്കുറിപ്പ് എഴുതാൻ എന്നോട് ആവശ്യപ്പെട്ടിട്ട് ഒരു മാസത്തിൽ കൂടുതൽ ആയിരിക്കുന്നു. എത്രത്തോളം വൈകിപ്പിക്കാൻ ശ്രമിച്ചിട്ടും അഭയനെപ്പറ്റി എഴുതാതെ വിടാൻ സമ്മതിക്കാത്തതുകൊണ്ടു മാത്രമാണ് ഞാൻ ഈ കുറിപ്പ് എഴുതാൻ ശ്രമിക്കുന്നത്.

ഓർമ്മക്കുറിപ്പുകൾ ഉണ്ടാകുന്നത്  ഒരാൾ നമ്മുടെ  ജീവിതത്തിൽ  നിന്ന് ഇല്ലാതാകുമ്പോൾ ആണെന്ന് ഞാൻ വിശ്വസിക്കുന്നു.  അഭയനെ അറിയാവുന്നവർ ഒരിക്കലും വിസ്മരിക്കാൻ സാധ്യത ഇല്ലാത്ത ഒരു സ്വഭാവത്തിനുടമയായിരുന്നു അവൻ. അതുകൊണ്ടുതന്നെ ഈ കുറിപ്പിനെ ഓർമ്മക്കുറിപ്പായി കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറിച്ച് എന്റെ പ്രിയചങ്ങാതിക്ക് കൊടുക്കുന്ന ചെറിയ സ്നേഹസമ്മാനമായി ഇതിനെ കാണുന്നു.

അഭയനെ ഒരു സഖാവായോ ആത്മമിത്രമായോ തരം തിരിക്കാൻ എനിക്കുകഴിയില്ല. അവൻ അന്നും ഇന്നും എന്നെ അത്ഭുതപ്പെടുത്തിയിട്ടേയുള്ളൂ. ഇത്ര ചെറുപ്രായത്തിലേ സമൂഹത്തിൽ ആഴമേറിയ ബന്ധങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞ മറ്റൊരാളെയും ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല.

ഞങ്ങൾ തമ്മിൽ കൊച്ചുന്നാൾ മുതൽ പരിചയം ഉണ്ടെങ്കിലും അബുവിനെ കുറിച്ച് എന്റെ മനസ്സിലേക്കു ആദ്യം ഓടി വരുന്നത് എന്നോടൊപ്പമുള്ള ക്രിക്കറ്റുകളി നിറുത്തി വീട്ടിൽ കയറാൻ പറഞ്ഞതിന് വീട്ടുകാരോടു പ്രതിഷേധിച്ച്, വീടിന്റെ മുന്നിൽ കുത്തിയിരുന്നു കരയുന്ന അഞ്ചാം ക്ലാസുകാരനാണ്. അധികം പരിചയം ഒന്നുമില്ലെങ്കിലും അന്ന് എന്നെ വിടാൻ സമ്മതിക്കാതെ കരഞ്ഞു കൊണ്ടിരുന്ന അഭയന് വാശിയുടെ ഒരു മുഖമല്ല ഞാൻ അന്നു കണ്ടത്. എത്ര പെട്ടെന്ന് ഒരു സുഹൃദ്ബന്ധം സ്ഥാപിക്കാൻ കഴിയും എന്നതിന് വലിയ ഒരു ഉദാഹരണം ആയിരുന്നു ഈ അനുഭവം.

'അവനെ പോലെ ഒരാൾ പനമറ്റത്ത് ഉണ്ടായിരുന്നു എങ്കിൽ വായനശാലായുവജനസഖ്യത്തിന്റെ മുഖം തന്നെ മാറിയേനെ' എന്ന് പലരും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. സകലപരിപാടികൾക്കും നേതൃത്വം വഹിക്കാൻ ഉള്ള അവന്റെ കഴിവ് തലമുതിർന്ന കാരണവന്മാരിൽ പോലും കണ്ടിട്ടില്ല.

മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ചേർന്നതിനു ശേഷമാണ് ഞാൻ അവനുമായി നന്നായി അടുക്കുന്നത്. വളരെ കുറച്ചു നാളുകൾകൊണ്ടുതന്നെ അവിടുത്തെ ഒരു കുട്ടിനേതാവായി അവൻ മാറിക്കഴിഞ്ഞിരുന്നു. പിള്ളേരെ സ്നേഹിച്ചു കൊല്ലുന്ന ഒരുതരം ആത്മാർത്ഥത തുളുമ്പിനിൽക്കുന്ന അവന്റെ പ്രകൃതത്തെക്കുറിച്ചാണ് എപ്പോൾ കോളേജിൽ ചെന്നാലും അവന്റെ കൂട്ടുകാർക്ക് എന്നോടു പറയാൻ ഉണ്ടായിരുന്നത്.

ആത്മാർത്ഥബന്ധങ്ങൾ ഇല്ലാതാവുന്ന ഈ കാലഘട്ടത്തിൽ കൂട്ടുകാർക്കും കോളേജിനും വേണ്ടി എല്ലാ രീതിയിലും ജീവിതം അർപ്പിക്കുന്ന ചുരുക്കം ചിലരെ മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ. അക്കൂട്ടത്തിൽ അഭയന് ഒരു പ്രത്യേകസ്ഥാനം തന്നെ കൊടുക്കേണ്ടിയിരിക്കുന്നു. ഒരു തെരഞ്ഞെടുപ്പിൽ നിന്നാൽ സുഖമായി ജയിക്കാൻ കഴിയുമായിരുന്ന അവൻ ഒരിക്കലും സ്വന്തം കാര്യം നോക്കാൻ താല്പര്യപ്പെട്ടിരുന്നില്ല. കോളേജിലെ തർക്കങ്ങളിൽ നിന്നും മറ്റും ഉണ്ടായ ശത്രുക്കൾക്കുപോലും അവനോടു ബഹുമാനം ആയിരുന്നു എന്നതാണ് സത്യം. മദ്രാസ് ക്രിസ്ത്യൻ കോളേജുമായി വല്ലാത്ത ഒരു ആത്മബന്ധം തനിക്കുണ്ടെന്ന് അവൻ പലപ്പോഴും പറയാറുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ആയിരിക്കണം അവിടുത്തെ പഠിപ്പു കഴിഞ്ഞിട്ടും ഒരു വല്യേട്ടന്റെ റോൾ സ്വയം ഏറ്റെടുത്ത് അവൻ അവിടെത്തന്നെ പറ്റിപ്പിടിച്ചു നിന്നിരുന്നതും.

ഉള്ളത് ഉള്ളതുപോലെ പറയാൻ ഒരു മടിയുമില്ലാത്ത അവനോട് എന്ത് അഭിപ്രായം ചോദിച്ചാലും അവന്റെ ഉള്ളിൽ നിന്നു തോന്നുന്നതു മാത്രമേ പറയാനുണ്ടായിരുന്നുള്ളൂ. എങ്കിലും അവനെ കൂടുതൽ അടുത്തറിയാൻ എവിടെയൊക്കെയോ ഞാൻ മറന്നുപോയി എന്നത് കുറേ നാളുകളായി വേദനിപ്പിക്കുന്നു. ഞാൻ ഒരു നൂറുവർഷം ജീവിച്ചിരുന്നാൽ പോലും അവന്റെ അത്ര വലിയ ഒരു സുഹൃത്ശൃംഖല ഒരിക്കലും എനിക്ക് ഉണ്ടാകുകയില്ല.

മറ്റൊരു കോളേജിൽ പഠിച്ചു കൊണ്ടിരിക്കുന്ന ഒരാൾ തന്റെ പഴയ കോളേജിന്റെ കലോത്സവത്തിന്റെ ടിക്കറ്റ് വിൽക്കാൻ ഓടി നടക്കുന്ന കാഴ്ച ഞാൻ വേറെ എവിടെയും കണ്ടിട്ടില്ല. ഒരു ജൂനിയർ — സീനിയർ ബന്ധമൊന്നും അവന്റെ നിഘണ്ടുവിൽ ഉണ്ടായിരുന്നതായി ഒരിക്കലും തോന്നിയിട്ടില്ല. അതുകൊണ്ടുതന്നെ അവന്റെ വല്യേട്ടൻറോൾ അവൻ ഭംഗിയായി ചെയ്തിരുന്നു.

വിധിയെ പഴിക്കുന്നതിൽ കാര്യമില്ല എന്ന് അറിയാം. എങ്കിലും നമ്മുടെ സമൂഹത്തിനു നഷ്ടമായത് ഒരു ജീനിയസ് പേഴ്സണാലിറ്റിയെ തന്നെയാണ്. പുതുതലമുറയിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പല ഗുണഗണങ്ങളും അഭയനിൽ ഉണ്ടായിരുന്നു എന്നത് മറക്കാനാവില്ല. അവന്റെ സ്ഥാനം വേറെ ആർക്കും കൈകാര്യം ചെയ്യാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. നമ്മുടെ പനമറ്റത്തിന്റെയും പൊൻകുന്നത്തിന്റെയും തീരാനഷ്ടം നികത്താൻ അടുത്ത കാലത്തൊന്നും കഴിയുകയില്ല. ■



ബിനോയ് ജോസഫ്

# ഓർമ്മയിലെ സമ്മാനം

അഭയൻ എന്ന വ്യക്തി തന്റെ കൂട്ടുകാരിലും സമൂഹത്തിലും നമ്മുടെ വായനശാലയിലും പ്രത്യേകാൽ അവൻ ചെന്നുചേർന്ന സമസ്തമേഖലകളിലും ചെലുത്തിയ സ്വാധീനമാണ് ഈ ഓർമ്മ ക്കുറിപ്പ് എഴുതുവാൻ എനിക്ക് പ്രേരണയായത്.

സമപ്രായക്കാർ പലരും കൈവയ്ക്കാത്ത പല മേഖലകളിലും വളരെ ലാഘവത്തോടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ അവനുള്ള മിടുക്ക് മറ്റുള്ളവരിൽ നിന്ന് അവനെ വേർതിരിച്ചു നിറുത്തുന്നു.

നമ്മുടെ വായനശാലയിലെ പ്രവർത്തനങ്ങളിൽ അവൻ ഒരു നല്ല സംഘാടകനായി പ്രവർത്തിച്ചിരുന്നു എന്നുള്ളത് എടുത്തു പറയത്തക്ക ഒരു കാര്യമാണ്.

എനിക്ക് തോന്നിയിട്ടുള്ള അഭയനിലെ മറ്റൊരു പ്രത്യേകത അവന്റെ സ്പോർട്സിനോടുള്ള താല്പര്യം ആയിരുന്നു. അത് മറ്റു കളിക്കാരിൽ നിന്നു വ്യത്യസ്തമായിരുന്നു. ഫുട്ബോൾ, ക്രിക്കറ്റ് എന്നിവ കളിക്കുമ്പോൾ, എല്ലാവരും അവരവരുടെ ഭാഗം ഏറ്റവും ഭംഗിയായും അതിലുപരിയായും കളിച്ചു മിടുക്കുകാട്ടുമ്പോൾ, മറ്റു ള്ളവരെ കളിപ്പിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും തന്റെ

ടീം വിജയം കണ്ടെത്തുന്നതിലുമായിരുന്നു അവൻ ആഹ്ളാദം കണ്ടെത്തിയിരുന്നത്. ഈ ഒരു മനോഭാവം ഇന്നത്തെ യുവതലമുറയ്ക്ക് ഇല്ലാതെപോയതുകൊണ്ടാണ് നമ്മുടെ കായികകേരളത്തിനു മറ്റു സംസ്ഥാനങ്ങളോടുകിടപിടിക്കത്തക്കരീതിയിൽ മുന്നേറാൻ സാധിക്കാത്തത്.

ഓർമ്മക്കുറിപ്പ് എഴുതപ്പെടാൻ തക്കരീതിയിൽ ആരും ജീവിക്കാറില്ല. എന്നാൽ തന്റെ ചുറ്റുപാടുകൾ, കുടുംബപശ്ചാത്തലം, സാമൂഹികബന്ധങ്ങൾ ഇവ ഒരാളുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിച്ചു എന്നുള്ളതിന് വ്യക്തമായ തെളിവാണ് അഭയന്റെ ജീവിതം. എത്ര വർഷം ജീവിച്ചു എന്നുള്ളതിനല്ല, മറിച്ച് ജീവിച്ചത് എത്രത്തോളം മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഭംഗിയായി അവതരിപ്പിച്ചു എന്നുള്ളതാണ് ഈ ഓർമ്മയുടെ സാക്ഷ്യപത്രം .

ഞങ്ങൾ ഒരുമിച്ചു പല തവണ ചെസ്സു കളിച്ചിട്ടുണ്ട്. ആ കളികളിൽ പകുതിയിലധികവും എനിക്കു വിജയിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും പരാജയത്തെ അതിന്റേതായ കാരണങ്ങളിൽ മാത്രം കണ്ടുകൊണ്ട് വിജയിക്കുവാനുള്ള തന്ത്രങ്ങൾ മെനയുന്നതും, പരാജയത്തെ 'ഈഗോ' യുടെ പ്രശ്നങ്ങളില്ലാതെ മറ്റുള്ളവരുമായി പങ്കുവെക്കുന്നതുമായ സ്വഭാവം അവനെ വീണ്ടും മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കിയിരുന്നു.

അഭയന്റെ ജീവിതത്തിൽ ഞാൻ കണ്ട മറ്റൊരു സവിശേഷതയായിരുന്നു വ്യക്തമായ രാഷ്ട്രീയകാഴ്ചപ്പാട്. തന്റെ സമപ്രായക്കാരോടും തന്നിൽ മുതിർന്നവരോടും ആ രാഷ്ട്രീയകാഴ്ചപ്പാട് വെട്ടിത്തുറന്നു പറയുന്നതിൽ ലവലേശം മടിയില്ലായിരുന്നു അഭയന്. തെറ്റിനെ തെറ്റെന്നും ശരിയെ ശരിയെന്നും വളരെ ആത്മാർത്ഥതയോടെ ആരുടെ മുന്നിലും പതറാതെ പറയുന്ന പ്രകൃതം അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. ഈ ഒരു സ്വഭാവവിശേഷം ഇന്നത്തെ യുവതലമുറയ്ക്ക് പിൻതുടരാവുന്ന വലിയ ഒരുമാർഗ്ഗദീപമായിരിക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

തന്റെ ജീവിതത്തിൽ ചെയ്തു തീർത്തതും തീർക്കാത്തതുമായ പല ആഗ്രഹങ്ങളും മോഹങ്ങളും ബാക്കി വെച്ചാണ് അവന്റെ തിരോധാനം.

കൂട്ടുകാരായിരിക്കുന്ന നാം ഓരോരുത്തരും അവനവന്റെ ജീവിതത്തിൽ മറ്റുള്ളവർക്കു നാം നൽകുന്ന കുറെ നല്ല നിമിഷങ്ങൾ ഓരോരുത്തരുടേയും നല്ല ഓർമ്മയായി തീരട്ടെ എന്നു പറയുന്നതോടൊപ്പം, ഈ നല്ല ഓർമ്മകളെ നമ്മുടെ മുന്നിൽ കത്തിച്ചുവെച്ച മെഴുകുതിരിപോലെ നമ്മുടെ അഭയന്റെ നീതിപൂർവ്വവും നിഷ്പക്ഷവുമായ കുറെ നല്ല നിമിഷങ്ങൾ നമ്മുടെ ജീവിത്തതിലും ഇടമുറിയാതെ നല്ല ഓർമ്മയ്ക്കായി കരുതിവയ്ക്കാം. പരസ്പര സ്നേഹത്തോടെ, കക്ഷിരാഷ്ട്രീയഭേദമില്ലാതെ മനുഷ്യൻ മനുഷ്യനായി ഒരു ചെടിയിൽ വിരിയുന്ന അനേകം പൂവുകളായി ഒന്നിച്ചു നിന്നാൽ അഭയനെപ്പോലെ കുറെ നല്ല ഓർമ്മകളുടെ അനുഭവം നമുക്കും ഈ ജീവിതത്തിൽ മറ്റുള്ളവർക്കു സമ്മാനിക്കുവാൻ കഴിയും. ■

ഹരികൃഷ്ണൻ പി.സി.

# 'എങ്കിലും കാണാടാ അഭയാ ഇനീം നമുക്ക്'

ഇനി അഭയൻ ഇല്ല. ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒന്നുസംഭവിച്ചു. വ്യക്തിപരമായി ഞങ്ങൾ ഓരോരുത്തർക്കും ഉണ്ടായ നഷ്ടത്തേക്കാളുപരി അവനു ചെയ്തുതീർക്കാൻ ഒരുപാട് ഉണ്ടായിരുന്നു. എന്തെങ്കിലും ചെയ്തുതീർക്കുന്നതിനു മുമ്പേ അവൻ പിരിഞ്ഞുപോയി. അത്രയേ അവനുപറ്റിയുള്ളൂ. പക്ഷെ അതിനുള്ളിലും ഉശിരൻമാരായ ഒട്ടേറെ ഗ്രന്ഥശാലാപ്രവർത്തക രേയും സഖാക്കളേയും അവൻ വഴിതെളിച്ചുവിട്ടു.

അവനുചെയ്തുതീർക്കാൻ പറ്റാത്തതു ചെയ്തുതീർക്കണം. മനസ്സിൽ കണ്ട ആശയങ്ങൾ അതിലും നന്നായി പ്രചരിപ്പിക്കണം. അവനുള്ള ഏറ്റവും നല്ല അനുസ്മരണം അതായിരിക്കും. അവനാ ഗ്രഹിക്കുന്നതും അതാണ്.

ഓർമ്മകൾ ഒരുപാടുണ്ട് - ഓർത്തുവച്ചതും അല്ലാത്തതും. എല്ലാം പറയാൻ ആഗ്രഹമില്ല. കുറെയൊക്കെ ഞങ്ങളുടേതു മാത്ര മായി ഞങ്ങളിൽ ജീവിക്കട്ടെ. എത്ര എഴുതിയാലും ആ ബന്ധങ്ങൾ വരച്ചു കാട്ടാൻ പറ്റില്ല. എത്ര പറഞ്ഞാലും തീരുകയില്ല. ഇനി അങ്ങോട്ട് എന്ത് എഴുതണമെന്നുമറിയില്ല.

വായനശാലാപ്രവർത്തനമാണ് ഞങ്ങൾ കണ്ടുമുട്ടാൻ ഇടയാക്കിയത്. ദേശീയവായനശാല ബാലവേദിയുടെ ആഭിമുഖ്യത്തിൽ ഒരു വിനോദയാത്രയ്ക്ക് ഞങ്ങൾ ഒരുമിച്ച് ഉണ്ടായിരുന്നെങ്കിലും അധികം സംസാരിക്കുകയോ അടുക്കുകയോ ചെയ്തില്ല. എല്ലാവ രോടും ഒരുപാടു സംസാരിക്കുകയും പെട്ടെന്നു കൈയിലെടുക്കുക യും ചെയ്യുന്ന അവന്റെ സ്വഭാവം ആൾക്കൂട്ടത്തിൽ പച്ചയായ എനിക്ക് അംഗീകരിക്കാൻ കഴിഞ്ഞില്ല. അവൻ കുറച്ച് അഹങ്കാരി യാണോ എന്നൊരു തോന്നലും ഉണ്ടായി. എന്റെ അസൂയ കൊ ണ്ടാണോ എന്നറിയില്ല, അങ്ങനെയൊക്കെ തോന്നിപ്പോയി.

ദേശീയവായനശാലയുടെ ബാലവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന 'ഉണ്ണിവഴികൾ' എന്ന ടെലിഫിലിമിന്റെ ക്യാംപിലാണ് ഞങ്ങൾ അറിയാതെ അടുത്തതും സുഹൃത്തുക്കളാവുന്നതും. ആ ക്യാമ്പിലെ താരം അവനായിരുന്നു. എനിക്ക് പ്രധാനപ്പെട്ട ഒരു വേഷമായിരുന്നുവെങ്കിലും, എന്റെ 'അഭിനയവൈഭവം' കൊണ്ട് ഓരോന്നും കുളമാക്കിക്കൊണ്ടിരുന്നു. പേടിച്ചുവിളറിപ്പോയ എനിക്ക് അത് എങ്ങനെ ചെയ്യണം എന്ന് അവൻ കാട്ടിത്തന്നു. സ്നേഹത്തോടെ ഒന്നുമല്ല, അപ്പോഴും അവനാ നേതൃത്വഗുണ ത്തിന്റെ അധികാരമുണ്ടായിരുന്നു. ഞങ്ങൾ കൂട്ടുകാർ ആരും

തമ്മിൽ മര്യാദരാമൻമാരായി സംസാരിച്ച് സ്നേഹം കാട്ടുന്നവർ അല്ലായിരുന്നു. തമ്മിൽ എല്ലാവർക്കും അറിയാമായിരുന്നു. എത്ര അകന്നുനിന്നാലും ആത്മബന്ധം തകരില്ലായിരുന്നു. ഒരു ഫോൺ കോൾ, മെസേജ് ഒന്നും വേണ്ടായിരുന്നു. ചെറിയ ഒരു അസൂയയോടെ തുടങ്ങിയതാണെങ്കിലും ആ സൗഹൃദങ്ങൾ ഇന്നും തുടരുന്നു, മരണമില്ലാതെ...

ഇനി ഒരിക്കലും അവനെ കാണാൻ പറ്റില്ലെന്നറിയാം. എങ്കിലും ഇപ്പോഴും ഞങ്ങൾ ഓരോരുത്തരും അവനെ എല്ലായിടത്തും പ്രതീക്ഷിക്കുന്നുണ്ട്. അറിയാതെയാണെങ്കിലും അവനും കൂടെ ഇല്ലേ എന്നു തോന്നും.

ഞങ്ങൾ ഓരോരുത്തരും ഇപ്പോഴും അവനോടുസംസാരിക്കാറുണ്ട്, കളിയാക്കാറുണ്ട്, ചിരിക്കാറുണ്ട്, ദേഷ്യപ്പെടാറുണ്ട്, തെറിപറയാറുണ്ട്. കളിക്കുമ്പോൾ അവൻ ഇപ്പോഴും തർക്കിച്ചുനേടാറുണ്ട്. അവനാ 'സാവിത്രി'യിൽ കട്ടിലിൽ കിടക്കുമ്പോൾ ഞങ്ങൾ എല്ലാവരുംകൂടെ ലോകത്ത് ഉള്ള ആരേയും എന്തിനെയും നിരീക്ഷിക്കാറും വിമർശിക്കാറുമുണ്ട്. ഇവിടെ ഈ ലോകത്ത് നേരെ ചൊവ്വേ ചിന്തിക്കുന്ന ഞങ്ങൾ കുറച്ചു പേരെ ഉള്ളൂ എന്ന ഭാവത്തിൽ ആത്മസംതൃപ്തി അടയാറുണ്ട്.

ഒരുപാടുചിരിച്ചു. ഞങ്ങൾ ചെയ്തതും കണ്ടതും ഓർത്തും പറഞ്ഞും തമ്മിൽ കളിയാക്കിയും ഒരുപാടു പ്രാവശ്യം കുടുകുടാ ചിരിച്ചു. അവന്റെയാ കളിയാക്കിയുള്ള ചിരി ഇപ്പോഴും എന്റെ മനസ്സിലുണ്ട്. അതൊന്നും ഇല്ലാതായിട്ടില്ല, ആവുകയുമില്ല. ഞങ്ങൾ അങ്ങനെ ചിന്തിക്കുന്നില്ല. കൂടെയുണ്ട്. അഭയൻ എന്റേതു മാത്രമോ ഞങ്ങളുടേതോ ആയിരിക്കും. അവൻ എന്റെ ആത്മാർത്ഥസുഹൃത്താണ് എന്ന് എന്നെപ്പോലെ ചിന്തിക്കുന്ന ഒരുപാടുപേരുണ്ട്. പക്ഷേ അവന്റെമേൽ കുറച്ച് അധികാരക്കൂടുതൽ ഞങ്ങൾക്ക് ഉണ്ടായിരുന്നു.

ആരോടും പിണക്കമില്ല, ആരോടും സന്ധിയില്ല, ആരോടും പറയേണ്ടത് പറയാം — ആ അഭയത്വമാണ് അഭയൻ. ആ അച്ഛന്റെ മോന് അതാവാനേ പറ്റുമായിരുന്നുള്ളൂ. അവനെ ഒന്നും അദ്ദേഹം എഴുതി പഠിപ്പിച്ചില്ല. ഒന്നും പറയാതെ എല്ലാം കാട്ടിക്കൊടുത്തു. ഇത് ഞാൻ പറയുന്നതല്ല, അവൻ തന്നെ പറയുന്നതായിരുന്നു.

ഇപ്പോഴും അവനെ എന്തെങ്കിലും പുകഴ്ത്തി എഴുതാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുപറഞ്ഞ് അവൻ കളിയാക്കും എന്ന് ഒരു തോന്നൽ. അല്ലെങ്കിൽ അവൻ ജാഡ ഇടും എന്ന് ഒരു തോന്നൽ കാരണം അവൻ ഇപ്പോഴും ഒരു നേതാവായി, ക്യാപ്ടനായി, നാടകത്തിലാണെങ്കിൽ എല്ലാമായി, പാട്ടുകാരനായി, അലമ്പനായി ഞങ്ങളുടെ കൂടെ തന്നെയുണ്ട്.

ഒരുപാടു സംസാരിച്ചു. എന്തൊക്കെയോ വാതോരാതെ പറഞ്ഞു — ആവശ്യങ്ങളും അനാവശ്യങ്ങളും. പക്ഷേ തിരിഞ്ഞുനോക്കുമ്പോൾ ഒന്നും പറയാത്ത അവസ്ഥ. ഒന്നും പറയാതെ, മനസ്സിൽ ഓർത്തതൊന്നും ചെയ്തു തീർക്കാതെ. വലിയ ആഗ്രഹങ്ങൾ അല്ലായിരുന്നു, ചെറിയ വലിയ ആശയങ്ങളായിരുന്നു. വായനശാലാപ്രവർത്തനവും, സംഘടനാപ്രവർത്തനവും, ഞങ്ങൾതന്നെ കണ്ടെത്തി, ഞങ്ങൾതന്നെ സംവിധാനം ചെയ്തു കളിക്കുന്ന നാടകങ്ങളും, ഒരുമിച്ചുള്ള യാത്രകളും, ഇതുവരെ ഒരു ടൂർണമെന്റിൽ ജയിക്കാത്ത ക്രിക്കറ്റ് ടീം സംഘടിപ്പിക്കലും — അങ്ങനെ അങ്ങനെ ഞങ്ങളുടെ കുറെ ചെറിയ വലിയ ആഗ്രഹങ്ങൾ ബാക്കിയാക്കി അവൻ പാതിവഴിയിൽ കൊഴിഞ്ഞുപോയി. തലയറ്റു. പക്ഷേ ഞങ്ങൾ ഉണ്ടെടാ എന്തിനും കൂടെ...

മരണം എന്നത് യഥാർത്ഥ്യമാണ്. മരണാനന്തരത്തിൽ അവനു വിശ്വാസവുമില്ല.

എങ്കിലും കാണാടാ അഭയാ ഇനീം നമുക്ക്... ■

# അഭയൻ– മരണമില്ലാത്തവൻ

ഭയം മരണമാണ്. അഭയൻ പേരിൽ മാത്രമല്ല, പ്രകൃതത്തിലും ഭയമില്ലാത്തവനായിരുന്നു.അതിനാൽ അഭയൻ അമരനാണ് — മരണമില്ലാത്തവൻ.

കുട്ടിയായ അഭയനെക്കുറിച്ച് പങ്കുവെയ്ക്കപ്പെടുന്ന ഒരു ഓർമ്മ യുണ്ട് — തൊടിയിലെ ഒരു വാകമരത്തിന്റെ നഷ്ടത്തിൽ മനം നൊന്തു കരഞ്ഞ അഭയനെക്കുറിച്ചുള്ള ഓർമ്മ. പ്രപഞ്ചമാകെ തുടിക്കുന്നത് ഭേദമില്ലാത്ത ഒരേയൊരു ജീവനെന്നത് അഭയന് നൈസർഗ്ഗികമായ തിരിച്ചറിവായിരുന്നിരിക്കണം. ചരാചരങ്ങ ളേയും ചേതനാചേതനങ്ങളേയും പക്ഷമില്ലാതെ പ്രേമിക്കുന്നവൻ അമരനാവുന്നു. അങ്ങനെ അഭയൻ അമരനാവുന്നു — മരണമില്ലാ ത്തവൻ.

സാമ്പ്രദായികതയിൽ സ്വയം തളച്ചിടാൻ അഭയൻ ആഗ്രഹിച്ചി ല്ല. ചോദ്യം ചെയ്യപ്പെടേണ്ടവ ചോദ്യം ചെയ്യപ്പെടുക തന്നെ വേണ മെന്ന് അഭയൻ ശഠിച്ചു. ഗതാനുഗതികത്വത്തിന്റെ തടവറ ഭേദിക്കു ന്നവർ അമരന്മാരാവുന്നു. അഭയൻ അമരനാണ് — മരണമില്ലാത്ത വൻ. ആഘോഷങ്ങളല്ല, ആർജ്ജവമാണു യുവത്വത്തിന്റെ ആഭരണ മെന്ന് അഭയൻ വിശ്വസിച്ചു, തെളിയിച്ചു. വിശ്വാസങ്ങളിലെ വിട്ടു വീഴ്ച മരണമാണ്. അഭയൻ ഒത്തുതീർപ്പുകൾക്ക് വഴങ്ങിയില്ല — മരണത്തിലും. അതുകൊണ്ട് അഭയൻ അമരനാണ്– മരണമില്ലാത്ത വൻ.

ശരീരത്തിന്റെ പരിമിതികൾ മറികടക്കുന്നവൻ അമരനാകുന്നു. ജീവിച്ചിരിക്കെ അഭയൻ പരിമിതികൾക്ക് അതീതനായിരുന്നു. അപ രിമേയനായ അഭയൻ അമരനാണ്– മരണമില്ലാത്തവൻ.

മരണമില്ലാത്തവൻ മനസ്സുകളിൽ ജീവിക്കുന്നു; എന്നും ജീവി ക്കുകയും ചെയ്യും. അമരനായ അഭയന് അഭിവാദനം. ■

ഷൈല ഷാജി

# അബു – ഒരോർമ്മ

അബു അമ്മയെ എന്നപോലെയാണ് എന്നെ സ്നേഹിച്ചിരുന്നത്. അത് എടുത്തുപറയേണ്ട ഒരു കാര്യമല്ല. കാരണം എല്ലാ മുതിർന്ന സ്ത്രീകളും അബുവിന് അമ്മമാരായിരുന്നു. ഏതു പ്രായത്തിലുള്ളവരേയും, ഒരു പോലെ, സ്നേഹിക്കാനും, അവരോടു ഇടപെടാനും അഭയനു കഴിഞ്ഞു. അതുപോലെതന്നെ സത്യത്തിന്റെ ഭാഗത്തുനിന്നു സംസാരിക്കാനും കഴിഞ്ഞിരുന്നു. കൂടാതെ ഓരോരുത്തരിലുമുള്ള നന്മകളും കഴിവുകളും കണ്ടെത്താനും അവയെ വളർത്തിയെടുക്കുന്നതിനുള്ള ഇടപെടലുകൾ നടത്താനും അബുവിനു കഴിഞ്ഞു. വായനശാലയുടെയും മറ്റും കീഴിൽ സംഘടിപ്പിക്കുന്ന ഓരോ പരിപാടിയിലും എന്റെ മക്കളെ പങ്കെടുപ്പിക്കേണ്ട വിഷയങ്ങൾ തീരുമാനിച്ച് നിർബന്ധപൂർവ്വം പങ്കെടുപ്പിച്ചിരുന്നത് അബുവായിരുന്നു. മക്കളിൽ ഞങ്ങൾക്കു കണ്ടെത്താൻ കഴിയാതിരുന്ന വാസനകൾ അബുവിനുകണ്ടെത്താൻ കഴിഞ്ഞിരുന്നു. ഹോസ്റ്റലിൽ നിന്നു പഠിക്കുന്നകാലത്ത് അബുവിന് ഇഷ്ടമുള്ള അച്ചാറും മറ്റും ഉണ്ടാക്കി കൊടുത്തുവിടുമായിരുന്നു. വൈകുന്നേരം സുഹൃത്തുക്കളുമായി ഭക്ഷണം കഴിക്കുമ്പോൾ അവർ പറയുന്ന അഭിപ്രായങ്ങൾ കൃത്യസമയത്ത് എന്നെ വിളിച്ച് അറിയിക്കാൻ അവൻ മറന്നില്ല. ഒരു ദിവസം അബു എനിക്ക് സുന്ദരമായ ഒരു സമ്മാനം കൊണ്ടുവന്നു തന്നു. കൂടുതലായൊന്നും എനിക്ക് എഴുതുവാൻ കഴിയില്ല. കാരണം എനിക്ക് എഴുതാൻ കഴിയുന്നതിനെക്കാൾ എത്രയോ ഉയരത്തിലാണ് ഞാൻ അറിയുന്ന എന്റെ അബു. ■

ലക്ഷ്മി പ്രേംകുമാർ

# ഇനി അഭയം

നിനക്കും എനിക്കും
ഇടയിലെ കാലം
ഇത്രമേൽ ക്ഷണികമെങ്കിൽ
നമുക്കിടയിലെ ദൂരം എന്നും
കുറയ്ക്കുമായിരുന്നു നാം.
നിന്റെ വാക്കുകൾ
ഒരു ലോകം വിരിയിച്ചപ്പോൾ,
നിന്റെ സമീപനം
പുതുലോകത്തെ വരച്ചുതന്നപ്പോൾ,
നീ തെളിയിക്കുന്നു
നിനക്കു പകരക്കാരനില്ലെന്ന്.
കാരണം,
നിന്റെ വിരഹം
ബാക്കി വച്ച ശൂന്യത
ഇപ്പോളും ഇവിടെ അനാഥമാണ്.
നീ തന്ന വേദന
ഓർമ്മകളിൽ എന്നും
കനലായി എരിയുന്ന ശേഷിപ്പ്.
ഭയം ഇല്ലാതെ
ഭയക്കാതെ
നീ ഭേദിച്ച ലോകം;
ഇനി അഭയം
നീ ഇല്ലാത്ത ഈ ലോകം... ■

പി. അരുണാദേവി (മോളിയമ്മമ്മ)

# എന്റെ കുഞ്ഞ്

എന്റെ കുഞ്ഞ് ഒരു 'പാവം പയ്യൻ' ആയിരുന്നില്ല. മൂന്നോ നാലോ വയസ്സുള്ളപ്പോൾ ഇറയത്തുകിടന്ന ജ്വല്ലറിയുടെ ഒരു നോട്ടീസെടുത്ത് "ലോക്കൽകമ്മറ്റി പിരിച്ചുവിട്ടു" എന്ന് അക്ഷരമറിയാത്ത അവൻ വായിക്കുന്നതു കേട്ടപ്പോഴേ ഞാനതു മനസ്സിലാക്കി. വാദിച്ചും പ്രതിഷേധിച്ചും ബഹളം വച്ചും പൊട്ടിച്ചിരിച്ചും അബുവിനോടൊപ്പം ചെലവഴിച്ച നിമിഷങ്ങളെല്ലാം സംഭവബഹുലങ്ങളായിരുന്നു.

അവധിക്കാലത്തുമാത്രം കണ്ടുമുട്ടാറുള്ള അബുവും അമ്മാളുവും എന്റെ മക്കളുടെ സഹോദരങ്ങൾ മാത്രമായിരുന്നില്ല, സുഹൃത്തുക്കളുമായിരുന്നു. സ്വതവേ ശാന്തസ്വഭാവക്കാരനായ എന്റെ മകൻ ശങ്കരൻ, സിനിമാതിയേറ്ററിൽ എഴുന്നേറ്റുനിന്ന് കയ്യടിക്കുന്ന, കൂക്കിവിളിക്കുന്ന അനുജനെക്കുറിച്ച് പറഞ്ഞിരുന്നു. അവൻ അനുജനെ ഒരിക്കലും തടഞ്ഞില്ല. മറിച്ച്, അനുജന്റെ ചെയ്തികൾ ഒട്ടൊക്കെ ആസ്വദിക്കുകയാണു ചെയ്തത്. അവർ രണ്ടുപേരും ചേർന്നു നടത്തിയിരുന്ന യാത്രകൾ വളരെ ജീവസ്സുറ്റവയായിരുന്നു. അനിയനും ചേട്ടനും കൂടി എന്തൊക്കെയോ ഭാവിയാത്രാപരിപാടികൾ ആസൂത്രണം ചെയ്തിരുന്നു. പക്ഷെ അപ്രതീക്ഷിതമായി, തിരിച്ചുവരാൻ കഴിയാത്ത വലിയ യാത്രയ്ക്ക് അനുജൻ തയ്യാറായി. 'ഒന്നും പറയാതെ അവൻ പെട്ടെന്ന്

പൊയ്ക്കളഞ്ഞല്ലോ അമ്മേ' എന്ന് ചേട്ടൻ തേങ്ങുന്നു.

ഇങ്ങ് മലപ്പുറത്ത് ഗണിതശാസ്ത്രമേളയ്ക്ക് കുട്ടികളെ തയ്യാറാക്കാൻ എന്നെ സഹായിച്ചിരുന്നത് അബുവാണ്. വേണുമാഷിനെ കാണുന്നതും വിവരങ്ങൾ ശേഖരിക്കുന്നതും അവനായിരുന്നു. യുവജനോത്സവകാലത്ത് അബു തെരഞ്ഞെടുത്തുതരുന്ന നാടകങ്ങളാണ് എന്റെ ഗ്രൂപ്പിലെ കുട്ടികൾ കളിക്കുക. പെട്ടെന്നൊരു സംശയം വന്നാൽ ഞാൻ വിളിക്കാറുള്ളത് 'സാവിത്രി'യിലേക്കാണ്. ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ ലോകത്ത് ഒരാൾക്കുമാത്രമേ എന്നോട് സത്യസന്ധമായ സ്നേഹമുള്ളൂ എന്നു ഞാൻ വിശ്വസിച്ചിരുന്നു. ആ ആൾ എന്റെ ചേട്ടനാണ്. ആ ചേട്ടന്റെ പൊന്നുമോൻ — ഞങ്ങൾ ഒരുപാടു പേർ അവന്റെ അമ്മമാരാണ്. അവന്റെ മനസ്സു മുഴുവവനും സ്നേഹമായിരുന്നു. ഉള്ളും പുറവും ഒരുപോലെ അഭിനയങ്ങളില്ലാതെ, ജാഡകളില്ലാതെ ഞങ്ങളുടെ കുട്ടി ജീവിച്ചു. അവനു പൂർണ്ണവിശ്വാസമുള്ള കാര്യങ്ങൾ മാത്രം ചെയ്തു. ഒരുപാട് ശ്രേയസ്കരങ്ങളായ സ്വപ്നങ്ങൾ കണ്ടു.

അവന്റെ അന്ത്യകർമ്മം നടക്കുമ്പോൾ സുഹൃത്തുക്കൾ ഉറക്കെ പ്രഖ്യാപിച്ചു, 'സഖാവ് അഭയൻ മരിച്ചിട്ടില്ല, ജീവിക്കുന്നു ഞങ്ങളിലൂടെ, ഞങ്ങളിലൊഴുകും ചോരയിലൂടെ...' എന്ന്. അങ്ങനെ വിശ്വസിക്കാനാണ് എനിക്കും ഇഷ്ടം. പക്ഷെ ഒരുപാടു പേർക്ക് താങ്ങും തണലുമായി മാറേണ്ടിയിരുന്ന എന്റെ പൊന്നുമോനേ, നിനക്കു തരാനുള്ള ഉമ്മകൾ എന്റെ ചുണ്ടിലും മനസ്സിലും ഇരുന്നു വിങ്ങുകയാണല്ലോ... ■

എമ്മാർജി

# അഭയസ്മരണകൾ

ലൈബ്രറി കൗൺസിലിന്റെ ബാലപ്രതിഭാസംഗമവേദിയിൽ വച്ചാണ് അഭയനെ ആദ്യം പരിചയപ്പെടുന്നത്. ജില്ലാതലമത്സര ഇനങ്ങളിൽ വർഷങ്ങളായി ക്വിസ് മാസ്റ്ററുടെ ചുമതല എനിക്കായിരുന്നു. ആദ്യമൊക്കെ യു.പി. വിഭാഗത്തിലും പിന്നീട് ഹൈസ്കൂൾ വിഭാഗത്തിലും സമ്മാനങ്ങൾ പിടിച്ചെടുത്ത ഈ മിടുക്കൻ ആരെന്നറിയാൻ കൗതുകമുണ്ടായി. കൂടാതെ മറ്റെങ്ങും കേട്ടിട്ടില്ലാത്ത 'അഭയൻ' എന്ന പേരും പ്രത്യേകം ശ്രദ്ധാർഹമായി. അങ്ങനെയാണ് പ്രിയകവി പി.  മധുവിന്റെ മകനാണ് ഈ കുട്ടിയെന്നറിയുന്നത്. കൂടുതൽ അറിഞ്ഞപ്പോൾ  അധ്യാപകസംഘടനാരംഗത്ത് ദേവികുളത്ത് വച്ച് എന്റെ ഗുരുനാഥനായിരുന്ന ആളുറുമ്പിൽ രാമകൃഷ്ണൻനായർസാറിന്റെ കൊച്ചുമകനാണെന്നും മനസ്സിലായി. അഭയന്റെ മിടുക്കിയായ അനിയത്തിക്കുട്ടി  അവനിയേയും ഇതേ വേദിയിൽ പരിചയപ്പെട്ടു. കാഞ്ഞിരപ്പള്ളി താലൂക്കുലൈബ്രറി കൗൺസിൽ ബാലപ്രതിഭാസംഗമങ്ങളിൽ മത്സരാർത്ഥിയായി മാത്രമല്ല, സംഘാടകർക്കിടയിൽ സമർത്ഥമായ ഇടപെടൽശേഷി കൊണ്ടും അഭയൻ മുന്നിട്ടുനിന്നു.

അങ്ങനെയിരിക്കെയാണ് 2004-2005 കാലഘട്ടത്തിൽ സർവ്വീ

സിൽ നിന്നു വിരമിച്ച് പൊൻകുന്നം കാബിനറ്റ് ചാനലിൽ ന്യൂസ് എഡിറ്ററായി പ്രവർത്തിക്കാൻ നിയോഗമുണ്ടായത്. അവിടെ രൂപീവത്കരിച്ച ക്യാബിനറ്റ്ബാലവേദിപ്രവർത്തനകാലത്ത് കലാകാരനായും സംഘാടകനായും അഭയന്റെ മികവ് നിറഞ്ഞുനിന്നു. ബാലവേദിയുടെ സെക്രട്ടറി ആരായിരിക്കണമെന്ന ആലോചനയിൽ ഞങ്ങൾക്കെല്ലാം അഭയന്റെ പേരാണ് പ്രഥമപരിഗണനയിലെത്തിയത്. ജില്ലയുടെ പല ഭാഗങ്ങളിൽ നടന്ന ബാലവേദിക്യാമ്പുകൾക്ക് മുതിർന്നവർക്കൊപ്പം അവരിലൊരാളായി നേതൃത്വം നൽകാൻ തക്കവിധം അഭയൻ വളർന്ന നാളുകൾ.

പ്രശസ്തസംഗീതജ്ഞൻ വി.കെ. ശശിധരൻ (വി.കെ.എസ്.) നേതൃത്വം നൽകിയ സംഗീത, കാവ്യാലാപന കളരിയിലും തുടർന്നു നടന്ന പ്രഭാഷണപരിശീലനം, അഭിനയപരിശീലനം, കഥാപ്രസംഗം, നൃത്തനൃത്യങ്ങൾ എന്നീ പരിശീലനവേളകളിലും, ചിറക്കടവിലും പൊൻകുന്നത്തും ചെറുവള്ളിയിലും പാമ്പാടിയിലും കൂരോപ്പടയിലുമൊക്കെയായി അരങ്ങേറിയ ബാലവേദി പ്രോഗ്രാമുകളുടെ റെക്കാർഡിംഗ് വേളയിലും എനിക്കും ശ്രീകുമാറിനും അനിലിനും അജിത് ചെറുവള്ളിക്കും മറ്റു കാബിനറ്റ് ചാനൽ സംഘാടകർക്കുമൊപ്പം, പലപ്പോഴും ഞങ്ങളേക്കാൾ ജാഗ്രതയോടെ ഇടപെടുന്ന കലാകാരനും സംഘാടകനുമായ അഭയൻ ഇത്രവേഗം സ്വദേശത്തേക്കു മടങ്ങുമെന്ന് ഞങ്ങളാരും സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല.

സ്വന്തം വീട്ടുമുറ്റത്തു വിപുലമായ സൗകര്യങ്ങളോടെ ജനകീയ വായനശാല സ്ഥാപിച്ചുവളർത്തിയ മധുസാർ അറിഞ്ഞുകൊണ്ടല്ലാതെ അഭയനുവേണ്ടി നിത്യസ്മാരകമൊരുക്കുകയായിരുന്നില്ലേ? നിയതിയുടെ നിയമങ്ങൾ അലംഘനീയം തന്നെ.

ജനകീയവായനശാല വളർത്തിയ കുട്ടി ഒടുവിലൊടുവിൽ വായനശാലയുടെ മുഖ്യസാരഥിയായി വളരുകയായിരുന്നു. സാംസ്കാരസമ്പന്നരായ നൂറു കണക്കിനു കൂട്ടുകാരുടെ നേതാവായി ആരബ്ധയൗവ്വനനായ അഭയൻ സകലകലാവല്ലഭനായി നിറഞ്ഞുനില്ക്കുന്നതു കാണുമ്പോൾ പ്രപഞ്ചശക്തികൾക്ക് അസൂയ തോന്നിക്കാണും.

ഒടുവിൽ മദിരാശി സർവ്വകലാശാലയിൽ പത്രപ്രവർത്തനത്തിന്റെയും സാമൂഹികശാസ്ത്രത്തിന്റെയും ഉയർന്ന പാഠങ്ങൾ പഠിക്കുന്ന ബിരുദാനന്തരബിരുദവിദ്യാർത്ഥിയായി, ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നുള്ള സർഗ്ഗധനരായ യുവാക്കൾക്ക് സുഹൃത്തും വഴികാട്ടിയുമായി, ജ്വലിച്ചു നിൽക്കുമ്പോഴായിരുന്നു മടക്കയാത്ര. പിതൃപൈതാമഹസംപ്രാപ്തമായ സംസ്കാരവും ആഭിജാത്യവും സംഘാടനചാതുരിയും സർവ്വോപരി മനുഷ്യസ്നേഹവും യുവത്വത്തിന്റെ ശക്തിയും സൗന്ദര്യവും നിറഞ്ഞുനില്ക്കുന്ന നിമിഷങ്ങളിലാണ് ആ ജൈത്രയാത്രയ്ക്ക് വിരാമമാകുന്നത്.

കുട്ടിത്തം മാറി അത്രയ്ക്കങ്ങുയുവാവാകും മുമ്പ് നമ്മെയെല്ലാം കൊതിപ്പിച്ചിട്ട്, കരയിച്ചു കടന്നുപോയ പ്രിയപ്പെട്ടവനെക്കുറിച്ച് എത്രയെത്ര സ്നേഹസ്മരണകൾ... ■

# അഭയൻ ഓർമ്മയാകുമ്പോൾ...

**പാട്ടുപാറ (പൊൻകുന്നം):** കവി പി.മധുവിൻെറ മകൻ അഭയൻെറ വേർപാട് വിശ്വസിക്കാനാവാതെ തേങ്ങുകയാണ് പൊൻകുന്നവും പാട്ടുപാറ പ്രദേശങ്ങളും. സാധാരണക്കാരന് അറിവിൻെറ വെള്ളിവെളിച്ചം പകരാൻ വർഷങ്ങൾക്കു മുമ്പ് സ്ഥാപിതമായ 'ജനകീയ വായനശാല'യാവട്ടെ തൻെറ അമരക്കാരൻെറ മകൻെറ മരണമറിഞ്ഞ് എത്തുന്ന ജനസഞ്ചയത്തിന് മുമ്പിൽ മൂകസാക്ഷിയായി വിറങ്ങലിച്ചുനിൽക്കുകയാണ്.

തിങ്കളാഴ്ച ഉച്ചയോടെയായിരുന്നു കാര്യങ്ങളെല്ലാം തകിടംമറിഞ്ഞത്. പനിമൂലം കുറെ ദിവസമായി അവശനായിരുന്നു. ഉച്ചയ്ക്ക് അൽപ്പം കഞ്ഞി കുടിക്കാൻ പറ്റി. പക്ഷേ, അതിനുശേഷം ശ്വാസം മുട്ടൽ തോന്നിയതോടെ ആസ്പത്രിയിലേക്ക് കൊണ്ടുപോകുകയായിരുന്നു. പൊൻകുന്നം ശാന്തി ഹോസ്പിറ്റലിലെത്തിയപ്പോഴേക്കും കൂടുതൽ തളർച്ചയിലായ അഭയന് ഓക്സിജൻ നൽകാൻ ശ്രമിച്ചെങ്കിലും അപ്പോഴേക്കും ആ ഇരുപത്തിരണ്ടുകാരൻ വിടപറഞ്ഞിരുന്നു.



അഭയൻ

താൻ ജീവിച്ചകാലമത്രയും സമൂഹത്തിൽ അതത് കാലങ്ങളിലുണ്ടാകുന്ന തിന്മകൾക്കെതിരെയും അപചയങ്ങൾക്കെതിരെയും നാടകങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും അഭയൻ ശബ്ദമുയർത്തിയിരുന്നു. കൂടുതലും സംവിധായകൻെറ റോളിലായിരുന്നു തിളങ്ങിയത്.

'പ്ലസ്വണ്ണിന് പഠിക്കുമ്പോൾ ചിക്കൻഗുനിയക്കെതിരെ സമൂഹത്തെ ബോധവത്കരിക്കാൻ അഭയൻ തൻെറ നാടകത്തിലൂടെ ശ്രമിച്ചിരുന്നു. പ്ലസ്ടുവിന് പഠിക്കുമ്പോൾ ബാലവേലക്കെതിരെയും നാടകം സംവിധാനം ചെയ്യാൻ അഭയന് കഴിഞ്ഞു.'

പനമറ്റം ഗവ. ഹയർസെക്കൻഡറി സ്കൂളിൽ ഒപ്പം പഠിച്ചിരുന്ന ഉറ്റസുഹൃത്ത് പാട്ടുപാറ പ്ലാത്തോട്ടത്തിൽ ദീപക് പറഞ്ഞു.

ഒപ്പം പഠിച്ചിരുന്ന സന്തോഷിനും വിഷ്ണുവിനും അമ്പാടിക്കും മുന്നിൽ നാടകത്തിൻെറ ഭാവതലരഹസ്യങ്ങൾ പറഞ്ഞുതരാൻ ഇനി അഭയനില്ല. പ്രസംഗകനായും ഉപന്യാസ രചയിതാവായും കഥാപ്രസംഗകനായും ചെറുപ്പകാലം മുതൽ അഭയൻ ശ്രദ്ധപിടിച്ചുപറ്റിയിരുന്നു. ഏഴാം ക്ലാസ്സിൽ പൊൻകുന്നം എസ്.ഡി.യു.പി.സ്കൂളിൽ പഠിക്കുമ്പോൾ അഭയനും കൂട്ടുകാരും ചേർന്ന് നിർമ്മിച്ച കാട്ടാളൻെറ ദുഷ്ചെയ്തികൾ തുറന്നുകാട്ടിയ നാടകം കുട്ടികൾക്കിടയിലും മുതിർന്നവർക്കിടയിലും അന്ന് ശ്രദ്ധപിടിച്ചുപറ്റിയതായി ദീപക് കൂട്ടിച്ചേർത്തു.

*2013 മെയ് 28 – ന്*
*'മാതൃഭൂമി' ദിനപത്രത്തിൽ വന്ന*
*അനുസ്മരണക്കുറിപ്പ്.*



വി.എം. തങ്കച്ചൻ

# "ഞാനാണ് ക്രിസ്തുമസ് പപ്പാ"

എനിക്കും ഒരു നാടിനാകെയും – എന്നുവേണ്ട അഭയൻ ഒരു തവണയെങ്കിലും ഇടപഴകിയിട്ടുള്ള ആബാലവൃദ്ധം ജനങ്ങൾക്കും — ഏറെ വേദന ഉളവാക്കിയ ഒരു ദിനമായിരുന്നു 2013 മെയ് 27. ആ ഒരു ദിനം ഇല്ലായിരുന്നുവെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചുപോകുന്നു.

അഭയൻ വേർപാടിനു അരമണിക്കൂർ മുൻപ് എന്നോടുസംസാരിച്ചിരുന്നു. അതൊരു വേർപാടിന്റെ ധ്വനിയായിരുന്നു എന്നു ഞാൻ കരുതിയിരുന്നില്ല. എളുപ്പത്തിൽ ഉടയുന്ന ഭരണിയാണല്ലോ സമയം. അത് സാഹചര്യങ്ങളിൽ നിരന്തരം തകർന്നുചിതറുന്നു. എല്ലാം തകർന്ന നിമിഷം. നാടിനെയാകെ ദുഃഖത്തിലാഴ്ത്തി കടന്നുപോയ നിമിഷം! യാഥാർത്ഥ്യമാണെന്നു ഞാനിപ്പോഴും വിശ്വസിക്കുന്നില്ല. എനിക്കു വിശ്വസിക്കുവാൻ കഴിയുന്നില്ലൊരിക്കലും.

ജഗദീശ്വരൻ സ്വർഗ്ഗത്തിലെ പൂങ്കാവനത്തിലുല്ലസിക്കുവാൻ കൂടെ കൂട്ടിയോ അഭയനെ? അതിനിത്രയും തിടുക്കമാകണമായിരുന്നോ?

"കതിരവകരവും തൊടാതെ മുറ്റ-
ത്തതിഗുണമാർന്നു വളർന്നിടുന്ന മുല്ലേ

പ്രതിദിനമണയുന്നു നിന്റെ പുഷ്പോദ്-
ഗതിദിശ കണ്ടു മുരണ്ടു വണ്ടിനങ്ങൾ".

ഭവ്യതയോടെ, തന്നിൽ മുതിർന്നവരോടാരോടും (ഭിക്ഷാടക രോടുപോലും) വളരെ ബഹുമാനത്തോടെ, സ്നേഹത്തോടെ, അഭിസംബോധന ചെയ്യുമായിരുന്ന ഒരാളായിരുന്നു അഭയൻ.

ആരെയാണ് അദ്ദേഹത്തിന്റെ മാതൃകാജീവിതശൈലി അത്ഭുത പ്പെടുത്താത്തത്! രാഷ്ട്രീയസാമൂഹികജീവിതത്തിലും മറ്റെല്ലാ കാര്യത്തിലും സുഹൃത്തുക്കൾക്കും നാട്ടുകാർക്കും ഒരു വഴികാട്ടി യായിരുന്നില്ലേ അഭയൻ? എല്ലാവരേയും നല്ലവരായി മാത്രം കാണുവാൻ ആഗ്രഹിച്ചിരുന്ന ഒരു മഹാവ്യക്തിത്വത്തിനുടമയെ യാണ് ഈ നാടിനു എന്നെന്നേക്കുമായി നഷ്ടമായത്.

ക്രിസ്തുവിന്റെ വരവിന്റെ സന്ദേശമറിയിച്ചു കരോൾഗാനങ്ങളു മായി വീടുവീടാന്തരം കയറിയിറങ്ങുമ്പോൾ പപ്പായുടെ വേഷമ ണിഞ്ഞ അഭയൻ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. ഒരു വീട്ടിലെ പാട്ടു കഴിഞ്ഞ് അടുത്ത വീട്ടിലേക്കു പോകുംമുൻപ് മുഖംമൂടി എടുത്ത് 'ഞാനാണു ക്രിസ്തുമസ് പപ്പാ' എന്ന് വീട്ടുകാരെ നർമ്മ രസത്തോടെ ബോദ്ധ്യപ്പെടുത്തുന്നതു ഞാനിപ്പോഴും ഓർക്കുന്നു.

തമ്മിൽ കാണുമ്പോഴൊക്കെ വളരെ കഴമ്പുള്ള രാഷ്ട്രീയകാര്യ ങ്ങൾ ഞങ്ങൾ ചർച്ച ചെയ്യുമായിരുന്നു.

ജേർണലിസവിദ്യാഭ്യാസത്തിന്റെ ഭാഗമായി കോട്ടയത്ത് 'ദേശാ ഭിമാനി'യിൽ പ്രാക്ടീസു ചെയ്യുമ്പോൾ വളരെ പ്രാധാന്യമുള്ള വിഷയങ്ങളെടുത്തു വാർത്ത റിപ്പോർട്ടു ചെയ്യുവാൻ പത്രമാഫീ സിൽ നിന്ന് ഏൽപിച്ച കാര്യങ്ങൾ എന്നോടുപറയുമായിരുന്നു. ഞാനപ്പോൾ പറയും, "അഭയൻ വലിയ ആളാകും. അപ്പോൾ ഞങ്ങളെയൊക്കെ മറക്കരുത്." 'അഭയനെപ്പോഴും ഈ അഭയൻ തന്നെയാണ്' എന്നാണ് അതിന്റെ മറുപടി അദ്ദേഹം പറയുക.

സമയം ആർക്കുവേണ്ടിയും വഴിമാറുന്നില്ലല്ലോ. നമ്മൾ സമയ ത്തിനു വേണ്ടി വഴിമാറുന്നു. അങ്ങനെയേ ഈ വേർപാടിനെ കാണാനാകൂ എന്നാശ്വസിക്കാം നമുക്ക്.

കൊയ്ത്തു കഴിഞ്ഞ പാടത്തേക്കു നോക്കുന്ന പ്രതീതിയാണ് റോഡിൽ നിന്നു വായനശാലയിലേക്കും മറ്റും നോക്കുമ്പോൾ എന്റെ മനസ്സിൽ ഉദിക്കുന്നത്.

"എന്നുവരും പൊൻതേജസ്സേ,
നയനങ്ങൾ ചിമ്മാതെ കാത്തിരിക്കുന്നു ഞാൻ.
എൻ മനം വെമ്പൽ കൊള്ളുന്നു നിൻ-
സ്നേഹമാം ആഴിയിൽ മുങ്ങിത്തുടിക്കുവാൻ.
കാതുകൾ കൂർപ്പിച്ചു നിൻ മൊഴികൾ കേൾക്കുവാൻ
കാത്തിരിക്കുന്നു ഞാൻ പ്രത്യാശയോടെ." ■

എം.ആർ. രമണി

# നിനക്കു മരണമില്ല

മകനേ...
പൊന്മകനേ...
നീയെങ്ങുപോയൊളിച്ചുവോ...?
വിടരാൻ വിതുമ്പുന്ന പനിനീർമലരുപോൽ-
വിടരാതെ വിടവാങ്ങിയെന്തേ മറഞ്ഞുപോയ്...?

പുഞ്ചിരി അടരാത്ത നിന്മുഖം കാണാൻ അന്നാ-
സന്തതസഹപാഠികളെത്തിയതോർമ്മിപ്പൂ ഞാൻ.
ഏവരും വിങ്ങുന്ന മനസ്സും തനുവുമായ്
ഓമനേ, നിനക്കായി കണ്ണുനീരർപ്പിച്ചവർ;
ഓമനേ, തിലോദകം കണ്ണീരാലർപ്പിച്ചവർ.

സർവ്വസൗഖ്യവുമൊന്നിച്ചാർക്കുമേ വിധി നൽകാ-
മന്നിതിൽ പരക്കെയും പറയും പരമാർത്ഥം.
നിന്നുടെ കാര്യത്തിലും സംഭവിച്ചതു തന്നെ-
യൊന്നുമേ സഹിക്കുവാൻ കഴിയാ നാടും വീടും.

ഏവർക്കും തുണയായിട്ടേവർക്കും സുഹൃത്തായി
നാടിന്റെ വെളിച്ചമായ് വളർന്നു വാനോളവും
ഇല്ല നീ മരിക്കില്ല, പുല്ലിലും പൂമൊട്ടിലും
നിന്നുടെയടയാളം കോറി നീ കടന്നുപോയ്!
അങ്ങു ചക്രവാളത്തിൽ മാരിവിൽവർണ്ണങ്ങളിൽ
മിന്നിടും പ്രകാശമായ് മകനേ, നീ ജീവിക്കുന്നു;
ഇല്ല, നീ മരിക്കില്ല, ജനമാനസങ്ങളിൽ
വർണ്ണരേണുക്കൾ തൂകി അഭയൻ ചിരിക്കുന്നു. ■

Achuth H.

# ... Until the Day Comes We're Together Again

A limb has fallen from the family tree
I keep hearing a voice that says, "Grieve not for me.
Remember the best times, the laughter, the song
The good life I lived while I was strong.
Continue my heritage, I'm counting on you.
Keep smiling and surely the sun will shine through.
My mind is at ease, my soul is at rest,
Remembering all, how I truly was blessed.
Continue traditions, no matter how small.
Go on with your life, don't worry about falls;
I miss you all dearly, so keep up your chin,
Until the day comes we're together again." ■

വിഷ്ണു ദയാൽ

# തലക്കെട്ടില്ലാതെ...

ഒരു കഥയോ ജീവചരിത്രമോ ലേഖനമോ അല്ല എനിക്കു പറയുവാനും എഴുതുവാനുമുള്ളത്. എന്റെ ജീവിതത്തിലെ ഒരു നല്ല സുഹൃദ്ബന്ധത്തിന്റെ, സ്നേഹബന്ധത്തിന്റെ, കുറേ നല്ല നിമിഷങ്ങളും അതോടൊപ്പം മറക്കാനാവാത്ത അനുഭവങ്ങളും നിറഞ്ഞ കുറച്ചുകാര്യങ്ങൾ മാത്രമാണ്. അതുകൊണ്ടുതന്നെയാവാം ഇതിനൊരു തലക്കെട്ട് ആവശ്യമില്ലെന്ന് എനിക്കു തോന്നിയതും. എഴുതുമ്പോൾ മനസ്സിൽ മായാതെ കിടക്കുന്ന, ഒരുപാടുസന്തോഷം തോന്നിയ അനുഭവങ്ങളുണ്ട്; മനസ്സിനെ മുള്ളുകൊണ്ട് കുത്തിനോവിച്ച, മരവിച്ച കാലത്തിന്റെ ചില വികൃതികളുണ്ട്; ആയിരം സന്തോഷനിമിഷങ്ങളെ തച്ചുതകർക്കാൻ ശേഷിയുള്ള വേദനയുടെ കൂർത്ത മുൾമുനയുണ്ട്. ആ മുൾമുനകൊണ്ട് എല്ലാവരുടെയും മനസിൽ വേദനയുണ്ടാക്കി എങ്ങോ പറന്നകന്ന ഒരു കൂട്ടുകാരനുണ്ട്. ജീവിതയാത്രയിൽ കടന്നുപോയ കുറേ മുഖങ്ങളിൽ ഒരിക്കലും മറക്കാനാവാത്ത ഒരു മുഖം - അത് അവന്റെ മുഖമാണ് — അഭയന്റെ.

ചില സമയങ്ങളിൽ നമ്മുടെയൊക്കെ മനസ്സിൽ ഓരോരോ വ്യക്തികളെപ്പറ്റി നമ്മൾ ചിന്തിക്കാറുണ്ട്. അങ്ങനെ ചിന്തിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ അയാളുണ്ടാക്കിയ സന്തോഷവും സങ്കടവും നിറഞ്ഞ നിമിഷങ്ങൾ ഓടിയെത്തും. ഈ കാലത്ത് സന്തോഷത്തിന്റെ നാളുകളിൽ കൂടെ നിൽക്കുന്നതുപോലെതന്നെ സങ്കടങ്ങളിലും നമുക്കൊപ്പം നിൽക്കുന്നവർ ചുരുക്കമാണ്. പക്ഷേ എന്റെ മനസ്സിൽ ഞാൻ ഇപ്പോൾ ചിന്തിക്കുന്ന കൂട്ടുകാരൻ എന്തിനും എന്നും എല്ലാവരുടേയും ഒപ്പമുണ്ടായിരുന്നു. എനിക്ക് കുട്ടിക്കാലം മുതലേ നന്നായി അറിയാവുന്ന ഒരുവനായിരുന്നു അഭയൻ. 5-ാം ക്ലാസ്സിൽ എസ്.ഡി.യു.പി സ്കൂളിൽ പഠിക്കുന്ന കാലത്താണ് അഭയനുമായി പരിചയപ്പെട്ടുതുടങ്ങിയത്. അന്ന് അവൻ 3-ാം ക്ലാസ്സിലാണു പഠിക്കുന്നത്. അവനുമായി കൂടുതൽ അടുക്കുന്നതും പരിചയപ്പെടുന്നതും അവന്റെ അമ്മയായ, എന്റെ ടീച്ചറായ, മീനടീച്ചർ വഴിയാണ്. ആ കാലത്ത് ഒരു വായനശാലയുടെ അഭാവം ഞങ്ങളുടെ നാട്ടിൽ ഉണ്ടായിരുന്നു. എന്നാൽ അഭയന്റെ അച്ഛനായ മധുച്ചേട്ടൻ ഒരു വലിയ പുസ്തകശേഖരം തന്നെ അദ്ദേഹത്തിന്റെ തറവാട്ടുവീട്ടിൽ ഉണ്ടാക്കിയിട്ടുണ്ടായിരുന്നു. ഒരു കൊച്ചുവായനശാലയെന്നു തോന്നിക്കും വിധമുള്ള അവിടെ ഒരു കൊച്ചു സംഘവും ഉണ്ടായിരുന്നു — 'വായനക്കളരി' എന്നു പേരുള്ള ഒരു കൊച്ചുസംഘം. ആ കാലത്ത് മീനടീച്ചർ എന്നെയും കൊണ്ട്

അവിടെ പോകുകയും, പുസ്തകങ്ങൾ വായിക്കാൻ തരുകയും ചെയ്യും. ഒരു വീടായതുകൊണ്ടുതന്നെ ചില പരിമിതികളുണ്ടായതിനാൽ തിരക്കു വർദ്ധിച്ചപ്പോൾ ഞങ്ങൾക്കെല്ലാവർക്കും പൊൻകുന്നം പബ്ലിക് ലൈബ്രറിയിൽ അംഗത്വം എടുത്തുതന്നത് ടീച്ചറും മധുച്ചേട്ടനുമായിരിന്നു. പക്ഷേ ആ പ്രായത്തിൽ ഞങ്ങൾക്ക് ടൗൺപ്രദേശത്തുള്ള പബ്ലിക് ലൈബ്രറിയിലേക്കു പോകാൻ താല്പര്യം ഉണ്ടായിരുന്നില്ല. അപ്പോഴൊക്കെ ആ തറവാടിനു മുമ്പിലെ മുറ്റത്ത് ഞങ്ങളുടെ കൈ പിടിച്ച് ഓടിക്കളിക്കാൻ ഒരു അനുജനായി അഭയൻ ഒപ്പമുണ്ടായിരുന്നു; അവന്റെ അനുജത്തി അമ്മാളുവും. സ്കൂൾതല എക്സിബിഷനുകളിലും ഗണിതശാസ്ത്രമേളകളിലുമെല്ലാം ഞങ്ങളെയെല്ലാം കൊണ്ടുപോകുന്നതും ആവശ്യമായ സഹായങ്ങൾ ചെയ്തുതരുന്നതും മീനടീച്ചറായിരുന്നു. അഭയനും ഞങ്ങൾക്കൊപ്പം എല്ലാ മത്സരങ്ങളിലുമുണ്ടായിരുന്നു. പിന്നീട് ഞാൻ ഹൈസ്കൂൾപഠനത്തിനായി ചിറക്കടവ് എസ്.ആർ.വി. എന്ന സ്കൂളിലേക്കു മാറി. ആ സ്കൂളിൽ ചേർന്നതും അഭയന്റെ അച്ഛന്റെയും അമ്മയുടെയും നിർദ്ദേശപ്രകാരം തന്നെയായിരുന്നു.

നാളുകൾ കടന്നുപോയി. ഹൈസ്കൂൾപഠനത്തിനായി അഭയനും എസ്.ആർ.വി.യിൽ എത്തി. ആ സമയത്ത് അഭയനും അവന്റെ അച്ഛനും അമ്മയും അനുജത്തിയും തറവാട്ടിൽ നിന്നു മാറി ഇപ്പോഴത്തെ 'സാവിത്രി' എന്ന വീട്ടിലേക്ക് താമസമാക്കിയിരുന്നു. ഇവർക്കൊപ്പം ആ കൊച്ചുവായനക്കളരിയും 'സാവിത്രി'യിലേക്കുവന്നു. വായനക്കളരി ഒരു വായനശാലയാക്കി തീർക്കുവാൻ ഞങ്ങളുടെ ബാബുച്ചേട്ടനും കുറെ നല്ലവരായ നാട്ടുകാരും മധുച്ചേട്ടനുമൊക്കെ കൂടി തീരുമാനിക്കുന്നതും ആ കാലത്തു തന്നെയായിരുന്നു. താമസിയാതെ തന്നെ ഏതാണ്ട് മൂന്നു വർഷത്തിനു ശേഷം — എല്ലാവരുടേയും കഠിനപ്രയത്നം കൊണ്ട് വായനശാല എന്ന സ്വപ്നം സാക്ഷാത്കരിച്ചു. ആ സ്വപ്നമാണ് ഇന്നത്തെ 'ജനകീയവായനശാല'. വായനശാലയുടെ ബാലവേദികമ്മറ്റിയിലെ പ്രധാനനേതാക്കന്മാരായിരുന്നു ഞാനും അഖിലും അഭയനുമൊക്കെ. യുവകലാകായികവേദിയിലെ രാഹുലിനും സുമേഷ്ചേട്ടനും കണ്ണനും ഞങ്ങൾക്കുമെല്ലാം അവൻ ഒരു കൊച്ചനുജനായിരുന്നു.

ജനകീയവായനശാലയുടെ ബാലവേദിയുടെ പരിപാടികളിലെ ഒരു അവിഭാജ്യഘടകമായിരുന്നു അഭയൻ. എല്ലാ കാര്യങ്ങളെപ്പറ്റിയുമുള്ള അറിവ് അവൻ അന്നു മുതലേ കൈവരിച്ചു തുടങ്ങിയിരുന്നു. വായനശാലയുടെ ആഭിമുഖ്യത്തിൽ ഒരുപാട് നല്ല പരിപാടികൾ സംഘടിപ്പിക്കാൻ തുടങ്ങി. വേനൽകളരികളും നാടകക്കളരികളും കയ്യെഴുത്തുമാസികയും — അങ്ങനെ നല്ല നല്ല പരിപാടികൾ. കയ്യെഴുത്തുമാസികയുടെ പ്രവർത്തനം സജീവമായി തുടങ്ങിയ സമയത്ത് അഭയന്റെ കവിതകളും കഥകളും ലേഖനങ്ങളും അവൻ കയ്യെഴുത്തുമാസികയിൽ പ്രസിദ്ധീകരിക്കാൻ നൽകി. അവന്റെ കൃതികളെല്ലാം നന്നായിരുന്നുവെങ്കിലും കയ്യക്ഷരം അത്ര നന്നല്ലാത്തതുകൊണ്ട് ഞാനും അഖിലും അമ്മാളുവിന്റെ കൂട്ടുകാരി ഐശ്വര്യയുമൊക്കെയാണ് അതുപകർത്തിയെഴുതിയിരുന്നത്. കൈപ്പട നന്നല്ലായെന്നു പറഞ്ഞ് അവനെ ഞങ്ങൾ കളിയാക്കി ശുണ്ഠിപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾജീവിതത്തിലും അവന് അപ്പോൾ സജീവമായ പങ്ക് ഉണ്ടായിരുന്നു. അപ്പോഴാണ് സ്കൂൾകലോത്സവവേദികളിൽ അവൻ തിളങ്ങിയത്. കലോത്സവത്തിന്റെ ഭാഗമായി ഞങ്ങൾ സ്വന്തമായി ഒരു നാടകം അണിയിച്ചൊരുക്കി. ആ നാടകത്തിൽ അവൻ തകർത്തഭിനയിച്ചു. അന്നാണ് അവന്റെയുള്ളിലെ അഭിനേതാവിനെ ഞങ്ങൾ മനസ്സിലാക്കുന്നത്. സ്കൂൾമത്സരങ്ങളിൽ അവൻ എന്നും ഒരു താരം തന്നെയായിരുന്നു. അതിനു ശേഷം ഉപജില്ലാകലോത്സവത്തിൽ ഞങ്ങൾ അവതരിപ്പിച്ച നാടകത്തിലും അവൻ തിളങ്ങി. കലോത്സവത്തിൽ മികച്ച അഭിനേതാവിനുള്ള പുരസ്കാരവും അവനു തന്നെയായിരുന്നു. സ്കൂളിനും ഞങ്ങൾക്കുമെല്ലാം അഭിമാനകരമായ ഒരു നേട്ടമായിരുന്നു അവന്റെ പുരസ്കാരം. ആ വർഷം സ്കൂളിന് ഓവറോൾ ചാമ്പ്യൻഷിപ്പു

നേടിയെടുത്തതിൽ അഭയന്റെ പങ്ക് വളരെ വലുതായിരുന്നു. എല്ലാ രംഗങ്ങളിലും ഒരു പ്രതിഭയാകാൻ അവനുള്ള കഴിവിനെ അസൂയ യോടെ നോക്കിനിന്നവർ ഏറെയാണ്. പക്ഷേ ആ കൊച്ചുതടിയന് കായികരംഗത്തുശോഭിക്കാൻ സാധിക്കാത്തത് അവർക്കൊക്കെ ആ ശ്വസിക്കാനുള്ള വകയായി തീർന്നുകാണും.

വായനശാലയിൽ വേനൽകളരികളുടെ ഭാഗമായി ശാസ്ത്രസാ ഹിത്യപരിഷത്തിന്റെ ആഭിമുഖ്യത്തിലുള്ള ചില പരിപാടികൾ നടത്തുകയുണ്ടായി. അതിനുശേഷം ഞങ്ങൾ പരിഷത്തിന്റെ ഒരു യൂണിറ്റ് നാട്ടിൽ രൂപവത്കരിക്കുകയും ചെയ്തു. വായനശാലയുടെ പഴയ ആ ബാലവേദികമ്മിറ്റിയിലെ അംഗങ്ങൾ ആയിരുന്നു പരിഷ ത്തിന്റെ കമ്മറ്റിയിലെ അംഗങ്ങളിൽ കൂടുതലും. പരിഷത്തിന്റെ എല്ലാ ക്യാംപയിനുകളിലും അവൻ ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. അവൻ ധാരാളം പുസ്തകങ്ങൾ വായിക്കുമായിരുന്നു. വായനശീലം അവന്റെ വാക്കുകളിലും അക്ഷരങ്ങളിലും അറിവിന്റെ തിളക്കം നൽകുന്നതിന് കാരണമായി.

ഉപരിപഠനത്തിനായി ഞാൻ മറ്റൊരു സ്കൂളിലേക്കു മാറിയെ ങ്കിലും വായനശാലയുടെ പ്രവർത്തനങ്ങളിലൂടെ ഞങ്ങൾ എപ്പോഴും ഇടപെടുന്നുണ്ടായിരുന്നു. കേരളപ്പിറവിദിനത്തിൽ പഞ്ചാ യത്തിന്റെ നേതൃത്വത്തിലുള്ള കലാ–കായിക മത്സരങ്ങളിൽ അവന്റെ പങ്ക് വളരെ വലുതായിരുന്നു. വാർഡുകൾ തമ്മിലുള്ള വാശിയേറിയ മത്സരങ്ങളിൽ ജനകീയവായനശാലയുടെ പ്രതിനിധിയായി അവൻ സമ്മാനങ്ങൾ വാരിക്കൂട്ടി. സ്വാഭാവികമായും ഇങ്ങനെയുള്ള വാശി യേറിയ മത്സരവേദികളിൽ കണ്ടുവരുന്ന ചില തർക്കങ്ങളിലും ഒന്നാംസ്ഥാനം നേടാൻ അവൻ പരിശ്രമിച്ചിരിക്കുന്നു. വാക്സാ മർത്ഥ്യം കൊണ്ട് ഒരാളെ കീഴ്പ്പെടുത്താൻ അവനുള്ള കഴിവിനെ സമ്മതിച്ചുകൊടുക്കേണ്ടതു തന്നെയാണ്. രണ്ടു വർഷത്തെ പ്ലസ്ടു പഠനത്തിനു ശേഷം, ബിരുദത്തിനു പോകാനുള്ള സമയമായപ്പോ ഴേക്കും അവൻ വിദ്യാർത്ഥിസംഘടനകളിൽ സജീവമായി പ്രവർത്തിച്ച് പക്വതയുള്ള ഒരു കുട്ടിനേതാവായിക്കഴിഞ്ഞിരുന്നു. അവന്റെ വാക്സാമർത്ഥ്യവും പ്രസംഗമത്സരങ്ങളിലെ നേട്ടങ്ങളും ഒരുപാടുസഹായകമായ ഒരു കാലഘട്ടമായിരുന്നു അത്. ബിരുദത്തി നായി അവൻ തിരഞ്ഞെടുത്തത് കേരളത്തിനു പുറത്തുള്ള കോ ളേജ് ആയതുകൊണ്ട് പിന്നീട് വിദ്യാർത്ഥിപ്രസ്ഥാനങ്ങളിൽ സജീവ മാകാൻ സാധിക്കാതെപോയി. എങ്കിൽപോലും അവധിക്കാലങ്ങ ളിൽ നാട്ടിൽ എത്തുമ്പോൾ ഞങ്ങൾക്കൊപ്പം യുവജനപ്രസ്ഥാനങ്ങ ളിൽ പ്രവർത്തിക്കാൻ സമയം കണ്ടെത്തുകയും പ്രവർത്തനങ്ങളിൽ നല്ലപങ്കു വഹിക്കുകയും ചെയ്യും.

പക്ഷേ, നാളുകൾക്കുശേഷം മറ്റൊരു അവധിക്കാലത്ത് അഭയൻ എത്തി. എല്ലായ്പ്പോഴും സമയം കണ്ടെത്തി നാട്ടുവിശേഷങ്ങൾ അറിയുവാൻ ഞങ്ങൾക്കിടയിലേക്ക് ഓടിയെത്തുന്ന അവൻ അത്ത വണമാത്രം എത്തിയില്ല. സ്നേഹവും സൗഹൃദവും ഞങ്ങളിൽ നിന്ന് വിടപറഞ്ഞകലുന്ന ഒരു അവധിക്കാലമായി അതുമാറി. വേദ നയോടെ നിറഞ്ഞു നിൽക്കുന്ന ഓരോ മിഴികളും അന്നുഞാൻ അവിടെ കണ്ടു. സ്നേഹത്തിന്റെ വിത്തു മുളപ്പിക്കുന്ന അവന്റെ സൗഹൃദം ഞങ്ങളിൽ നിന്ന് പടിയിറങ്ങി. അരികത്തു നിന്ന് അവൻ എന്നെന്നേക്കുമായി അകലുന്നത് ഞങ്ങൾ നിറയുന്ന നയനങ്ങൾ കൊണ്ട് കാണുന്നുണ്ടായിരുന്നു. ഒരു ജന്മമുള്ളത് ആസ്വദിക്കുവാൻ അവനെ കാലം അനുവദിച്ചില്ല; കാലത്തിനൊട്ടും നേരമില്ലായിരുന്നു.

അവനും ഞങ്ങൾക്കുമിടയിൽ ഒരു വാക്കു പോലുമില്ലെങ്കിൽ തന്നെയെന്ത്...? ഇവിടെയിങ്ങനെ അദൃശ്യനായി നിന്ന്, കണ്ടതും കേട്ടതും സത്യമാണെന്നു പറയാൻ നാവു പിഴയ്ക്കാതെ, അവൻ പറയാനുള്ളതെല്ലാം പറഞ്ഞ് കടന്നുപോകും. കൊതിതീരാത്ത സ്നേഹത്തിന്റെ മറക്കാനാവാത്ത വേദനകളും സമ്മാനിച്ചുകടന്നു പോയ എന്റെ പ്രിയസുഹൃത്തേ, നിനക്ക് സ്നേഹത്തിന്റെ ഒരായിരം കണ്ണീർപൂക്കൾ... ■

സി.കെ. വത്സമ്മ

# ഓർമ്മകളിലെ അഭയൻ

മൃകണ്ഡുമഹർഷിക്കും മരുദ്മതി എന്ന അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കളില്ലായിരുന്നു. അവർ രണ്ടുപേരും ശിവനെ തപസ്സുചെയ്തുപ്രസാദിപ്പിച്ചു. ശിവൻ രണ്ടു വരങ്ങൾ അവർക്കു നൽകി. ബുദ്ധിമാനായ, അനുഗൃഹീതനായ, പക്ഷേ അല്പായുസ്സായ, ഒരുമകൻ; അല്ലെങ്കിൽ മന്ദബുദ്ധിയും ദീർഘകാലം ജീവിക്കുന്നവനുമായ മറ്റൊരു പുത്രൻ. അവർ ആദ്യത്തെ വരം സ്വീകരിച്ചു. പതിനാറാം വയസിൽ വിധിയെഴുതുന്ന ഒരു പുത്രന് അവർ ജന്മം നൽകി – മാർക്കണ്ഡേയൻ. കടുത്ത ശിവഭക്തനായിരുന്ന മാർക്കണ്ഡേയൻ വളർന്നു. പതിനാറാം വയസിൽ മരണത്തെ മുഖാമുഖം കണ്ട സമയത്ത് മാർക്കണ്ഡേയൻ ശിവലിംഗത്തിൽ പിടിച്ചു കിടന്നു. മാർക്കണ്ഡേയനെ കൊണ്ടുപോകാനാകാതെ മരണത്തിന്റെ ദേവനായ യമന് തിരിച്ചുപോകേണ്ടിവന്നു. മാർക്കണ്ഡേയന്റെ ഭക്തിയിൽ സംപ്രീതനായ ശിവൻ അവന്റെ ശാപം എടുത്തുകളഞ്ഞു.

അഭയനെ ഓർക്കുമ്പോഴെല്ലാം എന്റെ മനസിൽ ആദ്യമോടിയെത്തുന്ന കഥയാണിത്. പ്രായത്തിൽ കവിഞ്ഞ പക്വതയുള്ള മുഖവും നിഷ്കളങ്കമായ ചിരിയും ആത്മവിശ്വാസം സ്ഫുരിക്കുന്ന വാക്കു

കളുമായിരുന്നു അഭയൻ. വലിപ്പച്ചെറുപ്പം നോക്കാതെ അവൻ അനീതിയെ എതിർത്തു. അനീതിക്കും തിന്മക്കും എതിരെയുള്ള അവസാന വാക്കായിരുന്നുഅഭയൻ. എല്ലാ കാര്യങ്ങളിലും തന്റേതായ ഒരു ശരി അവൻ മനസ്സിൽ സൂക്ഷിച്ചിരുന്നു. ആ ശരിയെ മാത്രമാണ് അവൻ മാനിച്ചിരുന്നത്. അഭയനെ അഭയനാക്കിയതും ആ ശരിയാണ്.

അവൻ തന്റെ പ്രവർത്തനമേഖലയായി ജേർണലിസം തന്നെ തിരഞ്ഞെടുത്തപ്പോൾ ഞാൻ ഉള്ളുകൊണ്ടു സന്തോഷിച്ചിരുന്നു. അവന്റെ യഥാർത്ഥപ്രവർത്തനമേഖല അതാണെന്ന് എനിക്കു തോന്നിയിരുന്നു. എല്ലാ കാര്യങ്ങളിലും അറിവുണ്ടായിരുന്ന അഭയൻ എന്റെ കുടുംബാംഗം തന്നെയായിരുന്നു — കൂടാതെ എന്റെ മക്കളുടെ ആരാധനാപാത്രവും. ആ പേരു കേൾക്കുമ്പോൾ അഭിമാനമായിരുന്നു മനസ്സു നിറയെ — അവർക്കു മാത്രമല്ല, എനിക്കും. ഏതു മേഖല തിരഞ്ഞെടുത്താലും അതിൽ ഉന്നതനാകാനുള്ള കഴിവ് അവനുണ്ടായിരുന്നു. തന്റെ ഹ്രസ്വജീവിതത്തിൽ അഭയൻ എല്ലാം നേടിയിരുന്നു. വ്യക്തിബന്ധങ്ങളായിരുന്നു അവന്റെ സമ്പാദ്യമെന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്.

കുട്ടിക്കാലം മുതൽ അവൻ എന്റെ മുൻപിലാണ് കളിച്ചുവളർന്നത്. പഠനത്തിലും കലാപരിപാടികളിലും അഭയൻ ഒരുപോലെ മികവുപുലർത്തി. അഭയന്റെ കാലം മുതലാണ് മത്സര രംഗത്ത് എസ്.ഡി.യു.പി. സ്കൂളിന്റെ പേര് ഉയർന്നുവരാൻ തുടങ്ങിയത്. ക്വിസ് മത്സരങ്ങളിലും പ്രസംഗവേദികളിലും അവൻ എസ്.ഡി.യു.പി. സ്കൂൾ എന്ന പേര് വാനോളം ഉയർത്തി. പ്രവൃത്തിപരിചയമേളകളിൽ എന്നും അവൻ ഒന്നാമനായിരുന്നു. അക്കാലത്ത് നിരവധി ചാമ്പ്യൻഷിപ്പുകൾ സ്കൂൾ വാരിക്കൂട്ടി.

എന്നും പ്ലാസ്റ്റർ ഓഫ് പാരീസിൽ കുളിച്ചു നിൽക്കുന്ന അഭയനെ, കളിക്കാൻ വിടാത്തപ്പോൾ ഒരു നിമിഷം പിണങ്ങി നിൽക്കുന്ന അഭയനെ, പ്രത്യേകപരിഗണന വേണ്ട കുട്ടികളെ എപ്പോഴും ശ്രദ്ധിക്കുന്ന അഭയനെ, എനിക്കൊരിക്കലും മറക്കാൻ സാധിക്കില്ല. എന്നെന്നും അവൻ എസ്.ഡി.യു.പി. സ്കൂളിന്റെ അഭിമാനമാണ്.

എത്രപറഞ്ഞാലും തീരാത്ത ഇതിഹാസമാണ് അഭയൻ. അവനില്ല എന്ന സത്യം എനിക്ക് അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല. മാർക്കണ്ഡേയനെപ്പോലെ, അറിവുണ്ടെങ്കിലും, വളരെകുറച്ചു കാലം മാത്രം ജീവിക്കാൻ വിധിക്കപ്പെട്ടവനായിരുന്നു അഭയൻ. യമദേവന് മാർക്കണ്ഡേയനെ കൊണ്ടുപോകാൻ കഴിഞ്ഞില്ല അതുപോലെ തന്നെയാണ് അഭയനും. അവനിപ്പോഴും നമ്മുടെ ഉള്ളിൽ ജീവിക്കുന്നു. അഭയൻ ഒരു തുമ്പിയായി, എല്ലാം കണ്ടുകൊണ്ട്, ഇവിടെയെല്ലാം പാറിനടക്കുന്നുണ്ട്. അവൻ എവിടെയും പോയിട്ടില്ല. ഇവിടെയുണ്ട്... നമ്മുടെ കൂടെത്തന്നെ... ■

വി.എസ്. അനിൽകുമാർ

# ഒഴുക്കിനെതിരെ നീന്തിയവൻ

ശ്രമകരമാണ് ഒഴുക്കിനെതിരെ നീന്തുക എന്നത്. അതു കൊണ്ടുതന്നെ ഒഴുക്കിനൊപ്പം നീന്താനാണ് നമുക്കിഷ്ടം.

എതിരെ നീന്തുന്നവരെ ജീവിക്കാനറിയാത്തവർ, ധിക്കാരി, കുരുത്തംകെട്ടവൻ തുടങ്ങിയ നാടൻപദങ്ങളുപയോഗിച്ചു വിശേഷിപ്പിക്കാനാണ് നമുക്കിഷ്ടം.

സൂത്രപ്പണികളിലൂടെ പരീക്ഷയ്ക്ക് മാർക്കുവാങ്ങാൻ ബുദ്ധി ഉപദേശിക്കുന്ന അധ്യാപകനോട് നിങ്ങളുടെ ട്യൂഷൻ ക്ലാസിൽ ഇരിക്കാൻ താല്പര്യമില്ലെന്നു പറഞ്ഞ് ഗുരുശാപം വാങ്ങുന്നതിൽ അഭിമാനം കൊള്ളുന്നവനെ ഗുരുത്വദോഷി എന്നല്ലാതെ എന്താണ് വിളിക്കുക?

റോഡിനു വീതിയും ഭംഗിയും കൂട്ടാൻ വേണ്ടി വീടിനു മുന്നിലെ മരം വെട്ടുമ്പോൾ അതിൽ വേദനിച്ചുകരയുന്നവനെ ജീവിക്കാനറിയാത്തവൻ എന്നല്ലാതെ എന്താണ് വിളിക്കുക?

അസുഖം വരുമ്പോൾ ആധുനികവൈദ്യശാസ്ത്രത്തിന്റെ സഹായം തേടാൻ ഉപദേശിക്കുന്ന സ്നേഹിതരുടെയും വേണ്ടപ്പെട്ടവരുടെയും വാക്കു കേൾക്കാതെ സ്വയംചികിത്സയുമായി കഴിയുന്നവനെ ധിക്കാരി എന്നല്ലാതെ എന്താണ് വിളിക്കുക?

അഭയനെ ഭയമില്ലാതാക്കാൻ സഹായിച്ചവർ ഗുരുതുല്യരാണ്. അതുകൊണ്ടുതന്നെ പുതിയ അഭയന്മാരാൽ നാട് ധന്യമാകുമെന്ന് ഉറപ്പിക്കാം. ■

മൃദുല സ്വാമിനാഥൻ

# അബുവിന്...

പ്രിയപ്പെട്ട അബൂ...നിന്നെ ഞാനെന്നാണ് ആദ്യമായി കണ്ടത്? വർഷവും തീയതിയുമൊന്നും എനിക്കോർമ്മയില്ല. എന്നാലും മീന ടീച്ചറിന്റെ കയ്യും പിടിച്ച് നേഴ്സറിയിയിൽ നിന്നു വരുന്ന നിന്നെ ഞാനോർക്കുന്നുണ്ട്. അന്നു നീ എത്ര ചെറുതായിരുന്നു! പിന്നീട് പുത്തൻപുരയ്ക്കലെ വീട്ടിൽ ഞായറാഴ്ചകളിലെ കുട്ടികളുടെ ഒത്തുചേരലിലാണ് നിന്നെ ഞാൻ പരിചയപ്പെടുന്നത്. പുസ്തകങ്ങൾ ധാരാളം വായിക്കുന്ന, എന്തും പറയാൻ ധൈര്യം കാണിക്കുന്ന, ഒരു വഴക്കാളിക്കുട്ടിയായി നീ എന്റെ മുന്നിൽ നിന്നു. പക്ഷേ എന്നോടു നീ ഇന്നേവരെ വഴക്കിട്ടിട്ടില്ല കേട്ടോ.

എത്ര പെട്ടെന്നാണ് വർഷങ്ങൾ കടന്നുപോയത്! ഒരു അനുജന്റെ സ്ഥാനത്തു നിന്ന് നീ എന്റെ പ്രിയപ്പെട്ട സുഹൃത്തായി മാറിയത് എത്ര പെട്ടെന്നാണ്! എന്റെ കയ്യക്ഷരത്തിന്റെ അഭംഗിയെക്കുറിച്ച് ഞാൻ നിന്നോടു പറഞ്ഞത് നീ ഓർക്കുന്നുണ്ടോ? അപ്പോൾ നീ എന്താ പറഞ്ഞത്? 'ചേച്ചീ, എന്റെ കയ്യക്ഷരവും ഇതു പോലെയാണ്.' മഹാത്മാക്കളിൽ പലരുടെയും കയ്യക്ഷരം ഇതുപോലെ ഭംഗി കുറഞ്ഞതാണെന്നു പറഞ്ഞ് നമ്മൾ രണ്ടു മഹാവ്യക്തികളായി ചിരിച്ചത് ഞാൻ ഓർക്കുന്നു

വായനശാലയിലെ സജീവപ്രവർത്തനങ്ങളിൽ നിന്ന് ശരീരം കൊണ്ട് ഞാൻ അകന്നു പോയപ്പോഴും നീ മാത്രം എന്നെ മനസ്സിലാക്കി. ഫോൺ വിളികളിലൂടെ 'ചേച്ചീ, ഞാൻ കൂടെത്തന്നെയു'ണ്ടെന്ന് നീ എന്നെ ഇടയ്ക്കിടെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

ഇപ്രാവശ്യം നീ നാട്ടിൽ വരുന്നതിനു രണ്ടു ദിവസം മുൻപ് എന്നെ വിളിച്ചപ്പോൾ ഞാൻ നിനക്ക് ഒരു വാക്കു തന്നിരുന്നു. എന്തു വന്നാലും നിന്നെ ഞാൻ വന്നു കണ്ടുകൊള്ളാമെന്ന്. ഞാനെന്റെ വാക്കു പാലിച്ചത് നീ അറിഞ്ഞോ? എന്നാലും അബൂ, നമുക്കാ അവസാനത്തെ കണ്ടുമുട്ടൽ ഒഴിവാക്കാമായിരുന്നു എന്നെനിക്കിപ്പോൾ തോന്നുന്നുണ്ട്. നിന്നെക്കുറിച്ചുള്ള മറ്റെല്ലാ കാഴ്ചകളെയും തോല്പിച്ചുകൊണ്ട് നീ മിണ്ടാതെ കിടക്കുന്ന ആ കാഴ്ച എന്നെ അസ്വസ്ഥയാക്കുന്നു.

ഒരു സമാധാനം മാത്രം. കാലചക്രം കറങ്ങി വരും. ഒന്ന് മറ്റൊന്നിൻ തുടർച്ചയായി വന്നുകൊണ്ടിരിക്കുകയും ചെയ്യും. അങ്ങനെയായാൽ നാം തീർച്ചയായും വീണ്ടും കണ്ടുമുട്ടും. അന്നും നമുക്ക് പരസ്പരം തിരിച്ചറിയാൻ കഴിയുമെന്ന പ്രത്യാശയോടെ നിർത്തട്ടെ. ■

# A Letter from Selaiyur Hall

To our dearest Abhayettan's family,

With eyes wet, I pen down this short letter.

Abhayan M, who was Abhayettan for all of us here in Selaiyur Hall, can never be taken away from our memories or from our hearts. We thank every one of you for giving us such a great brother and a great friend.

He came into our lives two years ago, when we stepped into Selaiyur Hall as freshers. He was not just a senior to us, but more of a Big Brother. He taught us everything about MCC, especially about Selaiyur Hall. He taught us to Live, Love and Win for Selaiyur. He taught us a lot through words, but we learned more from his actions. He inspired us. He guided us. Abhayettan to me, was one of those rare personalities who never failed to keep his word, whatever it may be. (I still remember his walking around

bald after losing a silly bet with his friends.) He believed in the philosophy of ‘give respect and take respect.’ The way he respected us, even though we were juniors to him, magnified our respect and love towards him.

Abhayettan was a brother not just to us in Selaiyur, but to every soul in college, be it boy or girl. He treated everyone alike.

We can never foget those nights spent with him discussing almost every topic under the Sun. One instance we would be talking about Jesus Christ and suddenly the subject would change to something so unrelated like how Sachin Tendulkar has influenced Indian Market. He could talk on any topic for hours and every one of us sitting around him would never feel a bit bored, how much ever long it goes on for.

His absence has created an obvious vacuum in Selaiyur, no one else could ever fill. For us, he was one man who lived his life for Selaiyur. We salute that great soul, the most spirited Selaiyurian we have ever seen, our dearest brother, Abhayettan.

Moonshadow 2013 did not have the luck to be blessed by his presence, but we believe he is there somewhere looking down on us and everything we do, helping us whenever we stumble. We know the fact that we can never repay him for all that he has done for us, but as a token of our love towards him and his loved ones we offer you a small gift, our moonshadowshirt.

I end this letter by saying what Abhayettan taught us to say, and he never hesitated to shout, UP UP SELAIYUR.

With a heart full of gratitude,

Thomas N. Fenn,
Chairman,
Selaiyur Hall.

“We love you Abhayetta...” ■

മനു മനോഹരൻ

# മറവിയിലേക്ക് മറയാതെ

അഭയൻ ഓർമ്മയിലേക്കുമറഞ്ഞു എന്നു വിശ്വസിക്കാൻ ശരിക്കും കഴിഞ്ഞില്ല എന്നതാണുസത്യം. ഇപ്പോഴും അവൻ ചെന്നൈയിൽ പഠനത്തിലാണ്, ഇനി അടുത്ത അവധിക്കു കാണാൻ കഴിയും എന്നാണ് മനസ്സിന്റെ വിശ്വാസം...

കഴിഞ്ഞ ദിവസം അവധിക്കു വന്നപ്പോൾ ആണ് അറിഞ്ഞത്, അഭയന്റെ ഒരു സ്മരണിക പുറത്തിറക്കാൻ പനമറ്റംവായനശാലയും കുറച്ചു സുഹൃത്തുക്കളും പരിശ്രമിക്കുന്നുണ്ട് എന്ന്. മനസ്സിൽ ഇപ്പോളേ മറയാതെ കിടക്കുന്ന അഭയന്റെ – ഞങ്ങളുടെ അബുവിന്റെ – ഓർമ്മകൾ എന്തെങ്കിലും കുത്തിക്കുറിക്കണം എന്നു വിചാരിച്ചു പേനയും പേപ്പറും എടുത്തതാണ്. എവിടെ തുടങ്ങണം എന്ന് അറിയില്ല. അവനെക്കുറിച്ചുള്ള ഓർമ്മകൾ ചിതറിക്കിടക്കുന്നു. എല്ലായിടത്തും അവൻ അവന്റേതായ സാന്നിധ്യം പ്രകടിപ്പിച്ചിരുന്നു.

ഞാൻ ആര്യസമാജംസ്കൂളിൽ അഞ്ചിലോ ആറിലോ പഠിക്കുന്ന സമയമാണെന്ന് തോന്നുന്നു, അവൻ അവിടെ പഠിക്കാൻ വരുന്നത്. എനിക്കും രണ്ടോ മൂന്നോ ക്ലാസ് പിറകിലാണ് അബുവും അനുജത്തി അവനിയും. പിന്നെ മീനടീച്ചർ, അഭയന്റെ

അമ്മ. ശരിക്കും ഒരു ടീച്ചറിന്റെ മകനോട് അന്നു തോന്നാവുന്ന ചെറിയ അസൂയകൾ ഉണ്ടായിരുന്നു ആദ്യം അവനെ കാണുന്ന സമയങ്ങളിൽ. പിന്നീട് അവനെ കൂടുതൽ പരിചയപ്പെടുമ്പോൾ വളരെ നല്ല ഒരു സുഹൃത്ത്, അല്ലെങ്കിൽ ഒരനുജൻ എന്ന രീതിയിൽ കാണുവാൻ ഇഷ്ടപ്പെട്ടു.

അക്കാലത്ത് അവർ ഇന്നത്തെ 'സാവിത്രി' വീട്ടിലേക്ക് താമസം ആക്കിയിരുന്നില്ല. മധുസാർ വീട്ടിൽ ചെറിയ രീതിയിൽ കുട്ടികൾക്കായി പുസ്തകവിതരണം നടത്തുന്ന ഒരു ചെറിയ ലൈബ്രറി നടത്തിയിരുന്നു. വായനയിൽ ചെറിയൊരു കമ്പം ഉണ്ടായിരുന്ന എന്നെ അവിടേക്ക് കൂടുതൽ ആകർഷിക്കാൻ ഇടയാക്കിയത് ഒരു പക്ഷെ അബുവിന്റെ സൗഹൃദം ആണെന്നു തന്നെ പറയാം. ചെറുപ്രായത്തിൽ തന്നെ അവിടെ ഉണ്ടായിരുന്ന പല പുസ്തകങ്ങളും വായിച്ചു തീർത്തിരുന്നു അവൻ. പുസ്തകങ്ങൾ തിരഞ്ഞെടുക്കാനും നല്ല വായനാനുഭവം ഉണ്ടാക്കുന്നതിനും അവൻ വളരെയധികം സ്വാധീനിച്ചിരുന്നു.

എല്ലാവരോടും സ്നേഹത്തോടെ മാത്രം പെരുമാറിയിരുന്ന അവൻ പൊട്ടിത്തെറിക്കേണ്ടയിടത്തു പൊട്ടിത്തെറിക്കുകയും, അഭിപ്രായം പറയേണ്ടയിടത്ത് മുഖമടച്ച് അഭിപ്രായം പറയുകയും ചെയ്തിരുന്നു. പൊയ്മുഖങ്ങൾ ഇല്ലാത്തൊരു വ്യക്തിത്വം ആയിരുന്നു അവൻ. അവന്റെ പച്ചയായ അഭിപ്രായപ്രകടനങ്ങൾ ചിലപ്പോൾ മനസ്സിൽ അവനോടുവിരോധം തോന്നിച്ചിരുന്നു. എങ്കിലും മനസ്സിൽ ഒന്നും ഇടാതെയുള്ള അവന്റെ സ്നേഹം കാണുമ്പോൾ എല്ലാം മറക്കാൻ സാധിക്കും, അവനെ എത്രമേൽ വെറുത്താലും.

അബുവിന് വ്യക്തമായ രാഷ്ട്രീയ-സാമൂഹികചിന്താഗതികൾ ഉണ്ടായിരുന്നു. തന്റേതായ വഴികളിലൂടെ ആശയങ്ങൾ സമൂഹത്തിലേക്കു പകർന്നുനൽകാൻ അബു ശ്രമിച്ചിരുന്നു.

നേത്രദാനബോധവത്കരണ ക്ലാസിനെപ്പറ്റിയും നേത്രദാനത്തെപ്പറ്റിയും അബുവിനോടു സംസാരിച്ചപ്പോൾ 'എടാ, നമ്മൾ മരിച്ചാലും ഇല്ലെങ്കിലും നാലുപേർക്ക് ഉപകാരപ്പെട്ടാൽ, ഞാൻ എന്റെ കണ്ണുകൾ മാത്രമല്ല, ശരീരം മുഴുവൻ നൽകാൻ തയ്യാറാ' ണെന്നുള്ള നല്ലൊരു പ്രതികരണം ആയിരുന്നു അവനിൽ നിന്നു കിട്ടിയത്. അതുപോലെതന്നെ അവന്റെ കാഴ്ചപ്പാടുകളും വലുതായിരുന്നു. അന്ന് അവൻ പറയുകയുണ്ടായി, 'നമ്മുടെ നാട്ടിലെ ഈ നിയമങ്ങൾ തന്നെ മാറ്റണം' എന്ന്. കാരണം, ഒരാൾക്ക് മരണശേഷം സ്വന്തം ശരീരത്തിൽ അവകാശം ഇല്ലാത്തിടത്തോളം കാലം അവയവദാനം ഒരിക്കലും പൂർണ്ണവിജയം കാണില്ല എന്ന്.

ഇന്നും മനസ്സ് നീറുകയാണ്. അവന്റെ ആഗ്രഹം അറിയാമായിരുന്നിട്ടും അതിനായി ഒന്നും ചെയ്യാൻ കഴിയാതെ പോയല്ലോ എന്നോർത്ത്.

ചിലതെല്ലാം നഷ്ടപ്പെടുമ്പോൾ നാം ദുഃഖിക്കുന്നു. ചിലതെല്ലാം കിട്ടുമ്പോഴും നാം ദുഃഖിക്കുന്നു. അതുപോലെ ചിലതെല്ലാം കിട്ടുമ്പോൾ നാം സന്തോഷിക്കുന്നു. ചിലതെല്ലാം നഷ്ടപ്പെടുമ്പോളും നാം സന്തോഷിക്കുന്നു. നഷ്ടത്തിന്റെയും ലാഭത്തിന്റെയും കണക്കുപുസ്തകമാണീ ജീവിതം. അബു എന്ന നഷ്ടം ഒരിക്കലും ഒരു കുടുംബത്തിന്റെ മാത്രം ആയിരുന്നില്ല, ഒരു സമൂഹത്തിന്റെ കൂടി ആയിരുന്നു. വാക്കുകൾക്കു വരച്ചു കാട്ടാൻ കഴിയുന്നതിനുമപ്പുറം അവൻ ഇനിയും, ജീവിക്കും — അതറിയുന്ന ഞങ്ങളുടെ മനസ്സിലൂടെ. ■

പൊൻകുന്നം സെയ്ദ്

# അഭയനെ ഓർക്കുമ്പോൾ

അഭയന്റെ മരണം എന്നെ ഏറ്റവും കൂടുതൽ ദു:ഖിപ്പിച്ച സംഭവമാണ്. പൊതുജീവിതത്തിന്റെ പടിവാതില്ക്കലേക്ക് കടന്നതേയുള്ളൂ. അപ്പോഴേക്കും ആ കുരുന്നുജീവിതം അവസാനിച്ചു. വേർപാടിന്റെ ദുരന്തസ്മരണ എന്റെ മകൻ മനോജ് എന്നിലേൽപ്പിച്ചത് എന്നെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്ന വേളയിലാണ് ഇതും അനുഭവിക്കേണ്ടി വന്നത്.

എന്റെ പ്രിയസുഹൃത്ത് മധുവും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും ഞാനും തമ്മിലുള്ള ബന്ധം വളരെ അഗാധമാണ്. എന്റെ മകന്റെ വേർപാട് എന്നിലേൽപ്പിച്ച ദുഃഖത്തിൽ മുഴുകി ഞാൻ കഴിയുമ്പോൾ അഭയൻ വീട്ടിൽ വന്ന് എത്രയോ പ്രാവശ്യം എന്നെ ആശ്വസിപ്പിച്ചു. ദുഃഖത്തിന്റെ കഠിനവേദനയിൽ അവൻ എനിക്കു നൽകിയആശ്വാസവചനങ്ങൾ എന്റെ കുടുംബത്തിനും എനിക്കും സമാധാനത്തിന്റെ നീരൊഴുക്കായിരുന്നു.

പ്രതിഭാശാലിയായ മധുവിന്റെയും ഭാര്യ മീനയുടെയും പുത്രൻ എന്നതിലുപരി കേവലം ഇരുപത്തിയൊന്നു വർഷത്തെ ജീവിതം കൊണ്ട്, സാംസ്കാരികരംഗത്തു പ്രവർത്തിക്കുന്നവരിൽ, നാട്ടുകാരിൽ, അഭയനുമായി ഒരു നിമിഷമെങ്കിലും ബന്ധപ്പെടാൻ കഴിഞ്ഞി

ട്ടുള്ളവരിൽ, എന്തെന്ത് ഓർമ്മകളാണ് അഭയൻ പ്രദാനം ചെയ്തി ട്ടുള്ളത്. സ്നേഹമസൃണമായ പെരുമാറ്റവും വിനയാന്വിതമായ സംഭാഷണവും ഓരോരുത്തരുടെയും വ്യക്തിപരമായ കാര്യങ്ങളെ സംബന്ധിച്ച കുശലാന്വേഷണവും എല്ലാം ഇരുത്തം വന്ന മുതിർന്ന ഒരു വ്യക്തിക്കുപോലും സ്വാധീനമാക്കാൻ കഴിയാത്തതാ ണ്.

വർത്തമാനകാലജീവിതത്തിൽ സമൂഹം ഏറ്റവും കൂടുതൽ ഖിന്നരാകുന്നത് നമ്മുടെ ന്യൂ ജനറേഷനെ സംബന്ധിച്ചാണ്. അവരെ സംബന്ധിച്ച് നമുക്കെല്ലാം ഒട്ടേറെ ആശങ്കകളുണ്ടെന്ന താണ് സത്യം. പരമ്പരാഗതമായി കേരളം കണ്ട ബാല-കൗമാര - യുവത്വത്തിൽ നിന്ന് വളരെ അകലെയാണ് അവർ. ഉന്നത ഉദ്യോഗ സ്ഥരെയും ടെക്നീഷ്യന്മാരെയും വാർത്തെടുക്കുന്ന വിദ്യാ ഭ്യാസസമ്പ്രദായം കൂടി വന്നപ്പോൾ ആശങ്ക പർവ്വതീകരിച്ചിരിക്കു കയാണ്. മാനുഷികബന്ധങ്ങൾക്ക് പുല്ലുവില പോലും കല്പിക്കുന്നില്ല. മാതാപിതാക്കന്മാരുമായുള്ള ബന്ധം, സഹോദര ങ്ങൾ തമ്മിലുള്ള അടുപ്പം, ബന്ധുമിത്രാദികൾ, സുഹൃത്തുക്കൾ എല്ലാം തന്നെ ഇന്നത്തെ ചെറുപ്പക്കാർക്ക് അന്യമാണ്. സാമൂ ഹിക- സാംസ്കാരിക രംഗങ്ങളിലെ സമകാലികസംഭവവികാസ ങ്ങൾ അവരുടെ സിലബസിനു പുറത്താണ്. ഒരു കാലത്ത് ആ മേഖലകളിലൊക്കെയും ചെറുപ്പക്കാരുടെ കൂട്ടായ്മയും പ്രവർത്ത നവും ഉണ്ടായിരുന്നു. അവിടെ നിന്ന് ഉയർന്നുവന്ന ഊർജവും വെളിച്ചവുമാണ് കേരളീയസമൂഹത്തെ ജീവിതത്തിലെ മുൻനിരയി ലേക്ക് ഉയർത്തിയത്. എന്നാൽ ഇന്ന് എല്ലാ മേഖലകളിലും ചെറു പ്പക്കാരുടെ അഭാവത്തെക്കുറിച്ചാണ് ആശങ്കപ്പെടുന്നത്.

ഇതിൽ നിന്നെല്ലാം വ്യത്യസ്തനായി ചിന്തിക്കുന്ന, ജീവിക്കുന്ന അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരാളായിരുന്നു അഭയൻ. അവന്റെ നിലപാടുതറയെ സംബന്ധിച്ച് അവൻ ബോധവാനായിരുന്നു. നാളെ ഈ സമൂഹം എന്തായിരിക്കണമെന്നും എങ്ങനെയായിരിക്ക ണമെന്നും അടിയുറച്ച ധാരണ അവനുണ്ടായിരുന്നു. ചുരുങ്ങിയ കാലത്തെ അവന്റെ ജീവിതം അതിനുദാഹരണമാണ്. ആർക്കും അതൃപ്തിയുണ്ടാക്കാതെ എല്ലാവർക്കും സ്നേഹം പങ്കിട്ടുകൊണ്ട് ഒരു പൂവിടരുന്നതുപോലെ വിടർന്നുപരിലസിച്ച് ഏവർക്കും വസ ന്തമേകാൻ അവനു കഴിഞ്ഞു.

ഓർമ്മകൾ അവശേഷിപ്പിച്ച് ഞങ്ങളിൽ നിന്ന് ഓടി മറഞ്ഞ കുരുന്നുപൂവേ,

ഇനിയൊന്നും നിന്നെക്കുറിച്ച് എഴുതാൻ എനിക്കു കഴിയില്ല. ■

സതി സുരേന്ദ്രൻ

# അഭയസ്മരണ

ഞങ്ങളുടെ പ്രിയപ്പെട്ട അഭയൻ — എല്ലാവരും ഇഷ്ടപ്പെട്ട ഒരു കുട്ടി. ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നെ അഭയനെ ആരും മറക്കില്ല. അതാണ് അവന്റെ സ്വഭാവം. കൂട്ടുകാർക്ക് അറിവുകൾ പകർന്നു നൽകുന്നതിൽ വളരെ താല്പര്യം കാണിക്കുമായിരുന്നു. അതുകൊണ്ടുതന്നെ ജനകീയവായനശാലയുടെ കൂട്ടുകാർക്ക് ഒരു വലിയ നഷ്ടമാണ് അഭയന്റെ വേർപാട്. എനിക്ക് അവനെക്കുറിച്ച് പറയുമ്പോൾ മറക്കാൻ പറ്റാത്ത കാര്യം 2005–2010 കാലയളവിൽ ചിറക്കടവു പഞ്ചായത്തിൽ നടന്ന കേരളോത്സവം ആണ്. അന്നുഞാൻ 2–ാം വാർഡുമെമ്പർ ആയിരുന്നു. വാർഡുകൾ തമ്മിലും സംഘടനകൾ തമ്മിലുമുള്ള മത്സരങ്ങൾ നടക്കുമ്പോൾ എല്ലാവർക്കുമെതിരെ വാശിയോടെ ആയിരുന്നു അവന്റെ മത്സരം. പങ്കെടുക്കുന്ന ഏതു മത്സരത്തിലും ഒന്നാംസ്ഥാനം എന്നതാണ് അവന്റെ രീതി. അതിലുപരി മറ്റുകുട്ടികളെ പങ്കെടുപ്പിക്കുന്നതിലും ഒരു പ്രത്യേകകഴിവുണ്ടായിരുന്നു.

മൂന്നുനാലു ദിവസം നീണ്ടുനിൽക്കുന്ന കേരളോത്സവപരിപാടി സമാപിക്കുന്നത് പുലർച്ചെയായിരിക്കും. ജനകീയവായനശാലയ്ക്ക് കിട്ടുന്ന ഒന്നാം സ്ഥാനവും ട്രോഫികളുമായി, എല്ലാവരെയും കൂട്ടി, മെമ്പറായ എന്നെ മുന്നിൽ നിർത്തി ടൗൺഹാൾ തൊട്ട് വായനശാല വരെ വരുമ്പോഴുള്ള അവന്റെ ആവേശവും ആരവങ്ങളും എനിക്കു മറക്കാൻ പറ്റുന്നതല്ല. 21 വർഷത്തെ, ഞങ്ങൾ അബു എന്നു വിളിക്കുന്ന അഭയന്റെ ജീവിതത്തിൽ ഒരു നൂറ്റാണ്ട് ജീവിച്ചു മരിക്കുന്ന ഒരാളും ചെയ്യാത്തത്ര കാര്യങ്ങൾ ചെയ്തു തീർക്കാൻ അവന് കഴിഞ്ഞിട്ടുണ്ട്. അവനെക്കുറിച്ചുള്ള ഓർമ്മകൾ കേവലം ഒന്നോ രണ്ടോ താളുകളിൽ ചുരുക്കാൻ പറ്റുന്നതല്ല. അഭയന്റെ സ്മരണയ്ക്കു മുൻപിൽ ആയിരമായിരം ആദരാഞ്ജലികൾ. ■

ഐശ്വര്യ കെ.എസ്.

# കാലം മായ്ക്കാത്ത കയ്യൊപ്പുകൾ

ജീവിതത്തിൽ എന്നെന്നും ഓർമിക്കാൻ ഉതകുംവിധം ഒരുപിടി നല്ല ഓർമ്മകൾ സമ്മാനിച്ചാണ് അഭയൻചേട്ടൻ നമ്മെ വിട്ടുപോയത്. ചേട്ടന്റെ ശരീരം ഇന്നീ ലോകത്ത് ഇല്ലെങ്കിലും ആ ശബ്ദവും ഉപദേശങ്ങളും എല്ലാം മനസ്സിലുണ്ട്.

അഭയൻചേട്ടൻ എനിക്ക് കേവലം ഒരു സുഹൃത്തോ പരിചയക്കാരനോ മാത്രമല്ല. എന്നും എന്റെ മനസിൽ ഒരു ചേട്ടന്റെ സ്ഥാനമാണുള്ളത്. കാരണം, എപ്പോഴും എനിക്ക് വേണ്ട ഉപദേശങ്ങൾ തരുമായിരുന്നു. ഒരുപാട് നല്ല ഓർമകൾ അഭയൻചേട്ടൻ നല്കിയിട്ടുണ്ട്. ഞാനും അഭയൻചേട്ടനും എപ്പോൾ കണ്ടാലും വഴക്കിടുന്ന സന്ദർഭങ്ങളാണ്. കാരണം പരസ്പരം ഓരോന്നു പറഞ്ഞ് തമ്മിൽ വേദനിപ്പിക്കാൻ ഞങ്ങൾക്ക് ഇഷ്ടമായിരുന്നു. ഒരു ദിവസം വായനശാലയുടെ ബാലവേദികമ്മിറ്റിക്കിടയിൽ ഞാനും കൂട്ടുകാരും ചിരിച്ചു. അന്ന് ചേട്ടൻ എന്നെ മാത്രമാണ് വഴക്കു പറഞ്ഞത്. അന്നത് എനിക്കൊരുപാട് സങ്കടം വരുത്തിയെങ്കിലും പിന്നീട് ഞാൻ ആ വഴക്കിനെപ്പറ്റി ഓർക്കുകയും അങ്ങനെയൊരു പ്രവൃത്തി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തു.

എന്റെ അഭിപ്രായത്തിൽ ശത്രുക്കളെയും മിത്രങ്ങളെയും ഒരു

പോലെ സമ്പാദിച്ച ഒരാളായിരുന്നു അഭയൻചേട്ടൻ. ഏതൊരു പരിചയക്കാരനെയും സുഹൃത്താക്കാനുള്ള കഴിവുണ്ടായിരുന്നു ചേട്ടന്.

പൊതുവെ മടിയുള്ള, അല്ലെങ്കിൽ എല്ലാറ്റിനോടും മടുപ്പുകാണിക്കുന്ന, ഒരാളായിരുന്നുവെങ്കിലും ചേട്ടനെ അടുത്തറിയാവുന്ന ആൾക്ക് മനസ്സിലാവും എല്ലാ കാര്യത്തെക്കുറിച്ചും വ്യക്തമായ ബോധവും അഭിപ്രായവും കാഴ്ചപ്പാടും ഉള്ള ആളായിരുന്നു എന്ന്.

അഭയൻചേട്ടന്റെ നിർദ്ദേശപ്രകാരമാണ് ഞാനും ചേട്ടന്റെ സഹോദരി അവനിയും എസ്.ആർ.വി. സ്കൂളിൽ ചേർന്നത്. അവിടെയും ചേട്ടന്റെ നേതൃത്വത്തിലുള്ള നാടകത്തിലും മറ്റും അഭിനയിക്കാനുള്ള അവസരം ഞങ്ങൾക്കു കിട്ടി. ചേട്ടന്റെ ഉള്ളിൽ നല്ലൊരു അഭിനേതാവ്, ഗായകൻ, പ്രസംഗകൻ, എല്ലാമുണ്ടായിരുന്നു. പക്ഷേ അതിലൊക്കെ സ്വന്തമായി ശോഭിക്കുന്നതിലും ഇഷ്ടം മറ്റുള്ളവരെ അതിനുവേണ്ടി പ്രോത്സാഹിപ്പിക്കുന്നതിലായിരുന്നു. ചേട്ടന്റെ പേര് അന്വർത്ഥമാക്കുംവിധത്തിലുള്ള ഒരു ജീവിതശൈലിയായിരുന്നു ചേട്ടന്റേത്. കാരണം, ജീവിതത്തിൽ ഒന്നിനെയും ഭയമില്ലാത്ത, ഒരു വിധിയെപ്പറ്റിയും ആശങ്കയില്ലാത്ത, ഒരാളായിരുന്നു അഭയൻചേട്ടൻ. ജീവിതത്തിൽ വന്നുചേരുന്ന ഏതൊരു സന്ദർഭത്തെയും പുറമെ നിസ്സാരമായും മനസിൽ ഗൗരവത്തോടെയും വീക്ഷിക്കാനുള്ള കഴിവുള്ളയാളായിരുന്നു.

അതുപോലെ ചേട്ടന്റെ മറ്റൊരു സ്വഭാവസവിശേഷതയായിരുന്നു എത്ര താളുകളുള്ള പുസ്തകമാണെങ്കിലും പെട്ടെന്ന് വായിച്ചുതീർക്കുക എന്നത്. വായനശാലയിൽ ചേട്ടനുമായിരിക്കുന്ന നേരത്ത് ഞങ്ങൾക്കു വായിക്കാൻ തരത്തിലുള്ള പുസ്തകത്തിന്റെ പേരു പറഞ്ഞുതരുമായിരുന്നു. അതെല്ലാം വായിക്കാൻ എന്നോടും കൂട്ടുകാരോടും പറയുമായിരുന്നു. എന്നോടൊരിക്കൽ അഭയൻചേട്ടൻ പറഞ്ഞിട്ടുണ്ട്, "എല്ലാരും ചിന്തിക്കുന്നതിലും വ്യത്യസ്തമായിട്ട് വേണം നാം ചിന്തിക്കാൻ. അങ്ങനെ നാം സ്വയം ചിന്തിച്ചെടുത്ത് കെട്ടിപ്പൊക്കുന്ന ലോകത്തിൽ ജീവിച്ചെങ്കിൽ മാത്രമേ നമ്മുടെ ജീവിത്തതിന് അർത്ഥമുണ്ടാകുകയുള്ളൂ. മാത്രമല്ല, നമ്മുടെ ജീവിതം മറ്റാരുടെയും കീഴിൽ സമർപ്പിച്ച് പാഴാക്കിക്കളയരുത്."

മരണം എന്നത് സത്യമായ ഒന്നാണ്. എങ്കിലും, 21 വയസ്സായ ഒരു സാധാരണയുവാവ് ചിന്തിക്കുന്നതിലും പ്രവർത്തിക്കുന്നതിലും അപ്പുറമായിരുന്നു അഭയൻചേട്ടന്റെ ജീവിതശൈലി. 21 വയസ്സുവരെ ചേട്ടന്റെ ആഗ്രഹത്തിലൂടെ, ചിന്തയിലൂടെ ഉരുത്തിരിഞ്ഞു വന്ന ഒരു ലോകത്താണ് ജീവിച്ചിരുന്നത് എന്നത് അദ്ദേഹത്തിന്റെ ജീവിതവിജയമാണ്.

കാലം മായ്ക്കാത്ത കയ്യൊപ്പുകൾ എന്നും ചരിത്രത്തിന്റെ ഭാഗമാണ്. അതുപോലെ അഭയൻ എന്ന വ്യക്തിക്കും മരണമില്ല. അത് കാലങ്ങളോളം, യുഗങ്ങളോളം ചരിത്രത്തിന്റെ തീരാത്ത താളുകളിൽ ഒന്നായി അവശേഷിക്കും. പുസ്തകങ്ങളിലൂടെയും വാക്കുകളിലൂടെയും അത് വരുംതലമുറ അറിയും. എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന ഒരാളായി മാറാൻ പോകുന്ന അഭയൻചേട്ടന് നിത്യശാന്തി നേരുന്നു. ■

അശ്വതി അശോക്

# ‘അഭയൻ’ ഭയമില്ലാത്തവൻ

‘അഭയൻ’ ഭയമില്ലാത്തവൻ.

അതെ, ഏറെ ആത്മവിശ്വാസത്തോടെ, ഭയമേതുമില്ലാതെ, സമൂഹത്തിലേക്കിറങ്ങിച്ചെല്ലുവാനും, നന്മതിന്മകളെ നാടകങ്ങളിലൂടെയും മറ്റും ചൂണ്ടിക്കാണിക്കുവാനും, നാടിനെ നേർവഴിക്കു നയിക്കുവാനും ശ്രമിച്ച, ഞങ്ങളുടെ അഭയൻചേട്ടൻ..

ഞാനെന്ന വിദ്യാർത്ഥിനിയെ, അല്ലെങ്കിൽ എളിയ കലാകാരിയെ, സംബന്ധിച്ചിടത്തോളം അഭയൻചേട്ടൻ ഒരത്ഭുതമാണ്. പല മത്സര വേദികളിലും ഏറെ ആഴമേറിയ വിഷയങ്ങളിൽ വാക്കുകൾകൊണ്ട് അമ്പെയ്യുന്ന മനുഷ്യൻ — ഏറെ അത്ഭുതമായിരുന്നു അന്നെനിക്ക്. പിന്നീടൊരിക്കൽ, ഒരു 5-ാം ക്ലാസുകാരിയുടെ നാടകവേദിയിലെ അഭിനയം കണ്ട് കൈയടിയോടെ വേദിയിൽ നിന്ന് എന്നെ വാരിയെടുത്ത ഒരു സഹോദരൻ... പിന്നെ കഥാപ്രസംഗവും മോണോ ആക്ടും ഒക്കെ അനായാസമായി പറഞ്ഞുതന്ന ഒരു അധ്യാപകൻ.... ഒരു ചെറുപുഞ്ചിരിയുമായി ഞങ്ങളോടു കളിപറയുന്ന ഒരു സുഹൃത്ത്.... എല്ലാമായിരുന്നു അഭയൻചേട്ടൻ.

വിദ്യാർത്ഥിയായിരിക്കെത്തന്നെ, തന്നാൽ കഴിയും വിധം നാടി

നുവേണ്ടി പ്രവർത്തിക്കാനുള്ള ആ മനസ്സ് എനിക്കെന്നും പ്രചോദനമായിരുന്നു. കുട്ടികൾക്കു വേണ്ടിയുള്ള നാടകശില്പശാലകളിലും മറ്റും അഭയൻചേട്ടൻ പറഞ്ഞുതന്ന വാക്കുകൾ, നാളേക്കു വേണ്ടി വിദ്യാർത്ഥിമനസ്സുകളിൽ കോറിയിട്ട വിജയമന്ത്രങ്ങളായിരുന്നു.

ഒരു കുടുംബം മുഴുവൻ, നാടിന്റെയും നാട്ടുകാരുടെയും ഒപ്പം, നാടിന്റെ പ്രിയപ്പെട്ട ഒരു വായനശാലയുടെ രക്ഷിതാക്കളായി പ്രവർത്തിക്കുമ്പോൾ അവിടെ സംരക്ഷിക്കപ്പെട്ടത് ഒരു നാടിന്റെ പൈതൃകമായിരുന്നു. വായനശാലയിൽ വിദ്യാർത്ഥികൾക്കു വേണ്ടി സംഘടിപ്പിക്കുന്ന ഏതൊരു പരിപാടിയിലും എന്നെയും എന്നെ പോലുള്ള വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കുന്നതിൽ അഭയൻചേട്ടൻ പ്രത്യേകതാല്പര്യം കാണിച്ചിരുന്നു. ഇനി മടി പിടിച്ചിരുന്നാലോ...? നല്ല വഴക്കും കേൾക്കാം.

അതായിരുന്നു എന്റെ, ഞങ്ങളുടെ, അഭയൻചേട്ടൻ. എന്നാൽ അപ്രതീക്ഷിതമായി കടന്നുവന്ന ആ ദുരന്തം... പറഞ്ഞുതീരാത്ത ഒരായിരം സ്വപ്നങ്ങളും പെയ്തുതീരാത്ത ഒരു കുന്നോളം നന്മകളും ബാക്കിയാക്കി അഭയൻചേട്ടൻ യാത്രപറഞ്ഞപ്പോൾ സ്വപ്നം കാണാൻ പഠിപ്പിച്ച ഗുരുനാഥനെ നഷ്ടപ്പെട്ട വേദനയായിരുന്നു എനിക്ക്... ഒരു നാടുമുഴുവൻ കണ്ണീരിൽ മുങ്ങിയപ്പോൾ നാഥനില്ലാക്കളരിയായി മാറുകയായിരുന്നു കുറെ മനസ്സുകൾ. വേദനയാൽ തളരുമ്പോഴും എനിക്ക് മധുരിക്കുന്ന ഓർമ്മകൾ സമ്മാനിച്ചത് അഭയൻചേട്ടന്റെ തല്ലുകളും തലോടലുകളുമായിരുന്നു.

നഷ്ടമായത് ഏറെ വിലപ്പെട്ട ഒന്നാണ്. എന്നാൽ ഏറെ വിലപിടിപ്പുള്ള പലതും നാടിനുവേണ്ടി ചെയ്തുതീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നതിൽ സന്തോഷിക്കാം. ആ കുടുംബത്തിനും, പിന്നെ അഭയൻചേട്ടനെ സ്നേഹിക്കുന്ന എല്ലാവർക്കും ആ വേർപാടുതാങ്ങുവാനുള്ള കരുത്ത് അഭയൻചേട്ടന്റെ തളരാത്ത മനസ്സ് സമ്മാനിക്കും.

അഭയൻചേട്ടൻ ഇനിയും ജീവിക്കും — എന്നെപ്പോലെയുള്ള വിദ്യാർത്ഥികളിലൂടെ, പിന്നെ ആ വ്യക്തിത്വത്തെ സ്നേഹിച്ച എല്ലാവരിലൂടെയും... ■

വത്സമ്മ കെ.എൻ.

# മിഴിനീർതുള്ളിയായ് മനസ്സിലെന്നും

'അഭയൻ' - ആ പേരിന്റെ അർത്ഥം ചിന്തിച്ചാൽ നിർഭയൻ അല്ലെങ്കിൽ ഭയമില്ലാത്തവൻ. എന്നാൽ അതിനെക്കാളേറെ എന്റെ മനസ്സിൽ ആ വ്യക്തിക്കും വ്യക്തിത്വത്തിനും ചേരുന്ന അർത്ഥം ആർക്കും അഭയം നൽകുന്നവൻ എന്നാണു തോന്നിയിട്ടുള്ളത്. അഭയന്റെ കൂട്ടുകാരന്റെ വാക്കുകളിലെ 'ഞങ്ങൾക്കെന്തിനും എപ്പോഴും അഭയനുണ്ടായിരുന്നു' എന്ന വിശ്വാസവും ആ അർത്ഥം തന്നെയാണു ശരിവയ്ക്കുന്നത്. സ്നേഹം പുരണ്ട നിഷ്കളങ്കമായ ആ ചിരികൊണ്ട് ആരെയും തന്റെ കാന്തവലയത്തിലാക്കാൻ അഭയനുകഴിഞ്ഞിരുന്നു.

അഭയനെപ്പറ്റി എന്റെ ഓർമ്മകൾ തുടങ്ങുന്നത് ഏറെയും നേഴ്സറിക്കുട്ടിയായിരിക്കുമ്പോൾ മുതലാണ്. കൈക്കുഞ്ഞായിരിക്കുമ്പോൾ കണ്ട ഓരോർമ്മയുണ്ടെങ്കിലും മനസ്സിൽ മിഴിവോടെ നിറഞ്ഞു നിൽക്കുന്നത് വലിയച്ഛന്റെ കൈപിടിച്ചു നഴ്സറിയിൽ പോവുന്ന ആ മൂന്നോ നാലോ വയസ്സുകാരനാണ്. മിക്കപ്പോഴും ഞാൻ ക്ഷേത്രത്തിൽ പോയി മടങ്ങിവരുമ്പോഴായിരിക്കും അഭയന്റെ ആ യാത്ര. വഴിയിൽ കാണുമ്പോൾ ഞാനൊന്നു കെട്ടിപ്പിടിക്കും. അതു പതിവായതുകൊണ്ട് എന്നെ കാണുമ്പോൾ വല്യച്ഛനെ

ചേർന്നുനിന്ന് എന്നെ ഒളിഞ്ഞുനോക്കി ചിരിക്കുന്ന ആ കുഞ്ഞു മുഖം, ആ പല്ലുകൾ പോലും, ഇന്നും മനസ്സിലുണ്ട്. ഇപ്പോൾ അവന്റെ അഭാവത്തിൽ ആ ഓർമ്മകൾ ഉറക്കം പോലും തരാതെ കുത്തി നോവിക്കുന്നു.

പിന്നീടു വളർന്നുകഴിഞ്ഞപ്പോൾ അപൂർവ്വമായെങ്കിലും ആ മന സ്സിലെ ആശയങ്ങളും പ്രതീക്ഷകളും പ്രതിഷേധങ്ങളും വാക്കുകളി ലൂടെ ഞാനറിഞ്ഞിട്ടുണ്ട്.

വല്ലപ്പോഴും വഴിയിൽ കാണുമ്പോൾ ഒപ്പം നടന്നുകൊണ്ട് എന്തിനെക്കുറിച്ചെങ്കിലും സംസാരിക്കും. ഒരിക്കലെന്നോടു സംസാ രത്തിനിടയിൽ പെട്ടെന്നു ചോദിച്ചു, 'ഈ ജന്മിത്തമൊക്കെ അഴു ക്കായിരുന്നില്ലേ വത്സമ്മച്ചേച്ചീ'ന്ന്.

'അതൊരു കാലഘട്ടത്തിന്റെ വ്യവസ്ഥിതിയായിരുന്നില്ലേ?' എന്നു ഞാൻ തിരിച്ചുചോദിച്ചു. 'എന്നാലും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന ക്രൂരമായ ഏർപ്പാടായിരുന്നു' എന്നു പറഞ്ഞു. 'ജന്മിത്തം അവസാനിപ്പിച്ചതുകൊണ്ടുമാത്രം ഇവിടുത്തെ പ്രശ്ന ങ്ങൾ തീർന്നോ? അതിനേക്കാളെത്ര മോശമായ കാലഘട്ടത്തിലൂ ടെയാ നമ്മൾ കടന്നു പോവുന്ന'തെന്നു ഞാൻ തിരിച്ചു ചോദിച്ചു. "അതൊക്കെ മാറ്റാനല്ലേ ഞങ്ങളൊക്കെ ഇടപെടുന്നത്?" പിന്നെ ആവേശത്തോടെ അല്പം രാഷ്ട്രീയം. ഞാൻ ചിരിച്ചു. അപ്പോ ഴേക്കും ഞങ്ങൾ കവലയിലെത്തി. 'വത്സച്ചേച്ചി പൊയ്ക്കോ, ഞാനിത്തിരി കഴിഞ്ഞേയുള്ളൂ' എന്നുപറഞ്ഞു പിരിഞ്ഞു. അങ്ങ നെയൊക്കെ ചെറിയ ചെറിയ കണ്ടുമുട്ടലുകൾ.

'വത്സച്ചേച്ചീ'ന്നുള്ള മനസ്സിൽ ആഴ്ന്നിറങ്ങുന്ന ആ വിളി! പ്രിയ പ്പെട്ട കുട്ടീ നീ, കണ്ണൻ — നിങ്ങളൊക്കെ ഇപ്പോൾ എവിടെയാണ്? മരിക്കുന്നതിന് ഒരാഴ്ച മുമ്പ് കണ്ണൻ എന്നെ ടൗണിൽ കണ്ടു. സാധാരണ ഒന്നു ചിരിക്കുക, അല്ലെങ്കിൽ 'എവിടെപ്പോയി' എന്നു ചോദിക്കുക; അതിനപ്പുറം അന്ന് അവൻ കുറച്ചു ദൂരം എന്നോ ടൊപ്പം നടന്നു. ഏറെയൊന്നും സംസാരിച്ചില്ല. എന്നിട്ട് 'പോവ്വാ ചേച്ചീ' എന്നു പറഞ്ഞു തിരിഞ്ഞുനടന്നു. അവസാനത്തെ യാത്രപ റച്ചിലായിരുന്നോ ആവോ? ജീവനില്ലാത്ത നിങ്ങളുടെ രണ്ടു പേരു ടെയും മുഖം ഞാൻ കണ്ടില്ല. മന:പൂർവ്വം കാണാതിരുന്നതാണ്. എന്റെ മനസ്സിൽ ആ ചിരിക്കുന്ന മുഖം മതി.

ഇപ്പോൾ ഞാനാഗ്രഹിക്കുന്നു — നാളെ, നാളെ എന്നോ ഒരു നാൾ, നിങ്ങളൊക്കെ യാത്രയായ അതേ വഴിയേ ഞാനും നട ന്നെത്തും. അപ്പോൾ ആ വലിയ വാതിൽക്കൽ മുഖം നിറയെ ചിരിയും കണ്ണുകളിൽ കുസൃതിയുമായി കയ്യുയർത്തിക്കൊണ്ട് 'വത്സച്ചേച്ചീ' എന്ന വിളി ഞാൻ പ്രതീക്ഷിക്കുന്നു, ആഗ്രഹി ക്കുന്നു. ■

Fazil N.C.

# Abhayan

I remember the very first day I met you at Ponkunnam, the late night we decided to take you along with us to your dearest place, MCC. Since Jojan sir entertain comrades like you, he just confirmed it with a phone call and that was the beginning of our beautiful friendship. I will always remember all the laughter we had along with your dearest achan and amma. We had always pulled your legs which you secretly loved. Do you remember? We always loved to pull your legs. We laughed at you for your deep affinity towards your Selaiyur Hall but nonetheless it had a purpose of bringing together. You had always wanted to be loved by everyone. You had a brother and sister in everyone. You had the quality of giving yourself as a whole to things you love and you were least was bothered about yourself. But why did you leave all of a sudden? What was the hurry? Do you have to say something with your absence ?

Your reaction to things was always predictable, but it never made anyone unhappy coz you always stood by truth. You had

sharp criticism even if it was your beloved friends, which I always loved. If something was wrong, you were sharp enough to point it out, there was no space for fear or bias.

Countless no of fb wall posts after your demise made me realize how much you influenced others with your unconditional care and love. Your absence shouldn't be a reason to mourn or be hopeless about. I hope it will make people stand for the things you always cared for. I am just sharing what our dear friend Arun Janardanan shared on your wall:

"My dear comrade, he was a man of spirit. He was different from many others in his batch and age. He had a crystal clear ideology and he stood for that. Journalism student of MCC, Abhayan preferred to do his summer internships in small town newspapers instead of bigger ones in cities. He was political, to the core of left, and stood for it even in casual conversations. He was never ever confused. And was trained himself for his ideology, as a red volunteer, may be dreaming of that democratic revolution that is long awaited. He was not a person with big city ambitions. He never bothered of his looks, or branded attires, as he had much bigger things to do in his life. In conversations, he was always inviting attention to sociology and public health situations in India, especially the worse status of Kerala, of which he himself became a victim finally. This is high time to look into Kerala, a deadly state that continues to steal many such lives. Abhayan M Savithri, you had high potentials to idealize a model society, or may be a system itself. Wish if your original ideas could sustain long..."

Each person has different things to share, to remember you, for each one you were a different experience coz you knew what people expected from you.

Hall life was altogther a different experience. I remember your room was seldom closed, there was nothing to snatch from it, coz nothing really belonged to you. You will be out with the groups, you met people in person and was ever willing to listen to them , all of them. The hall life was contributing indirectly in a way. Sometimes when I visit you, you will be with a book far, away from the noises, immersed completely in it. In Department, your loyalty towards the hall was known to everyone, but our teachers never had a complaint. Rather they would easily predict what you are up to. I very well know how much unconditionally your parents loved you, which you were generous enough to share with every one you met during your very short journey. I spoke to you a weak before a of your journey to an unknown place. Last week, I had shared with you all special stories from my journey- there is hardly anything which you don't know about me - and I had promised you to meet as soon as I am back. We will meet... love for you always. ■

കൃഷ്ണ നായർ

# ഒരു ഗുൽമോഹർമരം

സഖാവ് അഭയനുവേണ്ടി കുറിച്ചത്...

ചിതറിക്കിടക്കുന്ന പൂവുകൾ,
രക്തം പുരണ്ടു സ്വയം ബന്ധിതരായവർ
ചുവടുകൾ വയ്ക്കുമ്പോൾ അവയെ ചവിട്ടി.
എങ്കിലും നടത്തം തീരുന്നില്ല.
ശബ്ദം കനത്തിരുന്നു എന്നും,
അയാളുടെ കണ്ണിൽ കനലും കെട്ടടിഞ്ഞില്ല.
വാക്കുകൾക്കു മൂർച്ചയും, ത്വരിതം അയാളുടെ ചിന്തകളും.
ആലസ്യമില്ലാത്ത കണ്ണുകൾക്ക്
പറയാനുണ്ടായിരുന്നത് ഏറെ.
ഒന്നിനുമൊന്നിനും
തോൽപ്പിക്കാനാവാത്ത
ആ ശരീരത്തിന് ഇന്നും ജീവനുണ്ട്.
അതെനിക്കു കാണാം, എല്ലാവരേയും പോലെ.
ചലിക്കുന്ന ഹൃദയവും മുഴങ്ങുന്ന ശബ്ദവും
എന്നെ ചിന്തിപ്പിക്കാറുണ്ട് പലകുറി.
ഉയിരിന്നുയിരുകൊടുക്കാൻ ഇടറാത്ത ചങ്ക്.
അയാൾ അസുരനായിരുന്നു.
തോൽവിയിലും വിറയ്ക്കാത്ത ചിന്തകൾ.
അയാൾ കമ്മ്യൂണിസ്റ്റോ സോഷ്യലിസ്റ്റോ
മാവോയിസ്റ്റോ ആയിരുന്നോ?
അറിയില്ല, അയാൾ പറഞ്ഞില്ല.
എങ്കിലും സിരയിൽ ഒഴുകിയത്
രക്തത്തേക്കാൾ
കട്ടിയുള്ള നിശ്ചയങ്ങൾ.
ദൃഢമാമവയ്ക്ക് ആയുസ്സൊടുങ്ങില്ല.
പിരിയുന്നതു തമ്മിൽ വീണ്ടും കണ്ടുമുട്ടാനാണെന്ന്
ഓർമ്മിക്കുന്നതാണു നല്ലത്.
ചിതയ്ക്കടിയിൽ ശരീരം
വെന്തുരുകുന്നതു കണ്ടുവെങ്കിലും
അയാൾ മരിച്ചത് ഞാനറിഞ്ഞില്ല.
അയാൾക്കെന്തൊക്കെയോ
പറയുവാനുണ്ടായിരുന്നതായി
എനിക്കറിയാം.
ലാൽസലാം സഖാവേ... ■

രാജേഷ് ഇ.കെ.

# നക്ഷത്രം

രാവിലെ തുടങ്ങിയ മഴയാണ്, തോരാതെ നിന്നു പെയ്യുന്നു. മഴയത്തേക്കു നോക്കി ഞാനെന്റെ മുറിയിൽ ഇരിക്കുകയാണ്. ശോകമൂകമായ സ്മരണകൾ മനസ്സിലേക്ക് ഇഴഞ്ഞിഴഞ്ഞുവരുന്നു. ഞാൻ നിന്നെപ്പറ്റി എന്തെഴുതും...? ദുഃഖത്തിന്റെ കയ്പുചാറിലേക്ക് സ്മരണകൾ താണുപോകുന്നു. മഴവെള്ളം ഒലിച്ചുപോകുന്നതിന്റെ ശബ്ദം ശോകാത്മകമായ ഒരു ഗാനത്തിന്റെ പ്രതീതി ഉളവാകുന്നു.

നാം കണ്ടുമുട്ടിയ നാൾ മുതലിങ്ങോട്ടുള്ള പല കാര്യങ്ങളും മനസ്സിൽ കിളിർത്തുവരികയാണ്. സ്മരണകൾ അടിച്ചാർക്കുന്ന തിരമാലകളെപ്പോലെയാണ്. ഒന്നിനു പുറകെ മറ്റൊന്നായി നിരന്നു വരുന്നു... എത്രയെത്ര സംഭവകഥകളെ വഹിച്ചുകൊണ്ടാണവ വരുന്നത്! അതിൽ പറ്റിനിൽക്കുന്ന വ്യക്തികളും രൂപങ്ങളും തെളിഞ്ഞു തെളിഞ്ഞു വരികയാണ്. അവയിൽ തെളിഞ്ഞു നിൽക്കുന്നത് പ്രിയശിഷ്യാ, നിന്റെ തെളിഞ്ഞ മുഖമാണ്.

പഠനകാലയളവിൽ നിന്റെ കഴിവിലുള്ള വിശ്വാസമാണ് നിന്നോടുസ്നേഹം തോന്നുവാൻ പ്രേരണയായത്. കലാകായിക മേഖലകളിൽ ഉത്സാഹപൂർവ്വമായ നിന്റെ സാന്നിദ്ധ്യം കൂട്ടുകാർക്ക് ശക്തി പകരുന്നതായിരുന്നു. സ്നേഹവും പരസ്പരവിശ്വാസവും, ഐക്യബോധവും നീ അവർക്കു കാണിച്ചുകൊടുത്തു. ഓർമ്മയിൽ എന്നെന്നും സൂക്ഷിക്കുന്ന ഒരു യാത്ര — കുറ്റിപ്പുറം സ്കൂൾ കലോത്സവം — ഭീതിയുടെ നിഴൽ തട്ടാതെ നീ സ്റ്റേജിൽ നിറഞ്ഞു നിന്നു. വാക്കുകൾ നിനക്ക് അന്യമല്ലായിരുന്നു . നിളയുടെ മണൽത്തരികളിലൂടെ നാം ഒന്നിച്ചു നടന്നുനീങ്ങി- കാലത്തിന്റെയും പ്രകൃതിയുടെയും മാറ്റങ്ങളെപ്പറ്റി നീ എന്നോടു സംസാരിച്ചുകൊണ്ടിരുന്നു. എല്ലാം മൂളിക്കേട്ട എന്റെ കാതുകളിൽ നിന്റെ സംസാരത്തിന്റെ മുഴക്കം മാത്രമാണ്. അന്നു നമ്മുടെ പാദങ്ങളെ തഴുകിയൊഴുകിയ നീർച്ചാലുകൾ ഇന്ന് വിദൂരതയിൽ ഓളങ്ങൾക്കൊപ്പം ഒഴുകുന്നുണ്ടായിരിക്കും...

കഴിഞ്ഞവയൊന്നും തിരിച്ചുവരുകയില്ല. സ്മരണകൾ അയവിറക്കി സന്തോഷിക്കുകയോ സങ്കടപ്പെടുകയോ മാത്രം ചെയ്യുമ്പോൾ... നീ എന്റെ മനസ്സിൽ ഏറ്റവും ശക്തിയോടെ ആകാശത്തിന്റെ അപാരതയിൽ പറന്നുനിൽക്കുന്ന ഒരു നക്ഷത്രമായിരിക്കും...

കവിതയെ സ്നേഹിച്ച പ്രിയശിഷ്യാ, നിനക്കായ് രണ്ടു വരി–
"ഇനി ലോകം നമുക്കന്യമായിയെങ്കിലും
കാലത്തിന്റെ കളിപ്പാട്ടമായി ഞങ്ങൾ മാത്രം." ■

കെ. രാജലക്ഷ്മി

# ഇരുട്ടു വീഴുമ്പോൾ വെളിച്ചമായ് പെയ്യുക

എഴുതേണ്ടതെന്താണെന്നറിയില്ല. ഒരു നേർത്ത മഞ്ഞുപാളിക്കപ്പുറം നീയുണ്ടെന്നറിയാം. തോരാത്ത മഴയായി നീ പെയ്തുകൊണ്ടിരിക്കുന്നുവെന്നുമറിയാം. ഒരുപാടു ഹൃദയങ്ങൾ അതു കാതോർത്തിരിക്കുന്നുമുണ്ട്. ഇരുട്ടിനെ ഇല്ലാതാക്കുകയായിരുന്നില്ലേ നീ? കൂടുതൽ വെളിച്ചമുള്ള ഇടത്തേക്കാണ് നീയിപ്പോളെത്തിയതെന്ന് വിശ്വസിക്കുകയാണു ഞാൻ. മുന്നിൽ ഇരുട്ടു വീഴുമ്പോൾ വെളിച്ചമായി പെയ്യുക...

നിന്റെ അടയാളങ്ങൾ ഈ നാടിന്റെ ഹൃദയത്തിലുണ്ട് — ഒരുപാടു മനസ്സുകളിലും. കാലം തെറ്റിയെത്തുന്ന ഒരു മണൽക്കാറ്റിനും, ഒരു കടൽത്തിരയ്ക്കും, അവയൊന്നും മായ്ച്ചുകളയാനാവില്ലല്ലോ... ■

ജഗന്നാഥ് ആർ.

# ആരായിരുന്നു അഭയൻ?

"കടൽത്തിരയാൽ ഇനിയും പേരുകൾ മായിക്കപ്പെടും. കൊടുങ്കാറ്റിനിയും കരിയിലകളെ തെറിപ്പിക്കും. ഇടിമിന്നലേറ്റ് വൃക്ഷങ്ങൾ ഇനിയും നിലംപതിക്കും, കാർമേഘങ്ങൾ ആയിരം സൂര്യന്മാരെ മറയ്ക്കും. നിനക്കു മാത്രം മരണമില്ല സുഹൃത്തേ. കാരണം, ഓർമകൾക്ക് ജീവൻ നഷ്ടപ്പെടുന്നില്ല — അനശ്വരമാണവ."

ആരായിരുന്നു അഭയൻ?

ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം പറയാൻ ഒരു പക്ഷേ എനിക്ക് കഴിഞ്ഞേക്കില്ല. ചുരുക്കം ചില സന്ദർഭങ്ങളിൽ മാത്രമേ ഞാൻ അദ്ദേഹത്തോടു സംസാരിച്ചിട്ടുള്ളൂ. തീയേറ്റർ ഹട്ടുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്ക് വായനശാലയിൽ എത്തുമ്പോഴാണ് പലപ്പോഴും ഞാൻ അദ്ദേഹത്തെ കണ്ടിട്ടുള്ളത്. ഒരിക്കൽ മാത്രം പാലായിൽ വച്ച് കണ്ടുമുട്ടി. 'സംസ്കാരം ജനങ്ങളാൽ' പരിപാടിയുടെ ബാനർ ഒട്ടിക്കാൻ ഇറങ്ങിയതായിരുന്നു ഞങ്ങളെല്ലാം. അന്ന് ചിരിച്ചും തമാശ പറഞ്ഞും ഞങ്ങളോടൊപ്പം നടന്ന അഭയൻചേട്ടനാണ് ഇന്നും ഓർമകളിലുള്ളത്. പക്ഷേ അന്നും വ്യക്തിപരമായി അദ്ദേഹത്തെപ്പറ്റി കൂടുതലൊന്നും അറിയില്ലായിരുന്നു.

‘അഭയൻ-വർത്തമാനയൗവനത്തിൽ’ എന്ന പരിപാടിയിലാണ് ഞാൻ അദ്ദേഹത്തെപ്പറ്റി കൂടുതലറിയുന്നത്. അന്ന് ഞാൻ കേട്ടറിഞ്ഞ അഭയൻ എന്ന വ്യക്തി ഞാൻ കണ്ടറിഞ്ഞ അഭയനിൽ നിന്നു വ്യത്യസ്തനായിരുന്നു. വ്യക്തമായ കാഴ്ചപ്പാടുകളും വ്യക്തമായ നിലപാടുകളും ഉള്ള ഒരു അഭയനെ ആയിരുന്നു അവിടെവച്ച് അറിഞ്ഞത്. ഇരുപത്തിമൂന്നുവയസ്സുള്ള അഭയനും രണ്ടുവയസ്സു മാത്രം ഇളപ്പമുള്ള ഞാനും രണ്ടുധ്രുവങ്ങളിലായിരുന്നു എന്ന് അന്നു ഞാൻ മനസ്സിലാക്കി.

സഹജീവികളോടുള്ള എന്റെ കർത്തവ്യം എന്താണ്? അങ്ങനെയൊന്നുണ്ടോ? എങ്ങോട്ടാണ് ജീവിതത്തിന്റെ പോക്ക്? ഇങ്ങനെ ഒരായിരം ചോദ്യങ്ങളാണ് എന്നെപ്പോലെ ഒരുപാടുപേർ എന്നും അഭിമുഖീകരിക്കുന്നത്. സംശയമാണ് എല്ലായിടത്തും. ശരി ഏതാണ്? അങ്ങനെ ചെയ്യുന്നത് തെറ്റാണോ? ശരി, തെറ്റ്-അങ്ങനെ ചിലത് ഉണ്ടോ? ഇവിടെയാണ് അഭയൻ വ്യത്യസ്തനായത്. ‘എന്റെ ശരി ഇതാണ്, എന്റെ കർത്തവ്യം ഇതാണ്’ എന്ന ഉത്തമബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു പക്ഷേ, ഞാൻ ആര് എന്ന കുഴയ്ക്കുന്ന ചോദ്യത്തിനു പോലും, ജീവിതത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ തന്നെ തന്റേതായ ഉത്തരം കണ്ടെത്തിയ അപൂർവം വ്യക്തികളിൽ ഒരാളായിരുന്നിരിക്കാം അദ്ദേഹം.

വളരെ കുറച്ചു മാത്രം ഇടപഴകിയിട്ടുള്ള എന്നിൽ പോലും സ്വാധീനത ചെലുത്താൻ അഭയൻ എന്ന വ്യക്തിക്കുകഴിഞ്ഞു. അപ്പോൾ അടുത്തിടപഴകിയവരിൽ അദ്ദേഹം ചെലുത്തിയ സ്വാധീനത എത്രത്തോളമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ■

Vidyalekshmi

# To My Dear Appu

**BETWEEN APPU AND ME:**

Appu - he is a unique person in my life. I have known him for the past one year only, but his affection, love and care show the depth of our relationship. Appu played a major role in my life. When I'm upset or have any problem in my life, he is the only person who finds out my sorrow by just looking at my face. Appu tells me how to handle and solve the problem, by giving me positive advice. Appu is the only person who taught me many things, made me understand what life is and how to handle my happiness and my sorrows.

Many people have come across me during the ups and downs of my life. But he was the only gentleman in my life who played a part in my life in the first one year. But this one year has meant so much to me.

I believe that Appu is still with me, every second, and talking to me, encouraging me in every way. His true love makes me feel that he is always around and he is with me only.

I love him lots. He loves me, more than I love him. If I don't talk to him any day, then he himself comes and talks to me. He never shows any ego in our relationship.

He is my junior, but more than that he is my brother. I have not thought of him as a junior. In my college, he was with me and guided me.

**Memorable moment:**

1. When I was crossing the road, he held my hand and guided me like a baby. He always advises me to avoid using the phone while walking along the road. In this age, even my parents don't guid me as much. But as my brother, he guides me.
2. On his birthday, I forgot to send him birthday greetings. After two days, when I came to college, he asked me, "Why didn't you greet me on my birthday? You forgot my birthday, didn't you?" I apologized to him and told him that next birthday, I would be the first person to send my best wishes to my Appu. But, now... I can't wish him first or last.
3. When I was in the last week of my college days, for three days I didn't talk to him. We had a fight. The last day of my college he himself came and spoke to me. Then Appu, two of my friends and I went to a hotel for lunch and enjoyed ourselves that day. That time I felt his love, care and affection more. But that was the last day I met my Appu. The same night he left to his native place.
4. One day I arranged a get - together party at my home. But I invited only my classmates. From the first year I didn't invite anyone. But I invited my Appu. It was becuse I never think he is my junior. Many times and told Appu, "Why were you born one year late? If you were born earlier, now you would have studied with me." I have said all these to God. Whenever I pray I always tell God to be with him.
5. Love is not between couples only. Between two hearts also various relationships can happen, but the concept is one which means 'Love.'

**Train Journey....**

Many times Appu and I travelled together in train. My house is near Tambaram. It was nice to travel with him. He keeps on talking, talking and talking…

I would look at him without blinking my eyes.

One day he accompanied me in train till Tambaram, left me there and then retuned to his room. That day he came in train only because of me.

There is no end if I tell about my Appu. But I have to stop this. Here…. all these memories come to my mind every day, especially the memories of the days he spoke to me and the days he enjoyed himself with me. I feel that he is always with me. But one thing I'm depressed about is that I thought he would be with me throughout my life, but I didn't think he would leave me so soon.

I pray to God that 'his soul may rest in peace.'

Love U Sooooo Much Appu

God Bless u

Miss u so much Appu

With lots of LUV and Care

Yours

Vidya. ■

വിവേക് ഐപ്പ് കുരുവിള

# എന്നും നമ്മോടുകൂടെ

ഒരു വ്യക്തി അവന്റെ ചെയ്തികളിലൂടെയാണു നിലനില്ക്കുന്ന തെങ്കിൽ തീർച്ചയായും അവൻ എന്നും നമ്മോടു കൂടെ ഉണ്ടാകും. എന്റെ ആയുസ്സിന്റെ ആയ കാലത്തൊക്കെ കൂടെ ഉണ്ടാകുമെന്ന വിചാരിച്ച ഒരുത്തന്റെ വേർപിരിയലിനെപ്പറ്റി ഒരു article. ഞങ്ങ ളുടെ കൂട്ടത്തിലുള്ള പലരെയും പോലെ ഞാനും ആദ്യം ഓർത്തു. അവനെപ്പറ്റി പറയാൻ ഒത്തിരി ഉണ്ട്. അതൊക്കെ എന്നെക്കൊണ്ട് പേപ്പറിൽ ആക്കാൻ പറ്റുമോ? പക്ഷെ ഇനി അവനുവേണ്ടി ചെയ്യാൻ പറ്റുന്ന ചില കാര്യങ്ങളിൽ ഒന്നാണ് ഇത്.

അവനും എനിക്കും ഇതു വായിച്ചുകൊണ്ടിരിക്കുന്ന താങ്കൾക്കും തങ്ങളുടേതായ പ്ലസ്സും മൈനസ്സും ഉണ്ട്. ഒരാളുടെ നെഗറ്റീവ്സ് ഉൾക്കൊണ്ട് അയാളെ ഇഷ്ടപ്പെട്ടാൽ പിന്നെ അയാൾ ചെയ്യുന്ന ചില പ്രവൃത്തികൾ മറ്റുള്ളവർക്ക് തെറ്റായി തോന്നുമെ ങ്കിലും നമുക്ക് അവന്റെ സ്വഭാവത്തിന്റെ ഭാഗമായ പ്രവൃത്തികൾ എന്ന രീതിയിൽ ന്യായീകരിക്കാൻ ആകും. അഭയൻ എന്നു പറ ഞ്ഞാൽ Politics. എം.സി.സി.യിൽ ഒറ്റവാക്കിൽ അവൻ അതായിരു ന്നു. സ്വന്തം ലാഭത്തിനുവേണ്ടി പ്രവർത്തിക്കാതെ മറ്റുള്ളവരുടെ

സ്ഥാനമാനലബ്ധിയിൽ സംതൃപ്തി കണ്ടെത്തുന്നതായിരുന്നു അവനിഷ്ടം. അതേ രാഷ്ട്രീയം കാരണം പലർക്കും അവനോട് വിയോജിപ്പ് ഉണ്ടായിരുന്നു. അവന്റെ കൂടെ നിന്നവർക്ക് അങ്ങനെ ഒരു പ്രശ്നം ഉണ്ടാകാതിരുന്നത് അവനെ അവനായിടുതന്നെ ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നു എന്ന ഒരൊറ്റ കാരണം കൊണ്ടാണ്.

ഞങ്ങളുടെ ഇടയിൽ അവനേപോലെ പുരോഗമനപരമായ, അല്ലെങ്കിൽ വിപ്ലവകരമായ, ചിന്തകൾ ഉള്ളവർ തീരെ കുറവാണ്. തനിക്കു ശരിയെന്നുതോന്നുന്നത് വിളിച്ചുപറയാൻ ഒരു മടിയുമില്ലാത്തവൻ. അത് മറ്റുള്ളവരുടെ മുമ്പിൽ വാദിച്ച് തെളിയിക്കാൻ കെല്പുള്ളവൻ. മിക്കപ്പോഴും ഞങ്ങളുടെ തർക്കങ്ങളുടെയും വിമർശനങ്ങളുടെയും അവസാനം അവൻ പറഞ്ഞുഫലിപ്പിക്കും — അവന്റെ ഭാഗത്താണ് ശരി, അവൻ ചെയ്യുന്നതാണ് വേണ്ടത്. ആദ്യമായി അവൻ ഞങ്ങളെ അട്ടിക്കലോട്ടു കൂട്ടിക്കൊണ്ടുവന്നപ്പോൾ ഇതുവരെ കാണാത്ത ഒരു വീടും ചുറ്റുപാടും ഞാൻ അടുത്തറിയുകയായിരുന്നു. പിന്നീട് അമ്മ പറഞ്ഞു, അവൻ ഞങ്ങളെ ഒക്കെ അങ്ങോട്ടുകൊണ്ടുവന്നതും അതിനുവേണ്ടിത്തന്നെ ആയിരുന്നെന്ന്. അഭയൻ നമ്മെവിട്ടുപോയശേഷം അവന്റെ പേരിൽ ഒരു കൂട്ടായ്മ സംഘടിപ്പിക്കുന്നതിനുള്ള ആശയം സാക്ഷാത്കരിക്കുക എന്നത് നമ്മൾ ഓരോരുത്തരുടേയും കർത്തവ്യം ആണ് — ഏവരെയും ബന്ധിപ്പിക്കുന്ന ഘടകം. ആ ബന്ധത്തിൽ കലർപ്പില്ലാതെ നമ്മൾ ഓരോരുത്തരും പ്രവർത്തിക്കട്ടെ. ■

വി.റ്റി. മാത്യു

# അഭയസ്മൃതി

ഏതാനും വർഷങ്ങൾക്കു മുമ്പ് മനസ്സിനിണങ്ങാത്ത ശാസ്ത്ര വിഷയങ്ങൾ പഠിക്കാൻ സന്ദർഭവശാൽ അഭയൻ സയൻസ് ക്ലാസിൽ ചേർന്നു. ക്ലാസ്ടീച്ചറായിരുന്ന ഞാൻ മിക്കപ്പോഴും പഠന വിഷയങ്ങളെ സംബന്ധിച്ച് അവന്റെ അച്ഛനോട് (പി. മധു) സംസാരിച്ചപ്പോൾ ഒരു പുഞ്ചിരിയോടെ, വളരെ ക്ഷമയോടെ, ശ്രദ്ധിച്ചിരുന്നത് ഓർക്കുന്നു. വിഷയങ്ങൾ വിരസമായി അനുഭവപ്പെട്ടെങ്കിലും തികഞ്ഞ ആത്മസംയമനത്തോടെ ക്ലാസ്സിൽ ശ്രദ്ധിച്ചതും പാഠ്യേതരപ്രവർത്തനങ്ങളിലെ മികവും അഭയനെ ഹീറോ ആക്കിയിരുന്നു. അതിലുപരി അതിവിനയത്തോടെ ഏവരെയും ആകർഷിക്കുന്ന പെരുമാറ്റവും അഭയനെ വ്യത്യസ്തനാക്കിയിരുന്നു. എന്നും ഓർമ്മയിൽ സൂക്ഷിക്കാനുള്ള ഏതാനും ഹൃദ്യാനുഭവങ്ങൾ: സഹപാഠിയുടെ സഹോദരിയുടെ അകാലമൃത്യുവിൽ അവനും താങ്ങും തണലുമായിരുന്നത്, ഓണാഘോഷപരിപാടിയിൽ നിയന്ത്രണം വിട്ടത്, വിനോദയാത്ര....

അദ്ധ്യാപികമാരുടെ അസൗകര്യം മൂലം വിനോദയാത്രയിൽ ഞങ്ങളോടൊപ്പം എന്റെ സഹധർമ്മിണിയും പങ്കെടുക്കേണ്ടതായി വന്നു. ആ ഒരു ദിവസത്തെ അനുഭവത്തിൽ എല്ലാ വർഷവും സ്കൂൾ വിട്ടശേഷം അഭയൻ മുൻകൈയെടുത്തു നടത്തിയിരുന്ന ഒത്തുചേരലിൽ എന്റെ ഭാര്യയ്ക്ക് പ്രത്യേകക്ഷണം നൽകിയിരുന്നു.

ജീവിച്ചിരുന്നെങ്കിൽ അനേകം പേർക്ക് അഭയമാകുമായിരുന്ന ആത്മാവിനെ ഇത്രവേഗം പറിച്ചെറിഞ്ഞ പരമപൊരുളിനെ പ്രണമിച്ചുകൊണ്ട്,

“ഈ മനോഹരതീരത്തു തരുമോ
ഇനിയൊരു ജന്മം കൂടി?”

എന്ന് ആരോടുമല്ലാതെ ചോദിച്ചുകൊണ്ട്, അഭയന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ എന്ന പ്രാർത്ഥനയോടെ, ദുഃഖാർത്തരായ മധുസാറിനും ചേച്ചിക്കും മോൾക്കും ഇതു സമർപ്പിക്കട്ടെ. ■

പ്രിയ .വി.

# ഒരു സ്നേഹസ്മരണ

അഭയനെക്കുറിച്ചുള്ള എന്റെ ഓർമ്മകൾ തുടങ്ങുന്നത് പനമറ്റം സ്കൂളിലെ പ്രാക്ടിക്കൽ ലാബിൽ വെച്ചായിരുന്നു. അവനെ ആദ്യമായി കാണുന്നതും അവിടെ വെച്ചാണ്. എല്ലാ കാര്യങ്ങൾക്കും ചുറുചുറുക്കോടെ മുൻപിൽ നിൽക്കുന്നു കുട്ടിയായിരുന്നു അഭയൻ. കൂട്ടുകാരുടെ എല്ലാ പ്രശ്നങ്ങളിലും ഇടപെടുന്ന കുട്ടി. അതുകൊണ്ടു തന്നെ ഓഫീസിനെ ചുറ്റിപ്പറ്റി അവനെ മിക്കസമയത്തും കാണാമായിരുന്നു. നല്ല ലക്ഷ്യബോധമുള്ള കുട്ടിയായിരുന്നു അവൻ. പ്രസംഗകനായും നാടകരചയിതാവായും, സംവിധായകനായും അഭിനേതാവായും അവൻ ശോഭിച്ചിരുന്നു. എന്ത് ഉപദേശം നൽകിയാലും സവിനയം ഗ്രഹിക്കുന്ന അവൻ സ്വന്തം തെറ്റുകൾ സ്വയം തിരുത്താൻ കഴിവുള്ളയാളായിരുന്നു.

സ്കൂളിലെ വിദ്യാഭ്യാസത്തിനു ശേഷവും അഭയൻ പലതവണ സ്കൂളിൽ വന്നിരുന്നു. എനിക്കു തോന്നുന്നത് അവനെ അവസാനമായി കാണുന്നത് പതിവുപോലെ കൂട്ടുകാരോടൊപ്പം സ്കൂളിൽ വന്ന ഒരു ദിവസമായിരുന്നു എന്നാണ്. മാത്യുസാറിനെയും സാലി ടീച്ചറിനെയും തന്റെ ഉപദേഷ്ടാക്കളും മാർഗ്ഗദർശികളുമായിട്ടായിരുന്നു അഭയൻ കണ്ടിരുന്നത്. താൻ ഇങ്ങനെയൊരു നിലയിൽ എത്തിച്ചേരാൻ കാരണം മാത്യുസാറാണെന്ന് പറയുന്നത് ഇന്നും ഞാനോർക്കുന്നു.

അന്നു സ്കൂൾമുറ്റത്തെ മരച്ചുവട്ടിൽ കൂട്ടുകാരോടൊപ്പം ചിരിച്ചുകളിച്ചുനിൽക്കുന്ന അഭയന്റെ മുഖമാണ് എന്റെ മനസ്സിൽ. അവന്റെ സത്സ്വഭാവവും ഗുരുഭക്തിയും അവനെ നമ്മുടെ മനസ്സിൽ മായാതെ നിലനിർത്തും.

പേര് അന്വർത്ഥമാക്കുന്ന വിധത്തിൽ നിർഭയനായി മരണത്തെ നേരിട്ട നീ നിന്നെ സ്നേഹിക്കുന്നവരുടെ ഉള്ളിലെന്നും ഒരു താരകമായി ജ്വലിച്ചുനിൽക്കുന്നു. അതെന്നും അങ്ങനെ തന്നെ നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■

Anthony David

# Thanks for Being There, Abhay...

I am not a professional in writing an article but who would say a NO when asked to write an article about a very young legend, Abhayan M Savithiri.

It took 18 years to know the actual meaning of a brother and a friend, (in quotes ‘unselfish friend’)- who lived for others expecting nothing but only love in return. He is a person who means a lot to many people in this world. An article, book or usage of 1013900 words in the English dictionary won’t be enough to describe him.

I really don’t remember how I met him but I know I met him in Selaiyur Hall. A guy with a lot of guts and no fear in him. “Yes sir, there is ragging in this hall” were the words I heard for the first time before I could see who this guy was. Everyone over there was silent and all the people were following the voice to find out where it came from. A hefty guy with a beard and spectacles. These first words shook the whole seniors in the hall because this was a sign that the show ran into trouble. He actually

made our batch so united. He was definitely a good mind reader and his mind games were insane and this was the quality in him that made every single event and situation in our batch to go smooth. I tried a lot to learn things from him which wasn't successful because his qualities were his own and none could buy it from him or get a copy from him. I always asked him how he got to know people so well and how he influenced people. He might have only spoken to people for five minutes and they are so sure to remember him. The influencing part is not a joke because I have witnessed it on a train journey. Abhay was famous and knew every single person in college and I was known because we were together always. Abhay always loved plays, skits, mime. In fact I acted in a mime in college because he encouraged me in it. We won the first 'DIONYSIA', a theatrical program just because of his single effort and "Ammalu, this was a play which your team of friends had done". His idea in the field of art was crazy. I never know where he got his ideas from. Three years he got the charge of skit in all the hall programs and he made it memorable in a way that people came for our events mainly to see the skit. Abhay and I always did the role of ladies in the skit. He sounded like one and I had the shape.

Abhay was really good at managing events. The get - together at my house was the best part of my life. I used to leave everything to Abhay and he made those days in my house enjoyable and memorable. May 27, 2012 - our last get together in my house with almost all our batch mates. (Sorry girls, we didn't mind calling u but it might be awkward.) This was not only special to us but also to my brother. "Abhay, I this was the best birthday gift you gave my bro", yes, it was his birthday. We Mccians rocked the party with our unity. As Fawas said, "we aren't professional singers or dancers but just a group of friends who get together to show our unity." We did show our unity that day, singing together and dancing. Forgot to tell one stuff, we guys were planning to be a part of a band but didn't work out. Abhay, Nambi, Jose and myself, we named the band "changayeezzz." Our cover song was "venal kattu" from the movie "Rithu".

Abhay loved football but he played cricket better , a bowler with very less run up but good pace and length. He played football with us every time we played in the Hall. He played like the Italians and Netherlands in really aggressive way. Recently I came to know when his amma told me that I taught him to play soccer well and spoke a lot about it. Somesh, Abhay,Fawas and me had a hell of a time fighting when talking about football. Somesh was all alone supporting Chelsea and the 3 Manchester Utd fans went after him irritating, " Somesh, don't worry; you had punamadam with you." The 2012 champion's league final, Bayern Vs Chelsea was fun. We were at our homes watching the match and texting each other. This was the funniest part. Bayern scored first. Abhay texts Somesh "HEHEHEHE". Somesh was silent but waited for his chance. Yes, every dog has a time; later Chelsea scores and Somesh texts back, " HAHAHAHA". All this is something none can forget. Abhay and Somesh were together when it came to Brazil and I was left alone with Spain. Tom was a crazy African continent fan and Abhay always doubted his genes had something to do with Ghana and Senegal.

The only time when we came together to support a team was for ‘INDIA’, but still we had fights. Varghese, Fawas, Abhay for Ganguly, Dravid and Sachin. “Fawas, it was rude on your part to say Sachin is not the God of  Cricket”. Oh no, Nambi was also there among them.

Tom’s brother’s marriage was the last time we all met together. That event was made a memorable one by our great legend. I guess he shook the whole of Thiruvilla that day. Vivek, you made the the night memorable.

Vivek and Abhay were really good friends, they loved each other very differently. Whenever they saw each other they showed their love not through hugs but fights.

I guess I am making people soooo bored.There is a lot to talk about Abhay. Somesh, what you said is true. “Talking about him can’t be expressed in a book, dude”.

One last confession that Abhay made to me was that he never liked me in the beginning because I was a pet for all the seniors, but now he really sees me as a best buddy because I had always been with him in all his happiness and sadness.

The most memorable thing I got because of Abhay was ‘GENTLEMAN OF MCC.’

The last memorable thing I did for him was a surprise birthday blast on his 21st birthday.

“ Abhay moneeee,  I miss u badly daaa...”

Thanks for being there when I was completely down; whenever I felt I was a loser, you encouraged me.

THANX won’t be enough for all this… ■

ശിവാനി ദിവാകരൻ

# അപ്പുവിന്റെ ലോകം

അഭയൻ എന്നതിനേക്കാൾ അവനിഷ്ടം അഭയൻ എം. സാവിത്രിയോടായിരുന്നു. അവൻ അവനെത്തന്നെ വിളിച്ചിരുന്നതായിരുന്നു അത്. അവന് ചേരുന്നതും അതായിരുന്നു. ആ പേരിൽത്തന്നെ ഉണ്ട് അവൻ — അവന്റെ ഇഷ്ടങ്ങളും ഇഷ്ടക്കേടുകളും.

അവൻ ഡിഗ്രിക്കു ചേരുന്ന കാലം തൊട്ട് അറിയാം എനിക്കവനെ. സഖാവ് അഭയൻ — അങ്ങനെയാണു ഞാനവനെ ആദ്യമായി കേൾക്കുന്നത്. ഈ പ്രായത്തിൽത്തന്നെ വ്യക്തമായ കാഴ്ചപ്പാടുകളും സ്വപ്നങ്ങളും ഉണ്ടായിരുന്നു അവന്. തന്റെ സ്വപ്നങ്ങൾക്ക് ഇത്രയധികം നിറംകൊടുക്കയും അതിൽ വിശ്വസിക്കയും ചെയ്തിരുന്നു അവൻ. കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിൽ വിശ്വസിച്ച്, എന്നാൽ അതിനുമപ്പുറത്തേക്ക് സ്വതന്ത്രമായി ചിന്തിക്കാനും അവനു മാത്രമേ സാധിക്കൂ.

ആകാശത്തിന്റെ കീഴെയുള്ള എന്തിനെക്കുറിച്ചും അവൻ സംസാരിക്കുമായിരുന്നു — നിർത്താതെ, ഒരിക്കലും മടുക്കാതെ..... എന്നു മുതലാണ് അവനെന്റെ അപ്പുവും ഞാൻ അവന്റെ ഓപ്പോളും ആയതെന്ന് എനിക്ക് ഓർമ്മയില്ല.പക്ഷേ അന്നുമുതൽ

അവന്റെ എല്ലാം എനിക്കു മന:പാഠമായി. നഷ്ടപ്പെട്ട കഥകൾ, കവിതകൾ, പാട്ടുകൾ തുടങ്ങി അവന്റെ സ്വപ്നങ്ങൾ വരെ ഞാൻ സൂക്ഷിച്ചിരുന്നു, ഭദ്രമായി. എന്തും ഓർമ്മയിൽ സൂക്ഷിക്കാൻ കഴിയുമവന്, ഒരു തരികൂടി മറക്കാതെ. വായിച്ച പുസ്തകത്തിലെ ഇഷ്ടപ്പെട്ട വരികൾ തുടങ്ങി രണ്ടു കൊല്ലം മുമ്പ് ഈ ദിവസം എന്താ ഉണ്ടായേ എന്നുവരെ അപ്പുവിനോട് ചോദിച്ചാൽ മതി.

സെലയൂർ ഒരു ഹോസ്റ്റൽ, അല്ലെങ്കിൽ അവരുടെ ഭാഷയിൽ അവരുടെ ഹാൾ - അപ്പുവിനത് അവന്റെ കൊക്കൂൺ ആയിരുന്നു. ഒരിക്കലുംഅതിനു പുറത്തു കടക്കാൻ അവനിഷ്ടമില്ലായിരുന്നു. ഒരു സുന്ദരമായ സ്വപ്നത്തിന്റെ, സ്നേഹത്തിന്റെ, സൗഹൃദ ത്തിന്റെ കൂട് — അല്ലെങ്കിൽ അതിനപ്പുറം — ആയിരുന്നു അവനത്. അവിടുത്തെ ഓരോ കുഞ്ഞുകാര്യവും അവനു വലുതായിരുന്നു. അവരുടെ ട്രഡീഷനിൽ തുടങ്ങി, സൗഹൃദത്തിൽ തുടങ്ങി, എന്തിനും ഏതിനും അവനുണ്ടായിരുന്നു. സെലയൂരിൽ, എം.സി.സി.യിൽ അപ്പു എന്തായിരുന്നു എന്നതിനേക്കാൾ അവന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും ഉണ്ടായിരുന്നു അവിടെ. അവിടുത്തെ ഒരു ചെറിയ വിങ്ങൽ പോലും സഹിക്കാൻ പറ്റില്ലായിരുന്നു അവന്. ഞാനവനെ ഒരുപാട് ആരെല്ലാമായി കണ്ടിട്ടുണ്ടവിടെ. ഒരിക്കലും അവൻ  ഇലക്ഷനിൽ മത്സരിച്ചിട്ടില്ല. ഇലക്ഷൻ കമ്മീഷ നാണ് അവനിഷ്ടം. നഷ്ടപ്പെട്ടുപോകുന്ന സൗഹൃദങ്ങളുടെ, സ്നേഹത്തിന്റെ, വീണ്ടെടുപ്പായിരുന്നു. അവനവിടെ. ഒരു നല്ല രാഷ്ട്രീയക്കാരനുണ്ടായിരുന്നു അപ്പുവിൽ. കേരളത്തിലെ ഒരു രാഷ്ട്രീയ, സാമൂഹിക നേതാവിനെ ഞങ്ങൾ എല്ലാവരും കണ്ടി രുന്നു അവനിൽ. ഇതിന്റെയൊക്കെ അടിസ്ഥാനമായ കാര്യം അവനെ എല്ലാവർക്കും ഇഷ്ടമായിരുന്നു എന്നതാവാം; അവനു തിരിച്ചും. വ്യക്തമായ അഭിപ്രായങ്ങൾപോലെ അഭിപ്രായവ്യത്യാസ ങ്ങളും അവനുണ്ടായിരുന്നു. എന്നാൽ അതൊന്നും ഒരിക്കലും അവന്റെ ബന്ധങ്ങൾക്ക് വിള്ളലേൽപ്പിക്കാൻ കാരണമായില്ല.

മുഖ്യധാരാതലമുറയിലെ ആഡംബരജീവിതത്തോടും സമൂഹം സൃഷ്ടിച്ച ചട്ടക്കൂടുകളോടും എതിർപ്പു പ്രകടിപ്പിച്ചിരുന്നു അപ്പു. ഒരിക്കലും അവനു മാത്രമുള്ള ഒരു സുരക്ഷയെക്കുറിച്ച് അപ്പു ആലോചിച്ചിട്ടില്ല. അമ്മയും ചിറ്റയുമെല്ലാം അവന്റെ ജീവിതത്തിൽ ഒരുപാട് സ്വാധീനത ചെലുത്തിയിട്ടുണ്ട്. 'എന്നെ അവർ വളർത്തി യ'താണെന്ന് അഭിമാനപൂർവ്വം പറയുമായിരുന്നു.

കുഞ്ഞുകുഞ്ഞു കാര്യങ്ങളെപ്പോലും അവന് സാമൂഹികതല ങ്ങളിലേക്ക് ഉയർത്തി ചിന്തിക്കാൻ കഴിയുമായിരുന്നു. അതായി രിക്കാം എം.എ.യ്ക്ക് സോഷ്യോളജി എടുക്കാൻ അവനുപ്രേരണ യായത്. അങ്ങനെ അവിടുത്തെ ഒരു ചെറിയ എസ്.എഫ്.ഐ. യൂണിറ്റിൽ അവൻ ചേർന്നതും ഒന്നുമല്ലാതിരുന്ന അതിൽ ആളു കൾ വരാൻ തുടങ്ങിയതുമെല്ലാം എന്നെത്തന്നെ അത്ഭുതപ്പെടുത്തി യിട്ടുണ്ട്. നേതൃസ്ഥാനം വേണ്ടെന്നുവച്ച് അവൻ കൂടെ നിൽക്കുക യായിരുന്നു. ഇതൊക്കെയായിരുന്നു അഭയൻ, സഖാവ് അഭയൻ, അഭയൻ എം. സാവിത്രി.

പക്ഷേ...  ഇതിനെല്ലാം മേലെയായിരുന്നു എനിക്കെന്റെ അപ്പു. എന്തിനും ഏതിനും 'ഓപ്പോളേ' എന്നു വിളിച്ച് കൂടെ നടക്കുമായി രുന്നു എന്റെ അപ്പു. എനിക്കറിയാത്ത അവന്റെ ഒരു സീനിയർ എന്നെ വഴിയിൽവച്ചു കണ്ട് 'അപ്പുവിന്റെ ഓപ്പോളല്ലേ?' എന്നു ചോദിച്ച നിമിഷത്തിലാണ് ഞങ്ങൾ ഇത്രയധികം അടുത്തുപോ യെന്ന് ഞങ്ങൾതന്നെ മനസ്സിലാക്കിയത്... അതേ, ഞാൻ അപ്പു വിന്റെ ഓപ്പോളാണ്, എന്നും... ■

ജയശങ്കർ ചെട്ടിയാർ

# അഭയൻ, ഞാനൊരു കാഴ്ചക്കാരൻ

ഞാനൊരു കാഴ്ചക്കാരനാണ്, തികച്ചും ഒരു കാഴ്ചക്കാരൻ. ആ ബഹുമുഖപ്രതിഭയെ അകലെ നിന്നു കാണുവാനാണ് ഞാൻ ഇഷ്ടപ്പെട്ടിരുന്നത്. അവനിലെ നന്മയെ മനസ്സിലാക്കുവാനും അവനോടൊപ്പം പ്രവർത്തിക്കുവാനും ആഗ്രഹിച്ചിരുന്നു. പക്ഷേ....

താലൂക്ക് ലൈബ്രറി കൗൺസിലിന്റെ ബാലകലോത്സവം. പ്രശ്നോത്തരിമത്സരത്തിൽ. മുല്ലനേഴിയുടെയും ആശാന്റെയും മറ്റും ഫോട്ടോ തിരിച്ചറിഞ്ഞ് താമസംവിനാ ഉത്തരങ്ങൾ നൽകുന്ന അഭയനെയാണ് ഞാൻ ആദ്യം കാണുന്നത്. പിന്നീട് പല വേദികളിലും സന്ദർഭങ്ങളിലും ഞങ്ങൾ കണ്ടുമുട്ടി. ദേശീയവായനശാലയുടെ നാടകക്കളരിയിലും മറ്റു പ്രമുഖപരിപാടികളിലും നിറഞ്ഞ സാന്നിദ്ധ്യമായിട്ടുപോലും ഞങ്ങൾ പരസ്പരം സംസാരിച്ചിട്ടില്ല. എപ്പോഴും സുഹൃത്തുക്കളാൽ വലയം ചെയ്യപ്പെട്ടിരുന്ന അവൻ ഏത് ആൾക്കൂട്ടത്തിലും കാണുമ്പോൾ ഒന്നു പുഞ്ചിരിക്കാൻ മറന്നില്ല.

പനമറ്റം ഹയർ സെക്കണ്ടറിസ്കൂളിൽ നിന്നു പടിയിറങ്ങിയതിനു ശേഷമായിരുന്നു അവന്റെ രംഗപ്രവേശം. എന്റെ പല സുഹൃത്തുക്കളോടൊപ്പം അവൻ പഠിച്ചു. എനിക്ക് ആ ഭാഗ്യവും ഉണ്ടായില്ല. എന്റെ സുഹൃത്തുക്കളുടെ സംഭാഷണങ്ങൾക്കൊടുവിൽ വന്നെ

ത്തുന്ന പേര് അഭയൻ. അന്നു ഞാൻ മനസ്സിലാക്കി, അവൻ എത്ര മാത്രം അവരെ സ്വാധീനിക്കുന്നുവെന്ന്.

ഒരിക്കൽ ഒരു ഒഴിഞ്ഞ വീഥിയിൽ തനിയെ നടന്നു പോകുന്ന എന്നെ ചീറിപ്പാഞ്ഞു വന്ന ബൈക്കിന്റെ പുറകിൽ നിന്നൊരു വിളി– “കുഞ്ഞായീ”. അത് അഭയനായിരുന്നു. എന്റെ ചുരുക്കം ചില അടുത്ത സുഹൃത്തുക്കൾക്കു മാത്രം അറിയാമായിരുന്ന പേര്. ഞാൻ അത്ഭുതപ്പെട്ടു. സുഹൃത്തുക്കളെ മനസ്സിലാക്കുവാൻ ദീർഘ മായ ഇടപാടുകൾ വേണ്ടെന്ന് അവൻ എന്നെ പഠിപ്പിച്ചു.

ഒരു സന്ധ്യാസമയം. ഷിബുച്ചേട്ടന്റെ കോൾ. നടുക്കത്തോടെ ഞാൻ അതുകേട്ടു. എന്തുപറ്റി, എപ്പോഴാണ്, എങ്ങനെയാണ് എന്നൊന്നും ചോദിക്കാൻ എനിക്കു പ്രാപ്തിയുണ്ടായിരുന്നില്ല.

രണ്ടാഴ്ചയ്ക്കു മുമ്പ് ജനകീയവായനശാലയിൽ വെച്ച് കണ്ട താണ്. കറുത്ത മുണ്ടും ഇരുണ്ട ഷർട്ടും ആയി ചെറിയ തോതിൽ താടി വളർത്തി ഊർജ്ജസ്വലനായി നടക്കുന്ന ആ സംഘാടകനെ. മനസ്സിൽ ഒരു വെമ്പൽ — കാണാൻ പോകണോ, വേണ്ടയോ? ഒടു വിൽ തീരുമാനം എടുത്തു — പോകുന്നില്ല. ചലനമറ്റ ആ ശരീരം കാണാൻ ഇഷ്ടപ്പെടുന്നില്ല. എന്നും ഊർജ്ജസ്വലതയോടെ, പക്വത യോടെ, സുഹൃത്തുക്കൾക്കൊപ്പം സന്തോഷവാനായി നടക്കുന്ന ആ ചെറുപ്പക്കാരൻ മാത്രംമതി എന്റെ മനസ്സിൽ. മരണം രംഗബോധമി ല്ലാത്ത കോമാളിയാണ് — ധർമ്മം മറന്ന കോമാളി. ■



പി.എസ്. രാജേഷ്

# അഭയൻ

അഭയാ,
മെയ്മാസത്തിൽ
പനിച്ച രാവിലും പകലിലും
നീ
ഓർത്തതെന്താണ്?
അച്ഛൻ പറയാതെ പറഞ്ഞ
അകംപുറം കാഴ്ചയെക്കുറിച്ചോ?
അമ്മ പകർന്നുതന്ന
അഭയത്തിന്റെ
വിശ്വസ്തതയെക്കുറിച്ചോ?
അമ്മാളു എണ്ണിത്തീരാത്ത
മഞ്ചാടിമണികളെക്കുറിച്ചോ?
അന്ന് നീ
'ഉണ്ണിവഴി'കളിൽ കൂട്ടുകൂടിയപ്പോൾ
പണ്ടു നിനക്ക്
ഒഴുകുന്ന കടലിനെ കാട്ടിത്തന്ന
ബാലേട്ടനെ ഓർത്തിരുന്നോ?

വായനശാലയിൽ വേരുറച്ച്
ദൂരേക്ക് ദൂരേക്ക്
ചില്ലകൾ നീട്ടി,
ഇലപ്പൊടിപ്പുകൾ വിതറി.
അപ്പോഴും നിന്റെ കയ്യിൽ
ആ ചുവന്ന പൂവുണ്ടായിരുന്നല്ലോ?
അഭയാ,
നീ
പനമറ്റംകാരനല്ല
പൊൻകുന്നംകാരനുമല്ല,
ഒരു മദ്രാസിയായിരുന്നോ? ■



പ്രൊഫ. എം.ജി.ചന്ദ്രശേഖരൻ

# അഭയന്

സ്വർഗ്ഗബാലകസംഘത്തിനേകുവാൻ
സർഗ്ഗനാടകം തോറ്റുവാൻ പോയി നീ.
കൊണ്ടുപോയ് നീയവനിതൻ സങ്കടം
കൊണ്ടു കയ്ച്ചൊരു കൂവളത്തിന്നില*.

മുന്തിരി തിന്നു മന്ദരായവർ
അന്തമില്ലാതടിച്ചു പൊളിക്കുന്ന
നാടിനേകുവാൻ ദു:ഖസത്യജ്ഞാന-
നാടകം തന്നെയാവണമുത്തമം.

കൂവളത്തിലനാടകം തിന്നു
ദേവകളിന്നഭയരായ് തീരട്ടെ ! ■

*രക്തത്തിൽ മധുരാംശം കൂടുന്നതിന് സിദ്ധൗഷധമാണ് കൂവളത്തില.*

എം.പി.ബിനുകുമാർ

# അഭയൻ– ഒരോർമ്മപ്പെടുത്തൽ

പിൻതിരിഞ്ഞുനോക്കുമ്പോൾ യു.പി.സ്കൂൾവിദ്യാർത്ഥിയായ അഭയനാണ് എന്റെ മനസ്സിലാദ്യം കടന്നുവരുന്നത്. യുവജനോത്സവങ്ങളിൽ പ്രസംഗം, ഉപന്യാസം, കവിത, ക്വിസ് തുടങ്ങിയ ഗൗരവമേറിയ ഇനങ്ങളിൽ സാന്നിദ്ധ്യമാകുന്ന, പ്രായത്തെക്കവിഞ്ഞ പക്വതയുള്ള, വളരെ വ്യത്യസ്തനായ ഒരു കുട്ടി.

ഹൈസ്കൂൾവിദ്യാർത്ഥിയായപ്പോഴേക്കും നല്ല പ്രസംഗകനും ഡിബേറ്ററും സംഘാടകനുമൊക്കെയായി മാറിയ അഭയനേയാണ് കാണാനായത്. പെരുമാറ്റത്തിൽ ഏറെ പക്വത. സംഭാഷണത്തിൽ ഗൗരവം. സംവാദാത്മകമായ ചർച്ചകളിലായിരുന്നു അവന് അക്കാലത്തു താല്പര്യമെന്നു തോന്നിയിട്ടുണ്ട്.

പനമറ്റത്ത് ഹയർസെക്കൻഡറിയിൽ പഠിക്കുമ്പോൾ പാഠ്യേതര പ്രവർത്തനങ്ങളിൽ — പ്രത്യേകിച്ച് എസ്.എഫ്.ഐ.യുടെ— സജീവമാകുന്ന അഭയനെ കണ്ടു. തീവ്രരാഷ്ട്രീയത്തിലേക്ക് കുതിക്കാനുള്ള ഒരു ത്വര അവനുണ്ടായിരുന്നതായി ഞാൻ സംശയിച്ചിട്ടുണ്ട്.

വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെയും കൂട്ടുകാരുടെയുമൊക്കെ കാര്യങ്ങളിൽ വഴങ്ങാത്ത ഒരു പക്ഷപാതിയായി, നിസ്വാർത്ഥനായി, അഭയൻ നിലകൊള്ളുന്നതുകണ്ടു. തന്റെ അധ്യാപകരോടുപോലും

കാർക്കശ്യം നിറഞ്ഞ നിലപാടായിരുന്നോ അവൻ കൈകൊള്ളുന്ന തെന്ന് തോന്നിയിട്ടുണ്ട്.

ഡിഗ്രിഘട്ടമായപ്പോഴേക്കും അഭയൻ പിന്നേയും വ്യത്യസ്തനാകുന്നത് കാണാനായി. വായനശാലാപ്രവർത്തനങ്ങളിലെ ഇടപെടൽ, കൂട്ടുകാരൊത്തുള്ള സംഭാഷണങ്ങൾ, മുതിർന്നവരുമായുള്ള കുശലം പറയൽ, ചർച്ചകൾ, സംഘടനാപ്രവർത്തനം തുടങ്ങിയവയിലെല്ലാം വേറിട്ടതും നേതൃത്വപരവുമായ ഒരു പങ്ക് അവൻ പൂർത്തീകരിക്കുന്നതുകണ്ടു.

തന്റെ അഭിപ്രായങ്ങൾ ആത്മാർത്ഥമായി തുറന്നുപറയുന്ന, വിമർശനങ്ങളെ ഉൾക്കൊള്ളുന്ന, പ്രശ്നങ്ങളെ കാര്യഗൗരവത്തോടെ സർഗ്ഗാത്മകമായി നേരിടുന്ന ഒരു പാതയിലേക്ക് അഭയനെത്തുന്നത് കാണാൻ കഴിഞ്ഞു. ലക്ഷ്യബോധത്തോടെ സുഹൃത്തുക്കളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുന്നതു കണ്ടു. കാലത്തിന്റെ പ്രത്യേകതയായി ആവിർഭവിച്ച മൊബൈൽ ഫോൺ, ബൈക്ക്, ടി.വി. തുടങ്ങിയവയുടെ കുടുക്കിൽപ്പെടാൻ അഭയനൊരിക്കലും കഴിയുമായിരുന്നില്ല.

താടിയും മുടിയുമൊക്കെ നീട്ടിവളർത്തിയപ്പോൾ ചോദിച്ചിട്ടുണ്ട്, 'ക്ഷുഭിതയൗവ്വനമായിരിക്കുമല്ലേ?' എന്ന്. 'സംശയമൊന്നും വേണ്ട' എന്ന ഗംഭീരമറുപടിയും പൊടുന്നനെ ഉണ്ടാകും.

ദേശാഭിമാനിയിൽ ട്രെയ്നിയായി പ്രവർത്തിക്കുമ്പോൾ അതേക്കുറിച്ച് ഞങ്ങൾ സംസാരിച്ചിട്ടുണ്ട്. വളരെ ഊർജ്ജസ്വലനായ ഒരു പത്രപ്രവർത്തകനായി അഭയൻ മാറുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു.

അഭയൻ ഒരോർമ്മപ്പെടുത്തലാണ് ആബാലവൃദ്ധത്തിനും; പൊരുതിക്കൊണ്ടേ ജീവിക്കാനാകൂ. ■

അനിൽകുമാർ ജി.

# അഭയൻ –
# ആർദ്രമായ ഒരോർമ്മ

ചിലർ–
ചിലർ മാത്രം അങ്ങനെയാണ്.
മഴവില്ലുപോലെ മോഹിപ്പിക്കുകയും
പ്രചോദിപ്പിക്കുകയും ചെയ്യും അവർ.

തുറന്നുവയ്ക്കപ്പെട്ട നമ്മുടെ
കണ്ണുകളും കാതുകളും കരൾപിളർക്കുന്ന
ദൃശ്യങ്ങളിലും വാർത്തകളിലും ഉലഞ്ഞ്
ഭൂമിയുടെ വാസയോഗ്യതയെക്കുറിച്ച് നാം
സന്ദേഹിയാവുമ്പോൾ
നമ്മുടെ പ്രതീക്ഷകളുണർത്തുന്ന ചിലർ;
പ്രതീക്ഷയുടെ അത്തരം നന്മനാമ്പുകളെ
നാം അറിയാതെ നമ്മുടെ മനസ്സ് തിരഞ്ഞുകൊണ്ടിരിക്കും.
പുഴമണലിൽ കനകം തിരയുന്ന പണിയാളനുമുമ്പിൽ
സ്വർണ്ണത്തരിപോലെ
നമ്മുടെ വഴിത്താരകളിൽ അവർ വന്നുചേരും.

ചിലപ്പോഴെങ്കിലും പ്രത്യേകകാരണങ്ങളൊന്നുമില്ലാതെ
നമ്മെ അതിരില്ലാതെ സന്തോഷിപ്പിക്കുന്ന

സാന്നിധ്യമായി അവർ
പ്രകാശം പരത്തുന്നു.

ചിലർ മാത്രമേ അങ്ങനെയുള്ളൂ—
വളരെക്കുറച്ചു പേർ.
പക്ഷേ, വേണം നമുക്ക് അങ്ങനെ ചിലർ;
വർത്തമാനത്തിന്റെ ധന്യതയും
ഭാവിയുടെ പ്രതീക്ഷയുമായി
അനിവാര്യമായും അവർ ചിലർ വേണം നമുക്ക്.

(ഭൂതത്തിലേക്ക് വേരാഴ്ത്തുമ്പോഴും
ഭാവിയിലേക്ക് ചില സ്വപ്നങ്ങൾ പാകിക്കൊണ്ടു-
മാത്രമല്ലേ, നമുക്ക് വർത്തമാനത്തിൽ
സ്വന്തം ഇടം ചമയ്ക്കാനാവൂ— പാവം നമ്മൾ!)

ഒരു പ്രത്യേകശ്രമവുമില്ലാതെ
ഒരു പൂ വിരിയുന്നതുപോലെ
പലപ്പോഴും നമ്മൾ അറിയാതെ തന്നെ
നമ്മുടെ സ്നേഹവും ബഹുമാനവും
കവർന്നിട്ട് അവ പലമടങ്ങായി
മടക്കിത്തരും അവർ.

അലസസഹനങ്ങൾക്കും
അശാന്തതകളുടെ ഓർമ്മപ്പെടുത്തലുകൾക്കും മീതെ
ജീവിതത്തേയും മാനവികതയേയും കുറിച്ച്
സ്വപ്നങ്ങൾ ചമയ്ക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന
യൗവ്വനങ്ങൾ.

ഒരുവേള, അവർ നമ്മുടെ സ്വകാര്യ
അഹങ്കാരമായിപ്പോലും മാറാറുണ്ട്.
വളരെക്കുറച്ചുപേർ-
അവർ മാത്രം- അങ്ങനെയൊക്കെയാണ്.

ജീവിതം കവിതയാക്കുന്നവർ-
നമ്മുടെ മധ്യാഹ്നമീനച്ചൂടുകളിൽ
ലൈം ജ്യൂസിന്റെ കുളിർമയായി
മാറുന്നവർ;

മഴവില്ലു മായും പോലെ,
പൂത്തുലഞ്ഞ പൂമരത്തിന്
ഇടിവെട്ടേറ്റാലെന്നപോലെ
ഒരു കൊള്ളിമീൻപോലെ
അവരിൽ ചിലർ പൊടുന്നനവെ
നമ്മെ വിട്ടു പോകുമ്പോൾ
ദരിദ്രമായിപ്പോകുന്നു നമ്മുടെ ലോകം.
ഭൂമിയുടെ വാസയോഗ്യത ഗണ്യമായി
കുറയുന്നത് നാം അറിയുന്നു.
പ്രകൃതിനിയമമെന്ന ന്യായവാദമൊന്നും
അംഗീകരിക്കാനാവാതെ
മരവിച്ചു പോകുന്നു നമ്മുടെ മനസ്സ്;
തകർന്നുലഞ്ഞു പോകുന്നു നമ്മൾ.

അഭയൻ എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും
അങ്ങനെയൊരാളായിരുന്നു.
ആ ഗണത്തിലെ തീരെക്കുറച്ചുപേരിൽ
ഏറ്റവും പ്രധാനപ്പെട്ടവൻ, പ്രിയപ്പെട്ടവൻ.
ചെറിയ പ്രായത്തിൽത്തന്നെ വലിയ ഒരാളായി
സ്വയം സാന്ത്വനമായി;
ഒടുവിൽ....
ഇങ്ങനെയാണ് ചിലർ നമുക്ക്
ആർദ്രമായ ഓർമ്മയായി മാറുന്നത്... ■

Nikhila Sudharma

# For a Dream Made Fearless…

For those of us who have known Abhayan over the last 2 – 3 years, he has donned many hats. From the ultimate Godfather who knew his bargains and pitfalls in MCC to the intellectual who fell in love with Sociology at Madras University, Abhayan has had it all. The lessons learnt at home — the philosophies of social inclusion inherited from his father coupled with the spirit of activism and courage of his mother — made him the 'practical politician' he went on to become at MCC.

Every time I think of Abhayan, I realize that he was an intellectual with zero ambitions for the self. Not many in college knew the intellectual inside him. Truth be told, he did not care, whether people thought of him as a Don Corleone or anything less. But all of them knew well his determination to create a vision… for the Hall, for the college, for friends… And to make them happen, no matter what it takes …

Right from the beginning, Abhayan realized that the pro-democratic provisions within the set up of Madras Christian

College did not require a rebel, but needed a leader — far-sighted enough to utilize those provisions, within the College and Hall to create a more active student space. And so he set out to organize the Fascists, the Narcissists and a few other good souls among us, so that he could teach us how to dream— a selfless dream.

At 19, Abhayan knew, the rise of student activism also meant the rise of team members, diplomats, other leaders, administrators and above all strong opponents. He wasn't blinded by the large number of loyalists, nor dismayed by the opposition it brought.

In life, there are certain opponents who challenge us to go all out and fight a deadly battle for our personal philosophies. In reality, such opponents are the ones who make us stronger than we ever knew ourselves to be. Abhayan was one such man. When he donned the robe of an opponent, he brought out the best in those on the other side of the game. The battles between the opposition league in College under Philip Thomas and the in-house league in Selaiyur Hall under Abdul Khaddar proved that the worthier the enemy, the stronger the conviction. All of them confronted each other, every single day until the end, holding stronger, by the day, to what they believed to be their personal 'right' and 'wrong'.

Abhayan's charisma, on most part, lay in his ability to mobilize the crowd and to set them moving. And on one particular occasion, during the College Audition Fashion Show in our final year, I remember how he walked right in front of the stage and silenced the crowd that was beginning to hurl wild comments at the girls walking the ramp— all in a single wave of his hand. I wonder how he does it. They did not listen to him out of fear. The truth is, at one point or the other Abhayan had managed to connect with each one of them. He was never scared of dragging himself right in the middle of their problems and wouldn't rest until a solution was found. And on that occasion during the Fashion Show in 2011, he was simply taking out his confidence in the friendship he built and the crowd was only returning theirs to him.

From a simple start as Hall residents to leaders who went for the opportunities guaranteed by the constitution of Madras Christian College, Abhayan paved for many the path to discover their organizational skills. Starting from Fawaz Jaleel who used to be, in his own words, 'the self oriented NRI guy' to the immediate generation headed by Ali, Allen and Jithin, to the likes of Ashwin Rajan, the current Cultural Convener and Rishi, the current General Secretary — all were moulded in the same space where Abhayan experimented restlessly, trying to temper down the necessary 'Machiavellian' attacks with his inborn Marxian ideals. At the end of the day, the commitment, strategy and negotiation-skill sets, learned and applied by them as student leaders, originated from Abhayan. From his efforts to carefully invest in the future of student activism in such a way that one set of leaders moulded the next, he wanted MCC to continue for eternity to be a foster-ground to try out all logics of student democracy.

Tony Morrison once said, “It is one thing to be granted liberty and totally another thing to claim it.” Though Morrison may not have been one among the numerous writers to constitute Abhayan’s vast reading world, I always felt their philosophies made them ideological siblings. Abhayan’s dreams correspond to the thoughts Morrison bothered to compress. in those deceivingly simple lines. He taught several fellow MCCians to claim the liberal space that our College was.  He taught them to see through the layers of the College constitution and understand its role, in creating a political hierarchy. In a way, he taught them to claim it, and fight for it until it started to represent all that… that is core to their existence within MCC. As long as the aspiration for student activism continues, within the portals of MCC or in a simple library in Ponkunnam or  in any corner of the world, Abhayan cannot be gone.

മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്നു നീ അയക്കുന്ന “ഡീ കോപ്പേ” എന്ന മെസേജിൽ തുടങ്ങി, മാർക്സിലും ലൈബ്രറി മൂവ്മെന്റുകളിലും മറ്റും ചെന്നവസാനിക്കുന്ന മെസേജുകൾ കാണാതെ വരുമ്പോഴുള്ള നഷ്ടബോധം എന്നെ അലട്ടുന്നെങ്കിലും നീ കണ്ട ധീരസ്വപ്നങ്ങളും നീ സൃഷ്ടിച്ച സൗഹൃദങ്ങളും നീ പകർന്ന നേതൃത്വപാടവവും ഒന്നും അങ്ങനെ ഇല്ലാതാവില്ല എന്ന് ദിവസം കഴിയുംതോറും മനസ്സിലാക്കുകയാണു ഞാൻ.

“അഭയൻചേട്ടനെപ്പോലെ എല്ലാവരുടെയും പ്രശ്നങ്ങളൊക്കെ തീർത്തിട്ടേ ഞാൻ നാട്ടിലേക്കുള്ളൂ” എന്ന് കോളേജ് ഒഡീഷനു ശേഷം അശ്വിൻ രാജൻ പറയുമ്പോഴും, “പണിയെടുത്തുതന്നെ ഞങ്ങൾ അപ്രൈസൽ കമ്മിറ്റി പിടിക്കും” എന്ന് നരുന്തുകളായ ഫസ്റ്റിയർ ഡിഗ്രിക്കാർ പ്രഖ്യാപിക്കുമ്പോഴും, “ആ കമ്മിറ്റിയിൽ മലയാളികളെ മാത്രം ഉൾപ്പെടുത്തുന്നതുശരിയാണോ?” എന്ന് ചിലരെങ്കിലും മാറി ചിന്തിക്കുമ്പോഴും.... അവസാനിക്കുന്നില്ല എന്ന് ഞാൻ അറിയുന്നത് അഭയൻ എന്ന വിദ്യാർത്ഥിനേതാവ് എം.സി.സി.യിലെ കാമ്പസ് ആക്ടിവിസത്തിന് പകുത്തുനല്കിയ ഒരു ജനകീയബോധമാണ്.

പിന്നീട് അഭയന്റെ കൊച്ചച്ചൻ എന്റെ കൊച്ചച്ചനാവുമ്പോഴും, അഭയന്റെ ചിറ്റ “എന്റെ മകളാണ്” എന്നുപറഞ്ഞ് സ്വന്തം മകളായി കർണ്ണാടകത്തിലുള്ള സഖാക്കൾക്ക് എന്നെ പരിചയപ്പെടുത്തുമ്പോഴും ഒക്കെ തുടരുന്നത് അഭയൻ എന്ന സുഹൃത്ത് എനിക്കു തന്ന അളവറ്റ സ്നേഹമാണ്...

I have accused him a hundred times, on a lighter note, of being a ‘King Maker’ with hidden agendas. In reality, by letting go of any ambitions for the self and by running behind a dream made fearless, Abhayan was proving to us that he wasn’t just a king, but The King Who Never Sought The Crown…

*Enikkettavum Priyapetta Ente Sakhavinu …*

Nikki ■

Somesh S. Menon

# Abhavan- A friend recollects

Four years ago, I was a young boy in mental disarray.
A supposed Malayali, who didn’t know Malayalam.
Someone who could connect with all things not Kerala.
Someone who would receive a ‘Namaskaram’ and say a ‘Hello’ in return.
It was a difficult time. It always is, when you are considered an outsider in a place you consider home.
I thus ventured to Chennai to pursue my higher studies, to put behind  my insular past, and experience a more cosmopolitan future.
I entered M.C.C. I was all otted Selaiyur Hall
and I met Abhayan Madhu.
plus a hundred other Malayali brethren.
All this on the very first day.
And all I could think of was, “Oh, here we go again,”
not realizing as to how things were never quite going to be the same.

I cannot say there was something extremely striking about the bespectacled boy I met that fateful day of June 15th 2009. There he sat in the indoor stage, in the restless manner which would later define him. My Malayalam was still quite brittle then. And I was only too glad it was my parents who did most of the talking.

Two extremely dissimilar 17 year olds shook hands that afternoon, vaguely aware that they were going to be classmates for the next 3 years.

Fully unaware about how much more companionship lay in wait. I cannot claim that we hit it off immediately.

I preferred the English speaking crowd - part elite-mentality, part bumbling Malayalam. He seemed most content in his own world, with his own home crowd.

We were the definitive ying and yang.

If he was the loud, confident, curious native, I was the reticent, quiet and self-centered outsider.

In class, we sat in separate rows, at opposite ends, like reflections of our personalities. Those were the initial days of college, when friendships were being rapidly formed and just as rapidly broken, When people were carefully treading the social waters, waiting for a flow that was to their liking.

With him, there was the occasional 'hi' and 'hello', nothing more. I considered him to be more of an acquaintance than a friend. And then the meeting happaned. The meeting which was to instigate a major change in his life. And in turn, lead to major changes in all ours.

* * * *

To make it absolutely clear now, we did not live in hostels at MCC.

We lived in residential entities known as 'halls' (nomenclature we are very particular about).

The boys had 3 residential halls situated at 3 corners of the campus — St. Thomas's, Bishop Heber and Selaiyur,

The girls had two- Martin and Margaret.

Based on luck, fate, destiny and the dean's mood, a student would be randomly allotted a Hall. It was common knowledge by then that a student could never choose a Hall;

rather, the Hall chose the student.

Once allotted, it was time to start adjusting to a whole new ideology, a whole new life. Think griffindor, Ravenoaw, Slytherin, Hufflepuff. Multiply the conflict a thousand times and imagine fierier relations between members — that was Hall life in MCC.

Every single batch had this inter-animosity built in, almost like a tradition.

Oh yes, tradition—

A word which sustained Hall life at MCC,

a word around which the entire Hall world revolved.

The men's Halls were each over 7 decades old — plenty of time for plenty of traditions.

The word itself was sacrosanct, never to be abused, never to be misused. You either followed, and entered the Hall community fold, or you ignored and stayed completely away. The latter

group always did have quite a few members-

the supposed party-poopers, the spoilsports, the betrayers, the outcasts.

And yet in the end, everyone was identified by the Hall in which one was in. Uneasy alliances did

Have to be eventually formed within each Hall, between the traditionalists and the anti. Because if not with fellow Hall mates, the ones with whom you brushed, bathed, ate and lived with, then with who?

This tense bonding was reflected, not just within each batch, but in the relationship with the seniors too.

Like in every college in India, Even the Hall seniors at MCC were proud reflectors of stereotypes - adrenaline - fuelled, strapping, strong, disdainful, sometimes long-haired, mostly bearded rebels, akin to a fiercely united pack of dogs sniffing around to break a junior ego or two.

We, of the first year, again true to stereotype, were the usual adrenaline - fuelled, disdainful, weak, stuttering, clean-shaven, just out of school, divided rebels from the same bunch, akin to a flock of disoriented birds waiting to be shot down, fiercely and immaturely protecting what little attitude we had had the termerity to show thus far, in a vain attempt to be brave.

The most unique thing about Hall life in MCC is that it exists

in a country where fun and freedom is generally frowned upon and with administrators unable to distinguish between the pardonable vagaries of youth and indiscipline, the Halls were the most liberal places around.

Shielded from the outside world by 300 acres of forest, to naive youngsters like us, this was both heaven and hell, a dungeon of freedom.

To make matters worse, traditions seemed to be that code-word, that cover-up, that covert set of rules essentially meant for nothing else but to legitimize ragging. In a campus where democracy was fundamental, these were the restraints, for the students, by the students and of the students.

You either followed and entered the Hall community fold, or you ignored and stayed completely away. the latter group always did have quite a few members.

Initially, Abhayan was one of them, probably the loudest of the lot-undoubtedly the most rebellious.

* * * * *

The meeting that night was on anti-ragging - yet another futile annual formality,

where juniors were asked by half-bored professors whether any of the seniors had attempted to

Rag them.

This was done in full view of the seniors, by the way. The juniors would only have to raise their heads to see fifty different faces glaring back at them, contorted to form fifty different scowls.

If only looks could kill.

The safest option was to keep your eyes focused on the floor.

3 years were to be spent there. Silence was more or less a guarantee.

Anyhow only two weeks of college had passed. This meeting was the last hurdle, and then the systematic tortures would be handed out, the fun would begin.

A few seniors licked their lips.

The anti-ragging committee head, half-a sleep, half under the influence of rum, kept rambling over the same point again and again.

“Were the seniors involved in ragging? Be brave enough to step forward and say it.”

Quite a few in the audience yawned.

And then it rang out. A resounding ‘Yes’!

Not a feeble, plea - for - help - kind - of “Yes.”

an emphatic, damn - you - all - kind - of ‘Yes’.

The drunkard was jolted awake.

Were the seniors involved in ragging? “Yes!”

Were any of you being ragged? “Yes!”

The raised hand. The shrill voice. Unforgettable embedded memories.

Seniors stood with mouths aghast. Juniors stood with mouths aghast. Veteran Hall staff stood with mouths aghast.

Abhayan had announced himself. Chaos ensued.

The meeting was a mere formality. Ragging never stopped after that. Abhayan received a session that very night. But he had made his entry, and what an entry it was!

We were young rebellious teens, proud of our Hall identities, competing amongst ourselves as to who could endure the most ragging. Who could impress the maximum number of seniors? Who could be the best junior? And now we had our Judas.

The seniors had conveniently adopted the good cop, bad cop routine. In the most extreme from. To make us as vulnerable as possible. It irritated us to no end. It also scared us witless.

Abhayan was subjected to a very big deal of both. And gradually he understood what Selaiyur was about, what Hall life was about, what MCC was about.

And he eventually turned.

I wouldn’t say I played a very prominent part in the turning process. But I was an acquaintance, and a classmate -

by default, a friend.

So I did play a minor part. And during that time, we grew closer.

Friendships of the time were amoebic, ever ready to change shape. And ours only kept growing bigger from then on.

He was perpetually willing to be misunderstood, and happy to clarify his stance later - a ready learner. welcome to change - his tactic to grow closer,

I was revelling in my own sweet teenage world by then - girlfriend, freedom, exposure, the likes.

He was a proud communist. So was she. Introductions were made. He made some great friendships at the time within her circle, and I shifted somewhat to the periphery,

an amused onlooker, the way I preferred it.

* * * * *

The wide-eyed, virtuous, upholders of integrity that we were, College and Hall politics seemed like LIKE a disturbing mirage

to most of us at the time.

Abhayan took to it like a fish to water.

Malaya-tamil rivalries were to soon seep into our lives. We tried in vain to stay away.

Abhayan embraced it.

Tamil soon became his second language.

We sniggered watching his clout grow, not realizing how shamelessly we would thank him later.

* * * * *

By the time 2010 dawned, We were exrtemely good friends. I had been to his beloved Ponkunnam by then, honored to be acquainted with his parents and friends, all of whom he had told us so much about. His mother took the liberty of confessing to us as to why she had deliberately sent him to Chennai to study.

Because she was afraid - afraid of what would happen to her elder child in the rough and tumble world of Kottayam politics - politics he had become such an integral part of. That was his world then and he had to be plucked out of it by force.

Little did she know that he had already begun creating another one in Tambaram.

The Stella Maris girls had become an integral part of his life by then. More than anything, I was

still tickled. I was the forgotten middle ground after all. I came to know much about them from him. And much about him from them.

* * * * *

He used to be an active CPI(M) activist back home.

MCC converted him into a Selaiyur militant in less than a year.

As was his wont, he soon became the adhesive between a number of groups and people on campus.

One could never understand then where his loyalties lay as he flitted from one faction to the next. Only later did we learnt that once his friendship was earned, his loyalty would forever stay.

He had the loudest, most penetrating voice. It soon came to define him. It soon came to define Selaiyur.

'Up Up Selaiyur' became a battle-cry. A holler which invariably reminded everyone in campus about Abhayan.

First year drew to a close.

He had made his friends, among the influential and the influenced - equally at ease with both.

In this way, the platform for his own influence was set;

and a very solid platform it was to be.

* * * * *

Second year began. The naive, immature juniors of the 2009 batch had become seniors. Metamorphosing into adrenaline-fuelled, strapping, disdainful, bearded, mostly long-haired and rebellious youth, akin to a pack of fiercely united dogs hungrily looking to break a junior ego or two.

The cycle had continued.

Senior year didn't quite turn out to be the way we expected. In many ways, it was a disappointment. We expected a million things, watched a lot fall apart, and struggled quite a bit to salvage whatever we could.

Expect Abhayan to turn a period of crisis into something more useful.

A period for planning.

A period for determining how final year would turn out.

How the power would be shared.

There was groupism, yes. There was something called a hall cabinet which added to it. 7 posts to be divided amongst 60 divided people. Put in the simmering mallu-tamil rivalry and you got a whole boiling cauldron of tension.

He was probably the only one who kept his cool.

And adroitly developed strategies to maintain stability in that most unstable of environments.

Then there were the college union society elections. Politics on a much grander and dirtier scale. Tailor-made for him it would seem. He connived and manipulated, formed alliances and broke partnerships, expertly monitoring all the election procedures step by step, always ahead of the game.

He was never afraid to break hearts. Nor was he afraid to have his own broken. He knew he had the will and the skill to patch both.

He won many new enemies, but many more new friends.

There were those who despised him openly, and also discreetly. None could however deny the grudging admiration and respect he provoked in them.

Abhayan chose his senior friends carefully, his batch friends candidly, and his junior friends carelessly.

For many of the juniors, he was mentor, guide, leader and idol, almost a god, from Judas to Jesus.

They were his ready devotees-

devotees of the king-maker, in his own words, the *thalaivar*.

The ambitious ones shamelessly pursued posts to demand veneration.

Abhayan effortlessly commanded it -

* * * * *

Motivator par excellence, debater without competition, armed with a sharp tongue and a sharper brain, a source of much consternation.

And envy.

He could hold his audiences in rapt attention, make them sway willingly to his tunes and follow him to the ends of the world.

He was the perennial mischef maker. And an exceptional peace - broker.

We all did things which we weren't very proud of in those 3 years. Abhayan probably had his own list. But that would seem minuscule in comparison to the list of things he did which he could be proud of.

His happiness was our happiness, our sorrow his.

If the Mahabharata analogy can be used here, he was undisputedly our Krishna.

A self-avowed agnostic, he wasn't ever averse to partaking of his friends' religious beliefs.

Expert theatre artiste that he was, he described with unabashed glee each and every single occurrence on campus, magnified and analyzed every single rumor and brazenly interrogated close friends without qualms. He basically made gossiping a virtue.

He was the perpetual life of the party, and yet desperate for attention,

emotional and logical at the same time.

He could scheme his way out of anything,

except where he had fully forsaken his heart - and that included love.

After a futile two-year Stella pursuit, he accepted defeat with grace, and unashamedly shifted his gaze to MCC's green pastures. Mind you there were quite a few trysts even between these two.

He had that beguiling charm about him.

Girls could see him as a brother one moment. and a lover the next. They enjoyed his company, he understood theirs.

The quintessential male feminist.

Malayalees became synonymous with Abhayan. and Abhayan with Malayalees.

Both became synonymous with trouble, and were proud of it.

The comrade and his people complemented each other perfectly, like hands in gloves.

* * * * *

He never did attempt to hide much. Butwhat he did, he did well.Always the man with the plan, the spectacles long disposed with. The beard and the orange lungi soon to become a trademark. An unparalleled scholar. In praise and abusealike.

The creator of nicknames, right from Kundi to Kindi to Athi to Gymman.

His many escapades as also his description of them made people wish they too could lead such a life.

Moonshadow, Deepwoods, Galarompics, Dionysia, Sports Day, Games Fury, Christmas, SHOBA and a whole lot of other successes were achieved. Teamwork was responsible. A team forged and led on most occasions by one man.

He was our greatest strength, the one you would want beside you in every challenge.

He was not the kind you could depend upon to pay your bail. He would be the one sitting beside you in jail.

There wasn't anything he was afraid to spout out, not many emotions he was willing to hide. Love and anger were distributed in equal measure.

Behind that loud exterior and flamboyant demeanor was a keenly analytical mind supplemented with a formidable intellect.

A bookworm and a movie buff alike.

In every activity, he had his own chosen partners in crime.

He could discuss love and lust in the same vein.

If there was anything worth learning, he would. English was conquered that way.

The journalism degree was earned more due to charm and his holding a typical sway over the faculty than due to any actual merit. They adored him as much as we did. He was the only one who could provoke abuse from the most cultured of our professors in the most good-hearted way. And what fun it was.

* * * * *

A sort of magic hung those were the days in the air.

The magic of youth.

The magic of adventure.

The magic of Abhayan,

We lived those days as if we were part of our vewry own song - part of our own ‘summer of 69’

* * * * *

I am not very good at eulogies. And just to clarify, this wasn’t meant to be one.

These are just mere words, a shallow awakening of nostalgia,

a humble attempt to portray a person whom it isn’t fully possible to portray.

I was with him for only 3 years, and 1 do not know whether to acknowledge what a deeply cherished amount of time it was. Or To be forlorn thinking as to how there could have been so much more. I guess he would want me to choose the former.

There are stories I haven’t shared, about the many celebrations and the fights, the many people l

Haven’t mentioned who were involved in all of them, because whatever I attempt to reveal would only serve as ordinary footnotes in an extraordinary story.

Years from now, when I look back, may be I will realize how fortunate I was to grow into a man at Selaiyur, with this particular boy alongside me for company.

I couldn’t make it to the funeral. That will remain an eternal regret. But I do know that hundreds of MCCians, those of whom I know and don’t know, made the journey to be there with him one last time, to partake of his presence on one final occasion.

Because he meant so much to all of us,

because he will continue to mean so much to all of us.

I am sure our grief is nothing compared to how much his parents, his sister and his closest relatives, about all of whom he spoke in the most glowing terms, must have gone through.

27th May 2013, however, saw a little bit of sunshine and color disappear from all of our lives, wherever we were.

He was our Abhay, our Appu, our Savs.

our heavenly, our B-Block Captain, our Iron Man.

A friend, brother, comrade and son.

A true Selaiyurian.

Our Abhayan.

Cheers to you aliya, wherever you are.

Until we meet again... ■

മനു എം.എസ്.

# ആമുഖമില്ലാത്ത വർത്തമാനങ്ങൾ

അബുവിനെ പരിചയപ്പെട്ടത് എന്ന് എന്നു വ്യക്തമായി ഓർക്കുന്നില്ല. എങ്കിലും ഒന്ന് അറിയാം. ആ പരിചയം പിന്നീടുപുതുക്കേണ്ട ആവശ്യം ഞങ്ങൾക്കിടയിൽ ഒരിക്കലും ഉണ്ടായിട്ടില്ല. പലപ്പോഴും പലരും കാണുമ്പോൾ ആദ്യം ചോദിക്കുക 'എന്തുണ്ടുവിശേഷം, സുഖമാണോ' എന്നൊക്കെ ആയിരിക്കും. എന്നാൽ അബുവിനോടുള്ള എന്റെ സംഭാഷണങ്ങളിൽ ഒരിക്കൽ പോലും ഇത്തരം വാക്കുകൾ ഉണ്ടായിട്ടില്ല. ആദ്യം പരിചയപ്പെട്ടപ്പോൾ മുതൽ പിന്നീട് എപ്പോൾ കണ്ടാലും — അത് ഒരാഴ്ച കഴിഞ്ഞോ, ഒരു മാസം കഴിഞ്ഞോ ആണെങ്കിൽ പോലും — ഇന്നലെ കണ്ടു പിരിഞ്ഞ പോലെ സംസാരിച്ചുതുടങ്ങുകയാണു പതിവ്. ഒരിക്കലും ഒരു നീണ്ട ഇടവേളയ്ക്കു ശേഷം കണ്ട ആമുഖങ്ങൾ ഇല്ലാതെ അവസാനം പറഞ്ഞുനിർത്തിയതിൽ നിന്ന് ആ സംഭാഷണങ്ങൾ തുടർന്നിരുന്നു.

സ്കൂൾകാലം മുതൽ എനിക്ക് അബുവിനെ അറിയാം. എസ്.ആർ.വി. സ്കൂളിൽ ചേരുന്ന സമയത്ത് അവൻ 'മനുച്ചേട്ടൻ എൻ.സി.സി.യിൽ ഉണ്ടായിരുന്നോ' എന്ന് എന്നോടു ചോദിച്ചിരുന്നു. കുറച്ചുനാൾ കഴിഞ്ഞ് 'ഞാനും എൻ.സി.സി. യിൽ ചേർന്നു' എന്ന് അവൻ പറഞ്ഞു. ഞങ്ങൾ 10–ാം ക്ലാസ്സിൽ പഠിക്കുമ്പോൾ യുവജനോ

ത്സവത്തിൽ കളിച്ച നാടകത്തിന്റെ കഥ അവൻ എന്നോടു ചോദിച്ച് അറിഞ്ഞിരുന്നു. ആ നാടകം അവനു നന്നായി ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ 'ആ നാടകം എന്തുകൊണ്ടാണ് സമ്മാനാർഹമാവാതെ പോയത്' എന്നുചോദിച്ചു. അപ്പോൾ സ്വാതന്ത്ര്യസമരത്തെ പറ്റിയുള്ള കഥയുടെ തുടക്കത്തിലെ ജാഥയാണ് ആദ്യം, ആ രംഗത്തിൽ തന്നെ ദേശീയപതാക കെട്ടിയ കമ്പിയുടെ അറ്റം കൊണ്ട് മൈക്ക് ഓഫായ കാര്യം പറഞ്ഞ് ഞങ്ങൾ ഒരുപാടു ചിരിച്ചിട്ടുണ്ട്.

ഒരു ക്രിസ്തുമസ്ദിവസം ഞാനും അബുവും ശങ്കരനും കൂടി പാലായിൽ 'തന്മാത്ര' എന്ന സിനിമ കാണാൻ പോയി. വളരെ പെട്ടെന്നു തീരുമാനിച്ച യാത്ര ആയിരുന്നതിനാൽ ഏകദേശം സിനിമ തുടങ്ങിയ ശേഷമാണ്  ഞങ്ങൾ തിയേറ്ററിൽ എത്തിയത്. ആ സിനിമ അബുവിനെയും ശങ്കരനെയും കരയിച്ചു. 'താൻ എന്താണ് ആ സിനിമ കണ്ടിട്ടും സങ്കടപ്പെടാത്തത്' എന്ന് അവൻ അന്നുചോദിച്ചു. പിന്നെ ഞങ്ങൾ തിരികെ വരുമ്പോൾ  ആ സിനിമയെപ്പറ്റി തന്നെ സംസാരിച്ചു കൊണ്ടിരുന്നു. മോഹൻലാൽ അസുഖബാധിതനായി അഭിനയിക്കുന്ന സീനുകളെപ്പറ്റി പറഞ്ഞപ്പോൾ ഞാൻ അവനോട് ആ സീനിലെ sink ആവാത്ത ചില കാര്യങ്ങളെപ്പറ്റി പറഞ്ഞു. പിന്നെ സിനിമ കാണാൻ പോകുന്ന കാര്യം പറയുന്ന സമയത്ത് എല്ലാം അബു പറയും, 'ഞാൻ ആദ്യം ഒറ്റയ്ക്ക് കാണാം, പിന്നീട് മനുച്ചേട്ടന്റെ ഒപ്പം വരാം' എന്ന്. ■

കെ. ഷിബു

# ഉണ്ണിവഴികളിലൂടെ...

ദേശീയവായനശാല നിർമ്മിച്ച 'ഉണ്ണിവഴികൾ' എന്ന ടെലിഫിലിമിൽ നായകനെപ്പോലും അഭിനയവും ഡയലോഗും പഠിപ്പിക്കുന്ന ഏഴാം ക്ലാസ്സുകാരനായ അഭയനിൽ നിന്നാണ് തുടക്കം.

പിന്നെ, ലൈബ്രറി കൗൺസിലിന്റെ 'ബാലപ്രതിഭാസംഗമ'ത്തിൽ, മത്സരത്തിനു പത്തുമിനിട്ടു മുമ്പു മാത്രം നൽകുന്ന ഒരു വിഷയത്തെപ്പറ്റി മുതിർന്നവരെപ്പോലും അതിശയിക്കുന്ന വാക്ചാതുര്യത്തോടെ, ആശയവ്യക്തതയോടെ, പ്രസംഗിച്ചു മുന്നേറുന്ന ഒരു ഏഴാംക്ലാസ്സുകാരനെ കണ്ടു. തുടർന്നുള്ള വർഷങ്ങളിലും ഈ മികവ് ആവർത്തിക്കുന്നതും കണ്ടു.

ഒരു മത്സരാർത്ഥി എന്നതിൽ കവിഞ്ഞ്, ജനകീയവായനശാലയിലെ കുട്ടികളെ ഓരോ മത്സരത്തിനും തയ്യാറാക്കുകയും, അവരെ നയിക്കുകയും, ഒപ്പം കലോത്സവനടത്തിപ്പിന്റെ സംഘാടകരെ വരെ സഹായിക്കുകയും ചെയ്യുന്ന വിധത്തിൽ പല വേഷങ്ങൾ ഒരേ അരങ്ങിൽതന്നെ ആടുന്നവനായി ശ്രദ്ധിക്കപ്പെട്ടു.

ജനകീയവായനശാലയിലെ കുട്ടികൾക്കു പുറമേ പനമറ്റത്തെ കുട്ടികളും അവന്റെ സ്വന്തം കുട്ടികളായിരുന്നു. അവർക്കും

താങ്ങും തണലുമായി നിൽക്കുന്നതും സ്വന്തം മിടുക്കിന്റെ ഒരു വിഹിതം നൽകുന്നതും കാണാമായിരുന്നു.

പ്ലസ് ടു വിദ്യാർത്ഥിയായി പനമറ്റത്ത് എത്തുമ്പോൾ ഇവിടെ മുമ്പുണ്ടായിരുന്ന സൗഹൃദവലയം വലുതാകുകയും അധ്യാപകർക്കും കൂട്ടുകാർക്കുമൊക്കെ പ്രിയപ്പെട്ടവനായി മാറുകയും ചെയ്തു. മത്സരവേദികളിൽ അവന്റെ പ്രതിഭയും സംഘാടനമികവും കണ്ടു.

സൗഹൃദവും രാഷ്ട്രീയവും മുൻനിർത്തി പലതിലും ഇടപെടുമ്പോൾ ചില ശത്രുക്കളും ഇവിടെ ഉണ്ടായി. ഏതാൾക്കൂട്ടത്തിനിടയിൽ നിന്നാലും വേറിട്ട ശബ്ദമുള്ളവനെ, ചോദ്യം ചെയ്യാൻ കെല്പുള്ളവനെ, 'വരത്തൻ' എന്നു വിളിച്ചാക്ഷേപിക്കുന്നത് നാട്ടുനടപ്പാണല്ലോ. പക്ഷേ 'ഇവനെന്താണിവിടെക്കാര്യം?' എന്ന ചോദ്യത്തെ പനമറ്റംകാരനേക്കാൾ പനമറ്റംകാരനായി നിന്ന് അവൻ നേരിട്ടു.

ഉപരിപഠനത്തിനായി എത്തിപ്പെട്ട കാമ്പസ് അവന്റെ ഇഷ്ടകലാലയമായി മാറുന്നതും, കുട്ടികളും അധ്യാപകരും സൗഹൃദസഭയിലെ പുതിയ അംഗങ്ങളാകുന്നതും അറിഞ്ഞു. പഠനത്തിന്റെ ഇടവേളകളിൽ നാട്ടിലെത്തുമ്പോൾ സ്വകാര്യമായി സംസാരിക്കവേ അവന്റെ നിലപാടുകൾക്കും ആശയങ്ങൾക്കും ഇരുത്തം വരുന്നതും ആഴമേറി വരുന്നതും അറിഞ്ഞ് ഉള്ളിൽ സന്തോഷിച്ചു.

പനമറ്റത്തും പൊൻകുന്നത്തുമെല്ലാം വായനശാലപ്രവർത്തനത്തെ, പൊതുപ്രവർത്തനത്തെ, സഹായിക്കാൻ താൻ സമ്പാദിക്കുന്ന അറിവും അർപ്പിതമായ മനസ്സുമായി അവനെത്തും എന്നുകരുതി കാത്തിരുന്നു. സ്വന്തം നാട്ടിൽ നിന്ന് പുറത്തേക്കുവളരാൻ ആഗ്രഹിച്ചവരാണ് അധികവും. എന്നാൽ പുറത്തുനിന്ന് സ്വന്തം നാട്ടിലേക്ക് വളരാൻ ആഗ്രഹിച്ച, വളർന്ന, ചിലരുണ്ട് (ബാലേട്ടനെപ്പോലെ). അങ്ങനെ ഒരാളായി, ഞങ്ങളുടെ പ്രവർത്തനങ്ങൾക്കു സഹായിയായി, നാളെ അതിന്റെ ചുമതലക്കാരായി മാറുന്ന കുറെ ചെറുപ്പക്കാരുടെ നേതാവായി, അഭയനുണ്ടാവും എന്ന പ്രതീക്ഷയോടെ.

എന്നാൽ മരണത്തിന് ശരാശരിമനുഷ്യന്റെ പ്രതീക്ഷകളെയോ, സ്വപ്നങ്ങളെയോ കാക്കേണ്ടതില്ലല്ലോ. കാഴ്ചക്കാരുടെയും കേഴ്വിക്കാരുടെയും വേദനകളെ അറിയേണ്ടതുമില്ല. 22-ാമത്തെ വയസ്സിൽ ഒരു ജീവിതത്തിന് വിരാമചിഹ്നമിടുമ്പോൾ അവൻ ഇവിടെ ചെയ്തുതീർത്തേക്കാവുന്ന കൃത്യങ്ങൾ ആരിനി ചെയ്യും എന്ന് ആശങ്കപ്പെടേണ്ടതുമില്ല.

ആഗ്രഹിക്കാത്ത വാർത്തകൾ, പ്രതീക്ഷിക്കാത്ത വാർത്തകൾ, ആദ്യം നൽകുന്നത് ഞെട്ടലും മരവിപ്പുമൊക്കെയാണ്. പിന്നെ വേദന. അതിൽ നിന്നുണരുമ്പോൾ എന്റെ നാല്പത്തിരണ്ടിനേക്കാൾ എത്ര അർത്ഥവത്തായിരുന്നു അവന്റെ ഇരുപത്തിരണ്ടു വർഷങ്ങൾ എന്നതോർത്ത് ആശ്വസിക്കുന്നു. മരണം തടഞ്ഞ അഭയന്റെ യാത്രയെ ഒപ്പം നടന്നവർക്കു പൂർത്തിയാക്കാം. ■

അഭിലാഷ് എസ്.

# പകരം വയ്ക്കാനില്ലാതെ ഒരാൾ

അഭയൻ എനിക്കാരായിരുന്നു, എന്തായിരുന്നു എന്നു പറയാനെനിക്കറിയില്ല. പക്ഷേ ചിലപ്പോൾ ഒരു സുഹൃത്ത്, സഹോദരൻ, അതിനുമപ്പുറം ഒരു മനുഷ്യസ്നേഹി, സാമൂഹ്യസാംസ്കാരിക രാഷ്ട്രീയപ്രവർത്തകൻ, സംഘാടകൻ, ഗ്രന്ഥശാലാപ്രവർത്തകൻ, പത്രപ്രവർത്തകൻ, എഴുത്തുകാരൻ, കലാകാരൻ, സഹൃദയൻ, ചിന്തകൻ, നിരൂപകൻ, ചലച്ചിത്രാസ്വാദകൻ, വിദ്യാർത്ഥി– ഞങ്ങൾ തമ്മിലുള്ള അടുപ്പം ഇതിലേതു തരത്തിൽപ്പെടുമെന്നറിയില്ല. പക്ഷെ, ഞങ്ങളുടെ കണ്ടുമുട്ടലുകളിൽ ഇതെല്ലാമുണ്ടായിരുന്നു. പലപ്പോഴും പലതിനെക്കുറിച്ചും വലിയ അഭിപ്രായവ്യത്യാസങ്ങൾ, വിമർശനങ്ങൾ. ഒടുവിൽ എല്ലാം ‘നമുക്ക് കാണാം ചേട്ടാ’ എന്നു പറഞ്ഞ് ചിരിയോടെ മടക്കം.

അവൻ ചെന്നൈയിൽ പഠിക്കാൻ പോയതോടെ ഞങ്ങളുടെ കണ്ടുമുട്ടലുകളുടെ ഇടവേളകൾ കൂടി. ചിലപ്പോൾ ഒരു ഫോൺകോൾ, അല്ലെങ്കിൽ നാട്ടിലെത്തുമ്പോൾ അപൂർവ്വമായി മാത്രമുള്ള കണ്ടുമുട്ടലുകൾ. ഏപ്രിൽമാസത്തിലെ ഒരു സായാഹ്നത്തിൽ പൊൻകുന്നംനഗരത്തിലെ തിരക്കുകൾക്കിടയിൽ ഒരു മണിക്കൂറോളം നീണ്ട അപ്രതീക്ഷിതമായ കൂടിക്കാഴ്ചക്കിടയിൽ

സോഷ്യോളജി പഠനത്തിനു ശേഷം ഇന്ത്യമുഴുവൻ യാത്രചെയ്ത് ഗ്രാമങ്ങളിൽ പോയി ജീവിച്ച് നിഷ്കളങ്കരും നിരക്ഷരരുമായ ഗ്രാമീണർക്ക് ക്ലാസ്സുകൾ എടുക്കണമെന്നവൻ പറഞ്ഞു. സമപ്രായക്കാരായ ന്യൂ ജനറേഷൻ ചെറുപ്പക്കാരിൽ നിന്ന് അവനെ വ്യത്യസ്തനാക്കിയതും അവന്റെ ചിന്തകളും സ്വപ്നങ്ങളും കാഴ്ചപാടുകളുമായിരുന്നു. അതുകൊണ്ടു തന്നെയാണ് അവന്റെ അസാന്നിധ്യത്തിലും അവന്റെ ഓർമ്മകൾ അദൃശ്യസാന്നിധ്യമാകുന്നത്.

കഴിഞ്ഞ കുറച്ചുനാളുകളായി എനിക്കവനോട് ഒരു കാര്യത്തിൽ വലിയ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. അവൻ ഗൗരവമായി എന്തെങ്കിലും എഴുതുന്നതിന് ശ്രമിക്കുന്നില്ല എന്നതിനെക്കുറിച്ച്. അതിനവൻ പറഞ്ഞ മറുപടി 'ചേട്ടാ... എനിക്ക് ഇരുപത്തിരണ്ടു വയസ്സല്ലേ ആയുള്ളൂ. ഇനിയും സമയമുണ്ടല്ലോ' എന്നാണ്. പക്ഷേ......

ഒരിക്കൽ ബാലേട്ടൻ ഒരു കവിതയിൽ അവനെക്കുറിച്ച് എഴുതി:

> "അബു പറക്കുന്നു,
> പറന്നു പറന്നൊരു
> നെബുലയിലെത്തി."

അതെ, എല്ലാവരെയും തോല്പിച്ച് ആ നെബുലയിലിരുന്നവൻ നമ്മളെ നോക്കി ചിരിക്കുന്നുണ്ടാകാം. തികച്ചും വ്യത്യസ്തനായി. ഇനിയുമൊരിക്കലും കേൾക്കാനാകാത്ത 'അഭിലാഷ് ചേട്ടാ...' എന്ന വിളിയും കാത്ത് എന്റെ മൊബൈലിൽ അവന്റെ നമ്പർ ഇപ്പോഴുമുണ്ട്. ഡിലീറ്റ് ചെയ്യാൻ കഴിയുന്നില്ല. ബാലേട്ടന്റെയും മുരളിസാറിന്റെയും നമ്പരുകൾക്കൊപ്പം. പകരം വെക്കാനില്ലാതെ. അഭയനു പകരം അഭയൻ മാത്രം. ■

അരുന്ധതി എം.യു.

# ഞങ്ങളുടെ പ്രിയകൂട്ടുകാരൻ

ഒരു അവധിക്കാലക്യാമ്പിൽ വച്ചാണ് ഞാൻ അഭയനെ പരിചയപ്പെടുന്നത്. എട്ടാംക്ലാസ്സിലെ മധ്യവേനൽ അവധിക്കാലത്ത് വായനശാലയിൽ വച്ച് അഞ്ചു ദിവസം നീണ്ട ഒരു ക്യാമ്പുണ്ടായിരുന്നു. അതിൽ പങ്കെടുക്കാനെത്തിയതായിരുന്നു കുഞ്ഞ്അഭയൻ. അഭയൻ അന്ന് ആറാംക്ലാസ്സിലോ മറ്റോ ആണു പഠിക്കുന്നത്. അഭയന്റെ അനുജത്തി അവനിയും ഉണ്ടായിരുന്നു, ആദ്യ ദിവസം ചേട്ടന്റെ കയ്യും പിടിച്ച് ക്യാമ്പിൽ പങ്കെടുക്കാൻ.

നാടകം, പ്രവൃത്തിപരിചയം എന്നീ വിഷയങ്ങളായിരുന്നു ആ ക്യാമ്പിൽ നടന്നത്. അഭയന്റെ വാക്ചാതുര്യം ആരേയും ആകർഷിക്കുന്ന ഒന്നാണ്. ഇതു പറയാൻ കാരണം ക്യാമ്പിന്റെ സമാപനസമ്മേളനത്തിന് അഭയന്റെ വക ഒരു നന്ദിപ്രകടനം ഉണ്ടായിരുന്നു. കുഞ്ഞ്അഭയൻ അന്ന് ഏറെനേരം ക്യാമ്പിനെക്കുറിച്ച് സംസാരിച്ചു. ആരെയും പെട്ടെന്ന് സുഹൃത്താക്കുന്നതായിരുന്നു അവന്റെ ഏറ്റവും വലിയ പ്രത്യേകത. പിന്നീടുള്ള ഓരോ വർഷത്തെയും ക്യാമ്പുകളിലെ നിത്യസാനിധ്യമായിരുന്നു അവൻ.

ഒരു തവണ വായനശാലയിൽ നിന്നുള്ള വിനോദയാത്രയിൽ ഞാനും അച്ഛനും പങ്കെടുത്തിരുന്നു. എനിക്കു കൂട്ടുകാരായി അമ്മു

വും പാറുവും അഭയനും അവനിയും ഉണ്ടായിരുന്നു. അന്ന് തുഞ്ചൻപറമ്പും തിരുവില്വാമലയും മാമാങ്കം നടന്ന നിളയുടെ തീരങ്ങളും എല്ലാം കണ്ട് ആസ്വദിച്ചത് ഇന്നും ഓർമ്മകളിൽ ഭദ്രം. തിരിച്ചുവരുമ്പോൾ ബസ്സിൽ വച്ച് ബിനുച്ചേട്ടന്റെ വക ഒരു ക്വിസ് പ്രോഗ്രാം ഉണ്ടായിരുന്നു. അതിൽ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം കിറുകൃത്യമായി ഉത്തരം പറഞ്ഞ് അഭയൻ ഞങ്ങൾക്കിടയിൽ സ്റ്റാറായി. മധുച്ചേട്ടൻ പറഞ്ഞുകൊടുത്തിട്ടാണ് അവൻ ഉത്തരം വിളിച്ചുപറഞ്ഞതെന്നു പറഞ്ഞ് ഞങ്ങളും കളിയാക്കി.

പിന്നീട് കുറച്ചുനാൾ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചൂടിൽ വായനശാലയിലേക്ക് പോയതേ ഇല്ല. പരീക്ഷ എല്ലാം കഴിഞ്ഞ് ഒരു പ്രസംഗമത്സരത്തിന് താഷ്കന്റ് പബ്ലിക് ലൈബ്രറിയിൽ പോയി. അഭയനും ഉണ്ടായിരുന്നു മത്സരത്തിന്. അവനെ കണ്ടതേ മനസ്സിലുറപ്പിച്ചു സമ്മാനം കിട്ടില്ലെന്ന്. അതുപോലെ സംഭവിക്കുകയും ചെയ്തു.

അഭയന്റെ സ്വത:സിദ്ധമായ ശൈലി ചിലപ്പോഴെങ്കിലും മറ്റുള്ളവർക്ക് അരോചകമായി തോന്നാം. കാരണം കാണുന്നതെന്തും അത് തെറ്റാണെങ്കിൽ വിളിച്ചുപറയുന്ന സ്വഭാവമായിരുന്നു അവന്റേത്. വിപ്ലവാത്മകചിന്തയിലൂടെയായിരുന്നു അവന്റെ സഞ്ചാരങ്ങളിൽ അധികസമയവും. അഭിനയിച്ചു ഫലിപ്പിക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ള കഥാപാത്രങ്ങളെ അവൻ എപ്പോഴും നാടകങ്ങളിൽ തെരഞ്ഞെടുത്തു. അതു കാരണം തിരശ്ശീലയ്ക്ക് പിന്നിൽ നിന്നു പുറത്തുവരുന്ന അവന്റെ ഉള്ളിലെ കഥാപാത്രങ്ങളുടെ തീക്ഷ്ണത പലപ്പോഴും സമൂഹത്തിലെ പല വ്യക്തികളുടേയും പ്രവൃത്തികളെ അനുസ്മരിപ്പിക്കുന്ന തരത്തിലായിരുന്നു. സമൂഹത്തിലെ തിന്മകൾക്കെതിരെ പ്രവർത്തിക്കുക എന്നതായിരുന്നു അഭയന്റെ മിക്ക കഥാപാത്രങ്ങളുടേയും അന്ത:സത്ത.

'മരണം രംഗബോധമില്ലാത്ത കോമാളിയാണ്' എന്ന എം.ടിയുടെ മഞ്ഞിലെ വരികൾ, ഞങ്ങളുടെ പ്രിയപ്പെട്ട കൂട്ടുകാരന്റെ വേർപാടിന്റെ ആഴങ്ങളിൽ നിന്നു മുഴങ്ങിക്കേൾക്കുന്നു. വേദികളിൽ നിറഞ്ഞാടിയ കഥാപാത്രങ്ങളെ യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവരും മുൻപേ അഭയൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ആ വേർപാടിനെ നോക്കി ഇങ്ങനെ പറയാം:

"കണ്ണേ മടങ്ങുക- കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ.
എണ്ണീടുകാർക്കുമിതുതാൻ ഗതി; സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനിവാഴ്‌വു കിനാവു കഷ്ടം!" ■

അന്ന കാർത്തിക

# അന്നക്കുട്ടീടെ ചേട്ടായി

എം.സി.സി. എനിക്കു സമ്മാനിച്ച വിലമതിക്കാനാവാത്ത സമ്മാനം, അഭയ്, അഭയനേട്ടൻ, അബുക്കുട്ടൻ എന്ന് എല്ലാവരും സ്നേഹത്തോടെ വിളിക്കുന്ന എന്റെ ചേട്ടായി. അന്നക്കുട്ടീടെ ചേട്ടായി.

എം.സി.സി. – 2011, എന്റെ ഫസ്റ്റ് ഇയർ. ഒരു ദിവസം ക്ലാസ്സുകഴിഞ്ഞ് വീട്ടിലേക്കു പോകുന്ന വഴി കാമ്പസിൽ വച്ചു കണ്ടുമുട്ടി; 'മോളൂ കോട്ടയം ആണോ?' എന്ന ചോദ്യത്തോടുകൂടി. പിന്നെ ഇടയ്ക്കിടയ്ക്ക് കണ്ടുമുട്ടി. 'അഭയൻചേട്ടാ' എന്നാ വിളി മാറി 'ചേട്ടായി' ആയി. ഞാൻ പോലും അറിയാതെ എം.സി.സി.യിൽ എനിക്ക് മറ്റാരേക്കാളും ഒത്തിരിയൊത്തിരി ഇഷ്ടമുള്ള ആളായി മാറി. എന്റെ സ്വന്തം ചേട്ടായിയായി.

'അന്നക്കുട്ടീ, എന്നെ പേടിയുണ്ടോ?' എന്ന് ഇടയ്ക്കു ചോദിക്കും. "അയ്യേ... എന്തിന്? പാവമല്ലേ ചേട്ടായി" എന്നു ഞാൻ കളിയാക്കി ചിരിക്കുമ്പോൾ ചേട്ടായിയുടെ മുഖത്തുള്ള ആ ചിരിയിൽ എന്നെ എത്രത്തോളം ഇഷ്ടമുണ്ടെന്ന് അറിയും.

ചേട്ടൻമാർ ഇല്ലാത്തതിന്റെ എല്ലാക്കുറവും നികത്തിത്തന്ന എന്റെ ചേട്ടായി എനിക്കു നൽകിയത് സെലയൂർഹാൾ എന്ന വലി

യകുടുംബത്തെ. ഒരു ബെസ്റ്റ് ഫ്രണ്ടിനേം തന്നു, കുറെ ചേട്ടന്മാരേം അനിയൻമാരേം സുഹൃത്തുക്കളേം, പിന്നെ വലിയ ഒരു കുടുംബത്തേയും.

ഒരിക്കൽ എന്റെ കൂട്ടുകാരി കോളേജിൽ നിന്നു ഡിസ്കണ്ടിന്യൂ ചെയ്തു പോയപ്പോൾ ഒരുപാടു വിഷമിച്ചിരുന്ന എന്നോട് ചേട്ടായി പറഞ്ഞു: "ചില കാര്യങ്ങൾ നമ്മുടെ കയ്യിൽ അല്ല. സങ്കടപ്പെടേണ്ടാട്ടോ... ഞാനൊക്കെ ഉണ്ടെടാ..... കുറച്ചുദൂരെയാണേലും..." ചേട്ടായിതന്നെ പറഞ്ഞല്ലോ, എപ്പോഴും കൂടെയുണ്ടാകുമെന്ന്; അതോണ്ട് എപ്പോഴും എന്റെ കൂടെയുണ്ടാകുമെന്ന് എനിക്കറിയാം.

ചേട്ടായിയും ഞാനും സ്ഥിരം ചർച്ച ചെയ്യാറുള്ള വിഷയം — പാചകം, പിന്നെ സിനിമ, പിന്നെ എന്റെ കൊറേപ്പൊട്ടത്തരം.

എനിക്ക് ഒരുപാടു പേര് ഇട്ടിട്ടൊണ്ട് - അടയ്ക്കാക്കുരുവി, ഉണ്ടക്കണ്ണി, കൊച്ചുരാജകുമാരി. 'ആരവിടെ! പൂരാടം തിരുനാൾ അഭയൻ എം.സാവിത്രി' എന്നൊക്കെ പറഞ്ഞ് രാജാവും കൊച്ചുരാജകുമാരിയും കളിക്കും. പിന്നെ 'ടോട്ടോ' എന്നും എന്നെ വിളിക്കും.

ഞാൻ പറയുന്ന പൊട്ടത്തരം മുഴുവനും ഇരുന്നുകേൾക്കും. പിന്നേം എന്നെക്കൊണ്ടുതന്നെ സംസാരിപ്പിക്കും. ഒരു മുഷിച്ചിലും ഇല്ലാതെ ഇരുന്നുകേൾക്കും. എല്ലാ ദിവസവും തുടങ്ങുന്നത് ചേട്ടായീടെ 'ഗുഡ്മോണിംഗ്' വെച്ചിട്ടാ.... രാത്രി ഉറങ്ങാൻ പോകുമ്പോ 'ഞാൻ ഉറങ്ങി' എന്നു ഞാൻ പറയും... അപ്പോ... ചേട്ടായീടെ വക 'ഗുഡ് നൈറ്റ്' തരും.... ഞങ്ങടെ മാത്രം രീതിയിൽ.

തെറ്റു ചെയ്യുമ്പോൾ വഴക്കുപറയും.... കുറെ കാര്യങ്ങൾ പറഞ്ഞു തരും. പഠിക്കാൻ ഒള്ളതും, ജനറൽ ആയിട്ടൊള്ളതും എം.സി.സി. ട്രഡീഷൻസും — അങ്ങനെയങ്ങനെ കൊറെ കൊറെ. എന്റെ എല്ലാ കാര്യത്തിന്റെയും ഫൈനൽ ഒപ്പീനിയൻ ചേട്ടായീടെ ആണ്. അത് ഇപ്പോഴും അങ്ങനെതന്നെയാ...

ആ കയ്യേത്തൂങ്ങി കൊറേ നടന്നതോണ്ട് ഒരിക്കൽ ഒരുപാട്ട് പഠിപ്പിച്ചു തന്നു. "കീരിക്കുഞ്ഞേ, കീരിക്കുഞ്ഞേ, കൂട്ടുകൂടാൻ വരുമോ നീ...." എന്ന് — എപ്പോഴും ഏഴുവയസ്സുകാരി കൊച്ചുകുട്ടിയായിട്ടേ ചേട്ടായി കണ്ടിട്ടൊള്ളൂ. ഇപ്പോഴും എപ്പോഴും ഞാൻ ചേട്ടായീടെ അന്നക്കുട്ടി ആരിക്കും. ■

അഭീഷ് എസ്സ്.എസ്സ്.

# നിർഭയൻ

2007 ഡിസംബർ 1-ന് ജനകീയവായനശാലയിൽ നടന്ന ഒരു ഏകദിനനാടകശില്പശാലമുതൽ 2013 മെയ് 25-ലെ മറ്റൊരു വേനൽക്കാലശില്പശാലവരെയുള്ള കാലത്ത് കുറച്ച് അവസരങ്ങളിൽ മാത്രമേ അഭയൻ എന്ന വ്യക്തിയുമായി ഞാൻ അടുത്തിടപഴകിയിട്ടുള്ളൂ. എന്നാൽ ഈ നിമിഷം വരെ അഭയനുമായി ഞാൻ ബന്ധപ്പെടുന്നു. അതു തുടരുന്നത് മറ്റൊരു തരത്തിലാണ്. അഭയന്റെ മാതാപിതാക്കൾ, സഹോദരി, ബന്ധുക്കൾ, സുഹൃത്തുക്കൾ, വായനശാലയിലെ കുട്ടികൾ മുതലായവർ, എഴുത്തുകൾ, ചിത്രങ്ങൾ, നാടകങ്ങൾ, മുദ്രാവാക്യങ്ങൾ, വായനശാലാസംഘാടനപ്രവർത്തനങ്ങൾ, രാഷ്ട്രീയപ്രവർത്തനങ്ങൾ, നവമാധ്യമങ്ങളിലെ ഇടപെടലുകൾ, ഇത്തരം പ്രവർത്തനങ്ങളോടുണ്ടാകുന്ന എതിർപ്പുകൾ — ഇവയെല്ലാം ആ ശരീരത്തെയും അതിന്റെ പ്രവർത്തനങ്ങളെയും വികസിപ്പിക്കുന്നു; മരണമില്ലാത്ത, ജീവിക്കുന്ന വ്യക്തിത്വമാക്കുന്നു.

അഭയന്റെ 'വ്യക്തിത്വ'ത്തെ, അഭയൻ നടത്തിയ പ്രവർത്തനങ്ങളെ, തുറക്കുന്നതിലൂടെ നമുക്ക് അനുഭവപ്പെടുന്നത് ഒരു ഞെട്ടൽ ആണ്. ആർജവത്തോടെയുള്ള രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾ 'മിത്തു'കളോ പഴയ തലമുറയുടെ വീരഗാഥകളോ അല്ല എന്നും, ഇന്നും തുടരുന്ന യാഥാർത്ഥ്യങ്ങളാണെന്നുമുള്ള തിരിച്ചറിവു നൽകുന്ന ഞെട്ടൽ. നിർവികാരമായി ഒഴുക്കിനൊത്ത് സഞ്ചരിക്കുന്ന സമൂഹത്തെ സംഘമാക്കി ചാലുകീറി ഊർജ്ജമാക്കുന്ന ബോധപൂർവ്വമുള്ള പ്രവർത്തനം അഭയൻ നിർവ്വഹിച്ചിരുന്നു. അച്ഛൻ, അമ്മ, ചിറ്റ എന്നിവരിൽ നിന്നു കിട്ടിയിട്ടുള്ള രാഷ്ട്രീയാവബോധം അയാൾക്ക് അടിത്തറയാണ്. പക്ഷേ അയാളുയർത്തിയ ചുമരുകൾ സ്വപ്രയത്നത്തിലൂടെ, വായനയിലൂടെ, ജനകീയക്കൂട്ടായ്മയിലൂടെ വിചിന്തനത്തിലൂടെ ഉണ്ടാക്കിയെടുത്തതാണ്. ഒന്നാമനെയും രണ്ടാമനെയും ബന്ധിപ്പിക്കുന്ന മൂന്നാമനായിരുന്നു അഭയൻ. മദ്രാസ് യൂണിവേഴ്സിറ്റിയിലെ യൂണിയൻരൂപവത്കരണവും, എം. സി.സി. യിലെ യുവജനങ്ങൾക്കിടയിലുണ്ടാക്കിയ മനുഷ്യൻ സംഘമാണെന്ന ചിന്തകളും, പനമറ്റംസ്കൂളിലെയും ചിറക്കടവ് എസ്. ആർ.വി. യിലെയും പ്രവർത്തനങ്ങളും ചില ഉദാഹരണങ്ങൾ മാത്രം. വ്യക്തികൾ മുഖംമൂടികളണിഞ്ഞു സഞ്ചരിക്കുന്ന കാലത്ത് അഭയൻ സഞ്ചരിച്ചത് പച്ചയായ മനുഷ്യനായാണ്. അയാൾ തനിച്ച്

സഞ്ചരിക്കാറില്ല. കൂട്ടത്തിൽ എപ്പോഴും ആരെങ്കിലും കാണും. പക്ഷെ അധികാരശ്രേണിയിൽ അയാൾ ഉണ്ടായിരുന്നുമില്ല. അഭയനൊരു നാടകപ്രവർത്തകനാകുന്നതിൽ അത്ഭുതമില്ലാതാകുന്നത് ഇതുകൊണ്ടു തന്നെയാണ്.

മൂന്നാംക്ലാസ്സിൽ പഠിക്കുമ്പോൾ തൊട്ട് എഴുതിയ നാടകങ്ങൾക്കൊപ്പം അവയുടെ രൂപവും വസ്ത്രരൂപരേഖയും അയാൾ രേഖപ്പെടുത്തിയിരുന്നു. ഏവരും മറക്കുന്ന പിന്നരങ്ങും അവിടുത്തെ വ്യക്തികളുടെ സ്ഥാനങ്ങളും പേരുകളും രേഖപ്പെടുത്തിയിരുന്നു. എന്തിനു പറയുന്നു, നാടകം ഉണ്ടെന്ന് ആരാണ് വിളിച്ചു പറയുന്നത് എന്നതുപോലും. ഇതൊന്നും ഒരു അക്കാദമിക് ശിക്ഷണത്തിലൂടെ ലഭിച്ചതല്ല, മറിച്ച്, ഉൾവിളിയാൽ ഉണ്ടായ സാമൂഹിക അവബോധത്തിലൂടെ ലഭിച്ചതാകാം

'ഇതുമാത്രമാണ് അഭയൻ' എന്ന് പറയുവാൻ പറ്റില്ല. കാരണം അഭയൻ പലതാണ്. പലർക്കും പലതാണ്. കയ്യിൽ എണ്ണതേച്ച് ചക്ക വെട്ടുന്നതുപോലെ അഭയൻ തന്റെ നാടക, സാംസ്കാരിക സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത് അടിമുടി നിറഞ്ഞ രാഷ്ട്രീയസാമൂഹികബോധത്തോടെ അസംഗനായാണ്. സൗഹൃദങ്ങളും പ്രണയങ്ങളും ഗോപ്യമായി സൂക്ഷിച്ചുവയ്ക്കുന്നവരാണ് പലരും. പക്ഷെ അഭയന് അവയെല്ലാം തന്നെ തന്റെ അമ്മയോടും സഹോദരിയോടും ചർച്ചചെയ്യുവാനുള്ള കാര്യങ്ങളായിരുന്നു. അത്തരത്തിലുള്ള സുതാര്യത നിർമ്മിക്കുന്ന ധൈര്യവും കാഴ്ചപ്പാടും നൽകുന്ന ശക്തിയെ ആർക്കും പിടിച്ചുകെട്ടുവാനാകില്ല.

സ്ഥാപനവൽക്കരിക്കപ്പെടുന്ന രാഷ്ട്രീയപ്രവർത്തനങ്ങളെ ദിശാബോധത്തോടുകൂടിയുള്ള ക്രിയാത്മകമായ ഇടപെടലുകൾകൊണ്ട് നേരിടേണ്ടതാണെന്നും ഇതോടൊപ്പം നവചിന്തകളെയും ബദൽ അന്വേഷണങ്ങളെയും സൂക്ഷ്മമായി പഠിച്ച് അവയുടെ ജീവോന്മുഖധാരകളെ സ്വാംശീകരിക്കേണ്ടതാണെന്നും അഭയൻ ഉറച്ചു വിശ്വസിച്ചിരുന്നു.

വേലികൾ തീർക്കുന്ന ആശയങ്ങളെയും കരകളെയും പൊളിക്കുവാൻ അയാളെന്തിനാണ് അലറിയത്? പെങ്ങളുടെ സ്വാതന്ത്ര്യത്തെ എന്തിനാണ് തടസ്സപ്പെടുത്താതിരുന്നത്? സ്വന്തം മുറിയും ഡയറിയും ഭക്ഷണവും മറ്റുള്ളവർക്കു വേണ്ടി നൽകി അവരുടെ മുറിയിലും, ഡയറിയിലും ഭക്ഷണത്തിലും കൈ കടത്തിയത് എന്തിനാണ്? താക്കോൽപഴുതിലൂടെ നോക്കാതെ നെഞ്ചും വിരിച്ച് തുറന്ന ശരീരത്തിലൂടെ എല്ലാം നോക്കിയത് എന്തിനാണ്? പ്രസംഗമത്സരത്തിൽ പങ്കെടുക്കുന്ന എതിരാളിക്ക് വിഷയത്തെക്കുറിച്ചുള്ള പുതുചിന്തകൾ പകർന്നുനൽകിയത് എന്തിനാണ്? സ്നേഹിക്കുവാനായി പൊട്ടിക്കരഞ്ഞത് എന്തിനാണ്? വിദ്യാഭ്യാസത്തിന്റെ ഏറ്റവും അറ്റം വരെ പോയി തിരിച്ചു സ്വന്തം നാട്ടിലെ വായനശാലയിലെത്തണമെന്ന് പറഞ്ഞത് എന്തിനാണ്? തനിക്കറിയാത്ത കാര്യങ്ങൾ മറ്റൊരാൾ ചെയ്യുമ്പോൾ അതിലിടപെടാതെ മാറിനിന്ന് അതിനെ സഹായിക്കുന്നതും കാണുന്നതും എന്തിനാണ്?

പെണ്ണിനെ ബലാൽക്കാരം ചെയ്യുമ്പോൾ ഫെയ്സ് ബുക്കിൽ പോസ്റ്റുകൾ ഷെയർ ചെയ്തത് എന്തിനാണ്? ജീവശരീരം അകന്നിട്ടും മറ്റു ശരീരങ്ങളിലൂടെ, മാധ്യമങ്ങളിലൂടെ, ചിന്തകളിലൂടെ നമ്മെ പിടിച്ചു കുലുക്കുന്നത് എന്തിനാണ്?

അഭയൻ ചോദ്യങ്ങളുമായി നിൽക്കുന്നു. അയാൾ ബാക്കിവച്ച ചുമരുകൾക്കുമുകളിൽ പലതും ചെയ്യേണ്ടതുണ്ട്. നമുക്ക് നമ്മുടെ ഇടവേളകളെങ്കിലും അതിനായി മാറ്റിവച്ചുകൂടെ? നമുക്ക് എന്താണ് ചോദ്യങ്ങളില്ലാതാവുന്നത്? ■

# സെലയൂരിലേക്കുള്ള ദൂരം

മദ്രാസ് ക്രിസ്ത്യൻ കോളേജിലെ സെലയൂർ ഹാളിലേക്ക് കോട്ടയംജില്ലയിലെ പൊൻകുന്നത്തുനിന്ന് 650 കി.മീ ദൂരമുണ്ട്. ഈ ദൂരത്തിന് ഭാഷയുടെയോ സംസ്കാരത്തിന്റെയോ വ്യതിയാനങ്ങൾ ഉണ്ടായേക്കാം. പക്ഷെ 'അഭയൻ' എന്ന പോരാളിയുടെ ജീവിതത്തിലെ തീക്ഷ്ണതയ്ക്കും ഇച്ഛാശക്തിക്കും ഒരു കുറവും വന്നിരുന്നില്ല.

സെലയൂർ അഭയന്റെ 22 വർഷത്തെ ജീവിതത്തിലെ ഒരു സുപ്രധാനമായ നാഴികക്കല്ലായിരുന്നു. സെലയൂർ അവന് വെറും ഒരു ഹോസ്റ്റലായിരുന്നില്ല. മറിച്ച്, അവന്റെ പ്രത്യയശാസ്ത്രങ്ങളിലേക്കുള്ള ഒരു കൈവഴിയായിരുന്നു. യുവത്വത്തിന്റെ പ്രസരിപ്പും ആവേശവുമായി, സെലയൂറിലെ തത്ത്വശാസ്ത്രങ്ങൾ പൊള്ളയാണ് എന്ന് ആദ്യദിനങ്ങളിലെ ഒരു യോഗത്തിൽ അവൻ വെട്ടിത്തുറന്നു പറഞ്ഞത് അവന്റെ സഹപാഠികളെയും ഞെട്ടിച്ചിരുന്നു. എന്നാൽ ഒരു കമ്മ്യൂണിസ്റ്റുകാരൻ സ്വപ്നം കണ്ട സമത്വസുന്ദരമായ സമൂഹം വിഭാവനം ചെയ്യുവാൻ സെലയൂർ ഹോളിലെ ചിട്ടകൾക്ക് സാധിക്കുന്നുവെന്ന് അവൻ സ്വയം മനസ്സിലാക്കിയിരുന്നു. പിൽക്കാലത്ത് അതിന്റെ ഒരു വക്താവാകാനും അവനു സാധിച്ചു.

മദ്രാസ് ക്രിസ്ത്യൻ കോളേജിലേക്ക് എല്ലാ വർഷവും രാജ്യത്തിന്റെ പല ഭാഗത്തു നിന്നുമുള്ള വിദ്യാർത്ഥികൾ ഒഴുകിയെത്തുന്നു. ഉപരിപഠനത്തിനായി ഇവിടെയെത്തുന്നവരിൽ കോടികൾ ആസ്തിയുള്ളവരുടെ മുതൽ റേഷനരി വാങ്ങി ജീവിക്കുന്ന സാധാരണക്കാരന്റെ വരെ മക്കൾ പെടുന്നു. ഈ വിദ്യാലയത്തിന് എല്ലാക്കാലവും ഒരു ഇടതുപക്ഷച്ചായ്വ് ഉണ്ടായിരുന്നത് വസ്തുത. സി.പി.എം. ദേശീയസെക്രട്ടറി പ്രകാശ് കാരാട്ട് പഠിച്ചതും ഈ കലാലയത്തിലായിരുന്നു.

സെലയൂറിൽ വിദ്യാർത്ഥികൾ സമാനമായ വസ്ത്ര വിധാനങ്ങൾ ധരിക്കണമെന്ന ഒരു ചിട്ടയുമുണ്ട്. വർഷങ്ങളായി പുതുതായി എത്തുന്ന വിദ്യാർത്ഥികൾ ജീൻസും ടീ ഷർട്ടും ഒഴിവാക്കുന്നു. എന്നാൽ ഭൂരിഭാഗം വിദ്യാർത്ഥികളും സെലയൂറിന്റെ ഒത്തൊരുമയ്ക്കായി ജീൻസും പുതുതലമുറ ടീ ഷർട്ടുകളും പെട്ടിയിൽതന്നെ വെയ്ക്കാറുണ്ട്. എന്നാൽ വിദ്യാഭ്യാസവർഷാവസാനം ഓരോ വിദ്യാർത്ഥിയും 'Selaiyurian' ആയി മാറ്റപ്പെടാറുണ്ട്. സെലയൂറിലെ ഒരു കുളത്തിൽ മുങ്ങി 'Up Up Selaiyur' എന്ന് മൂന്നു പ്രാവശ്യം ഉറക്കെ പറയുമ്പോൾ ഓരോ വിദ്യാർത്ഥിയും ഈ

സംസ്കാരത്തിന്റെ ഭാഗമായി മാറുന്നു.

വെളിയിൽ നിന്നു നോക്കുന്നവർക്ക് തമാശയായി തോന്നുമെങ്കിലും സൂക്ഷ്മനിരീക്ഷണത്തിലൂടെ മനസ്സിലാക്കേണ്ട ഒരു പ്രതിഭാസമാണ് 'Selaiyur effect'. സെലയൂറിലെ 'Moon Shadow' എന്ന കലാമേളയ്ക്കായുള്ള ഉറക്കമില്ലാത്ത രാത്രികളിലെ അദ്ധ്വാനം പങ്കിടുന്ന വിഭാഗത്തോടൊപ്പം നേതത്വപാടവവുമായി നിന്ന അഭയൻ എന്ന വ്യക്തിയുടെ സംഘാടനമികവ് ഊന്നിപ്പറയേണ്ട ഒന്നാണ്.

സ്പോർട്സ്മേളയിൽ സെലയൂറിന് വേണ്ടി മത്സരിക്കുന്ന കായികതാരങ്ങൾക്ക് അഭയൻ ഒരു ആവേശവും ഉന്മേഷവും ആയിരുന്നു. അവൻ തന്റെ സകല ഊർജ്ജത്തോടെയും താരങ്ങളെ പ്രോത്സാഹിപ്പിക്കുമായിരുന്നു. അതുവഴി വിജയത്തിലേക്ക് അവരെ നയിക്കാനും കഴിഞ്ഞിരുന്നു. മൂന്നു നാളുകൾ നീണ്ടുനിൽക്കുന്ന കായികമേളയിൽ മുദ്രാവാക്യം വിളികളോടെ സെലയൂറിനെ വിജയസോപാനങ്ങളിലേക്കുയർത്തി, സെലയൂറിന്റെ മഞ്ഞപ്പതാക ഉയർത്തി അഭയൻ മറ്റുള്ളവരിലേക്കും തന്റെ ആവേശം പരത്തി. കായികമേളകൾക്കു ശേഷമുള്ള ദിവസങ്ങളിൽ അവന് സംസാരിക്കാനാവാത്തവിധം തൊണ്ട ഇടറുന്നതും, അവന്റെ കണ്ണിലെ തീജ്വാലയും ഒരു പതിവുകാഴ്ചയായിരുന്നു. ചെന്നൈയിലെ ചൂടിൽ ഇടവേളകളില്ലാതെ അലറിവിളിച്ച അഭയന്റെ സാമീപ്യം സെലയൂറിന് ഒരു തണലായിരുന്നു. 'ഇവൻ സെലയൂറിൽ ഇല്ലാതിരുന്നെങ്കിൽ' എന്ന് മറ്റ് ഹോളുകളിലെ ചില വിദ്യാർത്ഥികളെങ്കിലും ആഗ്രഹിച്ചിരുന്നു.

അഭയൻ എന്ന വ്യക്തിയുടെ സംഘടനാപാടവവും നേതൃത്വഗുണവും പ്രസിദ്ധമായിരുന്നെങ്കിലും തെരഞ്ഞെടുപ്പുകളിൽ നിന്ന് സ്വയം വിട്ടുനിന്ന് അവൻ മറ്റുള്ളവരുടെ വിജയത്തിനായി പ്രയത്നിച്ചു. സെലയൂറിൽ നിന്നുള്ള പലരും കോളേജിലെ തിരഞ്ഞെടുപ്പിൽ ബഹുഭൂരിപക്ഷത്തോടെയും എതിരില്ലാതെയും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കലാലയത്തിലെ പ്രധാനഭാഷ ഇംഗ്ലീഷായിരുന്നെങ്കിലും മലയാളംമീഡിയത്തിൽ പഠിച്ചുവളർന്ന അഭയന് ആ വെല്ലുവിളി അതിജീവിക്കുവാൻ കഴിഞ്ഞു. തമിഴിലും സംവദിക്കുവാനുള്ള കഴിവ് വളരെ പെട്ടെന്ന് ആർജ്ജിക്കുവാൻ അഭയന് കഴിഞ്ഞു. പത്രപ്രവർത്തനക്ലാസ്സുകളിൽ നിന്നു പഠിച്ച അറിവുകൾ, കഴിവുകൾ മുതലായവ ഇടതുപക്ഷനയങ്ങൾക്ക് ഉതകും വിധം പ്രാവർത്തികമാക്കാൻ 'ദേശാഭിമാനി' ദിനപത്രത്തിൽ പരിശീലനത്തിനായി പോവുകവഴി അഭയൻ സ്വീകരിച്ച വഴി ആശയവ്യക്തതയുള്ളതായിരുന്നു.

മദ്രാസ് യൂണിവേഴ്സിറ്റിയിലേക്ക് പോയിട്ടും എല്ലാ ആഴ്ചയും മുടങ്ങാതെ അഭയൻ സെലയൂറിലെ ഒരു സന്ദർശകനായിരുന്നു. സെലയൂറിലെ ക്യാബിനറ്റ് അംഗങ്ങൾ അഭയനുവേണ്ട പരിഗണനയും നല്കിയിരുന്നു.

അഭയൻ എന്ന വ്യക്തിക്ക് സെലയൂറില്ലാത്ത ഒരു ജീവിതം ഉണ്ടായിരുന്നില്ല. അഭയന്റെ മരണവാർത്ത തികച്ചും ഞെട്ടലോടെയാണ് വിദ്യാർത്ഥികളും അദ്ധ്യാപകരും സ്വീകരിച്ചത്. ആരോഗ്യരംഗത്ത് മുന്നാക്കം നില്ക്കുന്നു എന്ന് അവകാശപ്പെടുന്ന കേരളത്തിൽ കേവലം പനി ബാധിച്ചാണ് അഭയൻ ഈ ലോകത്തോടു വിട പറഞ്ഞത് എന്നത് ദൗർഭാഗ്യകരമാണ്. അഭയൻ ഈ ലോകത്തോടു വിട പറഞ്ഞിരിക്കാം. പക്ഷെ ആ വിപ്ലവകാരി ഇന്നു നമ്മളിലൂടെ ജീവിക്കുന്നു. സെലയൂറിലൂടെ പോരാടുന്നു. സ്വാർത്ഥതയില്ലാതെ സ്വപ്നങ്ങളെ പോരാട്ടധീരതയാക്കിയ ഒരു യുവതലമുറയ്ക്ക് അഭയൻ എന്ന വ്യക്തിയും അവൻ ജീവിച്ച ജീവിതവും ഒരു പഠനവും മാറ്റത്തിന്റെ ഒരു ശംഖൊലിയുമാണ്. ■

**The Lone** Wolf...

by Nissy Sara George (Notes) on Wednesday, May 29, 2013 at 2:45pm

Every wolf pack has what we would call a leader, an Alpha Male; who is often accompanied by his mate, the Alpha Female. It is a fact that the Alpha male mates only once in his lifetime; so for a wolf there is only one true love. But still, the Alpha Male has no shortage of enemies. It is also a fact that when the time comes the Alpha Male leaves the pack to lead a solitary life of his own; hence his name: the Lone Wolf. This pack is later led by his successive alpha male or alpha female. Legend has it that the spirit of the Alpha Male returns to his pack, to ensure they are safe.

On the 27th of May, yet another Alpha Male left the SELAIYUR pack. No one saw him leave, there were no paw prints. His young yelped and writhed in pain at his disappearance.... they never got to say their goodbyes. His mate however, his ethereal beauty, Selaiyur, didn’t shed even a single tear. She knew it was time... she saw it coming... after all she understands her males better than anyone else.

Abhayan M Savithri was a great leader, son, brother and friend. A straight-minded person, there were no shortcuts to his heart! Inside the campus of Madras Christian College, he was the brother who always showed up in front of me with his wide smile and his grizzly beard; knowing full well how much

i missed my own brother. He told me stories of days long past, of my brother and of their life together with Selaiyur. He added that extra pinch of colour to my first year. Standing covered in between him and my brother... i felt untouchable!!

Like most of you, I was blinded by the posts on facebook about his demise. Miles away from Abhayan achachan, I had no choice but to believe what I read. I was sad, for not being able to see him.

And when I closed my eyes and saw him, he was still smiling his brilliant grin... and he told me his little secret,

“The Woods are lovely, dark and deep.

But I have promises to keep

And Miles to go before I sleep,

Miles to go before I sleep.”

It’s true that Selaiyur has lost her wolf but, he hasn’t left us. He has only moved onto a greater form of existence. Another world awaits him, that has greater need of his big heart, open smile and beautiful soul.

And basically, like my brother says, “What’s there in a simple goodbye?? This seperation is only temporary.”

Till We Meet Again...

**A beautiful Morning - Whenf beheld a majestic Wolfs call**

by Nidhin George (Notes’) on Monday, June 3, 2013 at 11:42pm

4.00AM on the morning of May 27th 2013, i set out on a trip to Tumkur fort, nearly a 100 kilometeres away with two other passionate bikers, we never did complete the trip, rode only three quarters of the way and returned.

But what i saw along the way will continue to remain with me forever, it was an awe-inspiring sight, majestic and beautiful to behold. What i saw (though at the time i had no idea what was happening parallelly) would later come to hold much more deeper and dearer significance.

The event that unfolded through the later half of the day would keep me going back to that lonely roadside, that curved and twisted gracefully through the beautiful and lush country side; where i stood beside my bike and stared up at the hill which held that very majestic sight i am about to describe.


That beautiful morning, we stopped near the base of a lush and breathtaking hfll. The beauty of the place seduced us to halt and take some few pictures, and even climb the rocks. I killed the engine and got off the bike, just as i was removing my helmet i looked up at the hill in the process and there it was.... a rock structure protruding from the hill, and it resembled a lone wolf howling up into the sky. The very sight of it... and the first thing that came to my mind was moonshadow! Almost instantly i was back in selaiyur hall, and the sight of sweaty juniors running to get work done, the echoing shouts of “up up SELAIYUR !” but centered around all this commotion was my fellow selaiyurian - Abhayan. I dont know why, but for a reason, whenever i remember anything about my batch and our accomplishment, the hall, college and hall life there is always Abhayan centered there... somewhere. For some reason, i feel that he was always the cause for everything that happened in the hall, maybe even college. He made an impact wherever he went and boy oh boy, those were no small impacts i tell you I

Upon feeling that impact myself, i wanted to pick out my phone and wake the guy up, but then again i feared having to listen to his swearing eariy morning for having woken him up so early, and so in a move that i would regret deepely later, i decided otherwise and continued further on. a few kilometeres further on we spotted a still lake and stopped our bikes and sat down near the lake to enjoy the cool breeze and the cloudy morning sky. (we were hoping for a spectacular sunrise, as the place is famous for that, but there was no sun), the lake was

unusually still and calm; and except for the ripples that we made in the pond there was no movement, just a lone crane that stood in the middle of the lake, we decided to turn back home.

As i drove back, something kept my eyes glued to the hills, trying to spot that piece of rock again. But alas! I couldnt find it on my way back. That afternoon when I reached back home and after a quick nap was when i get a phone call with the grave news, that my selaiyurian brother passed away, you might be wondering why i didnt say' my dear friend' and instead chose to say' my selaiyurian brother'? It is simply because i dont consider myself worthy enough. But 1 can say my selaiyurian brother because that is a privilege which initiation gave me.

if you wonder why i'm going head over heels over a piece of rock, you should have been there to behold that sight.



Here take a look at the photo

A lone Wolf's call

and I can assure you that this photo isn't even doing half the justice to the beauty of the sight that I saw.

If only I had listened to my heart and gone ahead and called him that morning.... maybe....

***Nidhin George***

Abhayan and I planned this together.
Dear People, here is a story, one of courage, dedication, perseverance, success and hard-work.
A story with 75 years of legacy. A story with a rewarding future. Read on.....

2011 has been one hell of a year, especially for SELAIYUR HALL.
She has made her mark and now stands as an icon of EXCELLENCE on campus.

March 24/2011: Edwin Thomas wins Best Gentleman of MCC award.
Seiaiyur Hall has given 2 of its members to the CDS Mr. Jijo Pappachan our Academics convenor
and Mr. Fawaz Jaleel. our L&D convenor.

And also has 3 Selaiyurians representing their respective depts.
Mr.Arun Kumar. Social Work
Mr.Venkatesh Naveen. Physics
Mr.Anand Kumar, Mathematics

Mr.Jacob Timothy, our C-Block Capt is the new Choir Secretary for the MCC choir and has been bringing accolades to both the college and the hall, (wonderful Christmas Carol show there on 16th buddy)

Selaiyur Hall wins College Auditions 2011 'Overall Shield[1] and made her presence felt in both cultural and L&D events.

And not to forget the dashing show the guys had put up at the Fashion Show, because of which
Selaiyur Hall is now the official college fashion show team thanks to our very own mighty

selaiyurian Mr. Lara Zeli.
(or shall we say Laraaa !!)
Best Model: Mr. Alvin George
4 of the top 5 models from Selaiyur hall !!
Previous year Best fresher's Male Model: Mr. Alvin George
Previous Year Best Model. Mr.Nithin (B.Com SFS)

Our ever-green 'ladies heart-throb' Jose Fredric, single handedly took over the music category.

She bagged the GALAROMPICS SHIELD !! Credits to Mr.Dhana Sekar

Under the capable guidance of our Outdoor Games Secretary. Mr. A S Dhanasekar, She conducted a successful Inter-Hall Football De Battala !! Where we won the runners-up !!

Up next MOONSHADOW; saw the whole campus coming together at Selaiyur Hall and we gave them what we promised, a GOOD TIME. Sorry!! No medals here, the hosting Hall didn't participate.

Games Fury under the leadership of our indoor games secretary Mr.Mohammed Ihsan Ali Kuyyalil, more popularly known as Ali, saw us BAG another shield !!

Selaiyur Hall's Alumni meet known as SHOBA saw Selaiyur Hall welcome back her son's for a day of fun and splendor!'. 10th December also saw the Inauguration of Selaiyur Hairs very own Football Court. Another initiative of our outdoor Games Secretary !!

It was inaugurated by a very senior members of MCC family, Dr.B M Arthur, former warden of Selaiyur, who has completed 50+ years of teaching career at MCC. The show was kicked of by Mr.Selvaraghavan, former HOD of the economics dept also a very SPIRITED SELAIYUR !! Then we had an awesome friendly match b/w the former Selaiyurians and the current ones. Though at the end of the match it didn't seem very friendly to the current Selaiyurians!!

Other activities include Parnnasus, an inter-hall discussion club, that hold quality topics for debate and discussion. Our L&D Secretary Mr.Rohit Vijayan did a fabulous job here.

KAMBAN MANDRAM, the Tamil mandram of our Hall made its presence felt in the college thanks to Mr.Venkatesh & Mr.Naveen, the chairman and General secretary of the Mandram.

Our Torchman, Mr.@Karthik Nambirajan, more popularly known as Nammbbi, took tremendous efforts to bring movie lovers under the club Reelity Bites and has successfuly completed one semester of movie screening.

A slight deviation is required to mention that our resident Mr. Bivin Peter is the captain of Tamil Nadu B-Zone table tennis team !!
Mr. Sujin babu a member of the College news letter's Editorial Board.
Mr. Ligin Alias, a wonderful Photoshop Pro, has been the brain behind much of the posters and banners floating around on Campus.

Even outside the campus we've made our presence felt, Mr.Appu Kamal joined JNU \\ To give company to a previous member from Selaiyur hall Mr. Mark Gideon. (He was Selaiyur's L&D Sec in my 1st year)

Placement Time !!
May-June 2011 saw two cabinet members of Selaiyur Hall join Goldman Sachs, Bangalore as intems. Mr.Cherian Handley Ivan Joined Goldman Sachs as an Employee and Mr. Shantanu Dev Chatterjee Joined Google as an Employee. Mr.Rishi Sivakumar is now assistant camera-man to renowned Mr.P Sukumar.

December 2011 saw Selaiyur's Gen.Sec also join the GS gang as an employee,along with the L&D and L&R secretaries of Selaiyur Hall. And Mr. Asif Rahman, the Malabar afian of our hall was recruited to Tata Consultancy Service.

For the internship Program of the 9 selected from the 2nd years, only 3 were boys (sad story guys, what

happened) but then the entire male population were from SELAIYUR HALL !!

Gr8 going guys !!

Now comes 2012, and even greater things are destined for SELAIYUR HALL, we invite you all to be witness to what is to yet tounfold !!

VIVA LA SELAIYUR!!

***Arun* Janardhananposted *toAbhayan M Savithri***

Sunday

My dear comrade, he was a man of spirit. He was different from many others in his batch and age. He had *a* crystal clear ideology and he stood for that. Journalism student of MCC, Abhayan preferred to do his summer internships in small town newspapers instead of bigger ones in cities. He was political, to the core of left, and stood for it even in casual conversations. He was never ever confused. And was trained himself for his ideology, as a red volunteer, may be dreaming that democratic revolution that is long awaited. He was not a person with big city ambitions. He never bothered of his look, or branded attires, as he had much bigger things to do in his life. In conversations, he was always inviting attention to sociology and public health situations in India, especially the worse status of Kerala, of which he himself became a victim finally. This is high time to look into Kerala, a deadly state that continues to steal many such lives. Abhayan M Savithri, you had high potentials to idealise a model society, or may be a system itself. Wish if your original ideas could sustain long.

***Philip Thomasposted to Abhayan M Savithri***

May 30

still find it difficult that u r not there with us any more ... u know that u will live in our memories for along time... u always said to me “eda nine oke orkaan ninte per ninte hall historyil kaanum ente”kaaryamo” I repeat for those who hav known u were more than a brother and no matter u Il remain so forever and thats greater than having ur

name scribed anywhere"., a lot of ppl owe u for wat they were in colg and wat they are as a person ..they say u and i had problems with each other.. hell yeah ..but we know how to deal with it ..u personified ur name ABHAYAN and u r still an inspiration to me n for all those who knw u .thanks for the memories and all those things you did which made me stronger...

***Rohini Hariharan***

May 30

We became close after a long while.but you are the one who identified what i am, not the rohini others see....you always consider me equal to you,not as a junior, say i am like you, the way i think and do things...you say i am jealous of your brother.for having a sis like you...you said you wanted me to achieve my dream than any, and helped me a tot...you never wanted me to call you "CHETAN", you said call me "da"...when i am down you always use to tell me your story and say we both have same experience in MCC...you use to love us despite the fact that we are from other hall, you told us whats DW, n MCC all about ..you gifted me a good friend whom i wouldnt have come across if you are not there,...

J have no words to express., you say i am not emotional, but finally you made me emotional...

ABOVE ALL I WAS GIVEN THE PRIVILEGDE(the only giriVTO TRIP ON YOU IN MY FIRST YEAR..! cherish all those...@Abhavan M Savithri I miss you...!!!!!!!....

Joanne Rachel Joe Edi, he cald u the kingmaker of margaret.
its true.. He realised what u really are than us...
He gave us tht special push nd dared us to do things...
nammate cheythe elaam udaypinte purayil iyale undayirunu. Y did u go etta? Pis cm bk soon..

*Kurian* Johnposted *toAbhayan M Savithri*

May 29

abhayettaa.....u taught me what selaiyur is.... u led me in my first year being my block captain... u used to help all of us a lot, in all aspects...
u tld me ,” eda chetha, shout fr ur hall, till ur throat gets sore., if something happens to u, il take u to hospital”., u were there to take care of me whn i met wth a small accident in my first yr.. u gav ur 100% fr ur hall, fr mcc... u taught me,,, once a selaiyurian, is always a selaiyurian.... u always considerd me one among ur fav juniors, n i am always happy fr it...

abhayettaaa... i knw i made u sad on that day.... im really really sorry fr that chetta... i jst hav this to tell u.... i just love u... really really love u... n i knw u r gonna be ther with us always.... trust us, we will make it happen, what u wanted from us... \a\ salaam...!!!

***Fawaz Jaleel***

May 29

I don’t know if I am still back to my normal self.
You inspired me to be an optimist, now that you re not there I ve killed that side of mine
I was a show-off, NRI brute with full of attitude. You changed me . The one’s closes to us will vouch for that.

Whenever I behaved like a kid, you scolded me. Then there were my immature decisions that you corrected for me. There was a time when we never spoke due to some issues, but you supported me and waited for me to realize .

There were times when we sat and spoke throughout the night about various things. I was more like a younger brother to you, though we were classmates.

We spoke about our friend Anthony David, who unlike all of us acted from his heart. Our Karthik Nambirajan who could just be most attached guy, our Somesh Menon whose intelligence you always praised, our Varghese Saian

whose simplicity you admired, our @Ashwin Kurien, who always supported us for everything , our Nishanth Thomas who would do anything for friends, our Ghost House gang who always stood by us even when we were held up with hall work. You connected all of us. Philip Thomas- He has always respected you despite all the differences and used to praise you , sadly only few of us knew. Nikhila Sudharma Ajeer, who was a wonderful friend anybody could have. You kept praising all our juniors (not just selaiyurians , even the other hall residents who were dedicated and spirited -1 am not taking names). about tht crazy Sooraj Sv.a seHess human -being and Jithin Punamadam - whom you admired a lot. @Jose Frederic- a man whose commitment we all admired, you have made fun but deep inside you celebrated all his successes. Then your beloved seniors and batchmates.

I am sony, I am ranting ! I still can't accept this fact and have never cried soo much You kept saying that Bangalore was taking aw9y all your loved ones.

THERE WERE A LOT OF PEOPLE WHOM YOU LOVED AND RESPECTED DESPITE ALL THE DIFFERENCES

They say "Never make promises when you are hurt". But I promise you , You had a dream (the one[1]* closes to you will know) "WE' LL WORK HARD AND SOMEDAY IT WILL BECOME A REALITY"

IMSS YOU MY DEAREST BROTHER
THE OPTIMIST IN ME IS DEAD
HALF OF ME IS JUST DEAD.

***Arvind Venuqopafposted toAbhayan M Savithri***

May 29 near Bangalore. Karnataka

You Witt always be missed and a part of you will always live in me. You were one of the main reasons for me to even think about a career in music. To all the good times we've had together. Remembering and cherishing every minute I've spent with you

Hay your soul rest in peace I

***Nikhila Sudharma Ajeer***

Thursday near Kannur (Cannanore), Kerala

We weren't grieving a loss. It was... celebration of a life, lived, out loud ,in a mere 22 years..you could have been his friend, foe or admirer but there's no denying the fact that our lives have been touched, strengthened, uplifted either fighting.following, loving or challenging or imitating Abhayan M Savithri. Don't worry, beneath all the anger and arguments there was love and there is love still left to be celebrated. Whoever preceded .succeded or better... was fortunate to be in MCC 2009-2012 have been part of a revolution...started out of nothing but the gut instincts of a first year boy who decided that however different we are from each other, there was power in staying together, challenging something or fating the challenge with all your heart . If he had thrown you a challenge, trust me he has also respected the fact that you were an opponent worth fighting and loved you in that spirit. Remember that Abhayan wouldn't give up untill the last account was settled, the last fight negotiated to peace and untill everyone of us has had our stomach full to a meal well meant.To every problem, Abhayan has always had a solution.And now its up to us to stay calm, smile, figure out and do the things that he wouk) have most wanted.Ever forward.walking to the love that he was never scared to give away. Dont worry. Stay calm

***Anas Bichu Kp***

Thursday

Abhayetta....will be missing u forever....even now I just cant digest the fact that you are no more.... How can someone forget u and ur Up Up Selaiyur Hall H Even after your graduation you stayed along with us....giving us all the support and I personally am so much indebted to u.....Each and every moment we live in MCC everywhere there are your memories.

Abhayan M Savithri You will be remembered and loved forever for the person you were...You will always be a great inspiration for us in all ways....

You were the most spirited WICCian I've ever seen......and you will be...because I am sure that none can ever match your personality....We will Love You.....We will miss you.....We will always remember you......

Laal Salaam my dearest Young Revolutionary.......Sakhaave....marakillorikkalum njagal.....

VIVA LA SELAIYUR...Up Up MCC.........
— with Abhayan M Savithri and Selaiyur Hall at Selaiyur Hall, Madras Christian College.

***Jothy Jose***

Wednesday

FB reaBy shows how much u IT missedfi hw gud n cloz u wer to all... witout any hard feelings, u saw al as one., hats off to u dear... u wr a bro to many n also a frnd to d whole world... FB is cmpttty filled wit pics of urs... u wer luvd n alwz wil b luvd 4 who u wr... Abhayan M Savithri

***Anjali B Nair***

Wednesday

Get back this instance Abhayan pis.....

***Ashiq Mccposted ioAbhayan M Savithri***

Wednesday

abhaya really I miss u a lot....v use to share everything..but nw i donno wat to do..miss u da mone.... R.I.P

Rest in Peace Abhayan M Savithri
ore comments

Fawaz Jaleel i Pm'd u Nikhila Sudharma Ajeer
Thursday at 11:00am • Like

Philip Thomas almnst all mccians in our times knw the differences abhayan n i had .. true it was intense ..but both of us knew to take it in the right sense n spirit ..and many forgt that i hav abhayan and me hav shared lot of nice happy moments togethr... abhayan f...See More Thursday at 6:32pm • Like- 10

Jithin Punamadam he was the backbone of our batch... evry tym wen der was a problm btwn anyone, he was der to interfere n solve it... he alwys tried keepin evryone close to each other... one of the most respected Selaiyurian n MCCian of all tyms... i was happy dat i c... See More Yesterday at 6:53am • Like • 1

Karthik Nambirajan He could never be an *ex* selaiyurian!! Yesterday at 6.56am via mobile • Like • 4

***Daniel Sebastian***

Wednesday


Abhayan M Savithri ..AMMAYKU KANNUNEER MAATHRAM KODUTHAVAN NANMAYKU KANNUM KARUTHUM KODUTHAVAN......eni epalada 31a....hmmm....sathyam miss u daa....lalsalam...

***Minu Mary A bra ham posted toAbhayan M Savithri***
Wednesday
You told us that you ain't gonna come to MCC anymore. The reason you gave us was that nobody would want want you after we graduate. We proved that wrong. The whole MCC was at your home yesterday to see you one last time. .

**_Nidish Koshy_**

Wednesday

This was my last pic in MCC with you my brother, An epic fail pose by me for which you are giving a priceless reaction ! Abhayan M Savithri Miss you da mone ! Miss you loads ! — with Abhayan M Savithri and Aravind Babu at Madras Christian College.





**_Rohit Vijayanposted toAbhayan M Savithri_**

Wednesday via mobile

As a friend and a man, you have always given me more than what I could get.

Selfless, Relentless, Spirited and Sympathetic.

The three years we shared together in Selaiyur and MCC was one of the greatest and best times in my life which will always be cherished and never forgotten. ■

സെബാസ്റ്റ്യൻ മാഷ്

# പടവുകളിലെ അബു

ഇടനെഞ്ചു പിളർക്കുന്ന ഓർമ്മച്ചിത്രമായി,
ആത്മാവിന്റെ കൂരിരുട്ടിനെ മുറിക്കുന്ന
മൺചിരാതിന്റെ പൊൻവെളിച്ചമായി,
നീട്ടിയ അലസമായ മുടിയിഴകളും
ഒരു ബുജിയുടെ നീണ്ടു വളർന്നു മുറ്റിയ
താടിയുമായി അബു നിന്നു തൂമന്ദഹാസം പൊഴിക്കുന്നു.
    ജനകീയവായനശാലയുടെ വളർച്ചയിൽ
    മധുസാറിന്റേയും മീനടീച്ചറിന്റേയും
    നിഴൽപറ്റിനിന്ന് പ്രവർത്തനമണ്ഡലങ്ങളിൽ
    ഊർജ്ജവും വെളിച്ചവുമായി എന്നും നിലനിന്നിരുന്നു.
കയ്യെഴുത്തുമാസികകളുടെ 'പടവു'കളിലെ അമരക്കാരനായി...
മത്സരാർത്ഥികളുടെ അംഗരക്ഷകനായി...
കുട്ടിപ്പട്ടാളങ്ങളുടെ കുട്ടേട്ടനായി...
സഹപാഠികളുടെ പ്രോജ്വലനേതാവായി...
അക്ഷരവെളിച്ചത്തിന്റെ പ്രചുരപ്രചാരകനായി...
അഭയൻ... ഇവിടെയെല്ലാം ഞാൻ ഓർത്തുവയ്ക്കട്ടെ!
ദീപ്തസ്മരണകൾക്കു മുൻപിൽ ഒരു കുടന്ന മിഴിനീർപൂക്കൾമാത്രം. ■

അശ്വതി സലി

# അബുവായി ഇന്നും ജീവിക്കുന്നു

മീനടീച്ചർ വിളിച്ച് അഭയനെക്കുറിച്ച് ഒരു സ്മരണിക പുറത്തിറക്കുകയാണെന്നും അതിലേക്ക് ഒരു ഓർമ്മക്കുറിപ്പെഴുതണമെന്നും പറഞ്ഞപ്പോൾ എങ്ങനെ തുടങ്ങണമെന്നോ എന്തെഴുതണമെന്നോ എനിക്കറിയില്ലായിരുന്നു. മനസ്സിലുള്ള ഓർമ്മകൾ, പങ്കുവെയ്ക്കാനും പറയുവാനുമുള്ള കാര്യങ്ങൾ, വാക്കുകളിലൂടെ പകർത്തുക അസാദ്ധ്യമാണെന്നു തോന്നി. എങ്കിലും ഈ സ്മരണികയിൽ കുറച്ചുവാക്കുകളെങ്കിലും കുറിക്കേണ്ടത് എന്റെ കടമയാണെന്നു വിശ്വസിക്കുന്നു.

തിരുവനന്തപുരത്തു നിന്ന് പഠനത്തിന്റെ ഇടവേളയിൽ വീട്ടിലെത്തിയപ്പോൾ മീനടീച്ചറിനേയും കുടുംബത്തേയും ഒന്നു കാണാൻ അന്നു തന്നെ പോകണമെന്നു തോന്നിയത് എന്താണെന്നറിയില്ല. അവധിക്കു വരുമ്പോഴൊക്കെ സമയം കിട്ടുമ്പോൾ പോകാറുണ്ടെങ്കിലും അന്നെന്തോ നിർബന്ധമായും പോകണമെന്നു തോന്നി. ചെന്നൈയിൽ നിന്നു വീട്ടിലെത്തിയ അഭയൻചേട്ടനും അവനിച്ചേച്ചിക്കും മീനടീച്ചറിനും മധുസാറിനുമൊപ്പം അന്നു പതിവിൽക്കൂടുതൽ സംസാരിച്ചു. പനിയായിരുന്നിട്ടും അവശതകളെ അവഗണിച്ചുകൊണ്ട് അഭയൻചേട്ടൻ പഠനത്തെപ്പറ്റിയും കോളേജിനെപ്പറ്റിയും അന്വേഷിച്ചു. അന്ന് എന്തെന്നില്ലാത്ത സന്തോഷത്തോടെയാണ് ഞാൻ വീട്ടിലേയ്ക്കു തിരിച്ചത്.

എന്നാൽ പിറ്റേന്നു വൈകുന്നേരം എന്റെ ബന്ധു വിളിച്ച് ആ സങ്കടവാർത്ത പറഞ്ഞപ്പോൾ ഒരു നിമിഷത്തേയ്ക്ക് മനസ്സ് ശൂന്യമായിപ്പോയി. തലേദിവസം കണ്ടു സംസാരിച്ച ഒരാൾ ആ സമയത്ത് ഈ ഭൂമിയിലില്ല എന്ന സത്യം എനിക്ക് ഉൾക്കൊള്ളാനായില്ല. ദൈവം ഈ സമയത്ത് എന്തിനിങ്ങനെ ചെയ്തു എന്ന മനസ്സിന്റെ ആവർത്തിച്ചുള്ള ചോദ്യത്തിന് പണ്ടെന്നോ പഠിച്ച കവിതയിലെ വരിയായിരുന്നു മറുപടി നൽകിയത്.

“ഗുണികളൂഴിയിൽ നീണ്ടുവാഴാ.”

അതല്ലാതെ മറ്റൊന്നും ഈ നേരത്തെയുള്ള വിടപറച്ചിലിന് കാരണമായി എനിക്കുകണ്ടെത്താൻ കഴിഞ്ഞില്ല.

ഒരുപക്ഷേ, അടുത്ത സുഹൃത്തുക്കൾക്കോ ബന്ധുക്കൾക്കോ അയൽക്കാർക്കോ ലഭിക്കാത്ത ഒരു ഭാഗ്യം വേർപിരിയലിന്റെ തലേദിവസം എനിക്കു ലഭിച്ചതായി ഞാൻ കരുതുന്നു.

അട്ടിക്കൽ എസ്.ഡി.യു.പി. സ്കൂളിൽ ഒന്നാംക്ലാസിൽ ചേർന്നപ്പോൾ സ്കൂൾ ആനിവേഴ്സറിക്ക് കൈനിറയെ സമ്മാനങ്ങളുമായി

നിൽക്കുന്ന അഭയൻചേട്ടനാണ് എന്റെ മനസിലെ ആദ്യത്തെ ഓർമ്മച്ചിത്രം. ഒരുപക്ഷേ അന്നുതന്നെ എനിക്കും ഇങ്ങനെ കൈ നിറയെ സമ്മാനങ്ങൾ വാങ്ങണമെന്നും ഇതുപോലെ നിൽക്കണമെന്നുമൊക്കെയുള്ള ഒരു പ്രചോദനം അഭയൻചേട്ടനിൽ നിന്നു കിട്ടിയിരുന്നു. പിന്നീട് എൽ.പി. ക്ലാസ്സുകളിൽ പഠിക്കുമ്പോൾ തന്നെ രൂപീകരിച്ച ജനകീയവായനശാലയിലെ പ്രവർത്തനത്തിലൂടെയാണ് എനിക്ക് കൂടുതൽ അടുത്തറിയാൻ സാധിച്ചത്.

ജീവിതം ക്ലാസ്മുറികളിലും പുസ്തകങ്ങളിലും മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ലെന്നും നമ്മുടെ ചുറ്റുപാടിലേക്കിറങ്ങി നമ്മുടെ സമൂഹത്തെപ്പറ്റി പഠിക്കുമ്പോഴാണ് അതു പൂർണ്ണമാകുന്നതെന്നുമുള്ള വിലപ്പെട്ട സന്ദേശം ഞാനാദ്യമായി പഠിച്ചത് അഭയൻചേട്ടനിൽ നിന്നായിരുന്നു. ഒരുപക്ഷേ ക്ലാസ്മുറികളിലും പുസ്തകങ്ങളിലും മാത്രമായി ഒതുങ്ങിപ്പോകുമായിരുന്ന ഞങ്ങൾ കുറേപ്പേർക്ക് മറ്റൊരു ലോകം തുറന്നുതന്നതും അതിലേക്ക് വരാൻ പ്രേരിപ്പിച്ചതും അഭയൻചേട്ടനായിരുന്നു.

യു.പി. ക്ലാസുകളിൽ തന്നെ സ്വയമെഴുതി അവതരിപ്പിച്ചിരുന്ന നാടകങ്ങളിലും മറ്റും ബാല്യത്തിന്റെ സ്വപ്നങ്ങൾക്കും നിറങ്ങൾക്കും പകരം ഞാൻ കണ്ടത് സമൂഹത്തിലെ തിന്മകൾക്കും അനീതികൾക്കുമെതിരായ ശബ്ദമായിരുന്നു. ചെറുപ്പത്തിലേ തന്നെ സമൂഹത്തിലെ അനീതികളേയും അഴിമതികളേയും എതിർക്കാൻ സ്വത:സിദ്ധമായ തന്റെ പ്രസംഗങ്ങളിലൂടെയും എഴുത്തിലൂടെയും ശ്രമിച്ചിരുന്നുവെന്നത് എന്നെ എന്നും അത്ഭുതപ്പെടുത്തിയിരുന്നു.

ഹയർസെക്കണ്ടറിപഠനത്തിനു ശേഷം സമപ്രായക്കാരിൽ നിന്നു വിഭിന്നമായി, പത്രപ്രവർത്തനം തന്റെ വിഷയമായി തെരഞ്ഞെടുത്തപ്പോൾ ഒരുപാടു സന്തോഷിച്ചു. നാളെ സമൂഹത്തിനു പ്രത്യാശ വയ്ക്കാവുന്ന, സമൂഹത്തിനു വേണ്ടി പോരാടാനുള്ള, ഒരു മനസ്സ് എനിക്കു കാണാൻ കഴിഞ്ഞു. 'അഭയൻ' എന്ന പേര് എത്രത്തോളം അർത്ഥവത്താക്കിയിരിക്കുന്നു! ഒന്നിനോടും ഭയമില്ലാതെ തന്റെ അഭിപ്രായങ്ങൾ അറിയിച്ചുകൊണ്ട് ഒരുപാടു ദൂരം മുന്നോട്ടുപോകേണ്ടിയിരുന്നു. 'മരണം രംഗബോധമില്ലാത്ത കോമാളി' യാണെന്നുള്ള വാക്കുകളുടെ ആഴം ഒരുപക്ഷേ ഞാനിപ്പോഴാണു മനസ്സിലാക്കുന്നത്.

പക്ഷേ ഞങ്ങളുടെ മനസ്സിൽ 'അബു'വായി ഇന്നും ജീവിക്കുന്നു. തേജസ്സോടെ ഞങ്ങളെ ആവേശം കൊള്ളിച്ച ആ മുഖം, വേർപിരിയലിനു തൊട്ടു മുൻപ് ഞാൻ കണ്ട മുഖം, എന്നും ജീവസ്സുറ്റതാകണമെന്ന ആഗ്രഹത്തിലാണ് സംസ്കാരച്ചടങ്ങുകളിൽ നിന്നുപോലും വിട്ടുനിന്നത്. പ്രകൃതിയുടെ വിഷാദം പോലും പെരുമഴയായി അന്നനുഭവപ്പെട്ടു.

ഞങ്ങൾക്കു കാണിച്ചുതന്ന വഴി ഇന്നും എന്നും ഞങ്ങളിൽ പ്രകാശം ചൊരിയും. ഞങ്ങളുടെ എല്ലാവരുടെയും ഹൃദയങ്ങളിൽ മരിക്കാത്ത ഓർമ്മകളായി എന്നും ജീവിക്കും. ■



പി. മധു

# കുന്നും കുരങ്ങും

കുന്നിൻ മുകളിൽ ചെന്നപ്പോൾ
ചന്ദ്രക്കല പോലെ പൂളി
പിഞ്ഞാണത്തിൽ നിരത്തിയ
തണ്ണിമത്തൻ വില്ക്കാനായി
ഒരു തള്ള ഇരിപ്പുണ്ട്.

തീർത്ഥാടകസംഘങ്ങൾക്ക്
സ്നേഹപൂർവ്വം
മുനിഗുഹ ചൂണ്ടിക്കാട്ടിക്കൊടുക്കുന്നു.

ആത്മാവിന്റെ ഉടുപ്പിട്ട
എന്നെയും തലയിൽ കേറ്റി
കുന്നിറക്കം തുടങ്ങുമ്പോൾ,
ദാഹം സഹിക്കാൻ പറ്റാഞ്ഞോ
പൊങ്ങച്ചം കാണിക്കുവാനോ
തള്ളയോട്
ഒരു മത്തങ്ങാപ്പൂളും വാങ്ങി പുഞ്ചിരിച്ച്
ഇരട്ടിക്കാശും  കൊടുത്ത്

ഉദാരമതിയായ ഞാൻ
എന്റെ തന്നെ തോളിൽത്തട്ടി.

അന്നേരത്ത്
മരക്കൊമ്പിൽ നിന്നും ദാ! ചാടിവീഴുന്നു
ഒരു മുത്തൻകുരങ്ങച്ചൻ.

കലിപ്പിച്ചു മുറുമ്മുന്നു
ഉടുമുണ്ടിൽ വലിക്കുന്നു—
അവകാശത്തർക്കം തന്നെ.

മത്തക്കഷണം കാണിച്ച്
തന്ത്രം മെനഞ്ഞു നോക്കീട്ടും
കുരങ്ങച്ചാർ പിന്മാറാതെ
പല്ലിറുമ്മി അടുക്കുന്നു.

അവൻ കുന്നായി മാറുന്നു
എന്റെ ധ്യാനം തുടയ്ക്കുന്നു
ആത്മാവിന്റെ ഉടുപ്പുകൾ
അവകാശത്താൽ ചുടുന്നു.

ഒടുവിൽ ഞാൻ വശം കെട്ട്
ചന്ദ്രക്കല മൊത്തമായി
തന്തയ്ക്കു കാണിക്കവച്ചു.
കലിയാറി, അവൻ പോയി.

കുതിപ്പും തൃഷ്ണയും കെട്ട
കണ്ണഞ്ചും സ്മൃതിയും കെട്ട
സർവ്വാരംഭങ്ങളും കെട്ട
ദേഹാത്മാവുകൾ കെട്ട
കാലാദേശാദികൾ കെട്ട


ഒച്ചയും രൂപവും പേരും
വിത്തും മുളകളും കെട്ട
സ്പന്ദത്തിൻ ഭാഷയായ് കുന്നെൻ
ബോധത്തിൻ തുടിയാകുന്നു:

“നിനക്കൊന്നും തരാനില്ല,
നിന്നെ ഞാൻ തിന്നു തീർക്കണം,
ദാഹവും മാനവും പോക്കി
മാഞ്ഞു നീ എന്നിലാഴുക;
എനിക്കും പിന്നിലെ ശൂന്യ—
വിയത്തിൻ നൃത്തമാവുക.”

തുടങ്ങീ മകനോടോതാൻ
മർക്കടാഖ്യാനമിങ്ങനെ,
കഥ കേൾക്കാനിരിക്കാതെ
സുഗതത്വത്തിലാണ്ടവൻ.

മഹാഖ്യാനപ്രവാഹത്തിൻ
അപ്പുറത്തുള്ള വിശ്രമം
അച്ഛനെക്കാട്ടുവാൻ ശാന്തം
കൈപിടിച്ചു നയിച്ചവൻ;
ബന്ധനത്തിലൊതുങ്ങീടാൻ
സമ്മതിക്കാത്ത ബോധമായ്
കുതിച്ചു കൂടു പൊട്ടിച്ചു
നചികേതാഗ്നി പൂണ്ടതാം. ■

# അഭയൻ വർത്തമാനയൗവനത്തിൽ


'അഭയൻ'
വർത്തമാന
യൗവനത്തിൽ

സ്നേഹപൂർവ്വം,

സ്ഥലം: സഫലം 55 പ്ലസ്സ്
കൊട്ടാരമറ്റം, പാലാ
സമയം: 2013 ജൂലൈ 6, ശനി, 2.00 പി.എം.

*പാല തീയറ്റർഹട്ടിന്റെ ആഭിമുഖ്യത്തിൽ 2013 ജൂലൈ 6-ന് സഫലം 55 പ്ലസ് ഹാളിൽ വച്ചുനടന്ന 'അഭയൻഅനുസ്മരണ'ത്തിൽ തീയറ്റർഹട്ട് പ്രവർത്തകർ പങ്കുവച്ച ഓർമ്മകൾ.*

**അർജ്ജുൻ രാജ്**

ഒരു സദസ്സിനു മുൻപിൽ നിന്ന് എന്തെങ്കിലും രണ്ടു വാക്ക് പറയുവാൻ എന്നെയും വായനശാലയിലുള്ള ഓരോരുത്തരേയും പഠിപ്പിച്ച ഒരാളാണ് അഭയൻചേട്ടൻ. അനുസ്മരണം നടത്തുവാൻ ഞാനാളല്ല. ഈ വേദിയിൽ അഭയൻചേട്ടന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറയാം.

പൊൻകുന്നത്തെ കീർത്തികേട്ട ആണ്ടുമഠം കുടുംബത്തിൽ 1991 നവംബർ 11 ന് മധുമാഷിന്റെയും മീനടീച്ചറിന്റെയും മകനായി അഭയൻ ജനിച്ചു. അക്കാലത്ത് കലാ-രാഷ്ട്രീയ പ്രവർത്തനങ്ങളുടെ കേന്ദ്രമാണ് ആണ്ടുമഠം കുടുംബം. ആ കുടുംബത്തിൽ, കുട്ടിയായിരിക്കുമ്പോൾ തന്നെ കേരളത്തിലെ പ്രശസ്തരായ വ്യക്തികളുടെ പ്രവർത്തനങ്ങൾ അടുത്തു കാണുവാനും, അവരുമായി സംവദിക്കുവാനും അഭയൻചേട്ടനുകഴിഞ്ഞിരുന്നു. ഒന്നാം ക്ലാസ്സു മുതൽ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസം പൂർത്തിയാക്കിയത് പൊൻകുന്നം എസ്.ഡി.യു.പി.സ്കൂളിലാണ്. അമ്മ മീനടീച്ചർ അവിടെ അധ്യാപികയായിരുന്നു. അനുജത്തി അവനിയും ഞാനുമൊക്കെ അഭയൻചേട്ടന്റെ ജൂനിയറായി ആ സ്കൂളിൽ തന്നെ പഠിച്ചു. സ്കൂളിലെ എല്ലാ സാംസ്കാരികപ്രവർത്തനങ്ങൾക്കും മുൻനിരയിൽ അഭയൻചേട്ടൻ ഉണ്ടായിരുന്നു. ഏഴാം ക്ലാസ്സിൽ പഠിക്കുന്ന സമയത്ത് സ്കൂൾ ലീഡറായിരുന്നു. ഹൈസ്കൂൾവിദ്യാഭ്യാസത്തിനായി എസ്.ആർ.വി.എൻ.എസ്.എസ്. ചിറക്കടവിൽ ചേർന്നു. അവിടെ എല്ലാ പ്രവർത്തനങ്ങളിലും കൃത്യമായി ഇടപെടുന്ന ആളായിരുന്നു അഭയൻ. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ മുതിർന്ന ക്ലാസ്സിലെ ചേട്ടൻമാരെ നിയന്ത്രിക്കുവാനുള്ള ആർജ്ജവം അഭയൻചേട്ടനുണ്ടായിരുന്നു. എട്ടാം ക്ലാസ്സിൽ നാടകം സംവിധാനം ചെയ്തിരുന്നു. തുടർവർഷം സംവിധാനം ചെയ്ത നാടകം ഉപജില്ലാ തലത്തിൽ അവതരിപ്പിച്ചിരുന്നു. പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൂൾ ലീഡറായിരുന്നു. ആ സ്കൂളിന്റെ ചരിത്രത്തിൽ നിരവധി സംഭവങ്ങൾ നടന്ന ഒരു വർഷമായിരുന്നു അത്. തുടർച്ചയായി മൂന്നുവർഷം ഉപജില്ലാ

കലോത്സവത്തിൽ എസ്.ആർ.വി.ക്ക് ഓവറോൾ ലഭിക്കുകയുണ്ടായി. ഇക്കാലത്ത് അഭയൻ പ്രസംഗം, അഭിനയം, കഥാപ്രസംഗം, എഴുത്ത് എന്നീ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചു. മാത്രമല്ല മറ്റു കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവരെ പ്രചോദിപ്പിക്കുവാൻ അഭയൻചേട്ടൻ ശ്രമിക്കുമായിരുന്നു. ആ വിദ്യാലയത്തിലെ ഓരോ കുട്ടിയേയും നേരിട്ടറിയുവാനും അവരുടെ കഴിവുകളെ തെന്നു കണ്ടെത്തുവാനും റിഹേഴ്സലുകൾക്കും അവതരണത്തിനും അവരെ പങ്കെടുപ്പിക്കുവാനും ഒരു പ്രത്യേകകഴിവ് അഭയൻചേട്ടനുണ്ടായിരുന്നു. അതിനൊക്കെ അപ്പുറം പരിപാടികൾക്കു ശേഷം എത്ര വൈകിയാലും കുട്ടികളെ പൊൻകുന്നത്തും ചിറക്കടവിലുമുള്ള വീടുകളിൽ ഉത്തരവാദിത്വത്തോടെ തിരിച്ചു കൊണ്ടുപോയി വിടുമായിരുന്നു. സ്കൂളിലായാലും വായനശാലയിലായാലും അഭയൻചേട്ടനുണ്ടെങ്കിൽ ഏതു കുട്ടിയേയും അവരുടെ മാതാപിതാക്കൾ യാത്രയാക്കുമായിരുന്നു. അങ്ങനെ അഭയൻചേട്ടന്റെ കൈപിടിച്ചു വളർന്നുവന്ന ഒരുപാടു കുട്ടികൾ പൊൻകുന്നത്തും ചിറക്കടവിലുമുണ്ട്. പിന്നീട് ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിനായി ഗവ.ഹയർസെക്കണ്ടറി സ്കൂൾ പനമറ്റത്ത് ചേർന്നു. സയൻസായിരുന്നു വിഷയം. പ്ലസ് വൺ പഠനസമയത്തു തന്നെ പ്രസംഗമത്സരത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടിയിരുന്നു. അന്ന് ജനകീയവായനശാല ഒരു സ്വീകരണം നൽകി. അഭയൻചേട്ടൻ അന്ന് മറുപടിപ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യമുണ്ട്. “ഞാനീ പറയുന്നതും പ്രവർത്തിക്കുന്നതുമൊക്കെ എന്റെ നാട്ടിൽ പ്രസംഗിച്ചവരിൽ നിന്നും വായിച്ചറിഞ്ഞ അറിവുകളിൽ നിന്നുമാണ്. അങ്ങനെയാണീ സമ്മാനം കിട്ടിയത്. അല്ലാതെ ഞാൻ വലുതായി ഒന്നും ചെയ്തിട്ടില്ല, ചെയ്യുന്നുമില്ല.” ഇതേ സമയം തന്നെ സജീവമായ രാഷ്ട്രീയസാമൂഹികപ്രവർത്തനങ്ങളിലും അഭയൻചേട്ടൻ പങ്കാളിയായിരുന്നു. ഇടതുപക്ഷപ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകൻ കൂടിയായിരുന്നു അഭയൻചേട്ടൻ.

തെറ്റ് എവിടെ കണ്ടാലും ആരുടെയും മുഖത്തുനോക്കി അതിനെതിരെ പ്രതികരിക്കുവാനുള്ള ആർജ്ജവം അന്നേ കാണിക്കുമായിരുന്നു. തുടർവിദ്യാഭ്യാസത്തിനായി ജന്മനാട്ടിൽ നിന്ന് അഭയൻചേട്ടൻ മാറി നിന്നു. ചെന്നൈയിലെ മദ്രാസ്സ് ക്രിസ്ത്യൻ കോളേജിൽ മൂന്നുവർഷത്തെ ജേർണലിസം കോഴ്സിനായി ചേർന്നു. കോളേജിലും പുറത്തുചേരികൾ വരെയും അഭയൻചേട്ടൻ അഭയനായി ജീവിച്ചു. സമൂഹത്തിലെ വ്യത്യസ്ത തുറയിലുള്ളവരുടെ പ്രശ്നങ്ങളിൽ ഇടപെട്ടു. എം.സി.സി.യുടെ രാഷ്ട്രീയസാംസ്കാരികരംഗത്ത് വിവിധപ്രവർത്തനങ്ങൾ നടന്ന സമയമായിരുന്നു ആ മൂന്നുവർഷം. ഭാരതത്തിനകത്തും പുറത്തുമുള്ള നിരവധി വിദ്യാർത്ഥികളുമായി ഈ സമയം അഭയൻ ഇടപെട്ടു. പക്ഷേ ഇന്റേൺഷിപ്പിനായി അഭയൻചേട്ടൻ തിരഞ്ഞെടുത്തത് സ്വന്തം നാടുതന്നെയായിരുന്നു — കോട്ടയം. ദേശാഭിമാനിപത്രത്തിലാണ് ഇന്റേൺഷിപ്പു ചെയ്തത്. ആ സമയത്ത് കോട്ടയം പ്രസ്സ് ക്ലബ്ബിലുള്ളവർ പറയുമായിരുന്നു, വളരെയധികം പ്രതീക്ഷയും വ്യത്യസ്തതയുമുള്ള വ്യക്തിയായിരുന്നു അഭയനെന്ന്. ഊർജ്ജസ്വലത, സാമൂഹികപ്രതിബദ്ധത ഇവ അഭയനെ എല്ലാവരിൽ നിന്നും മാറ്റി നിർത്തി. പിന്നീട് അഭയൻ തിരിച്ചറിഞ്ഞു, പത്രപ്രവർത്തനമല്ല, അതിനപ്പുറം ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടതുണ്ടെന്ന്. സാമൂഹ്യശാസ്ത്രം പഠിക്കുവാൻ അങ്ങനെ തീരുമാനിച്ചു.

ബിരുദാനന്തരബിരുദത്തിനായി മദ്രാസ് യൂണിവേഴ്സിറ്റി ചെന്നൈയിൽ ചേർന്നു. സാമൂഹ്യശാസ്ത്രമായിരുന്നു വിഷയം. വളരെ ഒതുങ്ങിക്കിടന്ന അവിടെ യൂണിയനുണ്ടാക്കിയതിൽ അഭയൻചേട്ടന് പ്രധാനപങ്കുണ്ട്. ഒരു വർഷം അവിടെ പഠിച്ചു. പിന്നീട് അവധിക്കുനാട്ടിൽ വന്ന്, ഡൽഹി ജെ.എൻ.യു. വിൽ പ്രവേശനപരീക്ഷ എഴുതിയിരുന്നു. ഏറ്റവും നല്ല സർവ്വകലാശാലയിൽ പഠിച്ച് സ്വന്തം നാട്ടിൽ തിരിച്ചെത്തി പ്രവർത്തിക്കുകയായിരുന്നു അഭയൻചേട്ടന്റെ ലക്ഷ്യം. തിരുവനന്തപുരത്തുവച്ചായിരുന്നു പ്രവേ

ശനപരീക്ഷ. തുടർന്ന് കുറച്ചു ദിവസങ്ങൾക്കു ശേഷമാണ് അഭയൻചേട്ടൻ നമ്മിൽ നിന്നു വിടപറഞ്ഞത്.

അഭയൻചേട്ടൻ പറയുന്ന ഒരു കാര്യമുണ്ട്:

"ഞാൻ മിടുക്കനാണ്, അല്ലെങ്കിൽ ഞാൻ നന്നാകണം എന്ന് ആളുകൾ പറയുന്നത് ഏതർത്ഥത്തിലാണ് എന്നെനിക്കറിഞ്ഞാൽ കൊള്ളാം. നന്നാവുക എന്നുള്ളത് അയൽപക്കത്തുള്ളവരുടെ പേര റിയാതെ നടന്നിട്ടാണെങ്കിൽ, അങ്ങനെ നന്നാവാൻ എന്നെ കിട്ടില്ല. അല്ലെങ്കിൽ, അടുത്തുള്ളവരെയും സഹോദരീസഹോദരന്മാരെയും മനസ്സിലാക്കാതെ വീട്ടിൽ ഒരു പുസ്തകപ്പുഴുവായി മാർക്കു മേടിക്കുന്നയാളേ നന്നാകൂ എന്നാണെങ്കിൽ ഞാൻ നന്നാകുവാൻ പോകുന്നില്ല. അല്ലെങ്കിൽ നന്നാവത്തുമില്ല."

എത്ര പറഞ്ഞാലും തിരാത്ത അഭയൻചേട്ടന്റെ ജീവിതം വളരെ ചെറുതായി മാത്രമാണ് ഇവിടെ അവതരിപ്പിച്ചത്.

**ജഗന്നാഥ്**

അഭയനെ എനിക്ക് അധികം അറിയില്ല. പക്ഷേ വ്യക്തമായ ഒരാശയത്തിൽ ജീവിച്ച ഒരു മനുഷ്യനാണ്. എന്നെ സംബന്ധിച്ചിടത്തോളം എല്ലാം കൺഫ്യൂഷനിലാണ്. അതാണോ ശരി? ഇതാണോ ശരി? എന്താണുചെയ്യേണ്ടത്? ഒരുപാടു കൺഫ്യൂഷനുകൾ. വായിക്കുന്നതും കേൾക്കുന്നതുമെല്ലാം അതിനെ കുറിച്ചാണ്. അപ്പോൾ ഇത്തരത്തിലുള്ള ഒരു കാലഘട്ടത്തിൽ, എന്നേക്കാൾ രണ്ടു വയസ്സ് മാത്രം മുതിർന്ന ആളാണ് അഭയൻ. അയാൾ വ്യക്തമായ ഒരാശയത്തിൽ ജീവിച്ചിരുന്നു, പ്രവർത്തിച്ചിരുന്നു. ആ ജീവിതം എന്നിൽ വലിയ സ്വാധീനം ചെലുത്തുന്നു.

**ജിതിൻ**

ഹയർ സെക്കണ്ടറിയിൽ അഭയൻചേട്ടന്റെ ജൂനിയറായിട്ടാണ് ഞാൻ പഠിച്ചത്. അഭയൻചേട്ടൻ എല്ലാ കാര്യങ്ങളും പോസിറ്റീവായിട്ടുകാണുന്ന ഒരാളാണ്. ഞാനുൾപ്പെടുന്ന ഇന്നത്തെ സമൂഹത്തിൽ 90% ആളുകളും ആദ്യം എന്തു ചെയ്യാൻ ചിന്തിച്ചാലും നെഗറ്റീവ് കാര്യങ്ങളെ കുറിച്ചാണ് ചിന്തിക്കാറുള്ളത്. പലപ്പോഴും ഈ പ്രശ്നം മനസ്സിൽ നിന്നാണ് തുടങ്ങുന്നതെന്നു തോന്നുന്നു. വർത്തമാനകാലഘട്ടത്തിൽ ഇത്തരത്തിലുള്ള ഒരുപാടു പ്രശ്നങ്ങൾ നേരിടുന്ന ഒരാളാണ് ഞാൻ. പെട്ടെന്ന് താഴ്ന്നു പോകുന്ന ഒരു സ്വഭാവം എനിക്കുണ്ട്. ഒരു പോസിറ്റീവ് മനസ്സിനായി ഞാൻ ശ്രമിക്കുന്നുണ്ട്. എന്റെ അതേ സമയം വളരെ പോസിറ്റീവായി ജീവിച്ച അഭയൻചേട്ടൻ എനിക്കുപലതും ചെയ്യുവാൻ പ്രചോദനമാണ്.

**ഹൈനസ്സ്**

അഭയൻചേട്ടനെ വ്യക്തിപരമായി എനിക്കുകൂടുതലറിയില്ല. അഭയൻചേട്ടനെ കുറിച്ചുചിന്തിക്കുമ്പോൾ ഓർമ്മവരുന്നത് ജനകീയവായനശാലയുടെ ആദ്യലൈബ്രേറിയൻ കണ്ണൻചേട്ടൻ മരിച്ച ദിവസമാണ്. അന്ന് അഭയൻചേട്ടൻ അവിടെ ഓടിനടക്കുകയായിരുന്നു. ഞാനും അഭീഷുചേട്ടന്റെ ഒപ്പം അവിടെയുണ്ടായിരുന്നു. അഭീഷുചേട്ടൻ ചോദിക്കുന്ന ചോദ്യങ്ങൾക്കല്ലായിരുന്നു അഭയൻചേട്ടൻ മറുപടി പറഞ്ഞിരുന്നത്. മാനസികമായി വേറെ ഏതോ അവസ്ഥയിലായിരുന്നു അഭയൻചേട്ടൻ. ആ വ്യക്തിയെക്കുറിച്ചറിയുവാൻ ഞാൻ ആഗ്രഹിച്ചു. വായനശാലയിലെ സുഹൃത്തുക്കളിൽ നിന്നാണ് അഭയൻചേട്ടനെക്കുറിച്ചുഞാൻ കൂടുതലറിഞ്ഞത്. എന്റെ വീടിനടുത്ത് കഴിഞ്ഞ ദിവസം ഒരു മരണം നടന്നിരുന്നു. പക്ഷേ ആ വീട്ടുകാരെ സഹായിക്കാൻ അധികം ആളുകൾ ഉണ്ടായിരുന്നില്ല. ഞാനപ്പോൾ അഭയൻചേട്ടന്റെ കാര്യം ഓർത്തു. ആ ശുഷ്കാന്തിയും മനസ്സും നൽകുന്ന ഊർജ്ജം ശക്തമാണ്. കാലം എങ്ങോട്ടാണ് പോകുന്നത് എന്നു ചിന്തിക്കുമ്പോൾ, ആളുകൾ ഒറ്റപ്പെട്ടു പോകുന്ന ഒരു യൗവനത്തിലാണ് നാം എന്നു തോന്നുന്നു.

**അളക**

ഇന്നത്തെ സമൂഹത്തിൽ ഞാൻ ജീവിക്കുമ്പോൾ എനിക്കു നേരിടേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളുണ്ട്– പ്രത്യേകിച്ച് ഒരു പെൺകുട്ടി എന്ന നിലയിൽ. ഞാൻ വ്യത്യസ്തമായ ഒരു കോഴ്സ് പഠിക്കുവാൻ തീരുമാനിക്കുമ്പോൾ സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും പ്രചോദനങ്ങളേക്കാളധികം ചോദ്യങ്ങളാണ് ഉണ്ടാകുന്നത്. പക്ഷേ അബുച്ചേട്ടൻ ഒരു സഹോദരനു സഹോദരനായി, കൂട്ടുകാരനു കൂട്ടുകാരനായി, ഗുരുവിനു ഗുരുവായി, നിനക്കതു ചെയ്യുവാൻ പറ്റും എന്നു പറഞ്ഞു ധൈര്യം തരുവാൻ ഉണ്ടായിരുന്നു. ഡൽഹിയിലെ പെൺകുട്ടിക്കുവേണ്ടി നിരവധി പ്രതിഷേധങ്ങൾ നടന്നു. പക്ഷേ നമ്മുടെ നാട്ടിൽ നാം ഒറ്റയ്ക്കുസഞ്ചരിക്കുമ്പോൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഇതുമനസ്സിലുണ്ടാക്കുന്ന ഒരു ചോദ്യമുണ്ട്. എത്ര പ്രതിഷേധങ്ങൾ നടന്നിട്ടും നമ്മുടെ യുവജനതയുടെ ഉള്ളിലിരുപ്പുമാറിയിട്ടുണ്ടോ എന്ന്. പീഡനങ്ങൾക്കിരയാവുന്നവരെ കുറ്റപ്പെടുത്തുന്ന സമൂഹത്തിൽ അബുച്ചേട്ടനെ പോലുള്ളവർ ഉണ്ടായിരുന്നെങ്കിൽ എന്നോർത്തു പോകുന്നു. ഒരു മരണത്തിനപ്പുറം അബുച്ചേട്ടൻ ഒരു പുതിയ വഴി യുവത്വത്തിനുകാണിച്ചു തന്നു. മരണത്തിൽ നാം വിഷമിക്കുന്നു. പിന്നെ കുറേ കാലത്തിനു ശേഷം മറന്നുപോകുന്നു. പക്ഷേ അതിനൊക്കെ അപ്പുറം അബുച്ചേട്ടൻ നമ്മളിലൂടെ ജീവിക്കുന്ന ഒരുപാട് ആദർശങ്ങൾ നമ്മിലേക്കുപകർന്നുതരുന്നു. ആ പ്രചോദനം യുവത്വത്തിന് എന്നുമുണ്ടാകുന്നു എന്നു വിചാരിക്കുന്നു.

**പ്രഭ പാല**

എനിക്ക് അഭയനുമായി അത്ര പരിചയമില്ല എനിക്ക് മധുമാഷിനെയാണ് കൂടുതൽ പരിചയം. നിങ്ങളൊക്കെ പറയുന്നതു കേൾക്കുവാനാണ് ഞാൻ വന്നത്. അതായത്, അഭയന്റെ കൂടെ പ്രവർത്തിച്ചവരും പുതിയ തലമുറയിൽ ഇന്നു ജീവിക്കുന്നവരുമായ കുറേ ചെറുപ്പക്കാർ അയാളെക്കുറിച്ച് സംസാരിക്കട്ടെ.

**ക്ലിന്റ് ആർ.**

അഭയന്റെ വേർപാടുസമയത്ത് എന്റെ മനസ്സിൽ കടന്നുവന്നത്. രവീന്ദ്രനാഥ് ടാഗോറിന്റെ 'ഗീതാഞ്ജലി'യിലെ ചില വരികൾ ഓർമ്മവരുന്നു.

"പൂർണ്ണമായീലെങ്കിലുമീജ്ജീവിതത്തിന്റെയാ
പ്പൂജയെല്ലാം വ്യർത്ഥമായില്ലെന്നറിവൂ ഞാൻ
–എന്നറിവൂ ഞാൻ.
പൂവിരിയും മുൻപുതന്നെ, പൂഴിയിൽ വീണാകിലും,
പുഴകൾ മരുവിൻപ്പുക്കൊഴുക്കുവറ്റി മാഞ്ഞാലും,
അവ മുഴുവൻ നഷ്ടമായീലെന്നിറിവൂ ഞാൻ
–എന്നറിവു ഞാൻ
ജീവിതത്തിൻപ്പിന്നിലിട്ടു പോന്നതൊന്നുമൊന്നുമേ,
ഹാ, വിഫലമായിപ്പോയിലെന്നറിവൂ ഞാൻ
–എന്നറിവൂ ഞാൻ
നിന്റെ വീണക്കമ്പികളിൽ മീട്ടുകയാണൊക്കെയു–
മെന്നനാഹതമാമനാഗതകാല സംഗീതം.
ഒന്നുമൊന്നും നഷ്ടമായീലെന്നറിവൂ ഞാൻ,
–എന്നറിവു ഞാൻ."

**അജേഷ് എസ്.എസ്.**

അഭയനെ കുറിച്ചറിയാമെങ്കിലും കൂടുതലറിഞ്ഞു തുടങ്ങിയപ്പോൾ അയാൾ എം.സി.സി.യിൽ പഠിക്കുവാൻ പോയിരിക്കുകയായിരുന്നു. കോട്ടയം റയിൽവേ സ്റ്റേഷനിൽ വച്ച് ആദ്യമായി നേരിട്ടു കണ്ടു. പിന്നീട് വായനശാലയിൽ വച്ചുകൂടുതലറിഞ്ഞു. കൊച്ചി ബിനാലെക്കുപോയപ്പോൾ ശ്രദ്ധിച്ച അഭയന്റെ പ്രത്യേകകാര്യമു

ണ്ട്. ഏതൊരു കാര്യത്തെക്കുറിച്ചും തന്റേതായ ഒരു അഭിപ്രായം അഭയനുണ്ടായിരുന്നു. കാഴ്ചപ്പാടുകൾ വ്യക്തമാക്കുകയും, അതുപോലെ എല്ലാ കാര്യങ്ങളിലും പ്ലസന്റായി ഇടപെടുകയും ചെയ്യുന്ന വ്യക്തി. വളരെ മുമ്പേ നടന്ന ആളാണ് അഭയൻ. അഭയൻ നമ്മുടെ മുൻപിൽ തുറന്നുവച്ച ചില വാതിലുകളുണ്ട്. അത് എന്താണെന്നു തിരിച്ചറിഞ്ഞുപ്രവർത്തിക്കുക. മധുമാഷിനും മീനടീച്ചർക്കും വായനശാലയ്ക്കും വേണ്ട എല്ലാ ശക്തിയും നൽകുക.

**രാഹുൽ**

എനിക്കെങ്ങനെ പറയണമെന്നറിയില്ല. എസ്.ഡി.യു.പി. സ്കൂളിൽ ഞാൻ അഭയന്റെ സീനിയറായിരുന്നു. അവൻ ഒന്നാം ക്ലാസ്സിലെത്തിയപ്പോൾ ഞാൻ മൂന്നാം ക്ലാസ്സിലാണു പഠിച്ചിരുന്നത്. പ്രശ്നകാരികളായ അഭയനെപോലുള്ളവരെ ഉച്ചസമയത്ത് പിടിച്ചിരുത്തുന്നത് ഞങ്ങളായിരുന്നു. എന്നാൽ വായനശാല തുടങ്ങിക്കഴിഞ്ഞപ്പോൾ, ഞങ്ങളെല്ലാം മുതിർന്നപ്പോൾ, പല സ്ഥലങ്ങളിലും എന്നെ പിടിച്ചിരുത്തിയത് അഭയനാണ്.
ഇങ്ങനെയല്ല, അങ്ങനെയാണ് എന്നു പറയുന്നവൻ. 'ചേട്ടാ' എന്ന് വിളിക്കുമ്പോഴും സ്നേഹത്തോടെ 'എടാ', 'പോടാ' എന്നൊക്കെ വിളിച്ചിരുന്നവൻ. അവൻ പറഞ്ഞ കാര്യങ്ങൾ തെറ്റുകൾ നിറഞ്ഞവയായിരുന്നില്ല. അവയെല്ലാം തന്നെ ശരികളായിരുന്നു. എന്തു ചിന്തിച്ചാലും അച്ഛനോടും അമ്മയോടും അധ്യാപകരോടും തുറന്നു പറയുന്നവനായിരുന്നു അഭയൻ. പ്ലസ്ടുവിനു പഠിക്കുമ്പോൾ അവന്റെ പറച്ചിലുകൾക്ക് തിരിച്ച് എതിർത്തുപറയുവാൻപോലും ആരുമുണ്ടായിരുന്നില്ല. ആർക്കും നല്ലതേ പറയാനുള്ളു. അഭയനു വേണ്ടി എന്തു ചെയ്യണം? അവനെ മനസ്സിലാക്കുന്നവർ ചേർന്ന് എന്തു ചെയ്യണം? നമ്മൾ ഉള്ള കാലത്തോളം അവനുണ്ടാകും. എല്ലാ കാര്യങ്ങളെയും മുന്നോട്ട് കൊണ്ടുപോകണം. ഞാൻ ഉണ്ടാകും. എനിക്ക് ഇത്രയുമാണ് പറയാനുള്ളത്.

**ആകാശ് പോൾ കോശി**

എനിക്ക് അഭയനെ അത്ര പരിചയമില്ല. രണ്ടു പ്രാവശ്യമാണ് കൂടുതൽ അടുത്തു പരിചയപ്പെട്ടത്. കൊച്ചി ബിനാലേക്ക് പോയപ്പോൾ, പിന്നെ 'സംസ്കാരം ജനങ്ങളാ'ലിന്റെ ഭാഗമായിട്ട്.

Political base ആയിട്ടുള്ള (രാഷ്ട്രീയമായ അടിത്തറയുള്ള) ഒരു മനുഷ്യൻ ഒരു കമ്മ്യൂണിസ്റ്റുകാരൻ മാത്രമല്ല, അതിനുമപ്പുറം എന്തോ ആണ്. അഭയന്റെ പോക്ക് സമൂഹത്തിനു വലിയ നഷ്ടമാണ് ഉണ്ടാക്കിയത്. നമ്മുടെ സമൂഹം ഇനിയും കരുത്താർജ്ജിക്കേണ്ടതുണ്ട്. വർത്തമാനയൗവ്വനത്തിന്റെ ചിന്താഗതി എന്താണ് എന്നറിയില്ല. അതിനൊരു കൃത്യമായ ദിശയില്ല. അങ്ങനത്തെ ഒരു ദിശാബോധം വേണമെന്നു തോന്നാറുണ്ട്. പൊൻകുന്നത്തെ ജനകീയവായനശാലയിൽ വരുമ്പോഴും അഭീഷുചേട്ടനോടു സംസാരിക്കുമ്പോഴുമൊക്കെ അതു കിട്ടാറുണ്ട്.
യുവതീയുവാക്കൾക്കിടയിൽ ആശയവിനിമയം കുറവാണ്. ശരിയായ രീതിയിൽ ആശയവിനിമയം നടന്നാൽ എല്ലാം ശരിയാകും. എല്ലാ യുവതീയുവാക്കളുടെയും പ്രശ്നങ്ങൾ ഒരേ രീതിയിലാകില്ല. പലർക്കും പല വിധത്തിലാണു പ്രശ്നങ്ങൾ. ചിലർക്കു സർഗ്ഗവാസനയുമായി ബന്ധപ്പെട്ടാകാം. മറ്റു ചിലർക്കു കുടുംബത്തിൽ നിന്നുള്ള പ്രശ്നങ്ങളാകാം. ചിലർക്കു കൃത്യമായ ഒരു വഴികാട്ടലാണ് വേണ്ടത്. അഭയനതുണ്ടായിരുന്നു. പൊൻകുന്നത്ത് അങ്ങനത്തെ ഒരു സമൂഹമുണ്ട് — മധുമാഷ്, ടീച്ചർ, പിന്നെ വായനശാല. അതുപോലെ എല്ലായിടത്തും വഴികാട്ടികൾ വേണം.

**ജോണി ജെ. പ്ലാത്തോട്ടം**

മരണശേഷം അഭയനെക്കുറിച്ച് 'മാതൃഭൂമി'യിൽ വന്ന കുറിപ്പു കണ്ടപ്പോൾ അത്ഭുതം തോന്നി. കുട്ടിയായ അഭയനെയാണ് ഞാൻ

കൂടുതലറിയുന്നത്. ഒരു ദിവസം ജോസാന്റണിയും ഞാനും കൂടി ചെല്ലുമ്പോൾ അഭയൻ മധുവിനോട്പറയുകയാണ്, "അച്ഛാ, ഞാനിന്നു മഹാഭാരതയുദ്ധം കളിച്ചു. കൊല്ലുന്നയാളും മരിക്കുന്നയാളും ഞാൻ തന്നെയായിരുന്നു." അബുവായിരുന്ന അഭയന് കലയും സാമൂഹികപ്രതിബദ്ധതയും ഉണ്ട്. അച്ഛന്റെയും അമ്മയുടെയും വഴികൾ മുന്നിലുണ്ട്. അഭയൻ അയാളുടെ വഴി തെളിച്ചു.

**അനസ്സ്**

സ്കൂൾനാടകവേദിയിലൂടെ അഭയനെ പരിചയമുണ്ട്. മധുമാഷിന്റെ വീട്ടിൽ വച്ചു പരിചയപ്പെട്ടിട്ടുണ്ട്. പക്ഷേ സംസാരിക്കുന്നത് ബിനാലേക്കുപോയ ദിവസമാണ്. അയാൾ വളർന്നുവന്ന സാഹചര്യം അയാളെ സ്വന്തമായ ആദർശത്തിലെത്തിച്ചിരിക്കാം. ഏതു രംഗത്തും ആദർശം മുന്നോട്ടു വയ്ക്കുന്നവരെ നാം സഹായിക്കണം. അത് ഒരു ചർച്ചയിലൂടെ ഉരുത്തിരിയേണ്ടതാണ്. ഞാൻ അഭയനെപ്പോലെ കൃത്യമായ ചിന്താഗതിയുള്ള ആളല്ല. ഞാൻ ചഞ്ചലനാണ്. അഭയൻ നേർക്കുനേർ ഇടപെടുന്നയാളാണ്. അയാൾ അയാൾക്കു മനസ്സിലാകുന്ന തലത്തിൽ ഉറച്ചുനിന്നിരുന്നു. ഞാൻ പലപ്പോഴും രണ്ടു വശങ്ങളേയും നോക്കിനിൽക്കുന്ന ഒരാളാണ്. അഭയനെപ്പോലെ എല്ലാവരും മുന്നോട്ടുവരണം. അങ്ങനെ ധീരരായവരെ, ധീരമായ ആശയങ്ങൾ കൊണ്ടുവരുന്നവരെ, നമുക്ക് സഹായിക്കണം. അതിനുള്ള ശ്രമങ്ങളുണ്ടാകണം.

**രവി, പാല**

എന്റെ കൊച്ചുമകനാകുവാൻ മാത്രം പ്രായമുള്ള ഒരു കുട്ടിയെപ്പറ്റി, 22 വയസ്സു മാത്രം പ്രായമുണ്ടായിരുന്ന അഭയനെപ്പറ്റി, എനിക്ക് ഒന്നും അറിയില്ല. ഭാരതത്തിൽ പത്തൊമ്പതും ഇരുപത്തിമൂന്നും വയസ്സുകൾക്കിടയിൽ ജീവിതം അവസാനിപ്പിച്ചുപോയ ഒരുപിടി ചെറുപ്പക്കാരുണ്ടായിരുന്നു. അവരിലേക്ക് ഒരാൾ കൂടി. ജീവിതത്തിന്റെ നീളം കൂടുന്നതോടുകൂടി, ഒരുപക്ഷേ, ഇതുപോലുള്ള മഹാന്മാരുടെ ആയുസ്സ് കുറച്ചതായിരിക്കാം. 19-ാമത്തെ വയസ്സിലാണ് പ്രശസ്തനായ ജ്ഞാനേശ്വരൻ മരിക്കുന്നത്. സ്വാതന്ത്ര്യസമരത്തിൽ മരിച്ചുപോയ ചെറുപ്പക്കാർ. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയത് ചോരപ്പുഴ ഒഴുകാതെയാണെന്നു യുവതലമുറയെ പറ്റിച്ചു പഠിപ്പിച്ചുവച്ചിരിക്കുകയാണ്. വാസ്തവമതല്ല. എത്രയോ പേർ, ഇരുപത്തിരണ്ടിനും ഇരുപത്തിമൂന്നിനും ഇടയിലുള്ളവർ, സ്വന്തം ജീവിതം സ്വാതന്ത്ര്യത്തിനായി നൽകി. നമുക്കു നഷ്ടപ്പെടുന്നതും ഇത്തരം മാതൃകകളാണ്, ബിംബങ്ങളാണ്. ആലപ്പുഴയിലെ പങ്കജാക്ഷക്കുറുപ്പ് പറയുന്ന ഒരു കാര്യമുണ്ട്.

"നിന്റെ വീട്, നിന്റെ ചുറ്റുമുള്ള വീട്, വീടിന്റെ ചുറ്റുമുള്ള അഞ്ചു വീട്, ആ അഞ്ചു വീടിനു ചുറ്റുമുള്ള അൻപതു വീടും, അല്ലെങ്കിൽ അറുപതു വീടും. ആ അറുപതു വീടിന്റെ വീട്ടുപേരെങ്കിലും അറിഞ്ഞില്ലെങ്കിൽ പിന്നെ നീ എന്തിനു ജീവിച്ചിരിക്കുന്നു? ആ വീട്ടിലുള്ളവരുടെ പേര് നിനക്കറിയില്ലെങ്കിൽ നീയെന്തൊരു അയൽക്കാരനാണ്?" ഇതെല്ലാം അഭയൻ ചെയ്തിരുന്നു. ആ അമ്മയും അച്ഛനും നിങ്ങളിൽ കൂടി അഭയനെ കണ്ടുകൊണ്ടിരിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഞാൻ നിർത്തുന്നു.

**ജിനു സി.**

കഴിഞ്ഞ നാലു വർഷമായി അഭയനെയറിയാം. പക്ഷേ ഞങ്ങൾ തമ്മിൽ ആഴത്തിലുള്ള ബന്ധം അന്നുണ്ടായിരുന്നില്ല. ഈയടുത്താണ് കൂടുതൽ അടുത്തറിഞ്ഞത്. ജനകീയവായനശാലയുടെ വളർച്ചയിൽ അഭയൻ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. 'ഉണ്ണിയരങ്ങ്'എന്ന കുട്ടികളുടെ നാടകവേദി ഉണ്ടാക്കിയെടുക്കുന്നതിലൂടെ അയാൾ കലാകാരന്മാർക്കും മാതൃകയാണ്. തുറന്ന മനസ്സുള്ള, നിരീക്ഷണപാടവമുള്ള, ശരിക്കുവേണ്ടി നിലനിൽക്കുന്ന ഒരാൾ സംഘമായ പ്രവർത്തനത്തിൽ ഇടപെടുമ്പോൾ ഇന്നത്തെ യുവത്വ

ത്തിനുണ്ടാകുന്ന ചില ചോദ്യങ്ങളുണ്ട്. എന്തായിരിക്കണം പ്രവർത്തനം? സമൂഹം പരിഹസിക്കുമോ? കയ്യിൽ നിന്നു കൊടുക്കേണ്ടിവരുമോ? വളരെ സുഖമായ സ്ഥാനത്തു നിൽക്കുവാനാകുമോ? ചോദ്യങ്ങൾ നീളുന്നു. പക്ഷേ അഭയൻ അങ്ങനെയല്ലായിരുന്നു.

ആശയങ്ങളെ സ്വന്തം മനസ്സിലെ തുറന്നിട്ട ജനാലകളിലൂടെ സ്വീകരിക്കുമായിരുന്നു. അതിനെ വളർത്തുവാനായി കൂട്ടുകാരെ ഒരുമിപ്പിച്ചു നിർത്തുമായിരുന്നു. നാടകമെന്ന സാമൂഹികകലയിലേക്ക് അഭയൻ ആളുകളെ ചേർക്കുന്നത് അതിനുദാഹരണമാണ്. വിശക്കുന്ന വയറിനെ അഭയൻ തിരിച്ചറിയുമായിരുന്നു. ആ ഒരു മനസ്സാണ് ഇന്നത്തെ തലമുറയ്ക്ക് ഉണ്ടാകേണ്ടത് — പ്രതികരണശേഷിയുള്ള ഒരു മനസ്സ്.

**ജോസാന്റണി**

അഭയൻ അമ്പുവായിരിക്കുമ്പോഴേ അറിയാമായിരുന്നു. അഭയൻ നിങ്ങളുടെ തലമുറയ്ക്കു മുമ്പിലത്തെ തലമുറയാണ്. തലമുറകൾ തമ്മിൽ ഭേദമില്ലാത്ത ഒരാളാണ് മധു. അഭയനെ സ്വന്തം സഹോദരനെപോലെയാണ് മധു കണ്ടിരുന്നത്. അത് അഭയന്റെ വളർച്ചയ്ക്ക് ഒരു പ്രധാനഘടകമാണ്. അതുപോലെ അഭയന്റെ ഈ വളർച്ച നിങ്ങൾ ഓരോരുത്തർക്കും എത്രമാത്രം സ്വാംശീകരിക്കുവാനാകുന്നുണ്ട്? വർത്തമാനകാലഘട്ടത്തിൽ ഈ അഭയൻ നിങ്ങൾക്കാരാണ്? ഈ ചോദ്യങ്ങളുടെ ഉത്തരം എന്താണ്? എല്ലാ ഭേദങ്ങൾക്കും അതീതമായി ആ നാട്ടിലുള്ള എല്ലാവരേയും അറിയുകയും എല്ലാവർക്കും വേണ്ടി ജീവിക്കുകയും ചെയ്ത ഒരാൾ. ആ കാഴ്ചപാട് പിൻതുടരുവാനാകുമോ എന്നുള്ളത് നമുക്കുള്ള ചോദ്യവും, അതുതന്നെയാണു നമുക്കു ചെയ്യുവാനുള്ള മറുപടിയും. അഭയന്റെ ജീവിതത്തിൽ ഇങ്ങനെ ഒരു ദർശനമുണ്ടായിരുന്നു. എനിക്ക് ഗുരുതുല്യനായ മധുവിന്റെ മാതൃകയാണ്. അത് നമുക്കു പകർത്തുവാനുള്ളതാണ്. നിങ്ങളൊക്കെ അവരുടെ മക്കളായി മാറട്ടെ എന്നാണ് എനിക്കു പറയുവാനുള്ളത്.

**രവി പുലിയന്നൂർ**

കവിവാക്യം പോലെ അഭയനും ശരിയായാണ് കടന്നുപോകുന്നത്. ദൗർഭാഗ്യവശാൽ അഭയനുമായി അടുത്തിടപെടുവാൻ എനിക്കവസരം ലഭിച്ചിട്ടില്ല. തിയറ്റർ ഹട്ടിലെ യുവസുഹൃത്തുക്കൾ അഭയന്റെ ഓർമ്മകൾ നിലനിർത്തട്ടെ. അത് കൂടുതൽ പ്രവർത്തനങ്ങൾ സൃഷ്ടിക്കട്ടെ.


**എസ്സ്.എസ്സ്. ലക്ഷ്മി**

വളരെ ചെറുപ്പത്തിൽ തന്നെ മരണത്തിലേക്ക് ഒരു ഫീനിക്സ് പക്ഷിയേപ്പോലെ ചിറകടിച്ചു പറന്നുപോയ കുട്ടിയാണ് അഭയൻ. തിയറ്റർ ഹട്ടുമായി ബന്ധപ്പെട്ടാണ് അഭയനെ പരിചയപ്പെട്ടത്. അതിനുമുൻപേ തന്നെ ആ കുടുംബത്തെ അടുത്തറിയാമായിരുന്നു. അഭയൻ നിങ്ങളുടെ മുന്നിൽ കുറേ വാതായാനങ്ങൾ തുറന്നിട്ടിട്ടുണ്ട്. ആ വാതായനങ്ങളുടെ എണ്ണം കൂട്ടി കൂടുതൽ കൂടുതൽ വലുതാക്കി, അഭയൻ നിങ്ങളിലേക്കു പകർന്നു തന്ന ഊർജ്ജം നിങ്ങൾ മുന്നോട്ടു കൊണ്ടു പോവുക. അതുകൂടുതൽ പ്രസരിപ്പിക്കുക. അതാണു നമുക്കു ചെയ്യുവാൻ പറ്റുന്ന കാര്യം. മാത്രമല്ല, അഭയന്റെ മാതാപിതാക്കൾക്കും അനുജത്തിക്കും നമ്മളാൽ കഴിയുന്ന എല്ലാ സ്നേഹവും ഊർജ്ജവും നൽകുക. അഭയൻ ഒരു ജന്മം മുഴുവൻ ചെയ്യേണ്ട കാര്യങ്ങൾ ഇരുപത്തിരണ്ടു വയസ്സിൽ ചെയ്ത് നമുക്കു വഴി തുറന്നുതന്നിട്ടുണ്ട്. അതിലൂടെ, പ്രതിസന്ധികളെ മാറ്റിക്കൊണ്ട് മുന്നോട്ടുമുന്നോട്ടു തന്നെ യാത്രയാവുക. അതാണ് നമുക്കു ചെയ്യുവാൻ പറ്റുന്ന ഏറ്റവും വലിയ പ്രണാമം.

**അഭീഷ് ശശിധരൻ**

പ്രായത്തിനപ്പുറം പലകാര്യങ്ങൾ ചെയ്ത അഭയന്റെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കേണ്ടതാണ്. അതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതൊരു ചോദ്യമാണ്. അഭയൻ ആരാണ്? വർത്തമാനയൗവനം എന്താണ്? പലപ്പോഴും ലോകത്തിൽ പല മൂവ്മെന്റുകളും ഒന്നോ രണ്ടോ പേരിലാണു തുടങ്ങുന്നത്. ഇതു ചരിത്രത്തിൽ നമുക്കു കാണുവാൻ കഴിയുന്നതാണ്. പലപ്പോഴും ഉപരിപ്ലവമായ പ്രവർത്തനങ്ങൾ മാത്രമേ നാം കാണുകയുള്ളൂ. അടിത്തറയിൽ നിന്നുതുടങ്ങുന്ന പ്രവർത്തനം വളരെ ശ്രമകരവുമാണ്. ഓരോ വ്യക്തിയും എന്തു ചെയ്യണം എന്ന ചോദ്യം എല്ലാവർക്കും മുന്നിലുണ്ട്. അഭയൻ ചരിത്രവും സാമൂഹികശാസ്ത്രവും ദർശനങ്ങളും പഠിക്കുമ്പോഴും അഭയനാകാനാണു ശ്രമിച്ചത്. മാതാപിതാക്കളുടെ ഊർജ്ജം കിട്ടിയപ്പോഴും അഭയൻ അഭയനാകാനാണ് ശ്രമിച്ചത്. ആ ഒരു ദർശനം ആ കുടുംബത്തിന്റെ ദർശനമാണ്. അഭയന് വ്യക്തമായ കാഴ്ചപ്പാടുകളുണ്ടായിരുന്നു; സ്നേഹങ്ങളുമുണ്ടായിരുന്നു. അയാളെ മനസ്സിലാക്കിയ സുഹൃത്തുക്കൾ വിരളമാണ്. സ്വയം തിരുത്തുന്ന സംഘാടകൻ — നമുക്ക് അയാൾ ഒരു മാതൃക തന്നെയാണ്. 'ഞാൻ ആരാകണം' എന്ന ചോദ്യം നാം പലപ്പോഴും മറക്കുന്നു. ജോലി തന്നെ വ്യക്തിത്വമാകുന്ന കാലത്താണ് നാം. കൂടുതൽ ആഴങ്ങളിലേക്ക്, കൂടുതൽ ആളുകളിലേക്ക് അയാൾ സഞ്ചരിച്ചു. വേർപെട്ട പലതിനെയും ബന്ധിപ്പിച്ചു. 'എനിക്ക് തിരിച്ചുവന്ന് എന്തു ചെയ്യാം?' എന്നു ചിന്തിച്ച അഭയൻ. മതസരാധിഷ്ഠിതമായ ചിന്തകൾക്കപ്പുറം, വ്യക്തിപരതയ്ക്കപ്പുറം, സമഷ്ടിയിൽ ഞാൻ ആരാണെന്നുള്ള ചിന്ത ഉണ്ടാകേണ്ടിയിരിക്കുന്നു. അത് അന്വേഷണമോ ആത്മാന്വേഷണമോ ആകാം. എല്ലാ സംഘങ്ങളേയും, തോടുകൾ അതിർത്തികൾ പങ്കിടുന്ന ഗ്രാമങ്ങളെയും, വേലികളുള്ള വീടുകളെയും മറികടക്കുന്ന ഒരു ലോകം അഭയൻ സ്വപ്നം കണ്ടിരുന്നു. എന്നും മനസ്സിൽ പ്രണയം കാത്തു സൂക്ഷിച്ചവൻ. തന്റെ സൗഹൃദങ്ങളേയും പ്രണയങ്ങളേയും പറ്റി അമ്മയോടും അനുജത്തിയോടും പങ്കുവെച്ചവൻ. ചേരിയിലെ ഗുഡകളോടും നാഗാലാന്റുകാരോടും ചെറിയ കുട്ടികളോടും കൺമുൻപിലെ എല്ലാ ജീവജാലങ്ങളോടും കുശലം പറയുന്നവൻ. എനിക്കെല്ലാം എന്റെ അച്ഛനാണെന്നു പറയുന്നവൻ. ഒരു കുടുംബം വ്യക്തിയേയും വ്യക്തി കുടുംബത്തേയും മനസ്സിലാക്കുന്ന അന്തരീക്ഷം. സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷം. വാക്കുകൾ അപൂർണ്ണമാണ്. പിന്നെ എപ്പോഴെങ്കിലും പൂർണ്ണമാകുമെന്നു പ്രതീക്ഷിക്കാം.

അഭയൻ വർത്തമാനയൗവ്വനത്തിൽ നമുക്കു തരുന്ന കുറേ ചിന്തകളുണ്ട്, ചോദ്യങ്ങളുണ്ട്. തലമുറകൾ രണ്ടല്ല എന്നറിഞ്ഞ് ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. നമുക്ക് നല്ല ഇരുമ്പുതരികളാകാം. തുരുമ്പിക്കുന്നതിനു മുൻപേ നന്നായി ചലിച്ചുകൊണ്ട്, പ്രസരണം ചെയ്തുകൊണ്ട്, തിരിച്ചറിവിന്റെ കാന്തികസ്വഭാവത്തിൽ ഒന്നാകാം. ■



# അഭയന്റെ ചിന്തകൾ

# മദ്രാസ് ക്രിസ്ത്യൻ കോളേജിനെപ്പറ്റി, സെലയൂർ ഹാളിനെപ്പറ്റി

നിറഞ്ഞ കണ്ണുകൾ കാഴ്ചയെ മറയ്ക്കുന്നു. സ്വപ്നവും ജീവനും ആത്മാവുമെല്ലാമായിരുന്ന ഒരിടം വിട്ട് അകലേക്കു പോകുന്നത് ഓർമ്മിപ്പിക്കാനെന്നവണ്ണം ഉറക്കെ ശബ്ദിക്കുന്ന ഹൃദയം. കണ്ണുനീർ കാഴ്ചയെ മറച്ചപോലെ കേൾവിയെയും മറച്ചു തുടങ്ങി. ഇപ്പോൾ ഈ നിമിഷത്തിൽ മാത്രമല്ല, കൊഴിഞ്ഞുവീണ ഒരുപാടു നിമിഷങ്ങളിൽ വ്യത്യസ്തമായ ജീവിതക്രമം കാഴ്ചയെയും കേൾവിയെയും ബോധമണ്ഡലത്തെ ആകെയും മറച്ചിരുന്നു.

സുഖകരമായ ശീതനിദ്രയെന്നും മടിപിടിച്ച ജീവിതമെന്നും പുറംലോകത്തിനു പരിഹസിക്കാവുന്ന ഈ ജീവിതത്തെക്കുറിച്ചറിയാൻ ഒരിക്കൽ- ഒരിക്കലെങ്കിലും- ഈ മരത്തണലിലൂടെ നടന്നവർക്കേ കഴിയൂ. സൗഹൃദത്തിനും ആനന്ദത്തിനും ഉത്തരവാദിത്വം നിറഞ്ഞ സ്വാതന്ത്ര്യത്തിനും അതിരുകളില്ലാത്ത സംഗീതത്തിനും ഉന്മാദം നിറഞ്ഞ രാപകലുകൾക്കും മാത്രമേ ജനാധിപത്യത്തിന്റെ യഥാർത്ഥമൂല്യം നിലനിർത്തുന്ന ഇത്തരമൊരിടത്തേക്കുറിച്ച് സ്വപ്നം കാണാനാവൂ.

കാറ്റ് കത്തിരിപ്പകലിന്റെ തീക്ഷ്ണതയെപ്പറ്റി പറയാതെ പറഞ്ഞു. മഹാനഗരത്തിന്റെ തിരക്കുകളും ചൂടും എല്ലാം അന്യമായിരുന്ന ഒരു കാലം ഇന്നു മുതൽ ഓർമ്മകളിൽ മാത്രം ഒതുങ്ങും.

പാഞ്ഞുപോകുന്ന വാഹനങ്ങളുടെ ഇരമ്പലിനെ മുറിച്ചുകടന്ന് ഒരിക്കൽകൂടി തിരിഞ്ഞുനോക്കി. കർമ്മബന്ധങ്ങളുടെ മനംനിറയ്ക്കുന്ന ഓർമ്മകൾ ഓരോന്നായി മുന്നിൽ തെളിയുന്നു. കണ്ണുകളിറുക്കി അടച്ചു. ഈ ഓർമ്മകൾക്ക് ഒരുപാട് വേദനിപ്പിക്കാനാവും. വിട പറയുകയാണ് — സൗഹൃദങ്ങളോട്, പ്രണയത്തോട്, പകയോട്, എല്ലാത്തിനുമുപരി ഭാഷയും വർണവും ലിംഗഭേദങ്ങളും ജീവിതസാഹചര്യങ്ങളും ചിന്തയ്ക്കും സർഗ്ഗാത്മകതയ്ക്കും അതിരുകൾ തീർക്കാത്ത വാഗ്ദത്തഭൂമി പുസ്തകങ്ങളിൽ മാത്രമല്ല ഉള്ളതെന്ന് തലമുറകൾക്കു കാട്ടിക്കൊടുത്ത ഒരിടത്തോട്.

എപ്പോൾ, എന്തിന്, എങ്ങനെ എന്ന് ഉറപ്പിച്ചു പറയാനാവില്ലെങ്കിലും മടങ്ങിവരവുണ്ടാകും — ഓർമ്മകളിലെ ഈ ഒരിടം തേടി.... ■

# മദ്രാസ് സർവ്വകലാശാലാജീവിതത്തെപ്പറ്റി

വായിച്ചുമറന്ന വിശേഷണങ്ങളെ തിരഞ്ഞ് മനസ്സ് അലഞ്ഞു നടക്കുന്നു. കണ്ടുമറന്ന കഥാപാത്രങ്ങളുടെ ജീവിതഗതിയുമായി എത്തിച്ചേർന്ന അവസ്ഥയെ താരതമ്യം ചെയ്തു നോക്കുന്നത് ഒരു പതിവായതിനാൽ പുച്ഛം കലർന്ന ചിരി പുറത്തുവരുന്നു. നാഗരികതയുടെ മനം മടുപ്പിക്കുന്ന പുറംമോടികൾക്കപ്പുറം എന്തു കിട്ടാൻ! സ്വയം മനസ്സിനെ തൃപ്തിപ്പെടുത്തി. ഒരു കുത്തക, ഒരു കൂട്ടം സാമ്രാജ്യത്വസങ്കല്പക്കാരുടെ വാസസ്ഥലം, അതിനുമപ്പുറം ഒന്നുമല്ല.

നാടും പരിചയക്കാരും പുറംതള്ളിയിരിക്കുന്നു. എത്തിച്ചേർന്ന ഇടം എത്ര മോശമെങ്കിലും അതിൽ തൃപ്തിപ്പെടാതെ തരമില്ല. ആശങ്കകൾ മാത്രമാണ് ഉള്ളിൽ. ആശങ്കകൾ ഭൂതകാലത്തിന്റെ സൃഷ്ടിയാണെന്ന് മനസ്സിനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുതോറ്റതാണ്. എത്രയായാലും ഭൂതകാലം തന്നെ പ്രിയങ്കരം. ■

# ?

നീലാകാശവും നിലാവും നക്ഷത്രങ്ങളും എനിക്കന്യമായിരുന്നു.
മഞ്ഞും മഴയും മഴവില്ലും ഞാൻ മറന്നിരുന്നു.
കുളിരറിയാതെ, ചൂടറിയാതെ, ചിരിക്കാതെ
അണിഞ്ഞ വേഷം ആടിത്തീർത്തു.
ജീവിതം കണക്കുപുസ്തകങ്ങളിൽ കോമാളിയായി.
മുഖംമൂടികൾ മനസ്സു മറച്ചപ്പോൾ സത്യങ്ങൾ പാഴ്‌വാക്കുകളായി.
സത്യങ്ങൾ കത്തുന്ന ഉള്ളറിവായത്
കണ്ണീരിലുപ്പും ചിരിയിൽ മധുരവും കലർന്നത്
വാക്കുകൾ എരിയുന്ന സൂര്യനായത്
മഞ്ഞിനു കുളിരും വെയിലിനു ചൂടുമെന്നറിഞ്ഞത്
നിന്നിലൂടെ............ പിന്നെ അതിലലിഞ്ഞ എന്നിലൂടെയാണ്.
എന്നിൽ നിന്നും നിന്നിലേക്കുള്ള ദൂരം
എന്റെ നേരിന്റെ ദൂരമാണ്......
വിജയങ്ങൾ പൂർണ്ണതയിലെത്തുന്നത്
യാത്രകൾ ലക്ഷ്യങ്ങൾ കാണുന്നത്
നിന്നിലൂടെ ഞാനറിഞ്ഞ സൗഹൃദത്താലാണ്.
സൗഹൃദത്തിനു വേർപാട് എന്ന
മറുവാക്ക് പറഞ്ഞുതന്നു.
എന്നിലെ അവശേഷിക്കുന്ന നന്മയെ
ഞാൻ നിന്റെ പേരിട്ടു വിളിക്കും.
കാരണം അത് എന്നിലെ സത്യമാണ്. ■

*03.04.2012*

# സഖീ, നേരറിയൂ

പറയാത്ത വാക്കിന്റെ നോവും
അറിയാത്ത നേരിന്റെ നോക്കും
അറിയും ഹൃദയം സഖീ, നീ തന്നതല്ലേ?
പറയൂ ദേവീ, കനിവോടെ നീ തന്നതല്ലേ?
(പറയാത്ത)

തെളിനീരുറങ്ങാത്ത മോഹം
അറിയാതെ നീ തന്നതല്ലേ?
പുണരൂ ദേവീ, അധരങ്ങൾ കൊണ്ടുമെല്ലെ
പുൽകൂ നീയെന്റെ ഹൃദയാന്തരംഗങ്ങളെ.
(പറയാത്ത) ■

*2008*

# നിലാവേ, നിനക്കായ്

ഹൃദയസരസ്സിലെ ഹംസമാണു നീ
എൻ താളമാണു നീ, രാഗമാണു നീ
മോഹച്ചെപ്പിനുള്ളിലെ പവിഴമാണു നീ
(ഹൃദയസരസ്സിലേ)

നിറനിലാവിലെ പുണ്യമാണു നീ
കേഴുമെന്റെ ചുണ്ടിലെ പ്രണയമാണു നീ
തിരികെ കിട്ടിടാത്ത സ്നേഹമന്ത്രമാണു നീ
(ഹൃദയസരസ്സിലേ)

മന്ത്രവീണ ചേർത്തിടാത്ത ലയതാളം നീ
ഇന്ദ്രധനുസ്സു നൽകിടാത്ത വർഷബാഷ്പം നീ
എന്റെ നെഞ്ചിലെന്നുമുള്ള സ്വപ്നമാണു നീ
(ഹൃദയസരസ്സിലേ) ■

# സഖീ, നിനക്കായ്

എന്റെ കിനാവിലെ രാജകുമാരീ
ഹൃദയത്തിൻ സ്വരമൊന്നറിയൂ,
കേഴുകയാണു നിനക്കായ് ഞാൻ
പ്രേമത്തിൻ സ്വരമൊന്നറിയൂ. (2)

(എന്റെ കിനാവിലെ)

എന്റെ മനസ്സിലെ ഓമൽപ്പൂവേ
നിൻ സ്വരമൊന്നു പകർന്നിടുമോ?
ഉരുകുകയാണു സഖീ, എൻ ഹൃദയം
എന്നധരത്തെ പുൽകൂ നീ. (2)

(എന്റെ കിനാവിലെ)

കരളിലെ വീണാതന്ത്രികൾ നിന്നെ
തേടുന്നൂ സഖീ, യൊന്നറിയൂ.
നിൻ ചിരി എന്നിലെ ലയമായ്, സ്വരമായ്
പടരുന്നതു നീയറിയുന്നോ?

(എന്റെ കിനാവിലെ) ■

# ദേവീ, നീയന്റെ മാത്രം

എന്നീണമായതും നീ ദേവീ,
താളമായതും നീ,
വർണ്ണമായതും നീ ദേവീ,
സ്വപ്നമായതും നീ. (2)

ഒരുപാടു സ്വപ്നങ്ങൾ നീ തന്നു,
നിറതിങ്കൾ ചാലിച്ച സ്വപ്നങ്ങൾ.
ഹൃദയത്തിനുള്ളിലെ നോവായി,
നീ എന്റെയുള്ളിലെ മുത്തായി. (എന്നീണമായതും)

നിലാവിന്റെ തേരിൽ
വിരുന്നിനായ് വന്നു നീ,
മനസ്സിന്റെ ജാലകത്തിൽ
പതുക്കെ മുട്ടി.
ഹൃദയത്തിൻ വർണ്ണത്താഴ്വരയിൽ
നിനക്കൊരു മാളിക തീർത്തു.
അധരത്തിൽ മെല്ലെ ചുംബിച്ചു
ഞാൻ നിന്നെ എന്നിൽ ചേർത്തു. (എന്നീണമായതും) ■

# എന്റെ നിലാവിന്

വിട ചൊല്ലും കാറ്റിനോടല്ല
വിരിയുന്ന പൂവിനോടല്ല
മധുവുണ്ണും ശലഭത്തോടല്ല
മഴവില്ലിൻ വർണ്ണത്തോടല്ല
(വിട ചൊല്ലും)

കവിളത്തു നുണക്കുഴി
തത്തിക്കളിക്കുമെൻ
കരളിന്റെ റാണിയോടായ്
ഒരു മൊഴി മാത്രം കുറിച്ചിടുന്നു
ദേവീ, അറിയാതെ നീയെന്റെ സ്വന്തമായി
ദേവീ, അറിയാതെ നീയെന്റെ ജീവനായി.
(വിട ചൊല്ലും)■

# തിളങ്ങുന്ന കണ്ണുകളിൽ

തിളങ്ങുന്ന കണ്ണുകളിൽ ഒളിപ്പിച്ച സ്നേഹം
വാക്കുകളിൽ ഒതുങ്ങാത്തപ്പോൾ
അവൾ ചിരിക്കും.
നക്ഷത്രങ്ങൾ തോൽക്കുന്ന മട്ടിൽ
മാലാഖമാർ നാണിക്കും വിധത്തിൽ
മഞ്ഞിനേക്കാൾ സൗമ്യമായ്
ജലത്തേക്കാൾ ശുദ്ധമായ്
ശാന്തമായ്, പക്വമായ്
നിറയുന്ന വിശുദ്ധിയായ്
അവൾ എന്റെ ഉള്ളിലെ
മാറാലകൾ തട്ടി നീക്കും,
പാടകൾ തുടച്ചുമാറ്റും,
അവളെന്നെ ഞാനാക്കി മാറ്റും.
അവളെന്റെ ശബ്ദമായ് മാറും,
എന്റെ താളമായ് മാറും.
എന്റെ കവിതയായ് മാറി
അവൾ വീണ്ടും ചിരിക്കും,
പതുക്കെ സൗമ്യമായ്
പിന്നെ മുറുക്കെ ശാന്തമായ്. ■

*15.02.2009*

# മറന്നിടല്ലേ....

മറന്നിടല്ലേ നമ്മൾ സ്വപ്നങ്ങൾ പങ്കിട്ട
വസന്തത്തിൻ കൗമാരകാലം,
അറിഞ്ഞിടുന്നൂ ദൂരെ ദൂരെ നിന്നും
കൈവിട്ടൊരാ സ്വപ്നകാലം,
പ്രണയത്തിൻ മധുരവും വിരഹത്തിൻ നോവും
പ്രിയമുള്ള സൗഹൃദത്തിൻ
വാടാത്ത പൂക്കളും. (മറന്നിടല്ലേ)

ഇടനെഞ്ചിനുള്ളിൽ ഉയിരായി വിടർന്ന
പ്രണയാർദ്രഗീതങ്ങൾ പാടുന്നിതാ,
കുളിർതെന്നലായ്
തഴുകുന്നൊരാ പ്രണയത്തിൻ
ഓർമ്മകൾ തേടുന്നിതാ.
ഒറ്റയ്ക്കു നിന്നു നാം തേടിയ സാന്ത്വനം,
ഒന്നായി മാറി നാം പങ്കിട്ട സ്വപ്നങ്ങൾ,
ഉയരങ്ങൾ തേടി ദൂരേക്കകലുന്ന നേരത്തും
ഉള്ളിന്റെയുള്ളിൽ കാത്തൊരാ സൗഹൃദം. (മറന്നിടല്ലേ)

കണ്ണീരണിഞ്ഞ വിരഹാർദ്രമേഘങ്ങൾ
ഒരുമിച്ചു പെയ്യുന്നിതാ,
പിരിയാൻ മടിക്കുമധരങ്ങൾ
വിതുമ്പുമതിമൂക കാവ്യങ്ങൾ
ചേർക്കുന്നിതാ. ■

*12.10.2009*

# ഒരേ ഒരാൾ

കറുപ്പ് ദു:ഖത്തിന്റെ പ്രതീകമെന്നു പറയുന്നു.
പക്ഷേ നിന്റെ കൃഷ്ണമണികൾ
എന്നെ ചിരിപ്പിക്കുന്നു.
നിന്റെ മുടിയുടെ നിറം മനസ്സിൽ
സ്നേഹം നിറയ്ക്കുന്നു.
നിന്റെ ചുണ്ടിന്റെ നിറം
പതാകയുടെ തീക്ഷ്ണത ഓർമ്മിപ്പിക്കുന്നു.
രക്തപതാക എന്റെ ശ്വാസമാണ്
നിന്റെ സൗഹൃദവും...

ഏകാന്തതയുടെ കടുത്ത നിശ്ശബ്ദതയെ
നിന്റെ പാദസരങ്ങൾ കീഴടക്കുന്നു.
അവ എന്നിലെ സംഗീതം
തീക്ഷ്ണമാക്കുന്നു.
നിന്റെ വാക്കുകളിലെ ചങ്ങാത്തം
ഉയരാനുള്ള താങ്ങാവുന്നു.
അവ അങ്ങനെതന്നെ
നൂറ്റാണ്ടു ലസിക്കട്ടെ.
നഖങ്ങളിൽ നീ പുരട്ടുന്ന ചായം പോലെ
നീ എന്റെ ഹൃദയത്തിന്റെ ഭിത്തിയിൽ
സൗഹൃദം എന്ന്
തവിട്ടുനിറത്തിൽ പുരട്ടിയിരിക്കുന്നു.
സ്നേഹിത എന്ന വാക്കിന്
നിന്റെ പേര് പര്യായമാകുന്നു.
റോസാപ്പൂവും രാഖിയും നീട്ടുമ്പോൾ
രാഖി എന്റെ കയ്യിലാദ്യമായും
അവസാനമായും കെട്ടിയയാളെ
ഓർക്കുന്നു.

“ഒരേ ഒരാൾ എന്ന ചിന്ത തെറ്റെങ്കിലും,
സബ്സ്റ്റിറ്റ്യൂട്ടില്ലാത്ത ഗെയിമാണ് എന്റെ കുട്ടി കളിക്കുന്നത്.” ■

*02.11.2008*

# പോയ്‌വരൂ...

ഉയിരിന്റെ ഉള്ളിലെ ഉറവകൾ പൊട്ടുന്ന-
തറിയുന്നു, മുറിവുകൾ നിറയുന്നുവുള്ളിൽ.
കനിവായ് നിറഞ്ഞ നീ കനവായി മറയുന്ന
നാളിനി ദൂരെയല്ലറിയുന്നു ഞാൻ.
ഇതു പ്രേമഗീതമ, ല്ലെങ്കിലുമുള്ളിലെ,
വിരഹാർദ്രഗീതമാണറിയൂ സഖീ.
വ്യാഴവട്ടത്തിന്റെ കാത്തിരിപ്പാണു നീ,
വേനലിൽ പെയ്യുന്ന മാരി കണക്കെ നീ,
വേഴാമ്പൽ കാക്കുന്ന വർഷസംഗീത-
മെന്നോമലേ നീയെന്റെ പ്രാണന്റെ ഭാഗമായ്.
ഇവിടെക്കുറിക്കുന്ന വാക്കുകൾ കേവലം
നിന്നെത്തലോടുന്ന യാത്രാമൊഴിയല്ല.
എങ്കിലുമോമനേ, ചൊല്ലുന്നു നന്മകൾ
പാടാൻ കഴിയാത്ത നാവിനാൽ മെല്ലനേ.
ഇതു നമ്മൾ എന്നേക്കുമായി പിരിയുന്ന നിമിഷമല്ലെങ്കിലും
ക്ഷണികമാം വേദന നമ്മെയും കാത്തിതാ നിൽക്കുന്നു.
പോയ്‌വരൂ, ശുഭ്രവർണ്ണത്തിന്റെ
കീഴിൽ നീ ഉയരുന്ന നാളെന്റെ
പ്രാണന്റെ സ്വപ്നമാണറിയുന്നു
പോയ്‌വരൂ, കാത്തു നിൽക്കുന്നു ഞാൻ. ■

*28.01.2009*

# ബംഗാരുഗിരിമാഷ

പണ്ട് ആഫ്രിക്കയിൽ ഡമരു എന്നു പേരുള്ള ഒരു ഗ്രാമം ഉണ്ടായിരുന്നു. ആ ഗ്രാമക്കാർ ഡമരുകൾ എന്നാണറിയപ്പെട്ടിരുന്നത്. ഈ ഗ്രാമത്തിന്റെ തലവൻ ധീരനായ ഹോഷിബാഹയായിരുന്നു. ഹോഷിബാഹയുടെ ഭാര്യയായിരുന്നു മീനസ്. അവരുടെ മകൻ ഗിരിവാറും. ഡമരുകളെല്ലാം ഹോഷിബാഹയുടെ ഭരണത്തിൽ സംതൃപ്തരായിരുന്നു. പക്ഷെ, ഹോഷിബാഹയ്ക്ക് പ്രായമായി. ഗിരിവാറിന്റെ ശത്രുക്കളെല്ലാം ചേർന്ന് അടുത്ത രാജാവായ ഗിരിവാറിനെ വധിച്ചു. തന്റെ ഏകമകന്റെ മരണത്തിൽ മീനസ് ദു:ഖിതയായി. അവൾ കരഞ്ഞുകൊണ്ട് ആ ഗ്രാമമാകെ അലഞ്ഞുനടന്നു. ഈ ദു:ഖിതയായ മാതാവിനെക്കണ്ട് ഭൂമിപോലും ദു:ഖിതയായി. എന്നാൽ ദേവരാജാവായ പെനാസിസിനിത് പൊറുക്കാൻ കഴിഞ്ഞില്ല. മീനസിന്റെ കണ്ണുനീരിൽ നിന്ന് പെനാസിസ് ഒരു പ്രളയം സൃഷ്ടിച്ചു. ആ പ്രളയത്തിൽ ആ ഗ്രാമമാകെ ഒലിച്ചുപോയി. പിന്നീടവിടെ ഒരു നദി കാണപ്പെട്ടു. ആ നദിയാണ് ബംഗാരുഗിരിമാഷ. ഡമരുകളുടെ ഭാഷയിൽ ബംഗാരുഗിരിമാഷ എന്നാൽ ദു:ഖിതയായ മാതാവ് എന്നാണർത്ഥം. ■

*'ദയാനന്ദം' 2003-2004*
*(എസ്.ഡി.യു.പി. സ്കൂൾ മാസിക)*



**ഈ തണലിൽ രാജാവ് വിശ്രമിക്കുന്നു.**
**ഒന്നുമറിയാതെ**

*'പെണ്ണ്' മാസിക 2005*


# വിശ്വശാസ്ത്രജ്ഞനെത്തി... ഓർമകളുടെ കാറ്റാടിത്തണലിൽ

സ്വന്തം ലേഖകൻ

കോട്ടയം: മായാത്ത ഓർമകളുമായി,സിഎംഎസിന്റെ കാറ്റാടിത്തണലിൽ വിശ്വശാസ്ത്രജ്ഞൻ ഡോ. ഇസിജി സുദർശനെത്തി... മലയാളികൾക്ക് അഭിമാനമായ സുദർശൻ 1946-1948 കാലഘട്ടത്തിൽ സിഎംഎസിൽ ഇന്റർമീഡിയറ്റ് വിദ്യാർഥിയായിരുന്നകാര്യം പുതുതലമുറയക്ക് പുതിയ അറിവായി. 1931 സെപ്തംബർ 16ന് കോട്ടയം പള്ളം എണ്ണയ്ക്കൽ ചാണ്ടിയുടെയും അച്ചാമ്മയുടെയും മകനായാണ് ജനനം. സിഎംഎസ് സെമിനാർ ഹാളിൽ ഫിസിക്സ് വിഭാഗംസംഘടിപ്പിച്ച സെമിനാറിനോടനുബന്ധിച്ച് നടത്തിയ പിറന്നാൾ ആഘോഷത്തിൽ വിശ്വശാസ്ത്രജ്ഞൻ സുദർശൻ കേക്ക്മുറിച്ചു. അന്നത്തെ ക്ലാസ്മേറ്റുകളായ കുമരകം മേനോൻഭവനത്തിൽ ഭാസ്കരമേനോനും ജോർജ് തോമസും എത്തി. പൂർവവിദ്യാർഥികളുടെതായി പൊന്നാടയണിയിച്ചു.പായസംകൂട്ടി ഉച്ചയ്ക്ക് പിറന്നാൾ സദ്യയുമുണ്ടു. വൈകിട്ട് ദേശീയ സെമിനാറിൽ പ്രഭാഷണവും നടത്തി. ഭാര്യ ഡോ ബാമതിയും അദ്ദേഹത്തോടപ്പമുണ്ടായിരുന്നു.

ഒരുപാട് വർഷങ്ങൾക്കുശേഷം പിറന്നാൾ ആഘോഷിക്കുമ്പോൾ വർഷങ്ങൾക്ക് മുമ്പ് അമ്മ അച്ചാമ്മ വാഴയിലയിൽ ചോറും പായസവും നൽകി ഊട്ടിയതാണ് പിറന്നാളാഘോഷ ഓർമകളിൽതെളിഞ്ഞു നിൽക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. അധികം കൂട്ടുകാരില്ലാതിരുന്ന ഇന്റർമീഡിയറ്റ് കാലഘട്ടത്തിൽ കോട്ടയംകാരനായ ജോസഫ് തോമസായിരുന്നു ഏകസുഹൃത്ത്. ജോസഫ് അടുത്തകാലത്ത് മരിക്കുന്നത്‌വരെ ആ സൗഹൃദം തുടർന്നു.

കോളജ് വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകാത്ത സാമൂഹിക സാഹചര്യമായിരുന്നു അന്ന്. എല്ലാവരും കൃഷിയ്ക്ക് പ്രധാന്യം നൽകുന്ന കാലഘട്ടത്തിൽ മകന് ഉന്നത വിദ്യാഭ്യാസം നൽകാൻ ട്രഷറി ജീവനക്കാരനായിരുന്ന അപ്പൻ ചാണ്ടിയും അധ്യാപികയായിരുന്ന അച്ചാമ്മയും എടുത്ത തീരുമാനമാണ് ഇന്നത്തെ വിശ്വശാസ്ത്രജ്ഞനെ സൃഷ്ടിച്ചത്. സിഎംഎസിലെ പഠനം ഉന്നതവിദ്യാഭ്യാസ ജീവിതത്തിന് പുതിയ ദിശാബോധം പകരാനിടയായി. അന്ന് ക്ലാസിൽ ഏത് കണക്കിട്ടാലും ഉത്തരം റെഡിയായിരുന്നു സുദർശന്. സ്റ്റെപ്പ് എന്തിയേ എന്ന് കണക്ക് പഠിപ്പിക്കുന്ന കുര്യൻസാർ ചോദിക്കുമ്പോൾ എന്തിനാ സ്റ്റെപ്പെന്ന സുദർശന്റെ മറുചോദ്യം സാറിനെ ദേഷ്യം പിടിപ്പിച്ചിരുന്നു.



സിഎംഎസ് കോളേജിലെത്തിയ ഇസിജി സുദർശനനെ പഴയ സഹപാഠികൾ പൊന്നാടയണിയിക്കുന്നു

മദിരാശിയിലെ പഠനകാലത്തേക്കാൾ എന്തുകൊണ്ടും പ്രിയപ്പെട്ടത് ഭാഷയും ശാസ്ത്രവും ഇടകലർന്നു പഠിച്ച സിഎംഎസിലെ ഇന്റർമീഡിയറ്റ് കാലഘട്ടമാണ്. ശാസ്ത്രധ്യാപകരായിരുന്ന പ്രൊഫ. ജോർജ് തോമസ്, പ്രൊഫ. ഈപ്പനുമാണ് ശാസ്ത്രകൗതുകം വളർത്തിയത്.

പെൺകുട്ടികളുമായി സൗഹൃദത്തിനൊന്നും പ്രാധാന്യമില്ലാത്ത കാലഘട്ടമായിരുന്നതിനാൽ പ്രണയത്തിൽ കുടുങ്ങിയില്ല. സ്പോർട്സ് നിർബന്ധിത പാഠവിഷയമായിരുന്നതിനാൽ ക്രിക്കറ്റ് ക്ലബ്ബിൽ അംഗമായിരുന്നു. ഇന്നത്തെ പോലെ സൗജന്യ വിദ്യാഭ്യാസമായിരുന്നില്ല. അന്ന് തിരുവിതാംകൂറിൽ ഇന്റർമീഡിയറ്റിന് ഒരുടേം പഠനഫീസ് 36 രൂപയായിരുന്നു. ക്ലാസിലെ ചെറിയ കുട്ടിയായിരുന്നതിനാൽ മറ്റുകുട്ടികൾ കൂടെക്കൂട്ടാൻ തയ്യാറായിരുന്നില്ലെന്ന സ്വകാര്യ ദു:ഖവും അദ്ദേഹം പങ്കുവച്ചു. ഇട്ടിയവിര മെമ്മോറിയൽ സ്കോളർഷിപ്പുണ്ടായിരുന്നതിനാൽ പഠന ചെലവുകൾ വലച്ചില്ല.

അക്കാലത്ത് സിഎംഎസിലെ പ്രിൻസിപ്പൽ പള്ളംകാരൻ പിസി തോമസ് കുട്ടികൾക്ക് പേടിസ്വപ്നമായിരുന്നതിനാൽ ഇന്നത്തെ പോലെ കലാലയ തമാശകൾക്ക് അധികം അവസരം ലഭിച്ചിട്ടില്ല. ശാസ്ത്രത്തെ വളരെ സൂക്ഷ്മമായി സമീപിക്കാൻ പ്രാപ്തനാക്കിയത് മദ്രാസ് ക്രിസ്ത്യൻ കോളജിലെ പഠനകാലഘട്ടമാണ്. അവിടുത്തെ ഹോസ്റ്റൽ ജീവിതവും സൗഹൃദങ്ങളും ശാസ്ത്രപഠനത്തിന് ഒരുപാട് സഹായകമായി.

സി.എം. എസ് കോളേജിൽ ഫിസിക്സ് വിഭാഗം നടത്തിയ സെമിനാറിൽ, പങ്കെടുക്കാൻ വന്ന പ്രൊഫ. ജോർജ് സുദർശനോട് 'ദേശാഭിമാനി'ക്കുവേണ്ടി അഭിമുഖം നടത്താൻകഴിഞ്ഞദിവസം അബു വളരെ സന്തോഷത്തിലായിരുന്നു. ഒരു ട്രെയിനിയായ തന്നെ ഉത്തരവാദിത്തമുള്ള ഒരുജോലി ഏൽപ്പിച്ചതിനേക്കാളും, ലോകപ്രശസ്തനായ മലയാളി ശാസ്ത്രജ്ഞനോട് അഭിമുഖം നടത്താൻ കഴിഞ്ഞതിനേക്കാളും, അവന്റെ സന്തോഷം ഒരു 'എം.സി.സിയനെകണ്ടുമുട്ടിയതിലായിരുന്നു.

സംഭവം അവൻ വിവരിച്ചതിങ്ങനെ- സി.എം.എസ് കോളേജിൽ പരിപാടിക്കു ശേഷം വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൗരപ്രമുഖരുടെയും അഭേദ്യവലയത്തിനകത്തായിരുന്നു ഡോ. സുദർശൻ. അടുത്തേക്കു ചെല്ലാനുള്ള സാധ്യത വളരെ കുറവാണെന്നു മനസ്സിലാക്കിയ അബു വളരെദൂരെനിന്നുതന്നെ ആംഗ്യത്താൽ ശ്രദ്ധയാകർഷിച്ചുകൊണ്ട് 'എം.സി.സി, എം.സി.സി' എന്നു വിളിച്ചു പറഞ്ഞു. 'എം.സി.സി' എന്നുകേട്ട പ്രൊഫസർ അവനെ കൈകൊട്ടി അടുത്തു വിളിച്ചു. സ്വയം പരിചയപ്പെടുത്തി ആഗമനോദ്ദേശ്യം വിവരിച്ച അവനു പ്രൊഫസർ സസന്തോഷം വിശദമായി അഭിമുഖം നൽകി. (റിപ്പോർട്ട് എഡിറ്റു ചെയ്യപ്പെട്ടതാണ്.) 'എം.സി.സി'-യിലെ ഇപ്പോഴത്തെ സ്ഥിതി ചോദിച്ചശേഷം അവസാനം തനി 'എം.സി.സി' യനായ അബുവിനോടു അദ്ദേഹത്തിന്റെ ചോദ്യം 'Wich Hall do you think the best in 'MCC' ? (MCC-ലെ ഏതു ഹാളാണ് ഏറ്റവും മെച്ചം.) അവിടുത്തെ ഹാളുകൾ തമ്മിലുള്ള വൈരം പ്രസിദ്ധമാണ്. ഏറ്റവും കൂറുള്ള സെലൂറിയനായി സ്വയം കരുതുന്ന അബു അഭിമാനത്തോടെ, കള്ളച്ചിരിയോടെ പ്രഖ്യാപിച്ചു- 'Nodoubt, Selaiyur' (ഒരു സംശയവും വേണ്ട സെലയൂർ തന്നെ) പ്രൊഫ. സുദർശൻ കള്ളച്ചിരിയോടെ- 'No no it is St. Thomas Hall' (അല്ലല്ല, St. Thomas Hall ആണ്). അവിടെയും അവൻ മറുപടിപറയാൻ മടിച്ചില്ല.'No Sir, Selaiyur is the best'. (സെലയൂർ ആണ് ഏറ്റവും മികച്ചത്.)- ■

# പുത്തൻപാഠ്യപദ്ധതിയും വിദ്യാർത്ഥികളും

ഒരു വിദ്യാർത്ഥിയുടെ സമഗ്രവും സമ്പൂർണ്ണവുമായ വ്യക്തിത്വവികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഒരു വിദ്യാർത്ഥിയെ അവന്റെ സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ഉന്നതവും പരമവുമായ ലക്ഷ്യം. വിദ്യാലയങ്ങളിലെ പാഠപുസ്തകപഠനം മാത്രമല്ല വിദ്യാഭ്യാസം. വിദ്യാർത്ഥിയുടെ മാനസികവികസനത്തിനും ഇത് വഴിതെളിക്കേണ്ടതാണ്. അറിവുനേടുന്നതിനൊപ്പം സ്വഭാവരൂപവത്കരണത്തിനും വിദ്യാഭ്യാസം വഴിതെളിക്കണം.

വിദ്യാഭ്യാസരീതികൾ പ്രതിവർഷം മാറിക്കൊണ്ടിരിക്കുന്നുവെന്ന് രക്ഷാകർത്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന സ്ഥാപിതതാൽപ്പര്യക്കാർ തടസ്സമിടുമ്പോഴും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടെയും എല്ലാവിധ പിന്തുണയും പുതിയ പാഠ്യപദ്ധതിക്കുണ്ട്. മറ്റു വിദ്യാഭ്യാസരീതിയിലേതുപോലെ കാണാപ്പാഠം പഠിച്ച് അതു പേപ്പറിലേക്ക് അതേപടി പകർത്തിവയ്ക്കുന്ന പാഠപുസ്തകപ്പുഴുക്കളായ കുട്ടികളല്ല ഈ വിദ്യാഭ്യാസരീതിയിൽ പഠിച്ചുവളരുന്ന കുട്ടികൾ. തങ്ങളുടെ ചുറ്റുപാടും നടക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അറിയുകയും ചർച്ചചെയ്യുകയും അവയെക്കുറിച്ചു കൂടുതൽ മനസ്സിലാക്കുകയും ഓരോ സാമൂഹ്യപ്രശ്നത്തിനേയും പറ്റി വ്യക്തമായ അഭിപ്രായം പറയുകയും ചെയ്യുന്നവരാണ്. വിദ്യാർത്ഥികൾക്ക് ഒരു ഗൈഡായി പ്രവർത്തിക്കേണ്ട ചുമതലയേ അദ്ധ്യാപകർക്കും പാഠപുസ്തകങ്ങൾക്കുമുള്ളൂ. തങ്ങൾക്കാവശ്യമായ വിവരങ്ങൾ അറിയാൻ വിദ്യാർത്ഥികൾ വായനശാലകളുടേയും മുതിർന്നവരുടേയും സേവനങ്ങൾ തേടുന്നു. സ്വയം തേടി കണ്ടുപിടിച്ചു പഠിക്കുന്ന ഈ തലമുറയിലെ പുതിയ പാഠ്യപദ്ധതിയിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ രാജ്യത്തിന്റെ യഥാർത്ഥസമ്പത്ത്.

ഒരു വ്യക്തിയുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ടതാണ് ബാല്യകാലം. ശീലങ്ങളും മറ്റും രൂപപ്പെടുന്നത് അപ്പോഴാണ്. അവ പിൽക്കാലത്ത് സ്വഭാവമായി പരിണമിക്കുന്നു. അതുകൊണ്ടാണ് മനഃശാസ്ത്രജ്ഞൻമാർ കുട്ടിക്കാലത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞിട്ടുള്ളത്. ഈ കാലത്ത് വിദ്യാഭ്യാസത്തിന്റെ ആവശ്യം ഒഴിച്ചുനിർത്താനാവില്ല. പക്ഷേ, $E=MC^2$ എന്ന മൂന്നക്ഷരമന്ത്രവും ഷേർഷായുടെ ഭരണ പരിഷ്കാരങ്ങളും പൈഥഗോ

റിയൻ തിയറിയും കാണാതെ പഠിക്കുന്ന ബാലവൃദ്ധന്മാരെയല്ല നമുക്കാവശ്യം. സ്വന്തമായ ആശയങ്ങളും അഭിപ്രായങ്ങളുമുള്ള ഊർജ്ജസ്വലരായ ഒരു തലമുറയെയാണ്. അതിന് പുതിയ പാഠ്യപദ്ധതി അനിവാര്യമാണ്.

**വാൽക്കഷണം:**

പുരാതനരീതിയെപ്പോലെതന്നെ നമുക്കു യോജിച്ചതല്ല ബ്രിട്ടീഷുകാർ ആവിഷ്കരിച്ച വിദ്യാഭ്യാസവും. ഭാരതീയരെ പഠിപ്പിച്ച് പ്രബുദ്ധരാക്കുക എന്നതല്ല, മറിച്ച് ഗവൺമെന്റ് ഓഫീസുകളിൽ ഗുമസ്തപ്പണി ചെയ്യുകയും ഇംഗ്ലീഷ് പറയുന്നവനെ കുമ്പിടുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഇത്തരം പ്രാചീനസങ്കൽപ്പങ്ങൾക്ക് അറുതി വരുത്തുവാൻ പുത്തൻ പാഠ്യപദ്ധതി കൂടിയേ തീരൂ. അതിന്റെ മഹത്തായ കർമ്മപദ്ധതി കൂടിയേ തീരൂ. ■

*'ശ്രവ്യ' 2006 ജൂൺ*
*എസ്.ആർ.വി.എൻ.എസ്.എസ്.*
*വി.എച്ച്.എസ്.എസിന്റെ മുഖപത്രം*



# കാടു വീടാക്കിയവർ

കാടു വീടാക്കിയവർ കാട്ടുഭൂമിക്കായി പൊരുതുമ്പോൾ വീടു കാടാക്കിയ കാട്ടാളന്മാരും അവരുടെ അനുചരൻമാരും അതിനെതിരായി തീയുണ്ടകൾ തൊടുക്കുന്നു. തീയുണ്ടയെക്കാൾ ശക്തമായ വാക്കുകൾ തൊടുക്കുന്ന പ്രസ്ഥാനങ്ങളും നേതാക്കന്മാരും കാടിന്റെ മക്കൾക്കെതിരായി പറയുന്നു. പിന്നെ സ്ഥാനമുറപ്പിക്കുന്നതിനായി കാട്ടാളരാജനെയും കൂട്ടരെയും കുറ്റപ്പെടുത്തുന്നു. ■

*'പെണ്ണ്' മാസിക 2003*
*(മുത്തങ്ങ വെടിവെയ്പ്പിന്റെ പശ്ചാത്തലത്തിൽ എഴുതിയത്)*

# ചുവടു വയ്ക്കുന്ന പ്രതീക്ഷകൾ

കണ്ണീരിന്റെ  നനവിനേക്കാൾ
സ്നേഹത്തിന്റെ നനവ് സുഖം തരും;
പക്ഷേ ദുഃഖത്തിന്റെ നീറ്റലിന്
കണ്ണീരിന്റെ നനവ്  സുഖം തരും.
വിശ്വാസങ്ങൾ ചിറകൊടിഞ്ഞ
പ്രതീക്ഷകളെ ചുവടുവെപ്പിക്കും.
പിച്ച വെച്ച പ്രതീക്ഷകൾ
ജീവിതത്തിന് പുതിയ അർത്ഥങ്ങൾ പകരും. ■

*(2005 മെയ്മാസത്തിൽ 'ലേബർ ഇന്ത്യ' സംഘടിപ്പിച്ച അഭിനയക്കളരിയിൽ പങ്കെടുക്കുമ്പോൾ എഴുതിയത്)*

# കല – ജീവിതം – താളം

അമ്മയുടെ നെഞ്ചിടിപ്പിന്റെ താളമാവാം ആദ്യമനുഭവിച്ച താളം. പിന്നെ താരാട്ട്, ശാസനകൾ, പാത്രങ്ങൾ കൂട്ടിമുട്ടുന്നത് — അങ്ങനെ കുഴഞ്ഞുമറിഞ്ഞ കുറേ താളങ്ങൾ...

അമ്മയാണ് ജീവിതക്രമത്തിനു താളം നൽകുന്നത്, അങ്ങനെ യാണ് ഞാൻ വിശ്വസിക്കുന്നത്.

അമ്മ, അടുക്കള, അങ്ങാടി — എന്റെ നാട്ടു ജീവിതത്തിനു താളം നല്കിയതിവയാണ്.

പിന്നെ, നാലുവർഷം ചടുലതാളങ്ങൾ നിറഞ്ഞ ജീവിതം...

തെളിഞ്ഞ മനസ്സിന്റെ നേരിന്റെ താളമാണ് എന്റെ ജീവതാളം...


ഉണർവ്വിന്റെ, പച്ചപ്പിന്റെ, ഉണ്മയുടെ ഉശിരൻ താളമാണ് എന്റെ ഇന്നത്തെ താളം.

ലോകക്രമത്തിന്റെ താളം, എല്ലാവരുടേതുമായ താളം, ഒരേ പോലെ വരുന്ന തുല്യതയുടെ ജീവതാളത്തെപ്പറ്റി മാത്രമാണ് ഞാൻ അറിഞ്ഞത്. അപരന്റെ വാക്കും നല്ല പാട്ടായി... സംഗീത മായി തോന്നുന്ന താളക്രമം ഒരു നാളിൽ പിറക്കും എന്ന ഉറച്ച വിശ്വാസമുണ്ട്.

തുല്യതയുടെ ആ ജീവതാളം തേടിയുള്ള അലച്ചിലാണ് എല്ലാ ജീവിതങ്ങളും എന്നു കരുതുന്നു.

(റഫറൻസ്: ഞാൻ, അച്ഛൻ, അമ്മ, എം.സി.സി. ജീവിതം) ■

*2012 ഡിസംബർ 21 മുതൽ 28 വരെ പൊൻകുന്നം, പാല എന്നിവിടങ്ങ ളിൽ നടന്ന കല-ജീവിതം-താളം എന്ന പരിപാടിയുടെ അവസാനദിന പ്രദർശനത്തിൽ അവതരിപ്പിച്ചത്.*


അയ്യന്റെ ... സ്വപ്നം

അമ്മയുടെ നെഞ്ചിടിപ്പിന്റെ താളമാവാം ആദ്യമനുഭവിച്ച താളം,
പിന്നെ താരാട്ട്, ശാസനകൾ, പാത്രങ്ങൾ കൂട്ടിമുട്ടുന്നത്
അങ്ങനെ കുഞ്ഞു മറിഞ്ഞ കുറെ താളങ്ങൾ.....

അവയാണ് ജീവിതക്രമത്തിന് താളം നൽകുന്നത്,
അങ്ങനെയാണ് ഞാൻ വിശ്വസിക്കുന്നത്

അരി, അടുക്കള, അങ്ങാടി, എന്റെ നാട്ടുജീവിത
[redacted]ത്തിന താളം നല്കിയതിവയാണ്.

പിന്നെ, നാലുവർഷം ചടുല താളങ്ങൾ
നിറഞ്ഞ ജീവിതം...

തെളിഞ്ഞ മനസ്സിന്റെ ശേരിന്റെ താളമാണ്
എന്റെ ജീവതാളം....

ഉണർവ്വിന്റെ പച്ചപ്പിന്റെ ഉണ്മയുടെ/
ഉയിരിൻ താളമാണ് എന്റെ ജന്മത്തെ
താളം.

ലോക ക്രമത്തിന്റെ താളം, എല്ലാവരുടേയും
ഹൃദയ താളം ഒരുപോലെ പറയുന്ന
[redacted], തുല്യതയുടെ
ജീവതാളങ്ങളെപ്പറ്റി മാത്രമാണ് ഞാൻ അറിഞ്ഞത്
അവരുടെ പാട്ടും [redacted]
നല്ല പാട്ടായി... സംഗീതമായി
തോന്നുന്ന താളക്രമം ഒരു നാളിൽ
പിറക്കും എന്ന ഉറച്ച വിശ്വാസമുണ്ട്.

തുല്യതയുടെ ആ ജീവതാളം
തേടിയുള്ള [redacted] അലച്ചിലാണ്
എല്ലാ ജീവിതങ്ങളുടേയും
[redacted] എന്ന് കരുതുന്നു.
[redacted]

... ഞാൻ. അച്ഛൻ, അമ്മ. നം. സി.സി. ജീവിതം

# നമ്മുടെ കടമകൾ

കുടുംബം പോലെ, സംസ്കാരത്തിന്റെ ഭാഗമായി പുതിയ ഒരു ചലനം സൃഷ്ടിക്കുന്ന ഒരു കൂട്ടായ്മക്കുവേണ്ടിയുള്ള ഒത്തുകൂടലാണിത്. ഈ കൂട്ടായ്മ ഇവിടെ കൂടിയിരിക്കുന്ന ഇരുപത്തിയഞ്ച്, മുപ്പതുപേരിൽ ചുരുങ്ങുന്നതല്ല. ഇതിന് വലിയ തലങ്ങളുണ്ട്. ഇന്നലെത്തന്നെ സംസ്കാരത്തിന്റെ, ഒരു വലിയകൂട്ടായ്മയുടെ, ഭാഗമായി നടന്ന 'ബിനാലെ' സന്ദർശിച്ചതിലൂടെ കണ്ടതുപോലെ, ഇത് ദേശീയമോ അല്ലെങ്കിൽ അന്തർദേശീയമോ അതിനും പുറത്ത് യൂണിവേഴ്സലോ എന്നുപറയുന്ന പ്രപഞ്ചത്തിന്റെ ചലനത്തിന്റെ, കലയുടെ ചലനത്തിന്റെ, സംസ്കാരത്തിന്റെ ചലനത്തിന്റെ– അങ്ങനെ ഒരുവലിയ ചലനത്തിലാണ് നമ്മൾ. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ നമ്മൾ ചെയ്യുന്ന ഓരോ പ്രവൃത്തിയെക്കുറിച്ചും അതിന്റെ സാമൂഹികതലവുമായി ബന്ധിപ്പിച്ചുകൊണ്ടു വേണം ധാരണ രൂപവത്കരിക്കേണ്ടത്. അടുത്തകാലത്ത്, കൃത്യമായി പറഞ്ഞാൽ ഡിസംബർ 16-ാം തീയതി, ഡൽഹിയിൽ—എല്ലാവർക്കും തന്നെ അറിയാമെന്ന് വിശ്വസിക്കുന്നു—ഡൽഹിയിൽ സംഭവിച്ചകാര്യം. അവിടെ ഇരുപത്തിമൂന്നു വയസ്സുള്ള ഒരു വിദ്യാർത്ഥിനിയെ ബസ്സ് ഡ്രൈവറും ബസ്സ് കണ്ടക്ടറും അടങ്ങിയ ഏഴുപേർ

ചേർന്ന് മൃഗീയമായി ബലാത്സംഗം ചെയ്തു. മാനഭംഗപ്പെടുത്തി എന്ന വാക്ക് ഉപയോഗിക്കേണ്ട കാര്യമില്ല. കാരണം മാനഭംഗപ്പെട്ടത് ആ പെൺകുട്ടിയല്ല. ആ പ്രവൃത്തി ചെയ്തവരാണെന്ന് വിശ്വസിക്കാനാണ് നാം ഓരോരുത്തരും ശ്രമിക്കേണ്ടത്. അവരുടെയാണ് മാനം ഭംഗപ്പെട്ടത്. ആ കുട്ടിയുടേതല്ല. ആ കുട്ടി ക്രൂരമായ ബലാത്സംഗത്തിന് അല്ലെങ്കിൽ ലൈംഗിക അതിക്രമത്തിന് ഇരയായി. അപ്പോൾ അങ്ങനെയുള്ള ആ പെൺകുട്ടിക്ക് നാം അനുശോചനം അല്ല, ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല. ഇത് ലോകമെമ്പാടും സ്ത്രീകൾക്ക് എതിരെ എന്നുള്ളതുമല്ല. ലിംഗഭേദങ്ങളോ അല്ലെങ്കിൽ രാഷ്ട്രീയമോ ഇസങ്ങളോ (ഫെമിനിസം) ഒന്നുമില്ലാത്ത ഇത് മനുഷ്യത്വത്തിനെതിരായിട്ടുള്ള, അല്ലെങ്കിൽ മൂല്യങ്ങൾക്ക് എതിരായിട്ടുള്ള, ഒരു കടന്നാക്രമണം, അഥവാ കടന്നുകയറ്റമാണ്. ഇതിൽ ആൺപെൺവ്യത്യാസമില്ല, രാഷ്ട്രീയഭേദങ്ങളില്ല. നമ്മുടെയെല്ലാം ഉള്ളിലുള്ള നന്മയ്ക്ക് എതിരായിട്ടുള്ള, അതിനുമേലുണ്ടാകുന്ന ഒരു നിഴലായിട്ട്, ഒരു കരിമേഘമായിട്ടാണ് നാമിതിനെ കാണേണ്ടത്. ഇതിന് പ്രതികരിക്കുക എന്നുള്ളതിന് പലതരം മാധ്യമങ്ങളുണ്ട്. മുൻപൊന്നുമില്ലാത്ത വിധത്തിൽ ഡൽഹി എരിഞ്ഞുകൊണ്ടിരിക്കുകയാണ്, ഡൽഹി പ്രതിഷേധിച്ചു കൊണ്ടിരിക്കുകയാണ്. പത്തൊമ്പതിനും മുപ്പതിനും വയസ്സിനിടയ്ക്കുള്ള ലക്ഷങ്ങളാണ് ഡൽഹിയിലെ തെരുവിലിറങ്ങിയിരിക്കുന്നത്. ഡൽഹിയിലെ ഗതാഗതം, ഭരണസിരാകേന്ദ്രങ്ങൾ മുഴുവൻ സ്തംഭിച്ചുകൊണ്ടിരിക്കുകയാണ്. സോണിയാ ഗാന്ധിയുടെ വീട്ടിൽ നിന്നും സോണിയാ ഗാന്ധിക്ക് പുറത്തേക്ക് ഇറങ്ങുവാൻ പറ്റാത്ത വിധം ഡൽഹി മുഴുവനും സ്തംഭിച്ചിരിക്കുന്നു. ഇന്ത്യ മുഴുവൻ ഇതിന്റെ പേരിൽ പ്രക്ഷോഭങ്ങൾ– മാധ്യമങ്ങൾ വഴിയും, അല്ലാതെയും– തെരുവിൽ ഇറങ്ങിയുമുള്ള പലതരം പോരാട്ടങ്ങൾ, ന്യൂ മീഡിയ, ഫെയ്സ് ബുക്ക്, ടിറ്റ്വർ പോലുള്ള മീഡിയകളിലുമെല്ലാം ഇതിനെതിരെയുള്ള പ്രതിഷേധങ്ങൾ, നടന്നുകൊണ്ടിരിക്കുമ്പോൾ കലാകാരന്മാർ എന്ന നിലയിൽ, അല്ലെങ്കിൽ കലയുടെ കൂട്ടായ്മ എന്ന നിലയിൽ, അത്തരം ഒരു ഹൃദയമുള്ളവരെന്ന നിലയ്ക്ക്, നമുക്കും ബാധ്യതയുണ്ട്. നമ്മുടെ പ്രതിഷേധം തെരുവിലിറങ്ങിയുള്ള യുദ്ധങ്ങളിലൂടെയുള്ള പ്രതിഷേധമായിരിക്കരുത്. ശബ്ദമുയർത്തികൊണ്ടുള്ള പ്രതിഷേധമല്ലായിരിക്കാം. നിശ്ശബ്ദതയുടെ പ്രതിഷേധം. നിശ്ശബ്ദതയുടെ മാധ്യമത്തിൽ, നമ്മുടെ മാധ്യമത്തിൽ നമുക്കെല്ലാം എന്തും ചെയ്യുവാൻ പറ്റും? നഷ്ടപ്പെട്ട മൂല്യങ്ങൾ തിരിച്ചുകൊണ്ടുവരുവാൻ, മനുഷ്യത്വത്തിന്റെ ആ കണിക എങ്ങനെ തിരിച്ചുകൊണ്ടുവരുവാൻ, പറ്റുമെന്നായിരിക്കണം നമ്മുടെ ഓരോ കലാപ്രവർത്തനത്തിലും കൂട്ടായ്മയിലും നാം ചിന്തിക്കേണ്ടത്. അങ്ങനെയുള്ളപ്പോൾ ആ പെൺകുട്ടിക്കും അങ്ങനെ പിച്ചിച്ചീന്തപ്പെട്ട, അല്ലെങ്കിൽ ഇങ്ങനെ ക്രൂരമായി പീഡനങ്ങൾക്കിരയാകുന്ന, ഓരോ പെൺകുട്ടിക്കും, ഓരോ ആൺകുട്ടിക്കും, ഓരോ ജീവജാലങ്ങൾക്കും, 'അണുജീവിയിലും സഹോദരപ്രണയം നിൻ കനിവാലെതോന്നണം' എന്നു പ്രാർത്ഥിച്ചുകൊണ്ട് – ആ സഹോദരിക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ട ഒരു കടമനമുക്കോരോരോർത്തർക്കുമുണ്ട്. ■

*2012 ഡിസംബർ 23*

*'സംസ്കാരം ജനങ്ങളാൽ' എന്ന കൂട്ടായ്മയുടെ ഭാഗമായി പൊൻകുന്നത്തു നടന്ന 'കല-ജീവിതം-താളം' ശില്പശാലയിൽ അഭയൻ നടത്തിയ പ്രഭാഷണം.*

# അഭയൻസ്മാരകകേന്ദ്രം ട്രസ്റ്റ് രൂപവത്കരണം

അഭയന്റെ വേർപാടിനെത്തുടർന്ന് 2013 ജൂൺ 8-ന് പൊൻകുന്നത്തുചേർന്ന അനുശോചനയോഗത്തിൽ സംസാരിച്ചവരെല്ലാം അവന്റെ ജീവിതവും ദർശനവും മുമ്പോട്ടുകൊണ്ടുപോകുന്നതിനുള്ള കർമ്മപരിപാടികൾക്കു രൂപം കൊടുക്കണമെന്നു നിർദ്ദേശിച്ചു. ഇതിന്റെ ഭാഗമായി പനമറ്റം ദേശീയവായനശാലയുടെ പ്രവർത്തകർ ഒരു സ്മരണിക തയ്യാറാക്കുന്നതിനും വർഷംതോറും അർത്ഥപൂർണ്ണമായ പരിപാടികൾ നടത്തുന്നതിനും മുൻകൈ എടുത്തു. ഇതിനെല്ലാമുള്ള ആലോചനകളിൽനിന്നാണ് ട്രസ്റ്റ് രൂപവത്കരണം എന്ന ആശയമുണ്ടായത്.

തുടർന്ന് 2013 സെപ്തംബർ 14-ന് പൊൻകുന്നം ജനകീയ വായനശാലയിൽ ചേർന്ന പൊതുയോഗം അഭയൻ സ്മാരക കേന്ദ്രം ട്രസ്റ്റ് (ASK) എന്ന പേരിൽ ഒരു സംഘടനയ്ക്കുരൂപം കൊടുത്തു. നാട്ടിലെയും മദ്രാസ് ക്രിസ്ത്യൻ കോളേജിലെയും മദ്രാസ് യൂണിവേഴ്സിറ്റിയിലെയും സഹപാഠികൾ, സഖാക്കൾ, ഗ്രന്ഥശാലാപ്രവർത്തകർ, നാട്ടുകാർ, ബന്ധുക്കൾ തുടങ്ങി നാനാതുറകളിലുള്ളവർ യോഗത്തിൽ സംബന്ധിച്ചു.

സമൂഹത്തെ മാനവീകരിക്കാനുള്ള ബോധപൂർവ്വകമായ പ്രക്രിയയുടെ ഭാഗമായിത്തീരുക എന്നതാണ് ട്രസ്റ്റിന്റെ ലക്ഷ്യം.

ചിറക്കടവുഗ്രാമപ്പഞ്ചായത്തിന്റെ മുൻപ്രസിഡന്റും സി.പി.ഐ.(എം) വാഴൂർ ഏരിയാസെക്രട്ടറിയുമായ അഡ്വ.ഗിരീഷ് എസ്.നായർ അദ്ധ്യക്ഷത വഹിച്ചു. പനമറ്റം ദേശീയവായനശാലയുടെ സെക്രട്ടറി കെ.ഷിബു ആമുഖപ്രസംഗംനടത്തുകയും സി.ഐ.ടി.യു. ദേശീയസെക്രട്ടറിയും അഭയന്റെ ചിറ്റയുമായ ശ്രീമതി എ.ആർ. സിന്ധു ട്രസ്റ്റിന്റെ രൂപീവത്കരണപശ്ചാത്തലവും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിക്കുകയും ചെയ്തു.

താഴെപ്പറയുന്നവരെ ഏകകണ്ഠമായി യോഗം ട്രസ്റ്റികളായി തെരഞ്ഞെടുത്തു. 1. എ.ആർ. സിന്ധു 2. കെ. ഷിബു,
3. എം. അവനി 4. പി.എൻ. സോജൻ 5. ബി. സുനിൽ
6. എസ്. രാജീവ് 7. ടി.എസ്. ബാബുരാജ് 8. അർജ്ജുൻരാജ്
9. രാഹുൽ പ്രസാദ് 10. പി.എസ്. രാജേഷ് 11. എ.ആർ. മീന
12. എ.ആർ. സാബു 13. പി. വിനോദ്ജി
14. വി.എസ്. അനിൽകുമാർ 15. എം.പി. ബിനുകുമാർ
16. എസ്.എസ്. അഭീഷ് 17. വിവേക് ഐപ്പ് 18. നിഖില സുധർമ്മ

19. പി. സുശീന്ദ്ര 20. അഡ്വ.ഗിരീഷ് എസ്.നായർ.

അഭയന്റെ ജീവിതത്തിന്റെയും ചിന്തയുടെയും വ്യത്യസ്തത ലങ്ങളെക്കുറിച്ച് സഹപ്രവർത്തകർ ചെറുവിവരണം നടത്തി. ഹൈദ്രാബാദ് യൂണിവേഴ്സിറ്റിയിൽ തീയറ്റർആർട്സിൽ റിസർച്ച് ഫെല്ലോ ആയ എസ്.എസ്. അഭീഷ് 'അഭയൻ- തീയറ്റർ - സംസ്കാരം' എന്ന വിഷയത്തെക്കുറിച്ചും, ജനകീയവായനശാലയുടെ യുവജനവേദി സെക്രട്ടറി അർജ്ജുൻരാജ് 'അഭയൻ - യുവത - ഗ്രന്ഥശാലാപ്രസ്ഥാനം' എന്ന വിഷയത്തെക്കുറിച്ചും, എസ്.എഫ്.ഐ. തമിഴ്നാടുസംസ്ഥാനകമ്മറ്റിയംഗം പി. സുശീന്ദ്ര 'അഭയൻ - എം.സി.സി. - കാമ്പസ് ജനാധിപത്യം' എന്ന വിഷയത്തെക്കുറിച്ചും ചിറക്കടവ് വെസ്റ്റ് പബ്ലിക് ലൈബ്രറി സെക്രട്ടറി ബി. സുനിൽ 'അഭയൻ - യുവത - തലമുറകൾ' എന്ന വിഷയത്തെക്കുറിച്ചും സംസാരിച്ചു. അഭയന്റെ പ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ ട്രസ്റ്റിനു സാധിക്കേണ്ടതുണ്ടെന്ന് ജനകീയവായനശാലയുടെ വൈസ് പ്രസിഡന്റ് ടി.എസ്.ബാബുരാജ് സമാപനപ്രഭാഷണത്തിൽ പറഞ്ഞു.

പൊതുസംഘടനയായി രൂപവത്കരിക്കപ്പെടുന്ന അഭയൻ സ്മാരകകേന്ദ്രം ട്രസ്റ്റ് വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

ലാഭേച്ഛയില്ലാതെ, മത-ജാതി-ലിംഗഭേദമില്ലാതെ, എല്ലാവർക്കും വേണ്ടിയുള്ള സാംസ്കാരികക്കൂട്ടായ്മയാവുക.

വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക, കലാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ആവശ്യമെങ്കിൽ ആനുകാലികങ്ങൾ, പുസ്തകങ്ങൾ, ഗവേഷണപ്രബന്ധങ്ങൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുക.

പരിശീലനകേന്ദ്രങ്ങൾ, ക്ലാസ്സുകൾ തുടങ്ങിയവ നടത്തുക.

സാമൂഹിക സന്നദ്ധസേവനപ്രവർത്തനങ്ങളിലേർപ്പെടുക.

**അടിയന്തിരപ്രവർത്തനങ്ങൾ**


അഭയന്റെ പ്രധാനപ്രവർത്തനമേഖലകളായിരുന്ന സാമൂഹികശാസ്ത്രവുമായും നാടകകലാപ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട പ്രഭാഷണങ്ങൾ, സെമിനാറുകൾ, രംഗാവതരണങ്ങൾ, കലാവതരണങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന രണ്ടുദിവസം നീളുന്ന പരിപാടികൾ വർഷം തോറും സംഘടിപ്പിക്കുകയും ഇവയുടെ നടപടിക്രമങ്ങളും രേഖകളും ഉൾപ്പെടുത്തി ഒരു വാർഷികപ്രസിദ്ധീകരണം പുറത്തിറക്കുകയും ചെയ്യുക.

കഴിഞ്ഞവർഷം നവംബറിൽ ജനകീയവായനശാലയും ദേശീയവായനശാലയും തീയറ്റർഹട്ടും ചേർന്ന് 'സംസ്കാരംജനങ്ങളാൽ' എന്ന ഒരുവർഷം നീളുന്ന പരിപാടി ആരംഭിച്ചു. ഇതിനുശേഷം നമുക്കു നഷ്ടപ്പെട്ടത് വിലപ്പെട്ട നാലുപേരെയാണ്. പ്രശസ്തസാഹിത്യകാരനും ഗ്രന്ഥശാലാപ്രവർത്തകനുമായിരുന്ന പി.മുരളീമോഹനൻസാർ, എം.എസ്.ശശിധരൻസാർ, ജനകീയവായനശാലയുടെ ആദ്യലൈബ്രേറിയനായിരുന്ന കണ്ണൻ ദയാൽ എന്നിവരാണ് മറ്റുമൂന്നുപേർ. ഈ നാലു പേരുടെയും പേരിൽ ഗ്രന്ഥശാല - അക്കാദമിക്മേഖലകളിൽ ഉചിതമായ പുരസ്കാരങ്ങളും സ്കോളർഷിപ്പുകളും ഏർപ്പെടുത്തുക.


സാധ്യമെങ്കിൽ ആദ്യവാർഷികപരിപാടി 2014 മെയ്മാസത്തിൽ ലോകത്തെ മുൻനിര ഇടതുപക്ഷചിന്തകനും സാമ്പത്തികശാസ്ത്രജ്ഞമുമായ പ്രൊഫ.പ്രഭാത് പട്നായിക്കിനെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുവാൻ ശ്രമിക്കുക. ■




*2008 -ലെ സംസ്ഥാനസ്കൂൾയുവജനോത്സവത്തിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ പ്രസംഗത്തിന് ഒന്നാംസമ്മാനം ലഭിച്ചപ്പോൾ ജനകീയവായനശാല നൽകിയ ഉപഹാരം.*





*ജന്മദിനത്തിന് മദ്രാസ്സ് ക്രിസ്ത്യൻ കോളേജിലെ സുഹൃത്തുക്കൾ നൽകിയ ഉപഹാരം.*



പ്രിയപ്പെട്ടവരേ

സൗഹൃദത്തിന്റെ തീരങ്ങളിൽ എവിടെയെങ്കിലും
നാം ഇനിയും കാണും തീർച്ച......
പക്ഷെ ഇവിടെ ക്ഷണികമായ വിരഹം
നമ്മെ കാത്തിരിക്കുന്നു......
നമ്മുടെ സൗഹൃദത്തിനെ പോലും തടഞ്ഞുനിർ-
ത്താനാവാത്ത സമയമെന്ന സഞ്ചാരി
നമ്മെ വേർപിരിയലിന്റെ അനവർന്ന
തീരത്ത് എത്തിച്ചിരിക്കുന്നു
കടലുണ്ടി തുടങ്ങിയ [illegible]
അന്ധവിശ്വാസമാണ
എങ്കിലും.....
കരളിന്റെ കോണിൽ
കുറിച്ചിട്ട സ്മരണകൾ
ഉം
ഈ കടലുണ്ടി [illegible]ത്തിൽ
എന്നും ഓർക്കാൻ
ഇനിക്കായി
എഴുതുക
നിങ്ങളുടെ
അനു

ഓർക്കാതിരിക്കാൻ
ഒന്നും
[illegible]




"ഓർക്കുക വല്ലപ്പോഴും"

മധുവസന്തത്തിന്റെ ഓർമ്മകൾ,
ഇവിടെ കടലുണ്ടി തീരത്തിൽ
കൂട്ടുകാരനായവരെ
കുടിങ്ങോളിക്കുന്നവരെ.....
പിരിച്ചുവിടുന്നു
സഹയാത്രികർക്ക്
സ്നേഹപൂർവം
ഉണ്ണിയൻ
" "
"

അമ്മ എ.ആർ. മീനയ്ക്കൊപ്പം



അച്ഛൻ പി. മധുവിനൊപ്പം



സഹോദരി അവനിയ്ക്കൊപ്പം



എ.ആർ.സിന്ധുവിനും എ.ആർ.സാബുവിനും ഒപ്പം




പി. വിനോദ്ജി, ഷീന എന്നിവർക്കൊപ്പം



















# Abhayan Abhayan

2013 November

**Editorial Board**
P S Rajesh
A R Sindhu
P Vinodjee
Arjun Raj
T S Baburaj
Abheesh Sasidharan
P N Sojen
B Sunil
V G Lal
A R Sabu

**Cover and Layout**
Rahul Pamora
pamoraart@gmail.com

**Proof**
M G Satheesh Chandran

**Printing**
Colorvision, Kanjirapally
9048990733, 940044838
colorvisionkply@gmail.com

**Published by**
K Shibu
Secretary
Deseeya Vayanasala
Panamattom P.O. , Kottayam-686 522
Kerala, Phone: 04828 226 230
email: secretarydvsptm.1951@gmail.com

## എന്റെ വിദ്യാലയം

തിങ്കളും താരങ്ങളും
തൂവെള്ളിക്കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടി-
ലാണെന്റെ വിദ്യാലയം!
ഇന്നലെക്കണ്ണീർ വാർത്തു
കരഞ്ഞീടിന വാന-
മിന്നിതാ ചിരിക്കുന്നൂ,
പാലൊളി ചിതറുന്നു.
'മുൾച്ചെടിത്തലപ്പിലും
പുഞ്ചിരി വിരിയാറു'-
ണ്ടച്ചെറുപൂന്തോപ്പിലെ-
പ്പനിനീരുരയ്ക്കുന്നു;
മധുവിൻ മത്താൽപ്പാറി
മൂളുന്നൂ മധുപങ്ങൾ
'മധുരമിജ്ജീവിതം,
ചെറുതാണെന്നാകിലും.'
ആരല്ലെൻ ഗുരുനാഥ
രാരല്ലെൻ ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ-
പ്പഠിപ്പിക്കുന്നുണ്ടന്തോ!

-ഒളപ്പമണ്ണ

